TAYAM PUBLIC LIBRARY

Call No. 301.424 Acc. No 80274
Tal. S

Author [illegible]

Title [illegible]

tal S

മ.സ. 834

# സ്ത്രീപുരുഷബന്ധം

(ടോൾസ്റ്റോയി)

40274

KOTTAYAM PUBLIC LIBRARY
KOTTAYAM.

പ്രസാധകന്മാർ:
പി. കെ. ബ്രദേഴ്സ്, കോഴിക്കോട്.

First Edition 1955.

[വില 1—0—0

*Copy-right to publishers*

301.42A
Tal. S

പരിഭാഷകൻ:

**പി. എം. കുമാരൻനായർ**

Printed at
The Prakasakaumudi Printing Works, Calicut.

D.M. 834

# രണ്ടുവാക്ക്.

സുപ്രസിദ്ധ ചിന്തകനും മഹാത്മാവുമായ ലിയോടോൾസ്റ്റോയിയുടെ "Relation to the sexes" എന്ന പുസ്തകത്തിന്റെ സ്വതന്ത്രവിവർത്തനമാണ് "സ്ത്രീപുരുഷബന്ധ"മെന്ന ഈ ചെറുഗ്രന്ഥം. നാലദ്ധ്യായങ്ങളായിട്ടാണ് അദ്ദേഹം ഇതു് എഴുതിത്തീർത്തതു്. ഒന്നാമദ്ധ്യായത്തിൽ ക്രൂസർ സൊണാററാ എന്ന സ്ത്രീപുരുഷബന്ധത്തേപ്പററി പ്രതിപാദിയ്ക്കുന്ന അദ്ദേഹത്തിന്റെ കഥയിൽ പ്രകടിപ്പിച്ചിട്ടുള്ള ആശയങ്ങളെ ചില സ്നേഹിതന്മാരുടെ നിർദ്ദേശപ്രകാരം വിവരിയ്ക്കുകയാണ് ചെയ്തിട്ടുള്ളതു്. "ഡായന" എന്ന രണ്ടാമത്തെ അദ്ധ്യായത്തിൽ ഗ്രന്ഥകാരന്റെ ആശയങ്ങളോടു് ഏറെക്കുറെ യോജിക്കുന്ന ഡായന എന്ന ഒരു പുസ്തകത്തേപ്പററിയുള്ള അഭിപ്രായപ്രകടനമാണ്. അഭിപ്രായസംഗ്രഹം, ചിന്താരത്നങ്ങൾ എന്ന നാലും മൂന്നും അദ്ധ്യായങ്ങളിൽ അദ്ദേഹം എഴുതിയ കത്തുകളിൽനിന്നും ഡയറികളിൽനിന്നും സ്ത്രീപുരുഷബന്ധത്തെക്കുറിച്ചു് പ്രതിപാദിയ്ക്കുന്ന അഭിപ്രായങ്ങളെ സംഗ്രഹിച്ചിരിക്കുകയാണ്.

സ്ത്രീപുരുഷബന്ധത്തിന്റെ നാനാവശങ്ങളേയുംപററി മഹാനായ ഗ്രന്ഥകർത്താവ് വളരെ കാര്യങ്ങൾ നമുക്കു് പറഞ്ഞുതരുന്നുണ്ടു്. അസാന്മാർഗ്ഗികമായ ജീവിതംകൊണ്ടു വന്നുചേരുന്ന ആപത്തുകളേയും സദാചാരമനുഷ്ഠിച്ചാലുണ്ടാകുന്ന ഗുണങ്ങളേയും

പററി അദ്ദേഹം ഹൃദയസ്പൃക്കായ രീതിയിൽ വിവരിച്ചിരിയ്ക്കുന്നു. വിവാഹിതക്കും അവിവാഹിതക്കും ഒരുപോലെ വായിക്കാൻ കൊള്ളാവുന്ന ഒരു പുസ്തകമാണ് ഇതു് എന്നുള്ളതാണ് ഇതിൻെറ വലിയൊരുമെച്ചം. കേരളത്തിലെ യുവതീയുവാക്കന്മാർ ടോൾസ്റ്റോയിയുടെ മഹത്തായ ആദർശങ്ങളെ ശ്രദ്ധാപൂർവ്വം വായിച്ചു മനസ്സിലാക്കിയാൽ അതു് അവർക്ക് ഒരു നേട്ടമായിരിയ്ക്കും.

അവിദഗ്ദ്ധമായ എൻെറ തൂലികയ്ക്കു വന്നുചേന്നിട്ടുള്ള പിഴവുകളെ സഹൃദയലോകം പൊറുക്കുമെന്ന ഉത്തമവിശ്വാസത്തോടെ ഈ ചെറുപുസ്തകത്തെ ഞാൻ പൊതുജനസമക്ഷം വെച്ചുകൊള്ളുന്നു.

...രകല്ലൂർ
൬—൨ 55

പി. എം. കുമാരൻനായർ.

# സ്ത്രീപുരുഷബന്ധം

(ടോംസ്റ്റോയി)

"ക്രൂസർസൊണാററയെപ്പററി:-"

'ക്രൂസർ സൊണാട്ടാ' എന്ന എൻെറ കഥയിൽ പ്രകടിപ്പിച്ചിട്ടുള്ള ആശയത്തെ കൂടുതൽ സുവ്യക്തവും സരളവുമായി വിശദീകരിയ്ക്കുന്നതിന്നുവേണ്ടി പലരുടേയും കത്തുകഠം എനിയ്ക്കു കിട്ടിക്കൊണ്ടിരിയ്ക്കുന്നുണ്ടു്. അതിൽ ഞാൻ വ്യക്തമാക്കീട്ടുള്ള ആശയങ്ങളെ വിപുലമായി വിവരിയ്ക്കുകയും അതുകൊണ്ടു് ഞാൻ ഉദ്ദേശിച്ചതെന്തെന്നു് വെളിപ്പെടുത്തുകയും ചെയ്യാനാണു് ഈ പുസ്തകമെഴുതുന്നതു്.

നമ്മുടെ ഇടയിൽ പൊതുവെ ഒരു ധാരണയുണ്ടു്, ആരോഗ്യത്തിന്നു് മൈഥുനം അത്യാവശ്യമാണെന്നു്. കൃത്രിമശാസ്ത്രനിഗമനങ്ങഠം ഇതിനെ ശരിവെയ്ക്കുന്നുമുണ്ടു്. അതിനാൽ വിവാഹിതരാവാൻ സാധിക്കാത്തവർ പണം കൊടുത്തു് വ്യഭിചരിയ്ക്കുന്നതു് സ്വാഭാവികമാണെന്നു് സമർത്ഥിയ്ക്കുന്നു.

ഈ തെററിദ്ധാരണ നിമിത്തം ഡാക്ടർമാരുടെ അഭിപ്രായത്തോടുകൂടി വളരെ മാതാപിതാക്കഠം തങ്ങളുടെ സന്താനങ്ങളെ പാപാചരണത്തിന്നു് പ്രോത്സാഹിപ്പിയ്ക്കുന്നു. ജനങ്ങളുടെ ധാർമ്മികജീവിതത്തെ ഉയർത്തേണ്ടതു് ഗവർമ്മേണ്ടിൻെറ ചുമതലയാണെങ്കിലും പാപാലയങ്ങളെ അതു് വർദ്ധിപ്പിയ്ക്കുകയാണു് ചെയ്യുന്നതു്. അതായതു്

സ്ത്രീസമുദായത്തെ പുരുഷന്മാരുടെ സാങ്കല്പികമായ കാമവികാരങ്ങൾക്കും മൃഗീയമായ കാമലീലകൾക്കും വിധേയമാക്കുന്നതരത്തിൽ സഞ്ചാലനം ചെയ്യുന്നു അങ്ങിനെ മാനസികവും ആദ്ധ്യാത്മികവുമായ പതനം അവർക്കു സംഭവിയ്ക്കുന്നു. അവിവാഹിതരായ പുരുഷന്മാർ അങ്ങിനെ യാതൊരു തടസ്ഥവും കൂടാതെ പാപഗർത്തത്തിൽ ചെന്നുചാടുന്നു.

ഇത് തീരെ കൊള്ളരുതാത്ത ഒരു വ്യവസ്ഥയാണ്. ഒരു വിഭാഗം ജനങ്ങളുടെ ആരോഗ്യരക്ഷയ്ക്കുവേണ്ടി മററൊരു വിഭാഗത്തിന്റെ ശരീരത്തേയും മനസ്സിനേയും നശിപ്പിയ്ക്കുക എന്നതു് ഒരുതരം കൊലപാതകമാണെന്ന് പറയാതിരിപ്പാൻ നിവൃത്തിയില്ല.

എന്റെ അഭിപ്രായം ഈ ദുഷിച്ച സമ്പ്രദായത്തെ ഇല്ലായ്മചെയ്യുന്നതിന്നു് ഓരോ വ്യക്തിയും പരിശ്രമിക്കണമെന്നാണ്. ഈ ദുഷിച്ച വ്യവസ്ഥയിൽനിന്നു് മോചനം ലഭിയ്ക്കുന്നതിന്നുള്ള ഏകമാർഗ്ഗം അനീതിപൂർണ്ണമായ വിഭ്യാഭ്യാസസമ്പ്രദായത്തെ തിരസ്കരിയ്ക്കുക എന്നതാകുന്നു. കൃത്രിമശാസ്ത്രനിഗമനങ്ങൾ അതിന്നു് എത്രതന്നെ പ്രോത്സാഹനം നൽകിയാലും ശരി, നാമതിനെ സ്വീകരിയ്ക്കരുതു്. രണ്ടാമതായി വിഷയലോലുപരായ പുരുഷന്മാർ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ടു്. സന്താനോല്പാദനത്തിന്റെ ഉത്തരവാദിത്വത്തിൽനിന്നു് അവർ ഒഴിഞ്ഞുമാറുകയും അത് സ്ത്രീകളുടെ തലയിൽ വെച്ചുകെട്ടുകയും ചെയ്യുന്നു. ഇത് മഹാപാപമാണ്. തന്നിമിത്തം വളരെ സ്ത്രീകൾ കൃത്രിമമായ ഗർഭനിരോധമാർഗ്ഗങ്ങൾ സ്വീകരിയ്ക്കുകയും വ്യഭിചാരത്തിൽ കൂടുതൽ ആമഗ്നരായിത്തീരുകയും ചെയ്യുന്നു. അവിവാഹി

തരുടെ ഒരുതരം ഭീരുത്വമാണിത്. ഇതിൽനിന്നു ഒഴിഞ്ഞു നില്ക്കേണ്ടതാണു്.

സംയമനത്തോടുകൂടി ജീവിയ്ക്കുവാൻ ആഗ്രഹിയ്ക്കുന്ന ഒരു പുരുഷൻ നിരാഡംബരനായി ജീവിയ്ക്കണം. മദ്യപാനമോ അമിതഭോജനമോ ആയാൾക്കു നിഷിദ്ധമാകുന്നു. മാംസാഹാരം ആയാൾ ഉപേക്ഷിയ്ക്കണം. ശാരീരികാദ്ധ്വാനം ചെയ്വാൻ ഒട്ടും മടിയ്ക്കരുതു്. വ്യായാമം മാത്രം പോരാ. ശരീരത്തെ ക്ഷീണിപ്പിയ്ക്കുന്ന തരത്തിലുള്ള പ്രവൃത്തി ചെയ്യണം. പരസ്ത്രീകളുമായി അവക്കു് ഒരിയ്ക്കലും വേഴ്ചയുണ്ടായിക്കൂടാ. അമ്മയോടും സഹോദരിയോടും അടുത്ത ബന്ധുവർഗ്ഗങ്ങളോടും മിത്രങ്ങളുടെ പത്നിമാരോടുമുള്ള അതേ മനോഭാവമായിരിയ്ക്കണം അവരോടും. സംയമനത്തോടുകൂടി ജീവിയ്ക്കുക എന്നതു് വളരെ എളുപ്പമാണെന്നു് സ്വന്തം അനുഭവങ്ങളിൽനിന്നും മുററുപാടുകളിൽനിന്നും വളരെപേക്കു് ബോധ്യപ്പെട്ടിട്ടുണ്ടായിരിയ്ക്കണം. ആഡംബരജീവിതത്തെ അപേക്ഷിച്ചു് അതു് ആവശ്യത്തിനു കുറഞ്ഞതും ആരോഗ്യത്തിന്നു ഉത്തമമായതുമാകുന്നു. ഇപ്പറഞ്ഞതു് ഒന്നാമത്തെ സംഗതിയാണു്.

രണ്ടാമതായി വിഷയാനുഭവമെന്നതു് ആരോഗ്യപ്രദവും ആനന്ദദായകവുമായ ഒന്നാണെന്നു മാത്രമല്ല ജീവിതത്തിലെ കലയും ലോകോത്തരമായ വരപ്രസാദവുമാണെന്നു പരിഷ്കൃതസമുദായത്തിൽ ഒരു ധാരണയുണ്ടു്. സമുദായത്തിലെ ഓരോ വർഗ്ഗത്തിലും പ്രസ്തുത ദോഷത്തെ നമുക്കു കാണാൻ കഴിയും. സൈനികജീവിതമാണു് അതിന്നു് പ്രോത്സാഹനം നൽകിയതു്.

ഈ ദോഷത്തിൽനിന്നു് രക്ഷപ്പെടുവാൻ സ്ത്രീപുരുഷന്മാർ തമ്മിലുള്ള പ്രേമബന്ധത്തെപ്പററിയുള്ള വീക്ഷണഗതി മാററിത്തീർക്കേണ്ടിയിരിക്കുന്നു. വിവാഹത്തിനു മുമ്പായാലും ശരി പിമ്പായാലും ശരി വിഷയാസക്തിക്കു് കൂടുതൽ പ്രാധാന്യം നൽകിക്കൂടാ. വിഷയലോലുപത മൃഗീയമാണെന്നു് മനസ്സിലാക്കണം. അതു് മനുഷ്യന്റെ മഹനീയ ഗുണങ്ങളെ നശിപ്പിയ്ക്കുന്നു. സമുദായത്തിൽ പരസ്ത്രീഗമനത്തെ വളരെ നിഷിദ്ധമായി കരുതണം. കള്ളന്മാരോടും വഞ്ചകന്മാരോടും പ്രവർത്തിയ്ക്കുന്ന തരത്തിൽ അവരോടും പ്രവർത്തിക്കണം. നോവലുകളിലും കഥകളിലും കവിതകളിലും ഗാനങ്ങളിലും തിയററുകളിലും പ്രസ്തുത ദുരാചാരത്തെ പ്രോത്സാഹിപ്പിയ്ക്കുന്നതിനുള്ള സർവ്വകരുക്കളും നമുക്കു കാണാൻ കഴിയും.

മൂന്നാമതായി വിഷയസുഖത്തിനു് അനാവശ്യമായ മഹത്വം നൽകിയതുകൊണ്ടു് നമ്മുടെ സമുദായത്തിൽ സന്താനോല്പാദനത്തിന്റെ ശരിയായ ഉദ്ദേശമെന്തെന്നു് ആളുകൾക്കു് മനസ്സിലാവാതായിരിയ്ക്കുന്നു. വൈവാഹിക ജീവിതത്തിന്റെ പരിപാവനമായ ഉദ്ദേശമാണു് സന്താനോല്പാദനമെന്നു് കരുതുന്നതിനു പകരം വിഷയസുഖത്തിന്നു് അതൊരു തടസ്ഥമാണെന്നാണു് പൊതുവിലുള്ള വിശ്വാസം. അതിനാൽ വിവാഹത്തിനു മുമ്പും പിമ്പും ഡാക്ടർമാരുടെ സഹായത്തോടുകൂടി സ്ത്രീകളുടെ ഗർഭോല്പാദനശക്തിയെ നശിപ്പിയ്ക്കുകയും കൃത്രിമസന്താനനിയന്ത്രണ വിധികൾ സ്വീകരിയ്ക്കുകയും ചെയ്യുന്നതു് സർവ്വസാധാരണമായിത്തീർന്നിരിയ്ക്കുന്നു. പണ്ടുകാലത്തു് ഗർഭകാലത്തും

കുട്ടി മുല കുടിയ്ക്കുന്ന കാലത്തും സംഭോഗം വർജ്ജ്യമായിരുന്നു. ഇന്നും ചില പുരാതനകർഷകകുടുംബങ്ങളിൽ ഇതു കാണാം. എന്നാൽ പരിഷ്കൃതന്മാരുടെ ഇടയിൽ ഗർഭാവസ്ഥയിലും കുട്ടി മുലകുടിയ്ക്കുമ്പോഴും വിഷയസുഖമനുഭവിയ്ക്കുക എന്നത് സർവ്വസാധാരണമായിത്തീർന്നിട്ടുണ്ട്. ഇത് തിരെ തെററാകുന്നു.

കൃത്രിമസന്താനനിയന്ത്രണം വളരെ ദുഷിച്ച ഒരു ഏർപ്പാടാണ്. ഇതുനിമിത്തം മനുഷ്യൻ കുട്ടികളെ വളർത്തിക്കൊണ്ടുവരികയെന്ന ഉത്തരവാദിത്വത്തിൽനിന്ന് ക്രമേണ ഒഴിഞ്ഞുമാറുന്നു. ദാമ്പത്യപ്രേമം നിലകൊള്ളുന്നത് സന്താനോല്പാദനത്തിൽനിന്നാണ്. രണ്ടാമതായി സന്താനനിരോധം ചെയ്യുക എന്നത് ഒരു പ്രകാരത്തിലുള്ള കൊലപാതകവുമാണ്. മനുഷ്യസമുദായത്തിൽ ഏററവും നികൃഷ്ടമായി കരുതപ്പെടുന്ന ഒന്നാണത്. ഗർഭകാലത്തും കുട്ടി മുലകുടിയ്ക്കുമ്പോഴും സംഭോഗം ചെയ്യുന്നതുകൊണ്ട് സ്ത്രീയ്ക്ക് ശാരീരികവും മാനസികവുമായ പതനമുണ്ടായിത്തീരുന്നു. അതിനാൽ പ്രസ്തുത കാലത്ത് ഒരിയ്ക്കലും സ്ത്രീയെ പ്രാപിയ്ക്കരുത്.

മേൽപ്രസ്താവിച്ച ദുഷിച്ച സമ്പ്രദായങ്ങളെ നമ്മൾ വർജ്ജിക്കണം. സംയമനജീവിതത്തിൻെറ പ്രാധാന്യം മനസ്സിലാക്കുന്ന മനുഷ്യനു മാത്രമേ പ്രസ്തുത ദുരാചാരങ്ങളിൽനിന്ന് രക്ഷപ്പെടുവാൻ സാധിക്കൂ. അവിവാഹിതജീവിതത്തിൽ മാത്രമല്ല വൈവാഹികജീവിതത്തിലും സംയമനശീലത്തോടുകൂടിയിരിക്കേണ്ടതാണ്.

നാലാമതായി ഇന്നത്തെ കാലത്ത് കുട്ടികൾ ജനിയ്ക്കുന്നതു് വിഷയസുഖമനുഭവിയ്ക്കുന്നതിന്ന് തടസ്ഥമായി

കരുതപ്പെടുന്നുണ്ട്. എങ്കിലും നിസ്സന്തതികളായിരിക്കുവാൻ ആരും ഇഷ്ടപ്പെടുന്നുമില്ല. പക്ഷെ കുട്ടികളെ നോക്കി വളൎത്തുന്നത് രാജ്യത്തിൻെറയോ സമുദായത്തിൻെറയോ ഉത്തമതാല്പൎയ്യങ്ങളെ മുൻനിൎത്തീട്ടല്ല, പ്രത്യുത മാതാപിതാക്കളുടെ സ്വാൎത്ഥത്തെ ഉദ്ദേശിച്ചു മാത്രമാകുന്നു. തൽഫലമായി കുട്ടികളെ മൃഗങ്ങളെപ്പോലെയാണ് വളൎത്തുന്നത്. കുട്ടികളിൽ മനുഷ്യത്വം വളൎത്തലല്ല അവരുടെ ഉദ്ദേശം. ധാരാളം തിന്നാൻ കൊടുത്ത് ശരീരപുഷ്ടിയും സൌന്ദൎയ്യവും വൎദ്ധിപ്പിയ്ക്കുകയാകുന്നു. വൈദ്യശാസ്ത്രം അതിന്നു പിൻതുണ നൽകുകയും ചെയ്യുന്നുണ്ട്. പാവങ്ങളുടെ സാമ്പത്തികസ്ഥിതി ഇതിന്നനുവദിയ്ക്കുന്നില്ലെങ്കിലും അവരുടെ ആഗ്രഹം പണക്കാരെ അനുകരിയ്ക്കുവാനാണ്. അങ്ങിനെ കണക്കിലധികം തിന്നും കുടിച്ചും വളരുന്ന കുട്ടികളിൽ മൃഗങ്ങളെപ്പോലെ ദുഷ്ടമമായ വിഷയവാസനയും ഉച്ഛ്രണ്ഡതയും പ്രായമെത്തുന്നതിന്നു മുമ്പുതന്നെ ഉണ്ടായിത്തീരുന്നു. തന്നിമിത്തം യൌവനാവസ്ഥയെ പ്രാപിയ്ക്കുമ്പോഴെല്ലാം അവൎക്ക് അത്യധികം കഷ്ടപ്പാടുകൾ സഹിയ്ക്കേണ്ടിവരുന്നു. ചുററുപാടുമുള്ള അന്തരീക്ഷം വിഷയവാസനയെ ആളിക്കത്തിയ്ക്കുന്നു. വസ്ത്രങ്ങളും പുസ്തകങ്ങളും സംഗീതവും നൃത്തവും ഉത്സവങ്ങളും ചിത്രങ്ങളും കഥകളും നോവലുകളും കവിതകളും അങ്ങിനെ ജീവിതത്തിലെ സൎവ്വവസ്തുക്കളും അവരുടെ കാമാസക്തിയെ വൎദ്ധിപ്പിയ്ക്കുക മാത്രമേ ചെയ്യുന്നുള്ളു. തൽഫലമായി അധികം യുവതീയുവാക്കന്മാരും നാനാപ്രകാരത്തിലുള്ള കുത്സിതവൃത്തികളിൽ ഏൎപ്പെട്ട് രോഗഗ്രസ്തരായിത്തീരുകയും പ്രൌഢാവസ്ഥയിൽപോലും സദാ

ചാരത്തോടുകൂടിയോ അരോഗദൃഢഗാത്രരായോ അവക്ക് ജീവിയ്ക്കുവാൻ കഴിയാതെ വരികയും ചെയ്യുന്നു.

ഇതിൽനിന്നു് നാം ഒരു നിഗമനത്തിൽ എത്തിച്ചേരുന്നു. അതായത് കണക്കിലേറെ തിന്നാൻകൊടുത്ത് കുട്ടികളുടെ ശരീരപുഷ്ടിയും സൌന്ദര്യവും വദ്ധിപ്പിയ്ക്കലല്ല ആവശ്യം. പ്രത്യുത അവരെ സമുദായത്തിലെ ഉത്തമപൌരന്മാരാക്കിക്കൊണ്ടുവരികയാണ് വേണ്ടതു്.

5 അഞ്ചാമതായി നമ്മുടെ സമുദായത്തിൽ യുവതീയുവാക്കന്മാർ തമ്മിലുണ്ടാകുന്ന പ്രേമത്തെ മനുഷ്യജീവിതത്തിന്റെ പരമമായ ലക്ഷ്യമായി കരുതുന്നു. ഇതു് സമുദായത്തിൽ പ്രചരിച്ച കലകളേയും കാവ്യങ്ങളേയും നോക്കിയാൽ വ്യക്തമാകും. ഈ പ്രേമത്തിന്റെ അടിസ്ഥാനം ആകഷ്ണം മാത്രമാകുന്നു. യുവാക്കന്മാർ തങ്ങളുടെ മനസ്സിനു പററിയ ഒരു യുവതിയെ കണ്ടുപിടിയ്ക്കുന്നതിന്നും അവളുമായി പ്രേമബന്ധം സ്ഥാപിച്ചു് അവളെ വിവാഹം കഴിയ്ക്കുന്നതിന്നും യുവതികൾ പുരുഷന്മാരുടെ മനസ്സിനെ മോഹിപ്പിയ്ക്കുന്നതിന്നുംവേണ്ടി ജീവിതത്തിലെ മഹത്തായ കാലത്തെ ചിലവഴിയ്ക്കുന്നു.

അങ്ങിനെ നിരത്ഥകവും ദോഷകരവുമായ കാര്യത്തിന്നുവേണ്ടിയാണ് പുരുഷന്മാർ സമയം വ്യയം ചെയ്യുന്നത്. തന്നിമിത്തമാണു് നമ്മുടെ ജീവിതത്തിൽ അനാവശ്യമായ ആഡംബരഭ്രമം കടന്നുകൂടിയതു്. പുരുഷന്മാരിൽ അലസതയും സ്ത്രീകളിൽ നില്ലജ്ജതയും വദ്ധിയ്ക്കുന്നു. അവർ കലടകളേപ്പോലെ വസ്ത്രധാരണം ചെയ്യുകയും കാമാഗ്നിയെ

ആളിക്കത്തിയ്ക്കുന്ന അംഗങ്ങളെ പ്രദർശിപ്പിയ്ക്കുകയും ചെയ്യുന്നു.

ഇത് തീരെ അനുചിതമായിട്ടാണ് ഞാൻ കരുതുന്നത്. കഥകളിലും നോവലുകളിലും സ്വാതന്ത്ര്യമായ പ്രേമബന്ധത്തെ എത്രതന്നെ വാഴ്ത്തിപറഞ്ഞിട്ടുണ്ടെങ്കിലും ശരി, അത് മനുഷ്യജീവിതത്തിൻെറ ലക്ഷ്യമായി കരുതിക്കൂടാ. വയർനിറയെ സ്വാദിഷ്ടങ്ങളായ ഭക്ഷണസാധനങ്ങൾ കഴിച്ച് അതുതന്നെയാണ് ജീവിതസുഖമെന്ന് കരുതുന്നപോലെയാണിത്.

അതിനാൽ സ്ത്രീപുരുഷന്മാർ തമ്മിലുള്ള സ്നേഹബന്ധമെന്നത് ഒരു മഹത്തായ കാര്യമാണെന്ന തെററിദ്ധാരണ മനുഷ്യൻ ഉപേക്ഷിക്കണം. ദേശസേവനമോ കലോപാസനയോ ഈശ്വരാരാധനയോ ജീവിതലക്ഷ്യമായി സ്വീകരിക്കേണ്ട മനുഷ്യൻ ഒരിക്കലും വിഷയാസക്തനായിത്തീർന്നുകൂടാ. പ്രേമമോ വിഷയാസക്തിയോ മനുഷ്യനെ യാതൊരു പവിത്രലക്ഷ്യത്തിലേയ്ക്കും നയിയ്ക്കുന്നതല്ല. നേരെ മറിച്ച് അത് സത്തായ സകലത്തിനും തടസ്ഥമുണ്ടാക്കുന്നു.

പ്രസ്തുത കഥയിൽ ഞാൻ വ്യക്തമാക്കുവാൻ ആഗ്രഹിച്ച സംഗതികളാണ് സംക്ഷേപമായി മുകളിൽ കൊടുത്തിട്ടുള്ളതു്. ഇതു് ഞാൻ ആ കഥയിൽ വ്യക്തമാക്കീട്ടുമുണ്ടു്; സമുദായത്തിലെ ദൂഷ്യവശങ്ങളെ ചൂണ്ടിക്കാട്ടി അതിനുള്ള നിവാരണമാർഗ്ഗങ്ങൾ നിർദ്ദേശിച്ചതിൽ അഭിപ്രായവ്യത്യാസമുണ്ടാവാം. എന്നാൽ എൻെറ ചിന്താഗതിയോട് ആരും തന്നെ വിയോജിയ്ക്കുമെന്നു ഞാൻ കരുതുന്നില്ല.

പ്രസ്തുതചിന്താഗതിയോട് ആർക്കാണ് വിയോജിയ്ക്കു വാൻ കഴിയുക? അത് മാനവപുരോഗതിയ്ക്ക് അത്യന്തം അനുകൂലമായതാണ്. മനുഷ്യസമുദായം അനിയന്ത്രിത മായ ജീവിതത്തിന്റെ ദോഷങ്ങൾ കണ്ടറിഞ്ഞ് വിവേക ത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിയ്ക്കുകയാണ്. സമുദായത്തിലും വ്യക്തിയിലും ധാർമ്മികബോധം വളർന്നുകാണാൻ ആഗ്ര ഹിയ്ക്കാത്തവർ ആരുണ്ട്? നമ്മൾ എല്ലാപ്പോഴും ദുരാചാര ത്തെ വെറുക്കുകയും സദാചാരത്തെ വാഴ്ത്തുകയും ചെയ്യു ന്നുണ്ട്. ബൈബിളിലെ സിദ്ധാന്തവും അതാണ്. നമ്മുടെ ധാർമ്മികജീവിതത്തിന്റെ അടിസ്ഥാനം അതാണല്ലോ.

എന്നാൽ പിന്നീട് എനിയ്ക്ക് ഒരു പിശക പററിയ തായി തോന്നി. വിവാഹത്തിനു മുമ്പും പിമ്പും വിഷയാ സക്തി ദോഷകരമാണെന്നും കൃത്രിമമായ സന്താനനിയ ന്ത്രണം ചീത്തയാണെന്നും കുട്ടികളെ കളിപ്പാട്ടങ്ങളായി കരു തരുതെന്നും വിഷയസുഖം ജീവിതത്തിന്റെ പരമമായ ലക്ഷ്യമല്ലെന്നും മററുമുള്ള വാദമുഖങ്ങളെ പ്രത്യക്ഷമായി ആരും എതിർക്കുവാൻ സാധിയ്ക്കുകയില്ല. വിഷയാസക്തി യെ അപേക്ഷിച്ച് സംയമനമാണ് കൂടുതൽ അഭികാമ്യ മായിട്ടുള്ളതെന്ന് സർവ്വരും സമ്മതിയ്ക്കുകയും ചെയ്യും. എന്നാൽ വിവാഹത്തേക്കാൾ നല്ലത് ബ്രഹ്മചര്യമാണെ ങ്കിൽ ആ മാർഗ്ഗത്തെ മനുഷ്യൻ എന്തുകൊണ്ട് സ്വീകരി യ്ക്കുന്നില്ല? അഥവാ അങ്ങിനെ സ്വീകരിക്കുന്ന പക്ഷം അത് മനുഷ്യ സമുദായത്തിന്ന് അവസാനം വരുത്തുകയില്ലേ? എ ന്നിങ്ങിനെയുള്ള പ്രശ്നങ്ങളും ഉത്ഭവിയ്ക്കുന്നുണ്ട്.

മനുഷ്യസമുദായത്തിൻെറ അവസാനത്തെപ്പററിയുള്ള ചിന്ത പുതിയതൊന്നുമല്ല. ധർമ്മനിഷ്ഠനായ ഒരാറം ഇതിനെപ്പററി അവഗാഢമായി ചിന്തിയ്ക്കുന്നുണ്ട്. ശാസ്ത്രജ്ഞൻെറ അഭിപ്രായം സൂര്യൻ തണുത്തുവരികയാണെന്നും അങ്ങിനെ ഒടുവിൽ പ്രാണിവർഗ്ഗം നശിച്ചുപോകുമെന്നുമാണ്. എന്നാൽ ഇത്തരം കാര്യങ്ങളെപ്പററി നമുക്ക് ചിന്തിക്കേണ്ടതില്ല. ജീവിതക്രമത്തേയും ആദർശത്തേയും ഒന്നായി കാണുന്നതുകൊണ്ടാണ് മനുഷ്യന്ന് തെററു പററുന്നതു്. ബ്രഹ്മചര്യമനുഷ്ഠിക്കുന്ന സമുദായം നശിച്ചുപോകുമെന്ന തെററിദ്ധാരണയും ഇതിൽനിന്നു വന്നതാണ്.

ബ്രഹ്മചര്യമെന്നതു് ഒരു ജീവിതക്രമമല്ല. ആദർശമാണ്. അല്ലെങ്കിൽ ആദർശപരമായ ജീവിതത്തിൻെറ ഒരു വശമാണ്. ഭാവനയിൽ മാത്രം നിക്ഷിപ്തമായിരിയ്ക്കുകയും അനന്തകാലംകൊണ്ടു മാത്രമേ സാദ്ധ്യമാവുകയുള്ളു വെന്ന ധാരണ നിലനില്ക്കുകയും ചെയ്യുന്നേടത്തോളം കാലം മാത്രമേ ആദർശം ആദർശമായി നിലകൊള്ളുകയുള്ളു. അത് നമുക്ക് പ്രായോഗികമാക്കുവാൻ സാധിയ്ക്കുകയോ അല്ലാത്ത പക്ഷം പ്രായോഗികമാണെന്ന് തോന്നുകയോ ചെയ്യുന്നതായാൽ അതു് ആദർശമല്ലാതായിത്തീരുന്നു.

ഭൂമിയിൽ സ്വർഗ്ഗലോകം സ്ഥാപിക്കണമെന്ന യേശുക്രിസ്തുവിൻെറ ആഗ്രഹം ഒരാദർശമാകുന്നു. ഈ ആദർശത്തെപ്പററി പഴയകാലത്തെ പല പ്രവാചകന്മാരും പ്രതിവചിച്ചിട്ടുണ്ട്. വാളുകറം കലപ്പകളായി മാറുകയും കുന്തങ്ങറം മരത്തിൻെറ ചുള്ളികറം മുറിയ്ക്കുവാൻ ഉപയോഗിയ്ക്കുകയും സിംഹവും ആട്ടും ഒരേ കടവിൽനിന്നു് വെള്ളം കുടിയ്ക്കു

കയും ജീവജാലങ്ങൾ പരസ്പരസ്നേഹത്തിൽ വർത്തിയ്ക്കുകയും ചെയ്യുന്ന ഒരു കാലം അടുത്തുതന്നെ സമാഗതമാവുമെന്ന് അവർ പറഞ്ഞിരിയ്ക്കുന്നു. മനുഷ്യജീവിതത്തിന്റെ പരമമായ ലക്ഷ്യം പ്രസ്തുത ആദർശത്തിലേയ്ക്കു നീങ്ങുകയാകുന്നു. ഈ ആദർശത്തെ പ്രാപിയ്ക്കുവാൻ ബ്രഹ്മചര്യം കൂടിയേ കഴിയൂ അതിനാൽ പ്രസ്തുത ആദർശത്തിന്നും ബ്രഹ്മചര്യത്തിന്നും വേണ്ടി പ്രയത്നിയ്ക്കുന്നതു് ഒരിയ്ക്കലും ജീവിതത്തെ വ്യർത്ഥമാക്കലല്ല നേരെ മറിച്ച്, ഈ ആദർശത്തെ പ്രാപിയ്ക്കുവാൻവേണ്ടി നാം പരിശ്രമിക്കാതിരുന്നാൽ അതായിരിയ്ക്കും പുരോഗതിയേയും യഥാർത്ഥജീവിതത്തേയും നശിപ്പിക്കുന്നത്.

യുദ്ധവും കലഹവും അവസാനിപ്പിച്ച് ശത്രുമിത്രഭേദമെന്യേ മനുഷ്യർ അന്യോന്യം സ്നേഹബന്ധത്തിൽ വർത്തിയ്ക്കുന്ന പക്ഷം ലോകം നശിച്ചുപോകുമെന്നു പറയുന്നതുപോലെത്തന്നെയാണ് ബ്രഹ്മചര്യമനുഷ്ഠിക്കുന്നതുകൊണ്ട് മനുഷ്യവംശം അവസാനിയ്ക്കുമെന്ന് പറയുന്നതും. നൈതികശിക്ഷണത്തിന്റെ രണ്ടു വ്യത്യസ്തമാർഗ്ഗങ്ങളുടെ ഭേദത്തെ അറിയാത്ത ആളുകൾ മാത്രമേ അങ്ങിനെ പറയുകയുള്ളൂ.

ഒരു വഴിപോക്കന്ന് ആയാളുടെ ലക്ഷ്യത്തിലേയ്ക്ക് രണ്ടു മാർഗ്ഗത്തെ പറഞ്ഞുകൊടുക്കുന്നതുപോലെയാണ് സത്യാന്വേഷിയായ ഒരാൾക്ക് ലഭിയ്ക്കുന്ന രണ്ടു പ്രകാരത്തിലുള്ള നൈതികശിക്ഷണം. വഴിയിൽ ഇന്നിന്ന അടയാളങ്ങൾ കാണുമെന്നും അവയെ നോക്കി മുന്നോട്ടു പോകണമെന്നും ഒന്നാമതായി വഴിപോക്കന്നു പറഞ്ഞുകൊടുക്കുന്നു. രണ്ടാമതായി ദിക്സൂചനായന്ത്രം കൊടുത്തു് ഒരേ

ദിക്കിനെ നോക്കിപ്പോകണമെന്നും അതിന്നുവേണ്ടി വഴികൾ പലതും സ്വീകരിക്കാമെന്നും ആത്മാക്കൾ നിർദ്ദേശം നൽകുന്നു.

നൈതികശിക്ഷണത്തിൻെറ ആദ്യത്തെ മാർഗ്ഗം ബാഹ്യാചരണത്തിന്നുതകിയ നിർദ്ദേശങ്ങൾ നൽകയാകുന്നു. ഇന്നതു് ചെയ്യണമെന്നും ഇന്നത് ചെയ്യരുതെന്നും മനുഷ്യന് നിർദ്ദേശം കൊടുക്കുന്നു. കളവ്, മദ്യപാനം, ഹിംസ മുതലായത് ചെയ്യരുതെന്നും ദരിദ്രന്മാരെ സഹായിയ്ക്കുകയും ദിവസേന ഈശ്വരപ്രാർത്ഥന ചെയ്യുകയും വേണമെന്നും നിർദ്ദേശം നൽകപ്പെടുന്നു. ഇവയെല്ലാം ധാർമ്മികശിക്ഷണത്തിൻെറ ബാഹ്യവശങ്ങളാകുന്നു. ലോകത്തിലെ സർവ്വമതങ്ങളിലും ഇപ്രകാരത്തിലുള്ള ബാഹ്യാചരണക്രമങ്ങളെപ്പററി പറഞ്ഞിട്ടുണ്ടു്.

രണ്ടാമത്തെ മാർഗ്ഗം മനുഷ്യന്നു് അപ്രാപ്യമെന്നു തോന്നുന്ന ആദർശങ്ങളെ നിർദ്ദേശിക്കലാകുന്നു. പ്രസ്തുത ആദർശപ്രാപ്തിയ്ക്കുവേണ്ടി സദാ പ്രയത്നിച്ചുകൊണ്ടിരിയ്ക്കുമ്പോഴാണു്, താൻ അതിൽനിന്നു് വളരെ ദൂരെയാണു് സ്ഥിതിചെയ്യുന്നതെന്നു മനുഷ്യന്നു് ബോധമുണ്ടാവുന്നതും തൻെറ ദൗർബ്ബല്യങ്ങളെപ്പററി അവൻ മനസ്സിലാക്കി അവയെ ദൂരീകരിയ്ക്കുവാൻവേണ്ടി പ്രയത്നിയ്ക്കുന്നതും.

'മനസാവാചാകർമ്മണാ' ഈശ്വരസാമീപ്യത്തിന്നുവേണ്ടി പ്രവർത്തിയ്ക്കുക; തൻെറ അയൽവക്കക്കാരനെപ്പോലെ സ്നേഹിയ്ക്കുക, പരമപിതാവിനെപ്പോലെ പരിപൂർണ്ണനായി ഭവിയ്ക്കുക' ഇതാണു് ക്രിസ്തുവിൻെറ ഉപദേശം.

മനുഷ്യന്റെ ബാഹ്യാചരണം ധാർമ്മികനിയമങ്ങൾക്ക് സർവ്വഥാ അനുകൂലമായിരുന്നാൽ അവന്ന് പൂർണ്ണത പ്രാപിക്കാം. ക്രിസ്തുവിന്റെ ഉപദേശങ്ങളെ കൈക്കൊള്ളുന്ന ഒരു മനുഷ്യൻ ആദർശത്തിലേയ്ക്ക് എത്തിച്ചേരുവാൻ തടസ്ഥമായി നില്ക്കുന്ന തന്റെ ദൗർബ്ബല്യങ്ങളെപ്പററി സദാ ജാഗരൂകനായിരിക്കും. താൻ ആദർശത്തിലേയ്ക്ക് എത്രത്തോളം അടുത്തുവെന്നല്ല പ്രത്യുത, അതിൽനിന്ന് എത്ര വിട്ടാണ് നില്ക്കുന്നതെന്നു മാത്രമേ അവന്ന് കാണുവാൻ കഴികയുള്ളു.

ബാഹ്യനിയമാനുഷ്ഠാനം ചെയ്യുന്ന ഒരാൾ വിളക്കുകാലിന്മേൽ തൂക്കിയ വിളക്കിന്റെ പ്രകാശത്തിൽ നില്ക്കുന്നതുപോലെയാകുന്നു. പ്രകാശത്തിലാണ് ആയാൾ നില്ക്കുന്നത്, ആയാളുടെ ചുററും വെളിച്ചവുമുണ്ട്. എന്നാൽ മുമ്പോട്ടുള്ള വഴി ഏതെന്ന് ആയാൾക്ക് അറിയുവാൻ കഴിയുന്നില്ല. എന്നാൽ ക്രിസ്തുവിന്റെ ഉപദേശങ്ങൾ അനുഷ്ഠിക്കുന്ന ഒരാൾ കയ്യിൽ വെളിച്ചവുമായി മുമ്പിൽ നടന്നുപോകുന്ന ആളേപ്പോലെയാകുന്നു. വെളിച്ചം എല്ലായ്പ്പോഴും ആയാളുടെ മുമ്പിലുണ്ടാകും. ആ വെളിച്ചത്തിൽ വഴി തെളിഞ്ഞു കാണുകയും ചെയ്യും.

ഒരു പാർസി സകല ധാർമ്മികനിയമങ്ങളേയും പരിപാലിച്ച് ഈശ്വരപ്രീതി നേടുകയുണ്ടായി. ധനികനായ ആ യുവാവ് കുട്ടിക്കാലം തൊട്ടുതന്നേ ധാർമ്മികജീവിതം നയിച്ചുതുടങ്ങി. എന്നിട്ടും തന്റെ ഉള്ളിൽ എന്തോ ഒരു കുറവുള്ളതായി ആയാൾക്കു തോന്നി. ചെറുപ്പകാലത്ത് ഇത്തരം സംശയങ്ങൾ സ്വാഭാവികമാകുന്നു. അക്കാലത്ത്

നിയന്ത്രിയ്ക്കുവാൻ ആരുമുണ്ടായിരുന്നതുമില്ല. ആയാറം തന്റെ വരവിന്റെ പത്തിലൊരംശം ദാനം ചെയ്തു. ആഴ്ചതോറും വ്രതമെടുത്തു. മാതാപിതാക്കളെ ബഹുമാനിച്ചു. വ്യഭിചാരം, കളവ്, കൊല എന്നിവയിൽനിന്ന് അകന്നു നിന്നു.

യേശുക്രിസ്തുവിന്റെ ഉപദേശപ്രകാരം നടക്കുന്ന ഒരാറംക്ക് പൂർണ്ണതയിലേയ്ക്കുള്ള ഓരോ പടിയും സുവ്യക്തമായി കാണാവുന്നതാണ്. ആയാറം പടിപടിയായി കയറിപ്പോകും. അങ്ങിനെ അയാളുടെ പുരോഗതിക്കുള്ള മാർഗ്ഗം അനന്തവും വിശാലവുമാണ്.

യേശുക്രിസ്തുവിന്റെ യഥാർത്ഥപിൻഗാമികറം എല്ലായ്പോഴും തങ്ങളുടെ കുറവുകളെ കണ്ടുകൊണ്ടിരിയ്ക്കും. തങ്ങറം എത്ര കണ്ടു മുന്നോട്ടു വന്നിട്ടുണ്ടെന്ന് അവർ ഒരിക്കലും പിന്നോക്കം തിരിഞ്ഞു നോക്കുകയില്ല; മുന്നോട്ടു മാത്രമേ നോക്കുകയുള്ളു. എത്രവഴി പോകാൻ ബാക്കിയുണ്ടെന്ന് മാത്രമേ അവർക്കു നോട്ടമുള്ളു. അങ്ങിനെ നോക്കുമ്പോറം ക്രിസ്തുമതവും മററുമതങ്ങളും തമ്മിൽ മാർഗ്ഗത്തിൽ വ്യത്യാസം കാണാം.

ജീവിതക്രമത്തിന്റെ നിയമങ്ങളെ ക്രിസ്തു നിർദ്ദേശിച്ചിട്ടില്ല. വിവാഹങ്ങറംക്കോ അങ്ങിനെയുള്ള മററു കാര്യങ്ങറംക്കോ യാതൊരു വ്യവസ്ഥയും ഏർപ്പെടുത്തീട്ടില്ല. പക്ഷെ, മനുഷ്യർ അദ്ദേഹത്തിന്റെ ഉപദേശങ്ങളുടെ സാരം ഗ്രഹിച്ചിട്ടില്ല. ജീവിതനിയമങ്ങളനുസരിച്ചു ബാഹ്യാചരണത്തെ പരിശുദ്ധമാക്കുന്ന കാര്യത്തിലാണ് അവർ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതു്. അതിനാൽ ക്രിസ്തുവിന്റെ ഉപദേശങ്ങളുടെ സാരാംശം ഗ്രഹിയ്ക്കുന്നതിന് അവർക്ക്

സാധിയ്ക്കുന്നില്ല. വാക്കുകളെ മാത്രം മുറുകെ പിടിയ്ക്കുന്ന അവർ ബാഹ്യാചാരണങ്ങളുടെ ഒരു സങ്കുചിതഭിത്തി നിർമ്മിയ്ക്കുകയും ക്രിസ്തുവിൻെറ ആത്മാവിനെ നിഹനിയ്ക്കുകയുമാണു് ചെയ്യുന്നതു്.

പ്രസ്തുത നിയമങ്ങളെ നമുക്കു് പാതിരികളുടെ നിയമമെന്നു വിളിക്കാം. എന്നാൽ അവ ക്രിസ്തുമതസിദ്ധാന്തമെന്നു തെററിദ്ധരിയ്ക്കപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്തു. അവ ക്രിസ്തുമതസിദ്ധാന്തങ്ങൾക്കു് വിരുദ്ധമാകുന്നു; ജീവിതവ്യാപാരങ്ങൾക്കെല്ലാം തന്നെ പാതിരികൾ നിയമക്രമങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. ഗവമ്മെണ്ടു് എങ്ങിനെയുള്ളതായിരിയ്ക്കണമെന്നും എന്തെല്ലാം നിയമങ്ങൾ നിർമ്മിക്കണമെന്നും യുദ്ധം ചെയ്യുന്നതു് എങ്ങിനെ വേണമെന്നും പള്ളികളിലെ നിയമക്രമങ്ങൾ എന്തെല്ലാമായിരിയ്ക്കണമെന്നും ആരാധനാസമ്പ്രദായം ഏതുതരത്തിലുള്ളതായിരിയ്ക്കണമെന്നും മററും മററും അവർ വ്യവസ്ഥചെയ്തു് ക്രമപ്പെടുത്തീട്ടുണ്ടു്. വിവാഹസമ്പ്രദായത്തെ ക്രിസ്തു ഒരിക്കലും നിർദ്ദേശിച്ചിട്ടില്ല. മാത്രമല്ല അദ്ദേഹം അങ്ങിനെ ഒരു വ്യവസ്ഥ ചെയ്യുന്നതിനു് എതിരായിരുന്നു. 'ഭാര്യയെ ഉപേക്ഷിച്ചു് എന്നെ പിൻതുടരുവിൻ' എന്നു് അദ്ദേഹം പറഞ്ഞിട്ടുണ്ടു്. എന്നാൽ പാതിരിമാർ ക്രിസ്തുവിൻെറ പേരിൽ വിവാഹവ്യവസ്ഥ നടപ്പിലാക്കുകയും അതു് ക്രിസ്തുമതത്തിൻെറ ഒരു ഭാഗമാണെന്നു് ഘോഷിക്കുകയും ചെയ്തു. അതായതു് ക്രിസ്തുമതത്തിൽ വിഷയാനുഭവങ്ങൾക്കു് സ്ഥാനമുണ്ടെന്നു് കാണിയ്ക്കുന്ന തരത്തിലുള്ള നിയമങ്ങൾ അവർ നിർമ്മിയ്ക്കുകയുണ്ടായി.

ക്രിസ്തുമതത്തിൽ വിവാഹസമ്പ്രദായത്തിന്ന് സ്ഥാനം നിർദ്ദേശിച്ചിട്ടില്ലെങ്കിലും ഇന്നു നാം രണ്ടിലും തൊടാത്ത ഒരു സ്ഥിതിയിലാണ് എത്തിച്ചേർന്നിരിയ്ക്കുന്നതു്. ക്രിസ്തുവിൻെറ യഥാർത്ഥശിക്ഷണത്തെ മനസ്സിലാക്കാതെതന്നെ നമ്മൾ മററു ഉപദേശങ്ങളേയും തിരസ്കരിച്ചു. വിവാഹത്തെ സംബന്ധിച്ചുള്ള പാതിരികളുടെ നിയമങ്ങളേയു; നാം അനുസരിയ്ക്കുന്നില്ല. ക്രിസ്തുവിൻെറ ഉപദേശങ്ങളിൽ അവയില്ലെന്ന് നാം കരുതുന്നു. രണ്ടാമതായി ക്രിസ്തുവിൻെറ ബ്രഹ്മചര്യ സിദ്ധാന്തത്തെയും നാം അനുസരിയ്ക്കുവാൻ കൂട്ടാക്കുന്നില്ല. അങ്ങിനെ വിവാഹിതജീവിതത്തിന്നു് നിശ്ചിതമായ യാതൊരുപാധിയും ഇവിടെ ഇല്ലാതായിരിയ്ക്കുന്നു. ഇസ്ലാം മതം, യഹൂദമതം, ബുദ്ധമതം ഇവയുടെ തത്വങ്ങൾക്ക് ക്രിസ്തുമതത്തിൻെറതിനോട് വളരെ അടുപ്പമുണ്ടെങ്കിലും വിവാഹത്തെ സംബന്ധിച്ചും കുടുംബബന്ധത്തെക്കുറിച്ചും കൂടുതൽ ദൃഢവും വ്യക്തവുമായ നിർദ്ദേശങ്ങൾ അവയിലുണ്ടു്. ബഹുഭാര്യാത്വത്തിന്നും ബഹുഭർത്തൃത്വത്തിന്നും അവയിൽ സ്ഥാനം നൽകിട്ടുണ്ട്. എങ്കിലും അതിന് ഒരു പരിധിയും നിശ്ചയിച്ചിട്ടുണ്ടു്. നമ്മുടെ ഇടയിൽ അതിനൊരു പരിധിയില്ല. ഏകപത്നീവ്രതമാണ് നമ്മുടേതെന്ന് നാം വമ്പുപറയുന്നുണ്ടെങ്കിലും ഉപപത്നിത്വവും ബഹുപത്നിത്വവും ഇവിടെ കണക്കിലധികമുണ്ടു്. ഇത്രയും ദോഷകരമായ വ്യവസ്ഥ മറെറവിടെയും ഇല്ല.

പാതിരിമാർ ധനലോഭത്തിന്ന് വശംവദരായി ചില ധാർമ്മികച്ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സ്ത്രീപുരുഷന്മാ

രുടെ വിവാഹം നടത്തുന്നു. വഞ്ചിതരായ നാം അത് ഏക പത്നീവ്രതവും ഏകപതീവ്രതവുമാണെന്ന് തെററിദ്ധരിയ്ക്കുകയും ചെയ്യുന്നു.

ക്രിസ്തുമതത്തിൽ ആരാധന, ഉപദേശകന്മാർ, പാതിരിമാർ, സമ്പത്ത്, സൈന്യം, നീതിന്യായക്കോടതി, ഗവർമ്മെണ്ട് എന്നിവയൊന്നും തന്നെ വ്യവസ്ഥയില്ല. എന്നാൽ പിന്നീടാണ് അതെല്ലാമുണ്ടായത്. അപ്രകാരം തന്നേയാണ് വിവാഹവ്യവസ്ഥയും. ഒന്നും രണ്ടും നൂററാണ്ടുകളിൽ ജീവിച്ചിരുന്ന ക്രിസ്ത്യാനികളുടെ അഭിപ്രായം നോക്കിയാൽ ഇത് വ്യക്തമാകുന്നതാണ്.

ഈശ്വരനേയും അയൽവക്കക്കാരനേയും സ്നേഹിക്കുക, ഈശ്വരനേയും അയൽവക്കക്കാരനേയും സേവിയ്ക്കുന്നതിന്ന് ആത്മാർപ്പണം ചെയ്യുക, വിഷയാനുഭവങ്ങളും വിവാഹവും സ്വാർത്ഥപരവും ആത്മസേവനവുമായതുകൊണ്ട് അവ ഈശ്വരനിഷ്ഠമായ ജീവിതത്തിന്ന് വിരുദ്ധമാണ്, മനുഷ്യസമുദായ സേവനത്തിന്ന് ബാധകമാണ്, ക്രിസ്തുമതത്തിൻെറ ദൃഷ്ടിയിൽ പാപകരമാണ്—ഇതെല്ലാമാണ് ക്രിസ്തുമതതത്വങ്ങൾ.

വിവാഹംകൊണ്ട് മനുഷ്യരെയും ഈശ്വരനെയും സേവിയ്ക്കുന്നതിന്ന് യാതൊരു സഹായവും ലഭിയ്ക്കുന്നില്ല. വിവാഹേച്ഛുക്കളായ സ്ത്രീപുരുഷന്മാർ ലോകസേവനം ചെയ്യണമെന്ന് ആഗ്രഹിയ്ക്കുന്നുണ്ടെങ്കിൽ അത് തീരെ അസംഭവ്യമാകുന്നു. വിവാഹത്തിനു ശേഷം സന്താനോല്പാദനം നടത്തുകയും അവരെ സംരക്ഷിയ്ക്കുവാൻ വേണ്ടി പാടുപെടുകയും ചെയ്യുകയല്ലാതെ മററു കുട്ടികളെ രക്ഷിയ്ക്കു

വാൻ അവർക്കു സാദ്ധ്യമാവുകയില്ല. അതിനാൽ ലോകത്തിലുള്ള സർവ്വകുട്ടികളും സുഭിക്ഷമായി ജീവിക്കുന്നതു കാണുമ്പോഴാം മാത്രമെ ഒരു യഥാർത്ഥക്രിസ്ത്യാനി വിവാഹബന്ധത്തിൽ ഏർപ്പെടുകയുള്ളു.

ക്രിസ്തുവിൻെറ തത്വങ്ങളെ നിങ്ങൾ അനുസരിച്ചാലും ശരി ഇല്ലെങ്കിലുംശരി, അത് നമ്മുടെ ജീവിതത്തിലെ ഒരു അവിഭാജ്യഘടകമായിത്തീർന്നിട്ടുണ്ട്. നമ്മുടെ നീതിശാസ്ത്രം അതിനെ ആസ്പദിച്ചു നില്ക്കുന്നു. എന്നാൽ ഒരു കാര്യം തീർച്ചയാണ്. ക്രിസ്തുമതത്തിൽ ബ്രഹ്മചര്യത്തിനാണ് ഏററവും വലിയ സ്ഥാനമുള്ളത്.

ഒരു പുരുഷന്ന് മറെറാരു ഭാര്യയെ സ്വീകരിയ്ക്കണമെങ്കിൽ ആദ്യഭാര്യയെ ഉപേക്ഷിക്കരുതെന്നും അവളുമായി ദൃഢബന്ധത്തിൽ വർത്തിയ്ക്കണമെന്നും ബൈബിളിൽ വ്യക്തമായി പറയുന്നു. സ്ത്രീയെ ഒരു ഭോഗോപകരണമായി കരുതുന്നത് തെററാണ്. അവിവാഹിതരായ പുരുഷന്മാർ ബ്രഹ്മചര്യം ദീക്ഷിച്ച് ജീവിയ്ക്കുന്നതാണ് ഉത്തമമായിട്ടുള്ളതു്.

മേൽപറഞ്ഞ ചിന്താഗതി ചിലർക്കും പരസ്പരവിരോധമാണെന്നു തോന്നും. എന്നാൽ അങ്ങിനെയല്ല. ഇന്നത്തെ സമ്പ്രദായങ്ങൾക്ക് വിരുദ്ധമാണ് അത്. അതിനാൽ വർത്തമാനജീവിതത്തേയോ അതോ മേല്പറഞ്ഞ ചിന്താഗതിയേയോ ഏതിനെയാണ് ശരിയായി കരുതേണ്ടതു്. എന്ന പ്രശ്നം ആവിർഭവിയ്ക്കുന്നു. ഇന്നത്തെ സ്ഥിതിയെപ്പററി നിരൂപണംചെയ്യുമ്പോൾ എൻെറ മനസ്സിലും പ്രസ്തുതപ്രശ്നം

പൊന്തിവരുന്നുണ്ട്. ഇന്നു ഞാൻ എത്തിച്ചേന്ന നിഗമനത്തിലേയ്ക്ക് ഈ ചിന്താഗതി എന്നെ എത്തിയ്ക്കുമെന്നുപോലും ഞാൻ കരുതിയിരുന്നില്ല. എൻെറ തീരുമാനം എന്നെ അമ്പരപ്പിച്ചു അത് എൻെറ വത്തമാനജീവിതത്തിനു് സവ്വഥാ വിരുദ്ധമാണെങ്കിൽകൂടി അതിനെ സ്വീകരിക്കുവാൻ തന്നെ തീരുമാനിച്ചു.

ഇതെല്ലാം സാധാരണചിന്താഗതിയാണെന്നും ക്രിസ്തുവിൻെറ ഉപദേശങ്ങൾക്ക് അത് അനുകൂലമാണെങ്കിലും വിശ്വാസമുള്ളവർ മാത്രമേ അതിനെ പിൻതുടരുകയുള്ളുവെന്നും ജനങ്ങൾ പറയുന്നു. അവർ വീണ്ടും പറയുകയാണ്; "ജീവിതമെന്നത് ഒരനശ്വരവസ്തുവൊന്നുമല്ല. ക്രിസ്തുവിൻെറ അപ്രാപ്യമായ ആദർശങ്ങളെപ്പററി താങ്കൾ പറയുന്നു. എന്നാൽ വളരെ ജടിലമായ ഒരു പ്രശ്നമാണിതു്. ലോകത്തിൽ ആക്കും ഇതുവരെ പൂരിപ്പിയ്ക്കുവാൻ സാധിക്കാത്ത ഒരു സമസ്യയാണ്. അങ്ങിനെയിരിക്കെ ക്രിസ്തുവിൻെറ അപ്രാപ്യമായ ആദർശങ്ങളെപ്പററിപ്പറഞ്ഞ് ജനങ്ങളെ കുഴപ്പത്തിൽ ചാടിച്ചതുകൊണ്ട് യാതൊരു കാര്യവുമില്ല ഇതുകൊണ്ട് ആപത്തു് വൎദ്ധിയ്ക്കുകയേ ഉള്ളു ഭാവനാശീലനായ ഒരു യുവാവിന്നു് ഈ ആദർശം ആദ്യത്തിൽ വളരെ നന്നായി തോന്നും. എന്നാൽ അതനുഷ്ഠിക്കുവാൻ ആയാൾക്കു കഴിയുകയില്ല നിഷ്ഠയിൽ വ്യതിയാനം സംഭവിയ്ക്കുകയാണെങ്കിൽ ആയാളുടെ ജീവിതം ഭയങ്കരമായി അധഃപതിയ്ക്കുന്നു.

"ക്രിസ്തുവിൻെറ ആദർശം ദുഷ്പ്രാപ്യമാണു്. അതിനു് മാൎഗ്ഗനിർദ്ദേശം ചെയ്യുക സാദ്ധ്യമല്ല അതിനെ

പ്പററി നമുക്ക് നീണ്ടപ്രസംഗങ്ങൾ ചെയ്യാൻ കഴിയും. സ്വപ്നം കണ്ടുകൊണ്ടിരിയ്ക്കാം എന്നാൽ ജീവിതത്തിൽ പ്രായോഗികമാക്കുവാൻ സാദ്ധ്യമല്ല. അതിനാൽ അത് ത്യാജ്യമാകുന്നു."

"നമുക്ക് ആദശ്മല്ല വേണ്ടത്. സമുദായോദ്ധാരണത്തിന്നു പററിയ സാമാന്യവും പ്രായോഗികവുമായ നിയമങ്ങളെ അനുസരിച്ച് ജീവിയ്ക്കുകയാണ് ആവശ്യമായിട്ടുള്ളത്. ധമ്മസമ്മതമായ വിവാഹസമ്പ്രദായം നമുക്കാവശ്യമാണു്. അല്ലെങ്കിൽ നിയമസമ്മതമായതെങ്കിലും വേണം വിവാഹമോചനത്തിന്നുള്ള സ്വാതന്ത്ര്യവും ആവശ്യമാണ്. ജാപ്പാൻകാരെപ്പോലെ പ്രായപൂത്തിയായാൽ വിവാഹം ചെയ്യണമെന്ന നിയമമുണ്ടെങ്കിൽ അതും നന്നായിരിയ്ക്കും. ഇതൊന്നുമില്ലെങ്കിൽ വേശ്യാതെരുവുകൾ വേണം."

അങ്ങിനെ നമ്മുടെ ദുബ്ബലതകളെ മൂടിവെയ്ക്കുവാൻ വേണ്ടി ആദശ്ത്തെ തരംതാഴ്ത്തുവാനുള്ള ഒരു പ്രയത്നമാണ് മേൽപ്പറഞ്ഞ വാദമുഖങ്ങളിൽനിന്നു് വ്യക്തമായി ദശിയ്ക്കുവാൻ കഴിയുന്നത്. ഇപ്രകാരം മുന്നോട്ടു പോകുന്നപക്ഷം നാം എത്രകണ്ടാണ് അധഃപതിയ്ക്കുക എന്ന് പറയുവാൻ തന്നെ വിഷമമാണു്. മേൽ ചേത്ത വാദമുഖങ്ങളുടെ തുടക്കംതന്നെ തെററാണു്. ഒന്നാമതായി, പൂണ്ണതയിലേയ്ക്കു് പോകുന്ന ഒരാൾക്ക് ജീവിതത്തെ ഒരു ചട്ടക്കൂട്ടിന്നുള്ളിൽ ഒതുക്കിനിത്തുക സാദ്ധ്യമല്ല. രണ്ടാമതായി പരാജയബോധം ഒരിയ്ക്കലും നമ്മിലുണ്ടായിക്കൂടാ. ഇതു് എനിക്ക് സാദ്ധ്യമല്ല, അതുകൊണ്ടു് വജ്ജ്യമാണു് എന്നും മററുമുള്ള ഭാവന ദുബ്ബലതയെയാണ് കാണിയ്ക്കുന്നതു്. വടക്കുനോക്കി നിത്ത്

ശിയ്ക്കുന്ന മാർഗ്ഗത്തിൽക്കൂടി താൻ പോകയില്ലെന്നു ശഠിയ്ക്കുന്ന ഒരു കപ്പിത്താനോട് ഉപമിക്കാം ഇത്തരക്കാരെ. കപ്പലിനെ താൻ ഓടിയ്ക്കുന്ന മാർഗ്ഗത്തിൽനിന്ന് തെററിയ്ക്കുകയില്ലെന്നും ആ ദിശയിലേയ്ക്ക് വടക്കുനോക്കിയുടെ സൂചിയെ തിരിച്ചുവെയ്ക്കുമെന്നും ഒരു കപ്പിത്താൻ പറയുകയാണെങ്കിൽ അതിനെന്തർത്ഥമാണുള്ളത്? അപ്രകാരംതന്നെയാണ് ആദർശത്തെ കളഞ്ഞുകളിച്ചും തൻെറ ദുർബ്ബലതയെ നിലനിർത്തണമെന്നു പറയുന്ന പരാജയപ്രസ്ഥാനക്കാരനും.

യേശു നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ള മഹത്തായ ആദർശം സ്വപ്നമോ വ്യാമോഹമോ അല്ല. നീതിപൂർണ്ണമായ ജീവിതം നയിയ്ക്കുന്നതിന്നുള്ള സർവ്വസുലഭമായ ഒരു മാർഗ്ഗനിർദ്ദേശമാണത്. കപ്പിത്താൻെറ വക്കൽ മാർഗ്ഗനിർദ്ദേശം ചെയ്യുന്നതിന്ന് വടക്കുനോക്കി ഉള്ളതുപോലെയാണ് പ്രസ്തുത ആദർശം നമ്മുടെ ജീവിതത്തിലുള്ളത്. വടക്കുനോക്കി ഏതുപ്രകാരത്തിൽ കപ്പലിന്ന് മാർഗ്ഗനിർദ്ദേശം ചെയ്യുന്നുവോ അപ്രകാരംതന്നെ പ്രസ്തുത ആദർശം നമുക്കും മാർഗ്ഗനിർദ്ദേശം ചെയ്യണം.

ഏതു ആപൽഘട്ടത്തിലും ക്രിസ്തുവിൻെറ ഉപദേശങ്ങൾ നമുക്ക് മാർഗ്ഗനിർദ്ദേശം ചെയ്യും. എന്നാൽ നമുക്കതിൽ പൂർണ്ണവിശ്വാസമുണ്ടായിരിയ്ക്കണമെന്നു മാത്രം. കപ്പലിനെ നിയന്ത്രിയ്ക്കുന്ന കാര്യത്തിൽ കപ്പിത്താൻ കോമ്പസ്സിനെ ഉപയോഗിയ്ക്കുന്നതുപോലെ ജീവിതമാകുന്ന കപ്പലിനെ നിയന്ത്രിയ്ക്കുന്നതിൽ യേശുവിൻെറ ഉപദേശങ്ങളാകുന്ന കോമ്പസ്സിനെ നാമും വേണ്ടുംവണ്ണം ഉപയോഗപ്പെടുത്തണം. ഇതിന്ന് ഓരോരുത്തരും അവനവനെപ്പററി

അറിഞ്ഞിരിയ്ക്കണം. ആദർശത്തിൽനിന്ന് നാം വളരെ വിട്ടുനില്ക്കുന്നുണ്ടെന്ന വസ്തുത ഒരിക്കലും നമ്മെ നിരാശപ്പെടുത്തരുത്. ഏത്ര അധഃപതിച്ചവനും നന്നായിത്തീരാം. ഏതു ഉയന്ന സ്ഥിതിയിലും മനുഷ്യന് എത്തിച്ചേരുകയും ചെയ്യാം.

ക്രിസ്തുവിൻെറ ആദർശങ്ങളോട് പൊതുവിലും ബ്രഹ്മചര്യത്തോടു പ്രത്യേകിച്ചും നമ്മാം കൂറുള്ളവരായിരിയ്ക്കണം. ചെറിയ കുട്ടിയ്ക്കും അധഃപതിച്ച മനുഷ്യനും ഇതിൻെറ രണ്ടിനുമിടയിൽനില്ക്കുന്ന മനുഷ്യനും ക്രിസ്തുവിൻെറ ഉപദേശങ്ങാം മാർഗ്ഗനിർദ്ദേശം ചെയ്യും ജീവിതത്തെ പരിശുദ്ധമാക്കുകയും പ്രലോഭനങ്ങളിൽനിന്ന് അകന്നുനിന്ന് മനുഷ്യസേവനത്തിന്നുവേണ്ടി പ്രയത്നിയ്ക്കുകയുമാണ് നിർദ്ദോഷരായ ബാലികാബാലന്മാർ ചെയ്യേണ്ടത്. പ്രലോഭനങ്ങാംക്ക് വശംവദരായി നിരുദ്ദേശ്യമായ പ്രേമസങ്കല്പത്തിൽ കുടുങ്ങി മനുഷ്യസമുദായത്തേയും ഈശ്വരനേയും മറന്ന് ജീവിയ്ക്കുന്ന യുവതീയുവാക്കന്മാക്കും പ്രസ്തുത ഉപദേശങ്ങാം മാർഗ്ഗനിർദ്ദേശം ചെയ്യുന്നതാണ് പാപാചാരങ്ങളിൽനിന്ന് രക്ഷപ്പെടുവാനും ആത്മപരിശുദ്ധി നേടുന്നതിന്നുംവേണ്ടി അവർ പരിശ്രമിച്ചാൽ തീർച്ചയായും ഗുണം കിട്ടും. എന്നാൽ തങ്ങളുടെ അധഃപതനത്തെ അവർ കണ്ടറിയണം. വിവാഹബന്ധത്തിൽ ഏപ്പെട്ടുന്നവർ അതിനെ വിഷയസുഖമനുഭവിയ്ക്കാനുള്ള ഒരുപാധിയായി കരുതിക്കൂടാ. ഒരു സ്ത്രീയോ പുരുഷനോ തങ്ങാളക്കാം താണവരോട് ലൈംഗികബന്ധത്തിൽ ഏപ്പെട്ടുകയാണെങ്കിൽ അതിനെ ഒരിയ്ക്കലും ഒരു പതനമായി കരുതരുത്.

ആ ബന്ധത്തിൽതന്നെ ഉറച്ചുനില്ക്കണം. ഒന്നാമത്തേതായ പ്രസ്തുത പതനത്തെ ഉറച്ച വിവാഹബന്ധമായി കരുതുകയും വേണം.

അങ്ങിനെ വിവാഹബന്ധത്തിൽ ഏർപ്പെടുകയും തദ്വാരാ സന്താനോല്പാദനം നടത്തുകയും ചെയ്യുന്ന സ്ത്രീപുരുഷന്മാർക്ക് ഈശ്വരനെയും മനുഷ്യസമുദായത്തെയും സേവിയ്ക്കുന്നതിനുള്ള അവസരം ലഭിയ്ക്കുന്നില്ല. വിവാഹത്തിനുമുമ്പ് പ്രത്യക്ഷമായും പരോക്ഷമായും പലപ്രകാരത്തിലും നരനെയും നാരായണനെയും സേവിയ്ക്കുവാൻ അവർക്കവസരം ലഭിയ്ക്കുന്നു. എന്നാൽ വിവാഹം അവരുടെ സേവനപരിധിയെ സങ്കുചിതമാക്കുന്നു. കുട്ടികളെ വേണ്ടപോലെ വളർത്തുകയും അവക്ക് സമുചിതമായ വിദ്യാഭ്യാസം നൽകി സമുദായസേവകന്മാരാക്കിത്തീർക്കുകയുമാണ് മാതാപിതാക്കളുടെ കർത്തവ്യം.

എന്നാൽ സ്വന്തം കുട്ടികളെ വേണ്ടവിധം വളർത്തിക്കൊണ്ടുവരികയും അവക്ക് സമുചിതമായ വിദ്യാഭ്യാസം നൽകി സമുദായസേവകന്മാരാക്കിത്തീർക്കുകയും ചെയ്യുന്ന ദമ്പതിമാർ എന്തുചെയ്യണമെന്നതാണ് പിന്നത്തെ പ്രശ്നം.

അവക്കും മേൽപ്രസ്താവിച്ച മാർഗ്ഗത്തെ പിൻതുടരാം. പ്രലോഭനങ്ങളിൽനിന്ന് വിമുക്തരായി ആത്മപരിശുദ്ധിയ്ക്കുവേണ്ടി പ്രയത്നിയ്ക്കുകയും വിഷയപ്രേമത്തെ സഹോദരബന്ധമായി മാററുകയും അങ്ങിനെ ഈശ്വരനേയും മനുഷ്യസമുദായത്തേയും സേവിയ്ക്കുകയുമാണ് അവർ ചെയ്യേണ്ടത്.

അതിനാൽ ക്രിസ്തുവിൻെറ ആദർശം സമുന്നതവും അപ്രാപ്യവുമാണെന്നും അതിനെ പ്രായോഗികമാക്കുവാൻ സാദ്ധ്യമല്ലെന്നും മററും പറയുന്നത് തീരെ തെററാണ്. നാം നമ്മെത്തന്നെ വഞ്ചിയ്ക്കുകയും നമ്മോടുതന്നെ കളവു പറയുകയും ചെയ്യുന്നതുകൊണ്ടാണ് അതിനെ പിൻതുടരുവാൻ സാധിക്കാത്തത്. ക്രിസ്തുവിൻെറ ആദർശങ്ങളെ അപേക്ഷിച്ച് പ്രായോഗികപദ്ധതികളാണ് നമുക്ക് കൂടുതൽ ആവശ്യമായിട്ടുള്ളതെന്ന് നാം പറയുകയാണെങ്കിൽ അതിൻെറ അർത്ഥം ക്രിസ്തുവിൻെറ ആദർശം വളരെ ഉയർന്നതും അപ്രാപ്യവുമാണെന്നല്ല പ്രത്യുത, നമുക്കതിൽ വിശ്വാസമില്ലെന്നും അതിനെ പിൻതുടരുവാൻ സാധിയ്ക്കുകയില്ലെന്നുമാകുന്നു.

ഒരിക്കൽ പാപഗർത്തത്തിൽ പതിച്ച ഒരാൾക്ക് ഒരിയ്ക്കലും കരകയറുവാൻ സാധിയ്ക്കുകയില്ലെന്ന് നാം പറയുമ്പോൾ അതിൽനിന്ന് ഒരു സംഗതി വ്യക്തമാകുന്നുണ്ട്. അതായത് ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നത് ഒരു പാപമല്ലെന്നും പ്രത്യുത, മനോവിനോദത്തിന്ന് അത്യന്താപേക്ഷിതമാണെന്നും ഉള്ള ഒരു ധാരണ ആദ്യംമുതൽക്കുതന്നെ നമ്മുടെ ഹൃദയത്തിൽ വേരുറച്ചിട്ടുണ്ട് എന്നുള്ളതാണ് വാസ്തവം എന്നാൽ വിവാഹബന്ധമെന്നത് കാമസംപൂർത്തിയ്ക്കുവേണ്ടിയുള്ളതല്ലെന്നും സന്താനോല്പാദനം സാധിച്ചാൽ പ്രസ്തുത സന്താനങ്ങളെ ശരിയായി നോക്കിവളർത്തുകയും വിദ്യാഭ്യാസം നൽകി അവരെ ഉത്തമപൌരന്മാരാക്കിത്തീർക്കുകയും ചെയ്യുന്നതിന്നാണെന്നും ഉള്ള കർത്തവ്യബോധം നമ്മിൽ അങ്കുരിച്ചാൽ ഒരിയ്ക്കലും മേൽപറഞ്ഞ തെററിദ്ധാരണ നമ്മിൽ ഉണ്ടായിരിക്കുകയില്ല.

40274

വിദഗ്ദ്ധനല്ലാത്ത ഒരു കൃഷിക്കാരൻ നടുന്ന കണ്ടത്തിൽ വിളയുണ്ടാവുകയില്ല. അങ്ങിനെ അവൻ തന്റെ കണ്ടങ്ങളെ മുഴുവൻ നാശമാക്കുന്നു. നിലത്തെയും വിത്തിനെയും നശിപ്പിയ്ക്കുകയാണു് അവൻ ചെയ്യുന്നത്. എങ്കിലും പരിണാമം അവന്റെ കണ്ണുതുറപ്പിയ്ക്കുന്നു. ക്രമേണ അവൻ വിതയ്ക്കുന്നതിൽ വൈദഗ്ദ്ധ്യം നേടുന്നു. വിളവു് ഉണ്ടാവുകയും ചെയ്യുന്നു. അപ്രകാരംതന്നെ ബ്രഹ്മചര്യത്തെ ആദർശമായി കരുതുക എന്നാൽ ആദ്യത്തെ വ്യക്തിയുമായുണ്ടായ വേഴ്ചയിൽ പതനം സംഭവിച്ചുവെന്നിരിയ്ക്കട്ടെ അതിനെ ഗണ്യമാക്കാതെ അതേ വ്യക്തിയുമായി ആജീവനാന്തം വർത്തിയ്ക്കുക. മൃഗീയമായ കാമാസക്തിയെ മനസ്സിൽനിന്നു കററി പരിശുദ്ധജീവിതം നയിയ്ക്കുക യേശുവിന്റെ പരിപാവനമായ ആദർശത്തിന്റെ പൊരുളാണിത്. ഇതു മാത്രമാണു് പ്രായോഗികവും ആത്മസന്തുഷ്ടവുമായ ജീവിതത്തിനുള്ള മാർഗ്ഗം.

KOTTAYAM PUBLIC LIBRARY KOTTAYAM

മനുഷ്യൻ അപൂർണ്ണനാണു്. അതിനെ അവന്റെ കഴിവിന്നനുസരിച്ചു് പ്രവർത്തിയ്ക്കുവാൻ വിടണം എന്നെല്ലാം ആളുകൾ പറയാറുണ്ടു്. എന്റെ ദുർബ്ബലമായ കയ്യുകൊണ്ടു് നേർവര വരയ്ക്കുവാൻ എനിയ്ക്കു സാദ്ധ്യമല്ലെന്നും അതിനാൽ നേർവര വരയ്ക്കുന്നതിനു് ഒരു മാതൃകയായി ഞാൻ വളഞ്ഞവരയെ എടുക്കുമെന്നും പറയുന്നതിനോടു് തുല്യമാണിതു്. അതിനാൽ ദൌർബ്ബല്യം എത്രമാത്രം ശക്തിമത്താണോ അത്രയും സുദൃഢമായ ആദർശത്തെയാണു് മാതൃകയായി സ്വീകരിക്കേണ്ടതു്.

ക്രിസ്തുവിൻെറ ആദൎശങ്ങൾ നമുക്ക് ശരിയ്ക്കു മനസ്സിലാക്കുവാൻ സാധിയ്ക്കുന്നില്ലെങ്കിൽ പോകട്ടെ. പക്ഷെ, അതിന്ന് ദുർവ്യാഖ്യാനം നൽകാതിരുന്നാൽ മതി. മനുഷ്യസമുദായത്തിൻെറ വികാസത്തിൽ ക്രൈസ്തവാദൎശങ്ങൾക്ക് മഹത്തായ ഒരു പങ്കുവഹിക്കുവാനുണ്ട്. ബാഹ്യാചാരങ്ങളുടെ ചട്ടക്കൂട്ടിൽ മാത്രം ഒതുങ്ങിനില്ക്കുന്നതായാൽ ഇനി മനുഷ്യസമുദായത്തിന്നു രക്ഷയില്ല. അതിൻെറ കെട്ടുപാടുകളിൽനിന്നു പുറത്തുചാടുകതന്നെ വേണം.

മനുഷ്യസമുദായത്തിന്ന് മാൎഗ്ഗനിർദ്ദേശം ചെയ്യുവാൻ ക്രൈസ്തവാദൎശങ്ങൾക്കു മാത്രമേ സാധിക്കൂ. ആദൎശത്തിൻെറ സ്ഥാനത്ത് ബാഹ്യാചരണങ്ങളെ ഒരിയ്ക്കലും പ്രതിഷ്ഠിച്ചുകൂടാ. ആദൎശങ്ങൾ അവയുടെ പരിശുദ്ധരൂപത്തിൽതന്നെ നിലകൊണ്ടു് നമുക്കു മാർഗ്ഗനിർദ്ദേശം ചെയ്യണം.

കരയിൽ അടുപ്പിച്ചുനിൎത്തിയ ഒരു കപ്പലിന്ന് ഇന്നപാറയെ സൂക്ഷിക്കണമെന്നും ഇന്നമാൎഗ്ഗത്തിൽക്കൂടി പോകണമെന്നും ഇന്നദീപസ്തംഭത്തെ ലക്ഷ്യമാക്കി പ്രയാണം ചെയ്യണമെന്നും നിർദ്ദേശം കൊടുപ്പാൻ കഴിയും. എന്നാൽ സമുദ്രമദ്ധ്യത്തിൽ എത്തിയ ഒരു കപ്പലിൻെറ കപ്പിത്താന് നക്ഷത്രങ്ങളെനോക്കിയോ കോമ്പസ് ഉപയോഗപ്പെടുത്തിയോ മാത്രമേ വഴി കണ്ടുപിടിയ്ക്കുവാൻ സാധിക്കൂ. ഈ രണ്ടു് മാൎഗ്ഗങ്ങളും നമുക്കറിയുകയും ചെയ്യാം.

# 2. ഡായന

ക്രൂസർസൊണാററയേയും അതിൻെറ അനുബന്ധത്തേയുംപററി വളരെ കത്തുകഠം എനിയ്ക്കു കിട്ടീട്ടുണ്ട്. ഇതിൽനിന്ന് മനസ്സിലാകുന്നത് സ്ത്രീപുരുഷബന്ധത്തിൽ വരുത്തേണ്ടതായ അപരിഹാര്യമായ പരിവൎത്തനങ്ങളെപ്പററി ഞാൻ മാത്രമല്ല വേറെ പല ചിന്താശീലരും ആലോചിയ്ക്കുന്നുണ്ട് എന്നുള്ളതാണ്. പാരമ്പൎയ്യത്തിൻെറയും അന്ധവിശ്വാസത്തിൻെറയും തണലിൽ ജീവിയ്ക്കുന്നവരുടെ ബഹളത്തിന്നിടയിൽനിന്ന് അവരുടെ ശബ്ദം പുറമെയ്ക്കു കേഠക്കുവാൻ സാധിയ്ക്കുന്നില്ലെന്നേയുള്ളു. 1890 ഒക്ടോബർ 7-ാംതിയ്യതി എനിയ്ക്കൊരു കത്ത് കിട്ടുകയുണ്ടായി. ആ കത്തിനൊടൊന്നിച്ച് ഡായന എന്ന ഒരു ചെറുപുസ്തകവുമുണ്ട്. കത്തിൽ ഇപ്രകാരം എഴുതിയിരുന്നു.

"ഡായന എന്ന ഈ ചെറുപുസ്തകം ഞങ്ങഠ താങ്കഠക്കയയ്ക്കുന്നു. മനശ്ശാസ്ത്രത്തെയും ശരീരശാസ്ത്രത്തെയും ആധാരമാക്കി സ്ത്രീപുരുഷബന്ധത്തെപ്പററി എഴുതിയിട്ടുള്ള ഒരു ചെറുപ്രബന്ധമാണിത്. ക്രൂസർസൊണാററാ എന്ന താങ്കളുടെ കഥ അമേരിക്കയിൽ പ്രസിദ്ധീകരിച്ചു ഉടൻ തന്നെ വളരെ ആളുകഠം പറയുകയുണ്ടായി ഡായന എന്ന പുസ്തകം ടോഠസ്റ്റോയിയുടെ സിദ്ധാന്തങ്ങഠക്കുള്ള ഒരു വ്യാഖ്യാനമാണെന്ന്. അതുകൊണ്ടാണ് ഞങ്ങഠ ഈ പുസ്തകം നേരിട്ട് താങ്കഠക്കയയ്ക്കുന്നത്. വിധി പറയാനുള്ള അധികാരം താങ്കഠക്കാണല്ലൊ. താങ്കളുടെ ആഗ്രഹങ്ങഠ സൎവ്വകാരുണികനായ ഈശ്വരൻ സാധിപ്പിച്ചുതരട്ടെ" ന്യൂയോക്കിലെ ബർണസ്കമ്പനി.

ഇതിന്നുമുമ്പ് എനിക്ക് ഫ്രാൻസിൽനിന്ന് ശ്രീമതി എഞ്ചൽഫാൻസ് വൈസിൻെറ കത്തും പുസ്തകവും കിട്ടുകയുണ്ടായി. സ്ത്രീപുരുഷബന്ധത്തിൽ പരിശുദ്ധി സൃഷ്ടിയ്ക്കുന്നതിന്നായി ആ സ്ഥാപനങ്ങൾ പ്രവൎത്തിയ്ക്കുന്നതായി അവർ എഴുതിയിരുന്നു. ഒന്ന് ഇംഗ്ലണ്ടിലും മററത്ത് ഫ്രാൻസിലുമാണ്. ഡായനയിൽ പ്രകടിപ്പിച്ചിട്ടുള്ള അതേ ആശയം തന്നേയാണ് ശ്രീമതി എഞ്ചൽസിൻെറ പുസ്തകത്തിലും ഉണ്ടായിരുന്നത്. എന്നാൽ അത് അസ്പഷ്ടവും രഹസ്യാത്മകവുമായ വിധത്തിലാണ് വ്യക്തമാക്കിയിരുന്നത്.

ഡായനയിൽ പ്രകടിപ്പിച്ചിരുന്ന ആശയങ്ങൾ ക്രൈസ്തവാദൎശങ്ങളെ മൂൎത്തിമത്തിയായിരുന്നില്ല. മററുചില സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. എങ്കിലും അവ അത്യന്തം നവീനവും ആകൎഷകവുമായിത്തോന്നി. അവിവാഹിതരും വിവാഹിതരുമായ സ്ത്രീപുരുഷന്മാരുടെ ഇടയിൽ കണ്ടുവരുന്ന ദുരാചാരങ്ങൾ അത്യധികം നിന്ദനീയങ്ങളാണെന്ന് അതിൽ നിൎദ്ദേശിച്ചിരുന്നു. വായനക്കാൎക്ക് വേണ്ടി അവയെ ഞാൻ താഴെ കൊടുക്കാം.

"സ്ത്രീപുരുഷന്മാർ തമ്മിൽ ശാരീരികമായ വ്യത്യാസം മാത്രമല്ല മററു പല പ്രകാരത്തിലുള്ള വ്യത്യാസങ്ങളുമുണ്ട്. അവരിൽ വ്യത്യസ്തങ്ങളായ നൈതികഗുണങ്ങളുണ്ട്. പുരുഷന്മാരിൽ പുരുഷത്വമെന്നും സ്ത്രീകളിൽ സ്ത്രീത്വമെന്നുമാണ് അവയ്ക്കു പേർ. കേവലം ശാരീരികമായ ചേഷ്ടയ്ക്കുവേണ്ടി മാത്രമല്ല മററുപല വ്യത്യസ്തഗുണങ്ങൾ കാരണമായും സ്ത്രീപുരുഷന്മാർ തമ്മിൽ ആകൃഷ്ടരാണ്.

സ്ത്രീകളുടെ സ്ത്രീത്വവും പുരുഷന്മാരുടെ പുരുഷത്വവും പരസ്പരം ആകർഷിയ്ക്കുന്നു. സ്ത്രീ പുരുഷനേയും പുരുഷൻ സ്ത്രീയേയും ലഭിച്ച് പൂർണ്ണത പ്രാപിയ്ക്കുന്നു. അതിനാൽ സ്ത്രീപുരുഷന്മാർ തമ്മിലുള്ള പരസ്പരാകർഷണം അവർക്ക് ശാരീരികവും ആദ്ധ്യാത്മികവുമായ ഭേച്ഛയ്ക്ക് സഹായകമാവുന്നു. രണ്ടു പ്രകാരത്തിലുള്ള ഭേച്ഛയും ഒരേ ശക്തിയുടെ രണ്ടു അംശങ്ങളാണ്. ഈ അംശങ്ങൾ തമ്മിൽ അത്യധികം ബന്ധപ്പെട്ടു കിടക്കുന്നതിനാൽ ഒരംശത്തിന്റെ സംതൃപ്തികൊണ്ടു് മറേറതിന്റെ തൃപ്തിയും സാധിയ്ക്കും. ആദ്ധ്യാത്മികമായ ഭേച്ഛയ്ക്കുള്ള ആഗ്രഹം സാധിച്ചാൽ ശാരീരികമായ ഭേച്ഛയ്ക്കുള്ള മോഹം മന്ദീഭവിയ്ക്കുകയോ കെട്ടുപോകയോ ചെയ്യും. അപ്രകാരംതന്നെ ശാരീരികമായ ഭേച്ഛയ്ക്കുള്ള ഇച്ഛ പ്രബലമായിത്തീരുന്നപക്ഷം ആദ്ധ്യാത്മികമായ ഭേച്ഛയ്ക്കുള്ള ആഗ്രഹം ദുർബ്ബലമാവുകയോ നഷ്ടപ്പെടുകയോ ചെയ്യുന്നതാണ്. അതിനാൽ സ്ത്രീപുരുഷന്മാർ തമ്മിലുള്ള ആകർഷണം ശാരീരികം മാത്രമല്ല, രണ്ടുപ്രകാരത്തിലുമുണ്ടു്. ആദ്ധ്യാത്മികവും ശാരീരികവുമാണ് അത്. രണ്ടിലും തികച്ചും ആദ്ധ്യാത്മികബന്ധവും ശാരീരികബന്ധവും നിലനിൽത്താം സന്താനോല്പാദനമാണു് അവയുടെ പ്രവൃത്തി. അതിനും പുറമെ ഇവയുടെ ഇടയിൽ വിവിധങ്ങളായ മററുപല ദശാവിശേഷങ്ങളുമുണ്ടു്. പ്രസ്തുതബന്ധങ്ങളിൽ ഏതിനെയാണു് സ്ത്രീപുരുഷന്മാർ വളർത്തുകയോ കുറക്കുകയോ ചെയ്യുന്നതെന്നു് അവയോടുള്ള അവരുടെ മനോഭാവത്തെ ആശ്രയിച്ചാണു് അറിയുന്നതു്. ഇതിന്നു ഒരു നല്ല ഉദാഹരണം വിവാഹത്തിൽ കാണുന്നുണ്ടു്. ആ

തായതു് അച്ഛാരകല്യാണം കഴിഞ്ഞാൽപോലും സ്ത്രീപുരുഷന്മാർ തമ്മിൽ സംയോഗം വിരോധിച്ചിട്ടുണ്ടു്. വിവാഹത്തിന്നു ശേഷമേ അതു പാടുള്ളൂ എന്നാണു് നിശ്ചയം. അതുവരെ അവരെ ഒരു മുറിയിൽ കിടത്തിയാൽ പോലും ബ്രഹ്മചര്യമനുഷ്ഠിക്കും. ഇതിൽനിന്നു സ്ത്രീപുരുഷബന്ധത്തെ എത്രകണ്ടു് ഉത്തമവും ധാർമ്മികവും വാഞ്ഛനീയവുമായി കരുതീട്ടുണ്ടെന്നു് വ്യക്തമാകുന്നുണ്ടല്ലൊ.

ഈ ബന്ധംകൊണ്ടു് സ്ത്രീപുരുഷന്മാർ തികച്ചും സന്തുഷ്ടരായി കഴിയുന്നു. പ്രസ്തുത മനോഭാവം അവരുടെ വ്യക്തിപരമായ ചിന്താഗതിയെ ആസ്പദിച്ചാണിരിയ്ക്കുന്നതു്. എന്നാൽ വ്യക്തപരമായ പ്രസ്തുത ചിന്താഗതിയെപ്പററി കണക്കാക്കാതെ സ്ത്രീപുരുഷബന്ധത്തിൽ അവക്കു് ഏററവുമധികം സന്തുഷ്ടിയെ പ്രദാനംചെയ്യുന്ന വല്ല അവസ്ഥാവിശേഷങ്ങളുമുണ്ടോ എന്നു് നമുക്കൊന്നു് പരിശോധിച്ചു നോക്കാം. അതു് ആദ്ധ്യാത്മികമാണോ, ശാരീരികമാണോ? അപ്പോൾ സമുദായത്തിൽ പ്രചലിതമായ ധാരണകളെ ഖണ്ഡിയ്ക്കുന്ന തരത്തിലുള്ളതായാലും മേൽപറഞ്ഞ ചോദ്യത്തിന്നു് നമുക്കു് സ്പഷ്ടവും നിശ്ചിതവുമായി മറുപടി പറയുവാൻ കഴിയും. അതായതു് സ്ത്രീപുരുഷബന്ധം എത്രകണ്ടു് ശാരീരികമായിത്തീരുന്നുവോ അത്രയ്ക്കുമാത്രം ആഗ്രഹങ്ങൾ വർദ്ധിയ്ക്കുകയും സുഖവും ശാന്തിയും അസ്തമിയ്ക്കുകയും ചെയ്യും.

"ഇതിന്നു വിരുദ്ധമായി നമ്മുടെ ബന്ധങ്ങൾ എത്രകണ്ടു് ആദ്ധ്യാത്മികമായിത്തീരുന്നുവോ അത്രകണ്ടു് ആഗ്രഹങ്ങൾ ചുരുങ്ങിവരികയും സുഖവും ശാന്തിയും ലഭിയ്ക്കു

കയും ചെയ്യും. പരസ്പരബന്ധം എത്രകണ്ട് ശാരീരികമായിത്തീരുന്നുവോ അത്രകണ്ട് ജീവശക്തിയ്ക്ക് ക്ഷയം സംഭവിയ്ക്കുകയും ചെയ്യുന്നു. ആദ്ധ്യാത്മികമായിത്തീരുമ്പോൾ ശാന്തിയും സമാധാനവും കൂടുതലുണ്ടായിത്തീരുകയും ചെയ്യുന്നു."

പുസ്തകമെഴുതിയ ആൾ വിവാഹബന്ധത്തിൽ എന്നെന്നും വർത്തിയ്ക്കുന്നതിന്നും ദമ്പതികൾ ഏകശരീരമെന്നോണം പ്രവർത്തിയ്ക്കുന്നതിന്നും അനുകൂലിയാണ്. സമുന്നതമായ ജീവിതത്തിന്റെ വികസനത്തിന്ന് അതു് അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. സ്ത്രീപുരുഷന്മാർ പ്രൌഢാവസ്ഥയെ പ്രാപിയ്ക്കുമ്പോഴാണ് വിവാഹം അനിവാര്യമായിത്തീരുന്നതെന്നും പ്രസ്തുത വിവാഹം ആദ്ധ്യാത്മികമായ ചേർച്ചയ്ക്കുവേണ്ടി മാത്രമുള്ളതാവാമെന്നും ലേഖകൻ അഭിപ്രായപ്പെടുന്നു. സ്ത്രീപുരുഷന്മാരുടെ സ്വഭാവങ്ങളും ധർമ്മാധർമ്മഭാവനയും വിവേകശീലവും എല്ലാം കൂടിയാണ് അവരുടെ ബന്ധത്തെ ശാരീരികമോ ആദ്ധ്യാത്മികമോ ആക്കിത്തീർക്കുന്നതു്. എന്നാൽ അവരുടെ ബന്ധം എത്രകണ്ട് ആദ്ധ്യാത്മികമാകുന്നുവോ അത്രകണ്ടാണ് സുഖവും സമാധാനവും ലഭിയ്ക്കുന്നതു്.

സ്ത്രീപുരുഷന്മാർ തമ്മിലുള്ള ആകർഷണം ആദ്ധ്യാത്മികവും ശാരീരികവുമായ ബന്ധത്തെ സൃഷ്ടിയ്ക്കുമെന്നും ഇവയിൽ ഏതിനെയാണ് കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതെന്ന കാര്യം തീർച്ചപ്പെടുത്തേണ്ടതു് അവരുടെ മനോഭാവമാണെന്നും ലേഖകൻ പറയുന്നുണ്ടെങ്കിലും ബ്രഹ്മചര്യം അസംഭവ്യമായ ഒന്നല്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു

ന്നുണ്ട്. മാത്രമല്ല വിവാഹത്തിന്നു മുമ്പും പിമ്പും ബ്രഹ്മചര്യവ്രതമനുഷ്ഠിയ്ക്കുന്നതുകൊണ്ട് സ്ത്രീപുരുഷന്മാർക്ക് ആരോഗ്യപരമായ നേട്ടങ്ങൾ ഉണ്ടാവുമെന്നും ലേഖകൻ സമർത്ഥിയ്ക്കുന്നുണ്ട്.

തെളിവിന്നായി ലേഖകൻ വളരെ ഉദാഹരണങ്ങൾ കൊടുത്തിട്ടുണ്ട്. ശരീരശാസ്ത്രത്തിന്റെ വെളിച്ചത്തിൽ മൈഥുനംകൊണ്ട് ശരീരത്തിലുണ്ടാകുന്ന പ്രതിക്രിയകളേയും തദ്വാരാ കാമാസക്തി വർദ്ധിയ്ക്കുന്നതും അദ്ദേഹം വിവരിച്ചിട്ടുണ്ട്. തന്റെ ആശയസംപുഷ്ടിയ്ക്കുവേണ്ടി അദ്ദേഹം ഹെർബർട്ട് സ്പെൻസറുടെ താഴെ പറയുന്ന ഉദാഹരണത്തെ എടുത്തിരിയ്ക്കുന്നു—"മനുഷ്യസമുദായത്തിന്ന് പൊതുവിൽ ഗുണകരമായി ഒരു നിയമം ഉണ്ടാവുകയാണെങ്കിൽ മനുഷ്യൻ തന്റെ സ്വഭാവത്തെ തദനുസൃതമാക്കിത്തീർക്കുന്നു. അങ്ങിനെ പ്രസ്തുത നിയമത്തെ പാലിയ്ക്കുന്നതു് അവന്ന് ആനന്ദദായകമായിത്തീരുകയും ചെയ്യുന്നു." അതിനാൽ വർത്തമാനകാലത്തെ പരമ്പരാഗതമായ ആചാരങ്ങളെ ആശ്രയിച്ചു നില്ക്കരുതെന്നും മനുഷ്യസമുദായത്തെ സമുന്നതമായ ഒരു പദവിയിലേയ്ക്കുയർത്തുന്ന പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിയ്ക്കണമെന്നും അദ്ദേഹം നിർദ്ദേശിയ്ക്കുന്നു.

ലേഖകൻ തന്റെ മുഴുവൻ ചിന്താഗതിയേയും ഇപ്രകാരം ക്രോഡീകരിച്ചിരിയ്ക്കുന്നു. ഡായനയിൽ മൌലികമായി സ്ത്രീപുരുഷന്മാർ തമ്മിലുള്ള രണ്ടുതരം ബന്ധങ്ങളെപ്പററിയാണു് പ്രതിപാദിച്ചിരിയ്ക്കുന്നത്. അതായത് വിഷയാസക്തവും പ്രേമപൂർണ്ണവുമായ ബന്ധങ്ങളാണവ.

സന്താനലാഭത്തിന്ന് ആഗ്രഹമില്ലെങ്കിൽ സാത്വികപ്രേമ ത്തെ സ്വീകരിയ്ക്കണം. ഇതിന്നായി തൻെറ ചിന്താഗതി യേയും സ്വഭാവത്തേയും തദനുകൂലമായി മാററണം. അങ്ങി നെ വളരെ ക്ലേശങ്ങളിൽനിന്ന് മോചനം പ്രാപിയ്ക്കുന്നതി ന്നും സുഖത്തോടും ശാന്തിയോടുംകൂടി ജീവിയ്ക്കുന്നതിന്നും സാധിയ്ക്കും.

പുസ്തകത്തിൻെറ അവസാനത്തിൽ മാതാപിതാക്ക ളുടെ പേരിൽ എലിജാബേൺസിൻെറ ഒരു കത്തുമുണ്ട്. ഈ കത്തിൽ രഹസ്യങ്ങളായ വിഷയങ്ങളെപ്പററിയാണ് പ്രതിപാദിച്ചിട്ടുള്ളത്. അസംയമിതവും വ്യഭിചാരപൂർണ്ണ വുമായ ജീവിതം നയിയ്ക്കുന്ന യുവാക്കൾക്ക് ഇതിൽനിന്ന് പലതും ഗ്രഹിയ്ക്കുവാനുണ്ട്. സൎവ്വോത്തമമായ തങ്ങളുടെ ശക്തിയെ വ്യയം ചെയ്യുന്ന യുവാക്കളുടെ ഇടയിലും കോളേ ജുകളിലും സ്കൂളുകളിലും പ്രസ്തുത കത്തിലെ നിർദ്ദേശങ്ങളെ പ്രചരിപ്പിയ്ക്കുന്നപക്ഷം അത് ഒരു നല്ല നേട്ടമായിരിയ്ക്കു മെന്നതിന്ന് രണ്ടുപക്ഷമില്ല.

## 3. അഭിപ്രായസംഗ്രഹം

വിഷയാസക്തിയെ സംബന്ധിച്ച എൻെറ അഭി പ്രായം ക്രൂസർസൊണാററാ എന്ന കഥയുടെ ഉപസംഹാര ത്തിൽ വ്യക്തമാക്കീട്ടുണ്ട്. സൎവ്വപ്രശ്നങ്ങൾക്കുംകൂടി ഒരു വാചകത്തിൽ ഇങ്ങിനെ മറുപടി പറയാം. വിവാഹിതനാ യാലും ശരി, അവിവാഹിതനായാലും ശരി, മനുഷ്യൻ ബ്രഹ്മ ചര്യത്തെ പാലിയ്ക്കുവാൻ സദാ പ്രയത്നിച്ചുകൊണ്ടിരിയ്ക്കു

ണം. ക്രിസ്തുവിൻെറ ഉപദേശം അതാണ്. പൂർണ്ണമായും ബ്രഹ്മചര്യം അനുഷ്ഠിക്കുവാൻ സാധിക്കാത്തവർ അത് തൻെറ പരമമായ ജീവിതലക്ഷ്യമായി കരുതണം. സംയമനത്തോടുകൂടി ജീവിയ്ക്കുവാൻ സാധിക്കാത്തവർ അത് തങ്ങളുടെ ദുർബ്ബലതയാണെന്ന് അറിയുകയെങ്കിലും ചെയ്യണം. വിഷയാനുഭവത്തെ ഒരിക്കലും ആനന്ദദായകമായി കരുതരുത്. വിചാരശീലരായ എല്ലാവരും ഈ അഭിപ്രായത്തെപ്പററി ചിന്തിച്ച് ഒരു നിഗമനത്തിൽ എത്തിച്ചേരുമെന്ന് എനിയ്ക്കുറപ്പുണ്ട്.

**സ്വാതന്ത്ര്യപ്രേമം:**— അഡ്വാംട്ട് എന്ന പത്രികയുടെ പത്രാധിപർ സ്വാതന്ത്ര്യപ്രേമത്തെപ്പററി ഒരു കത്തെഴുതുകയുണ്ടായി. ഇതിനെപ്പററി കൂടുതൽ ഒരു വിശദീകരണം നല്കുവാൻ എനിക്കാഗ്രഹമുണ്ട്. പക്ഷേ സമയം കിട്ടുമോ എന്നറിഞ്ഞുകൂടാ. എന്നാൽ ഒന്നുമാത്രം പറയുന്നു. കാര്യങ്ങളുടെ യഥാർത്ഥസ്ഥിതിയെപ്പററി വിചിന്തനംചെയ്യാതെ വെറും ആനന്ദോപലബ്ധിയ്ക്കുവേണ്ടിമാത്രം വക്കാലത്തു പിടിച്ചത് ശരിയായിട്ടില്ല നിയന്ത്രണമില്ലാതെ പരിഷ്കാരങ്ങൾ വരുത്തുവാനെങ്ങിനെ സാധിയ്ക്കും? നിയമത്തിൻെറ നിരങ്കുശതയെ എനിയ്ക്ക് പൊറുക്കുവാൻ സാദ്ധ്യമല്ല സ്വാതന്ത്ര്യമായ അന്തരീക്ഷത്തെയാണ് ഞാനും ഇഷ്ടപ്പെടുന്നത് എന്നാൽ നമ്മുടെ ലക്ഷ്യം ബ്രഹ്മചര്യമായിരിയ്ക്കണം. ആനന്ദപ്രാപ്തിയായിരിക്കരുത്.

**ആദ്ധ്യാത്മികമൂടുപടം:**—വിഷയാസക്തമായ പ്രേമത്തെ ആദ്ധ്യാത്മികമായ അനുഭൂതിയായി തെററി വ്യാഖ്യാനിയ്ക്കുന്നതുകൊണ്ടാണ് സർവ്വകുഴപ്പങ്ങളും ഉണ്ടായി

ത്തീരുന്നത്. വിഷയവാസനയെ വർജ്ജിയ്ക്കുകയും അതിനെ നിയന്ത്രിയ്ക്കുവാൻവേണ്ടി പരിശ്രമിയ്ക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണെങ്കിലും നാം അപ്രകാരം ചെയ്യുന്നില്ല നേരെ മറിച്ച്, അതിന്ന് ആദ്ധ്യാത്മികമൂടുപടമിട്ടു വിയ്ക്കുവാനാണ് നാം ശ്രമിയ്ക്കുന്നത്.

**സ്ത്രീപുരുഷാകർഷണത്തിൻെറ രഹസ്യം:**—സ്ത്രീപുരുഷാകർഷണത്തിൻെറ കാരണം വിഷയേച്ഛയാണെന്നു പറയുന്നത് തീരെ യാന്ത്രികമായ ഒരു വാദമാണെന്നു വേണം പറയുവാൻ. അതിന്നു് ഒരു ആദ്ധ്യാത്മികവശം കൂടിയുണ്ട്. എന്നാൽ അതിനെ ആദ്ധ്യാത്മികം മാത്രമാണെന്നു പറയുന്നതും ശരിയല്ല. ആത്മീയവും ഭൌതികവുമായ വശങ്ങളാണ് പ്രസ്തുത ആകർഷണത്തിൻെറ രഹസ്യം.

**നമ്മുടെ ആവലാതികൾ:**—നമ്മുടെ സർവ്വദുഃഖങ്ങൾക്കും കാരണമായിരിയ്ക്കുന്നത് വിഷയവാസനയാകുന്നു. എന്നാൽ അതിനെ നിയന്ത്രിയ്ക്കുകയോ വെറുക്കുകയോ ചെയ്യുന്നതിന്നു പകരം ആളിക്കത്തിയ്ക്കുകയാണ് നമ്മൾ ചെയ്യുന്നത്. പിന്നീട് നാം ദുഃഖമനുഭവിയ്ക്കുന്നു എന്നാവലാതിപ്പെടുകയും ചെയ്യുന്നു.

**വ്യഭിചാരികൾ:**—വ്യഭിചാരികളായ സ്ത്രീപുരുഷന്മാരിൽ മദ്യപായികളെപ്പോലെ ഒരു അസ്വാസ്ഥ്യതയും ദിനംപ്രതി നവംനവങ്ങളായ ആഗ്രഹങ്ങളും ഉണ്ടാവുന്നു. അനേക ജനങ്ങളുമായി ബന്ധപ്പെടുന്നതുകൊണ്ടാണ് ഇതുണ്ടാവുന്നത്. ഒരു വ്യഭിചാരിയ്ക്ക് സംയമനം ചെയ്യാൻ കഴിയും. പക്ഷെ അവൻെറ സ്ഥിതി മദ്യപായിയുടേതുപോലെയാകുന്നു. സംയമനത്തിൻെറ കടിഞ്ഞാൺ കുറ

ച്ചൊന്നയച്ചുവിട്ടാൽ മതി. അവൻ വീണ്ടും വ്യഭിചാരഗർത്തത്തിൽ ആപതിയ്ക്കുന്നു.

പ്രലോഭനങ്ങളോടുള്ള സംഘർഷം:— പ്രലോഭനങ്ങളോട് മല്ലിടണമെന്ന ഭാവന ആദ്യംതന്നെ മനസ്സിൽ ഉടലെടുക്കുന്നപക്ഷം നാം ദുർബ്ബലരായിത്തീരുന്നതാണ്. വിജയം വരിയ്ക്കാനുള്ള ആഗ്രഹത്തോടെയാണ് നാം ഓരോ അടിയും വെയ്ക്കുന്നത്. നാം ഒരു ജീവിതവ്യവസ്ഥ രൂപവൽക്കരിയ്ക്കുന്നു. അത് പ്രായോഗികമാക്കുവാൻ സാധിയ്ക്കുമോ എന്ന് നമുക്ക് തീർച്ചയുമുണ്ടാവുകയില്ല. സന്യാസികളെപ്പോലെ ഞാൻ ബ്രഹ്മചര്യമനുഷ്ഠിച്ച് ജീവിയ്ക്കുമെന്ന് പ്രതിജ്ഞചെയ്യുന്നു. എന്നാൽ ബാഹ്യമായ ബ്രഹ്മചര്യത്തെ മാത്രമേ അതുകൊണ്ടുദ്ദേശിയ്ക്കുന്നുള്ളു. ഇത് തീരെ അസംഭവ്യമാണ്. കാരണം ഏതെല്ലാം ദശാവിശേഷങ്ങളിൽക്കൂടിയാണ് നമുക്ക് കടന്നുപോകേണ്ടിവരിക എന്ന് വ്യക്തമായി നമുക്കറിഞ്ഞുകൂടാ. പ്രലോഭനങ്ങളെ തിരസ്ക്കരിയ്ക്കാൻ സാധിക്കാത്ത ഘട്ടങ്ങളും നമ്മുടെ ജീവിതത്തിൽ വന്നുചേർന്നുവരാം. രണ്ടാമതായി തെററായ ഒരു മാർഗ്ഗവുമാണത്. അങ്ങിനെ നമ്മുടെ ലക്ഷ്യമായ പൂർണ്ണബ്രഹ്മചര്യത്തിലേയ്ക്ക് നീങ്ങുവാൻ നമുക്ക് സാദ്ധ്യമാവുകയുമില്ല. നേരെ എതിരായ മാർഗ്ഗത്തിൽക്കൂടിയായിരിയ്ക്കും നമ്മുടെ പ്രയാണം.

ബാഹ്യബ്രഹ്മചര്യപാലനത്തെ ലക്ഷ്യമാക്കിയ ഒരാൾ സന്യാസികളെപ്പോലെ സാംസാരികജീവിതത്തെ ഉപേക്ഷിയ്ക്കുകയോ സ്ത്രീകളിൽനിന്ന് ദൂരെ ഒഴിഞ്ഞുമാറുകയോ അംഗഭംഗമുണ്ടാക്കുകയോ ചെയ്യുന്നു. എന്നാൽ പ്രലോഭന

ങ്ങൾക്ക് നേരെയുള്ള മനസ്സിന്റെ ഏറ്റുമുട്ടം ഇതുകൊണ്ടൊന്നും അവസാനിയ്ക്കുന്നില്ല. ഒരു പടയാളി വിജയിയ്ക്കുമെന്നു തീച്ചയുണ്ടെങ്കിൽ മാത്രമേ താൻ യുദ്ധക്കളത്തിൽ പോകയുള്ളു എന്നു പറയുന്നതിന്നു തുല്യമാണിത്. അത്തരം പടയാളികൾ സദാ യഥാത്ഥശത്രുക്കളിൽനിന്നു ഒഴിഞ്ഞുമാറുകയും സാങ്കല്പികശത്രുക്കളുമായി അടരാടുകയും ചെയ്യുന്നു. അവക്കു യുദ്ധംചെയ്യാൻ സാധിയ്ക്കുകയില്ല. എല്ലാപ്പോഴും പരാജയപ്പെടുകയും ചെയ്യും.

അതിന്നുംപുറമെ ബാഹ്യബ്രഹ്മചാര്യമാകുന്ന ലക്ഷ്യത്തെ മുമ്പിൽവെയ്ക്കുന്നതും അതുകൊണ്ടു ബ്രഹ്മചാരിയായിരിയ്ക്കുന്നതിന്നു സഹായം ലഭിയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നതും തീരെ തെററാണ്. ഓരോ അടിവെപ്പിലും പ്രലോഭനങ്ങളുമായി ഏററുമുട്ടേണ്ടിവരികയും പരാജയപ്പെട്ടാൽ ഘോരമായ നിരാശ ഉണ്ടാവുകയും ചെയ്യുന്നു. ചിലപ്പോൾ ലക്ഷ്യത്തിൽപോലും നമുക്ക് സംശയം തോന്നിയേക്കാം. അങ്ങിനത്തെ മനുഷ്യൻ ബ്രഹ്മചാരിയായി ജീവിക്കുക സാദ്ധ്യമല്ലെന്നും തെററായ ഒരു ലക്ഷ്യത്തിനുനേരെയാണ് താൻ നീങ്ങുന്നതെന്നും കരുതുന്നു. അങ്ങിനെ പെട്ടെന്ന് വ്യഭിചാരത്തിന്റെ ഗത്തത്തിൽ ആയാൾ അധഃപതിക്കുന്നു. തകിടുകെട്ടി യുദ്ധത്തിനുപോകുന്ന ഒരു പടയാളിയെപ്പോലെയാണിത്. തകിടിലുള്ള മാന്ത്രികശക്തി തന്നെ മരണത്തിൽനിന്നും ആപത്തിൽനിന്നും രക്ഷപ്പെടുത്തുമെന്ന് ആയാൾ വിശ്വസിയ്ക്കുന്നു. എന്നാൽ ലേശമെങ്ങാനും മറിപററിയാൽ ആയാളുടെ ധൈര്യം മുഴുവൻ അസ്തമിക്കുകയും യുദ്ധക്കളത്തിൽനിന്ന് ഒളിച്ചോടിപ്പോരികയും ചെ

യ്യുന്നു. തന്റെ സ്വഭാവത്തിന്നും ശീലങ്ങൾക്കും ഭൂതത്തെ ലെയും വൎത്തമാനകാലത്തെയും ജീവിതത്തിന്നും അനുകൂല മായിട്ടുവേണം ബ്രഹ്മചര്യത്തെ അനുഷ്ഠിക്കുവാൻ. ഈ അനുഷ്ഠാനം ചെയ്യുന്നത് മനുഷ്യരെ ബോധിപ്പിയ്ക്കുവാനല്ല, ഈശ്വരനെ സാക്ഷിയാക്കിയിട്ടാണ് വേണ്ടത്. കാരണം നമുക്ക് എത്രമാത്രം പ്രലോഭനങ്ങളുമായി മല്ലിടേണ്ടിവ രുന്നു എന്ന വസ്തുത മനുഷ്യർക്ക് അറിയുവാൻ സാധിക്കു കയില്ല. അങ്ങിനെ ചെയ്യുന്നതുകൊണ്ട് പുരോഗതിയ്ക്കു തടസ്ഥമുണ്ടാവുകയില്ല പ്രലോഭനങ്ങൾക്ക് വശംവദരായി ത്തീരുകയുമില്ല. അങ്ങിനെ അനന്തമാകുന്ന ലക്ഷ്യത്തിന്നു നേരെ നമുക്ക് പ്രയാണം ചെയ്വാൻ സാധിയ്ക്കും.

**ക്രിസ്തുമതസിദ്ധാന്തത്തിൽ വിവാഹത്തിന്ന് വിധിയില്ല:**—ക്രിസ്തുമതതത്വങ്ങളിൽ ജീവിതത്തിന്ന് നി ൎവ്വചനം നൽകീട്ടില്ല. ആദൎശങ്ങളെപ്പററി മാത്രമേ സൂചി പ്പിച്ചിട്ടുള്ളു. അങ്ങിനെത്തന്നെ സ്ത്രീപുരുഷബന്ധത്തെപ്പ ററിയും യാതൊന്നും പറഞ്ഞിട്ടില്ല. എന്നാൽ ക്രിസ്തുമത സിദ്ധാന്തങ്ങളെ തികച്ചും മനസ്സിലാക്കാത്തവരാണ് അവ യ്ക്ക് വ്യാഖ്യാനം തേടുന്നത്. അങ്ങിനത്തെ ആളുകൾക്കു വേണ്ടിയാണ് പാതിരിമാർ വിവാഹനിയമങ്ങൾ ഉണ്ടാക്കി ട്ടുള്ളത്. എന്നാൽ മതത്തിൽ യാതൊരിടത്തും അതിനെ പ്പററി പറയുന്നില്ല. സ്ത്രീപുരുഷബന്ധമായാലും ശരി, ക്രോധം, ഹിംസ തുടങ്ങിയ മനോഭാവങ്ങളായാലും ശരി, ആദ ൎശത്തിൽനിന്ന് വ്യതിചലിയ്ക്കരുതെന്ന നിർദ്ദേശം മാത്ര മാണ് ധൎമ്മഗ്രന്ഥത്തിലുള്ളത്. എന്നാൽ പാതിരിമാർ വിവാഹത്തിന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്.

ബ്രഹ്മചര്യവും വിവാഹവും:—ക്രിസ്തുമതതത്വങ്ങളുടെ മമ്മം അറിയാത്തവരാണ് ക്രൈസ്തവനെന്നും അക്രൈസ്തവനെന്നും രണ്ടായി തരം തിരിച്ചിരിയ്ക്കുന്നത്. ക്രൈസ്തവസിദ്ധാന്തങ്ങൾക്കനുസരിച്ച് പരിശുദ്ധമായ കട്ടംബജീവിതം നയിയ്ക്കുകയും ഹിംസ തുടങ്ങിയ പാപാദികളിൽനിന്ന് വിമുക്തിനേടുകയും ചെയ്യുവരെ ക്രസ്ത്യാനികളെന്നും ഇതിന്നെതിരായവരെ അക്രൈസ്തവരെന്നും തരംതിരിച്ചിരിയ്ക്കുന്നത് യഥാത്ഥത്തിൽ തെററാണ്. ക്രിസ്തുമതത്തിൽ അങ്ങിനെ ഒരു വിഭജനം ചെയ്തിട്ടില്ല. ഒരു വശത്ത് പൂണ്ണമായ പ്രകാശവും ആദശ്വും യേശുവിൻെറ മാഗ്ഗവുമാണുള്ളത്. മറുവശത്താകട്ടെ അന്ധകാരവും മൃഗീയതയുമാണ്. ഈ രണ്ടു മാർഗ്ഗത്തിന്നുമിടയിൽക്കൂടി യേശുവിൻെറ പേരും പറഞ്ഞു് യേശുവിൻെറ മാർഗ്ഗത്തിൽക്കൂടി ചരിയ്ക്കണം.

അപ്രകാരം സ്ത്രീപുരുഷബന്ധത്തെപ്പററി പറയുകയാണെങ്കിൽ ബ്രഹ്മചര്യമാണ് ആദശമായി എടുക്കേണ്ടതു്. ഒരു ഈശഭക്തൻ മദ്യത്തെ ഏതുപ്രകാരം വജ്ജിയ്ക്കുമോ അപ്രകാരംതന്നേ വിവാഹത്തെയും വർജ്ജിയ്ക്കും. എന്നാൽ ബ്രഹ്മചര്യത്തിലെത്തുവാൻ വളരെ സോപാനങ്ങളുണ്ടു്. വിവാഹം ചെയ്യണമോ വേണ്ടയോ എന്ന് സംശയം പ്രകടിപ്പിയ്ക്കുന്നവരോട് ഇതാണ് മറുപടി പറയുവാനുള്ളതു്—ബ്രഹ്മചര്യമെന്നത് ഒരാദശമായി നിങ്ങൾ എടുക്കാത്ത പക്ഷം മട്ടുകത്തേണതമെന്നില്ല. വിവാഹത്തിൻെറ വികാരസമ്പൂണ്ണമായ മാർഗ്ഗത്തിലൂടെ ബ്രഹ്മചര്യത്തെ പ്രാപിയ്ക്കുവാൻ നിങ്ങൾ ശ്രമിക്കുക. ഉയരമുള്ള

എനിയ്ക്കു് കാണാൻ കഴിയുന്ന കാഴ്ച ഉയരമില്ലാത്ത എന്റെ സ്നേഹിതന്നു് കാണുവാൻ കഴിയുന്നില്ലെങ്കിൽ ആയാളെ ഉയർത്തി അതു കാണിച്ചുകൊടുക്കേണ്ടതു് എന്റെ ചുമതലയാണു്. അപ്രകാരം ബ്രഹ്മചര്യമനുഷ്ഠിയ്ക്കുവാൻ സാധിയ്ക്കാത്തവർ വിവാഹത്തിൽക്കൂടിയെങ്കിലും അതിലെത്തിച്ചേരുവാൻ ശ്രമിക്കണം. എന്നാൽ ഇതു് സംസാരികബന്ധത്തിൽ വർത്തിയ്ക്കുന്ന നമുക്കുള്ള നിയമമാണു്. ക്രിസ്തു ബ്രഹ്മചര്യമെന്ന ആദർശം മാത്രമാണു് നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ളതു്.

**സംഘർഷമാണു് ജീവിതരഹസ്യം:**—സംഘർഷമാണു് ജീവിതം. ജീവിതത്തിന്റെ രഹസ്യം അതിൽ അടങ്ങിയിരിയ്ക്കുന്നു. ശാന്തിയെന്നതു് എവിടെയുമില്ല. ആദർശം സദാ നമ്മുടെ മുന്നിലുണ്ടു്. അതിനെ സമീപിയ്ക്കുവാൻ വേണ്ടി പ്രയത്നിയ്ക്കാതിരിയ്ക്കുന്നേടത്തോളം കാലം എനിക്കു് ശാന്തി ലഭിയ്ക്കുന്നില്ല.

ഉദാഹരണമായി ബ്രഹ്മചര്യമെന്ന ആദർശത്തെ എടുക്കുക. ഈ ആദർശത്തെ പ്രാപിയ്ക്കുവാൻവേണ്ടി പരിശ്രമിക്കുന്ന ഒരാൾക്കു് കുറച്ചുനേരം സംയമനത്തോടുകൂടി ജീവിയ്ക്കുവാൻ കഴിഞ്ഞാൽ അതുകൊണ്ടു് സമാധാനം ലഭിയ്ക്കുകയില്ല. ഏതുപോലെയെന്നാൽ തന്റെ ചുറ്റുപാടുമുള്ള പട്ടിണിപ്പാവങ്ങൾക്കു് ഒരു നേരത്തെ ഭക്ഷണം കൊടുക്കുന്ന ഒരാൾക്കു് സാമ്പത്തികരംഗത്തിൽ സമാധാനപരമായിരിയ്ക്കുവാൻ കഴിയാത്തതുപോലെയാണിതു്. ആദർശം പരിപൂർണ്ണമായും മുമ്പിലുണ്ടെങ്കിൽ മാത്രമേ സംതൃപ്തി ലഭിയ്ക്കുന്നുള്ളൂ. അപ്പോൾ മാത്രമേ തന്റെ ദുർബ്ബലതകളെപ്പററി

യുള്ള ബോധമുണ്ടാവുകയും തദ്വാരാ താൻ ആദർശത്തിൽ നിന്നു എത്രകണ്ടു് അകന്നിട്ടാണ് നില്ക്കുന്നതെന്നു് അറിയുകയും അങ്ങിനെ മുന്നോട്ടു് നീങ്ങുവാനുള്ള പ്രചോദനം ലഭിയ്ക്കുകയും ചെയ്യുകയുള്ളൂ. ആദർശവും നമ്മുടെ ജീവിതവും തമ്മിലുള്ള അന്തരത്തെ മനസ്സിലാക്കാതെ കണ്ണടച്ച് വസിയ്ക്കുമ്പോൾ നമുക്ക് ഒരിയ്ക്കലും യഥാർത്ഥസംതൃപ്തിയുണ്ടാവുന്നതല്ല.

വികാരങ്ങളെ ജയിയ്ക്കുന്നതിന്നുള്ള ഉപായങ്ങൾ:—വികാരങ്ങളെ ജയിയ്ക്കുന്നതിന്നു് വളരെ വിഷമമാകുന്നു. ബാല്യകാലത്തും വാർദ്ധക്യദശയിലും പ്രസ്തുത സംഘർഷത്തിൽനിന്നു് നമുക്കു് മുക്തികിട്ടും. അതിനാൽ വികാരങ്ങളെ നിയന്ത്രിയ്ക്കുന്നതിന്നുള്ള സംഘർഷത്തോടു് നമുക്ക് വൈമനസ്യമുണ്ടായിക്കൂടാ. ഈ സംഘർഷത്തിൽ നിന്നു് മോചനം ലഭിയ്ക്കുന്ന ഒരു കാലം വരുമെന്നു് പ്രതീക്ഷിച്ചിരിയ്ക്കുയുമരുതു്. ഒരു നിമിഷത്തേയ്ക്കുപോലും ദൌർബ്ബല്യത്തിന്നു് നാം വശംവദരാകരുത്. വികാരങ്ങളെ നിയന്ത്രിയ്ക്കാനുള്ള സർവ്വ ഉപായങ്ങളും ചെയ്യുകയും വേണം. ശരീരത്തേയും മനസ്സിനേയും ഉത്തേജിപ്പിയ്ക്കുന്ന വസ്തുക്കളെ ത്യജിയ്ക്കുകയും എല്ലായ്പോഴും പ്രവൃത്തിയിൽ നിരതനായി ജീവിയ്ക്കുകയും വേണം. ഇതു് ഒരു മാർഗ്ഗമാണ്. മറെറാന്നു് വികാരങ്ങളെ ജയിയ്ക്കുവാൻ സാധിയ്ക്കുന്നില്ലെങ്കിൽ വിവാഹം ചെയ്യുക. തന്നെ വിവാഹം ചെയ്യുവാൻ ആഗ്രഹിയ്ക്കുന്ന ഒരു സ്ത്രീയെ ഭാര്യയാക്കുകയും ആജീവനാന്തം അവളോടുകൂടിത്തന്നെ ജീവിയ്ക്കുകയും ചെയ്യുക. വികാരങ്ങളെ ജയിയ്ക്കുവാൻ സാധിയ്ക്കാത്തപക്ഷം പ്രസ്തുത സ്ത്രീയുമായിട്ടേ

താൻ പാപകൎമ്മത്തിൽ ഏൎപ്പെടുകയുള്ളുവെന്നു് പ്രതിജ്ഞ ചെയ്യുക. കുട്ടികൾ ഉണ്ടായാൽ അവൎക്ക് സമുചിതമായ വിദ്യാഭ്യാസം നൽകുകയും തന്റെ ഭാൎയ്യയുടെ ഇഷ്ടപ്രകാരം ബ്രഹ്മചൎയ്യമനുഷ്ഠിക്കുകയും ചെയ്യുക. ബ്രഹ്മചൎയ്യമനുഷ്ഠിയ്ക്കുവാൻ എത്ര വേഗത്തിൽ സാധിയ്ക്കുമോ അത്രയും നന്നു്. വേറെ മാൎഗ്ഗമൊന്നുമില്ല. ഈ മാൎഗ്ഗങ്ങളെ ഫലവത്താക്കിത്തീൎക്കണമെങ്കിൽ ഈശ്വരവിശ്വാസം ആവശ്യമാണ്. നാം ഈശ്വരനിൽനിന്നു് ഉൽഭവിയ്ക്കുകയും ഈശ്വരനിൽത്തന്നെ ലയിയ്ക്കുകയും ചെയ്യുന്നു എന്നുള്ള ബോധമുണ്ടായിരിയ്ക്കണം. ജീവിതത്താല്ലെങ്കിലും ഈശ്വരേച്ഛയെ അനുവൎത്തിയ്ക്കേണ്ടതാണു്. നിങ്ങൾ ഈശ്വരനെ എത്രകണ്ടു് ഓൎമ്മിയ്ക്കുന്നുണ്ടോ അത്രകണ്ടു് അദ്ദേഹം നിങ്ങളെ സഹായിയ്ക്കും.

മറെറാരുകാൎയ്യം കൂടിയുണ്ടു്. നിങ്ങൾക്ക് അധഃപതനം സംഭവിയ്ക്കുകയാണെങ്കിൽ അതിൽ നിരാശരാവരുത്. നിങ്ങൾ എന്നെന്നേയ്ക്കുമായി നശിച്ചുവെന്നും ഇനി ആത്മരക്ഷ ചെയ്യേണ്ട ആവശ്യമില്ലെന്നും കരുതരുത്. അധഃപതനം സംഭവിച്ചുകൊള്ളട്ടെ. എന്നാൽ കൂടുതൽ ഉത്സാഹത്തോടെ വികാരങ്ങളെ ജയിയ്ക്കുവാൻവേണ്ടി ശ്രമിക്കണം.

**കാമപ്പനി:**—കാമപ്പനികൊണ്ടു് ബുദ്ധിഭ്രമം നേരിടുന്നു. ലോകം മുഴുവൻ ഇരുട്ടടഞ്ഞതായി തോന്നുന്നു. മനുഷ്യൻ തന്നെത്താൻ വിസ്മരിയ്ക്കുന്നു. ഇരുട്ടും പരാജയവും മാത്രമേ മുന്നിൽ കാണുകയുള്ളു.

കാമപ്പനി പിടിപെട്ടാൽ നിങ്ങൾക്ക് കഠിനദുഃഖമനുഭവിക്കേണ്ടിവരും. കാമത്തിന്റെ കയ്യിൽ ഒരു കളിപ്പാട്ടമായിത്തീരുമ്പോഴാണ് അത് കൂടുതൽ ഉണ്ടാവുക. അത്

എല്ലാ പ്രവൃത്തിയിലും വ്യാപിയ്ക്കും. ഹൃദയത്തേയും ബുദ്ധിയേയും ഭ്രഷ്ടമാക്കിത്തീക്കും. എന്നാൽ അതൊരു വെറും സ്വപ്നമാണെന്ന് നിങ്ങൾ മനസ്സിൽ ദൃഢസങ്കല്പം ചെയ്താൽ അതിൽനിന്ന് മുക്തിനേടാം. പ്രസ്തുത മൃഗതൃഷ്ണ ഒരുകാലത്തു് യഥാർത്ഥമല്ലെന്ന വെളിപ്പെടുമ്പോൾ നിങ്ങൾക്ക് നിങ്ങളുടെ വാസ്തവരൂപത്തെ കാണുവാൻ കഴിയും. കാമപ്പനികൊണ്ടു് വിവശനായിരിക്കുമ്പോഴും നിങ്ങൾക്കങ്ങിനെയൊരു സങ്കല്പമുണ്ടായാൽ നന്നു്. എന്നാൽ ഈശ്വരാനുഗ്രഹംകൊണ്ടു് അതിൽനിന്ന് രക്ഷപ്പെടാം.

**ഉദ്ബോധനം:**—നിങ്ങൾ ബ്രഹ്മചാരിയായിട്ടില്ല, ആകുവാൻ സാധിക്കുകയുമില്ല എന്നാൽ ഒരു പരിധിവരെ ബ്രഹ്മചര്യമനുഷ്ഠിക്കുവാൻവേണ്ടി പരിശ്രമിക്കുവാൻ സാധിയ്ക്കും. ഇതിൽ നിരാശപ്പെടേണ്ടതില്ല. പ്രലോഭനങ്ങളുമായി ഏററുമുട്ടേണ്ടിവരുമ്പോഴും അധഃപതനത്തിൻെറ ചുഴിയിൽ പെടുമ്പോഴും തൻെറ യഥാർത്ഥലക്ഷ്യത്തെപ്പററി ഒരിക്കലും വിസ്മരിക്കരുതു്. എനിയ്ക്ക് പതനം സംഭവിച്ചുകൊണ്ടിരിക്കയാണെന്നും ആ പതനത്തെ ഞാൻ വെറുക്കുന്നുവെന്നും ഇപ്പോഴല്ലെങ്കിൽ മറെറപ്പോഴെങ്കിലും എനിയ്ക്കു് വിജയം ലഭിയ്ക്കുമെന്നും മനസ്സിൽ ദൃഢമായ വിശ്വസിയ്ക്കുക.

**ലക്ഷ്യം സ്ഥിരീകരിയ്ക്കുന്നതിൽ പററുന്ന അമളി:**—പരിപൂർണ്ണ ബ്രഹ്മചര്യത്തിനു വേണ്ടി പ്രയത്നിയ്ക്കുകയല്ല മനുഷ്യൻ വേണ്ടതു്. പ്രത്യുത, പരിപൂർണ്ണബ്രഹ്മചര്യത്തിനുവേണ്ടി പരിശ്രമിയ്ക്കുമെന്ന ലക്ഷ്യത്തെ മുൻ നിർത്തിയായിരിയ്ക്കണം പ്രയത്നിക്കേണ്ടതു്. ജീവിച്ചിരിയ്ക്കു

ന്ന ഒരാൾക്ക പൂർണ്ണബ്രഹ്മചാരിയായിത്തീരുവാൻ സാധിക്കുകയില്ല. ബ്രഹ്മചാരിയായിരിയ്ക്കുവാൻ പരിശ്രമിയ്ക്കുക മാത്രമേ ചെയ്യാൻ കഴിയൂ. കാരണം മനുഷ്യനിൽ കാമവികാരം കുടികൊള്ളുന്നു. കാമവികാരമില്ലായിരുന്നുവെങ്കിൽ മനുഷ്യന്ന് ബ്രഹ്മചര്യമനുഷ്ഠിക്കേണ്ടതിൻെറ ആവശ്യവും ഉണ്ടാകുകയില്ലല്ലോ. ബ്രഹ്മചര്യത്തെപ്പററിയുള്ള ഭാവന പോലും ആവശ്യമില്ല ജീവിതത്തിലെ സർവ്വതുറകളിലും വികാരങ്ങളെ നിയന്ത്രിച്ച് കൂടുതൽ കൂടുതൽ പരിശുദ്ധനായി ജീവിക്കുവാൻ വേണ്ടി പരിശ്രമിയ്ക്കുന്നതിന്നു പകരം ബ്രഹ്മചര്യത്തെ ലക്ഷ്യമാക്കി മുന്നോട്ടു പോകുകയാണ് നാം ചെയ്യുന്നത്. ഇവിടെയാണ് നമുക്ക് പരാജയം പററുന്നതും.

ഈ തെററു് വളരെ വലുതാണ്. ബാഹ്യബ്രഹ്മചര്യത്തെ തൻെറ ലക്ഷ്യമാക്കുന്ന ഒരാൾക്ക് മാർഗ്ഗഭ്രംശം സംഭവിയ്ക്കുകയാണെങ്കിൽ തനിയ്ക്ക് സർവ്വസ്വവും നഷ്ടപ്പെട്ടതായ ഒരു പ്രതീതി അയാളിൽ ജനിക്കുകയും അങ്ങിനെ ആയാളുടെ ഭാവി അന്ധകാരവൃതമായിത്തീരുകയും ചെയ്യുന്നു. എന്നാൽ ബ്രഹ്മചര്യത്തിന്നുവേണ്ടി പ്രവർത്തിയ്ക്കൽ ലക്ഷ്യമായി എടുത്ത ഒരാൾക്ക് ഒരിയ്ക്കലും പദച്യുതിയുണ്ടാകുന്നില്ല ആയാളുടെ ഭാവി അപകടത്തിലാവുകയുമില്ല. പ്രലോഭനങ്ങൾക്ക വശംവദനായിത്തീരുന്നതുകൊണ്ടോ പദച്യുതി നേരിടുന്നതുകൊണ്ടോ തൻെറ യത്നം ഉപേക്ഷിയ്ക്കാതെ ആയാൾ ഉത്സാഹപൂർവ്വം മുന്നോട്ടുതന്നേ പോകുന്നു.

പ്രേമം:—തൻെറ സുഖജീവിതത്തേപ്പററി മാത്രം ചിന്തിയ്ക്കുന്ന ഒരു മനുഷ്യന്നു് പ്രേമത്തിൻെറ യഥാർത്ഥരൂപമെന്തെന്ന് മനസ്സിലാക്കുവാൻ പ്രയാസമാണ്. എ

ന്നാൽ ഈശ്വരപ്രേമത്തിൻേറയും മാനവപ്രേമത്തിൻേറയും മധുരരസം ആസ്വദിച്ചു ഒരാഠം, അതായത് യഥാൎത്ഥ ക്രിസ്ത്യാനിയായിത്തീൎന്നിട്ടുള്ള ഒരാഠം നിസ്സാരമായ സ്ത്രീ പ്രേമത്തിൽനിന്ന് ഒഴിഞ്ഞു നില്ക്കുവാൻ ആഗ്രഹിയ്ക്കുന്നു. മനുഷ്യരാശിയെ മുഴുവൻ സ്നേഹിയ്ക്കുന്നതുകൊണ്ട് നിങ്ങഠം എന്തുകൊണ്ടു തൃപ്തിപ്പെടുന്നില്ല? ഒരു സ്ത്രീയെ പ്രേമിയ്ക്കുകയും അവളുടെ പ്രേമം സമ്പാദിയ്ക്കുകയും ചെയ്ത് തന്നെ ത്താൻ പരിശുദ്ധനാണെന്ന് നടിയ്ക്കുന്നത് എത്ര ഭോഷത്തമാണ്! ഓരോമനുഷ്യനും പ്രത്യേകിച്ച് ഓരോ ക്രൈസ്തവനും ശാരീരികപ്രേമത്തെയല്ല പ്രത്യുത ആദ്ധ്യാത്മിക പ്രേമത്തെയാണ് ജീവിതാദൎശമായി എടുക്കേണ്ടതു്. ഒരു സ്ത്രീയെ സ്നേഹിയ്ക്കുന്നത് ലൈംഗികാസക്തിയോടുകൂടിയായിരിയ്ക്കരുത്. നിസ്വാൎത്ഥഭാവത്തോടു കൂടിയായിരിയ്ക്കണം. എന്നാൽ മാത്രമേ നിങ്ങളുടെ പരിശുദ്ധി നിലനില്ക്കുകയുള്ളു. ഈശ്വരൻെറ സ്ഥാനത്തു് മനുഷ്യനെ പ്രതിഷ്ഠിക്കരുതു്. ഈശ്വരൻ നിങ്ങഠം പ്രതീക്ഷിയ്ക്കുന്നതിലധികം തരും. അദ്ദേഹത്തിൻെറ പ്രേമം നിങ്ങഠംക്കു ലഭിയ്ക്കുകയും ചെയ്യും.

തൻെറ പ്രേമംകൊണ്ടു് ഒരു സ്ത്രീയെ രക്ഷിക്കണമെന്ന് നിങ്ങഠം പറയുന്നതിൻെറ സാരമെന്താണ്? എന്തിനാണ് നിങ്ങഠം അവളിൽ ദയ വിചാരിയ്ക്കുന്നത്? നവീന സമ്പ്രദായത്തിൽ വിവാഹം ചെയ്യാനാഗ്രഹിയ്ക്കുന്ന നമ്മഠം എത്ര തെററുകളാണ് ചെയ്യുന്നത്? 'അവനെ പ്രാപിയ്ക്കുവാൻ ക്ഷമതയുള്ളവർ അവനെ പ്രാപിയ്ക്കുകതന്നെ വേണം. എന്നാൽ അതിനു കഴിവില്ലാത്തവർ വിവാഹം

കഴിയ്ക്കണം' എന്ന് ക്രിസ്തുദേവൻ പറഞ്ഞിട്ടുണ്ട്. സെയിൻറ് പാാം അതിനെ സാധൂകരിച്ചിട്ടുമുണ്ട്. നമ്മുടെ വിവേകചിന്തയും അതിന്നനുകൂലമാണ്. വിവാഹം നവീനസമ്പ്രദായത്തിലായിക്കൂടാ. സർവ്വസാധാരണമായ മട്ടിൽ മതി. അതായത് നാം ഒരു സഹയാത്രികയെ തിരഞ്ഞെടുക്കുക. അവളുമായി ആജീവനാന്തം ജീവിയ്ക്കുന്നതിന്നും അവളോട് വിശ്വാസയോഗ്യമായി പെരുമാറുന്നതിന്നും പ്രതിജ്ഞ ചെയ്യുക. അവളൊന്നിച്ച് ബ്രഹ്മചര്യമനുഷ്ഠിച്ച് ജീവിയ്ക്കുവാൻ പ്രയത്നിയ്ക്കുക വിവാഹച്ചടങ്ങുകൾക്കും മററു സമ്പ്രദായങ്ങൾക്കും നാം വില കല്പിയ്ക്കുന്നില്ലെങ്കിൽ വേണ്ട. എന്നാൽ വിവാഹമെന്നത് പരസ്പരാകർഷണത്തിൻെറ ഫലമാണെന്ന് മാത്രം കരുതിയാൽ മതി. പരസ്പരാകർഷണമില്ലെങ്കിൽ വിവാഹം അനുചിതമായ ഒരു കർമ്മമാകുന്നു.

**പ്രേമത്തിൽനിന്ന് ആനന്ദം ലഭിയ്ക്കുന്നതെങ്ങിനെ?:**—എനിക്ക് നിങ്ങൾ രണ്ടുപേരേയും അറിയാം. നിങ്ങളുടെ കഷ്ടപ്പാടുകൾക്കും ക്ലേശങ്ങൾക്കും ഒരറുതിവരുത്തി സുഖവും ശാന്തിയും പ്രദാനംചെയ്യാൻ എനിക്കാഗ്രഹമുണ്ട്. ഉൽക്കടമായ പരസ്പരപ്രേമം ഈശ്വരപ്രേമത്തിൻെറ മാർഗ്ഗത്തിൽ തടസ്ഥമുണ്ടാക്കുന്നതും അതിൽനിന്ന് വിഭിന്നമായി സ്ഥിതിചെയ്യുന്നതുമാണെന്ന് മനസ്സിലാക്കണം. എന്നാൽ അവളോടുള്ള നിങ്ങളുടെ സ്നേഹം കറയററതും ഹൃദയംഗമമായതുമാണെന്ന് എനിക്കറിയാം. എന്നാൽ മേൽപ്പറഞ്ഞ തത്വത്തിൻെറ അടിസ്ഥാനത്തിൽ യാഥാർത്ഥ്യത്തെ സ്വീകരിയ്ക്കുകയും ആ യാഥാർത്ഥ്യത്തെ

തള്ളിക്കളയുകയും ചെയ്യേണ്ടത് നിങ്ങളുടെ കടമയാണു്. തൻെറ പ്രേമികയിൽ സൎവ്വവും പ്രേമമയമായിത്തോന്നുക സാധാരണമത്രെ. എന്നാൽ സ്വാൎത്ഥതാല്പൎയ്യങ്ങൾക്കുവേണ്ടിയല്ല, ഈശ്വരേച്ഛ നിറവേററുന്നതിന്നുവേണ്ടിയാണു് നമ്മൾ പ്രേമിക്കേണ്ടത്. അപ്പോഴേ യഥാൎത്ഥ ആനന്ദം അനുഭവപ്പെട്ടു. എന്നാൽ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ടു്. കാമംകൊണ്ടുണ്ടാകുന്ന പ്രേമമായിരിക്കരുത്. അങ്ങിനെയാണെങ്കിൽ ഈൎഷ്യ, ജുഗുപ്സ തുടങ്ങിയ ഹീനവികാരങ്ങൾക്ക് നമ്മൾ വശംവദരായിത്തീരും. അതിനാൽ അതിൽനിന്നെല്ലാം ഒഴിഞ്ഞുനില്ക്കണം. വെറും ഭാവനയിൽ മാത്രം മുഴുകിയിരിയ്ക്കരുതെന്നാണു് എനിയ്ക്കു പറയുവാനുള്ളതു്. സാങ്കല്പികമായ വികാരാധിക്യത്താൽ അവനവനെത്തന്നെ മറന്നുപോകാതിരിപ്പാൻ രണ്ടുപേരും ശ്രദ്ധിക്കണം. നിങ്ങൾ പരസ്പരം അതീവ സ്നേഹിയ്ക്കുന്നുണ്ടെന്നു രണ്ടുപേൎക്കും നല്ലപോലെ അറിയാമല്ലോ. ആ സ്ഥിതിയ്ക്കു് സാങ്കല്പികമായ വികാരാധിക്യത്താൽ അതുമിതുമെഴുതരുതു്. മനുഷ്യൻ ഒരതിൎത്തിവരെ മാത്രമേ തൻെറ മനോഭാവത്തെ വ്യക്തമാക്കിക്കൂട്ടു പരിധിയിൽനിന്നു് തെററുന്നത് ആപൽക്കരമാകുന്നു. അങ്ങിനെ തെററിയാൽ സങ്കല്പസൌധം ഇടിഞ്ഞുതകരുകയും ജീവിതം ഭാരപൂൎണ്ണമായി തോന്നുകയും ചെയ്യും.

പ്രേമിയ്ക്കുവാനും തദ്വാരാ ആനന്ദിയ്ക്കുവാനുമുള്ള ശക്തി ഈശ്വരൻ നമുക്ക് പ്രദാനം ചെയ്തിട്ടുണ്ടു്. ആ പ്രേമം സ്വന്തം സുഖത്തിന്നുവേണ്ടിയല്ല പ്രത്യുത, പരസുഖത്തിന്നു വേണ്ടിയുള്ളതായിരിയ്ക്കണമെന്ന വസ്തുത നമ്മൾ മറക്കരുതു്. അങ്ങിനെ നിങ്ങളുടെ പ്രേമം യഥാൎത്ഥമായി

ത്തിന്നാൽ അതായത്ത് അവളുടെ നന്മയ്ക്കുവേണ്ടി ജീവിയ്ക്കണമെന്ന ആഗ്രഹം നിങ്ങളുടെ ഹൃദയത്തിൽ ദൃഢമൂലമായാൽ നിങ്ങളുടെ രണ്ടുപേരുടെയും ക്ലേശങ്ങൾ ദൂരീകരിയ്ക്കപ്പെടുന്നതാണ്.

പ്രേമം പ്രേമമായിരിയ്ക്കുന്നേടത്തോളംകാലം അത് ദോഷകരമായിരിയ്ക്കുകയില്ല പ്രേമത്തിൻെറ മറവിൽ സ്വാത്ഥമാകുന്ന ചെകുത്താൻ ഉണ്ടാവുകയില്ല. അവളുടെ നന്മയ്ക്കുവേണ്ടി അവളെ കാണാതിരിയ്ക്കുവാനും അവളുമായുള്ള ബന്ധം വേർപെടുത്തുവാനും താൻ തെയ്യാറുണ്ടോ എന്ന് നിങ്ങൾ ഹൃദയത്തോട് ഒന്നു ചോദിച്ചുനോക്കുക. തെയ്യാറില്ലെങ്കിൽ അതിൻെറ അത്ഥം സ്വാത്ഥമാകുന്ന ചെകുത്താൻ നിങ്ങളുടെ പ്രേമത്തിൽ അധിവസിയ്ക്കുന്നുണ്ടെന്നുള്ളതാണ്. അതിനെ നശിപ്പിയ്ക്കുകതന്നെ വേണം.

മനുഷ്യന്ന് എല്ലാവരേയും ഒരുപോലെ സ്നേഹിക്കുവാൻ സാധിയ്ക്കുകയില്ലെന്ന് നിങ്ങൾ പറയുന്നത് ഒരുകണക്കിൽ ശരിയാകുന്നു. ഒരേ ഒരു വ്യക്തിയെ ഹൃദയംഗമമായി സ്നേഹിയ്ക്കുന്നതിലാണ് ആനന്ദമുണ്ടാവുന്നത്. എന്നാൽ ആ പ്രേമം പ്രസ്തുത വ്യക്തിയുടെ ഗുണത്തിനായിരിക്കണം; അവനവൻെറ സ്വാത്ഥത്തിന്നായിരിയ്ക്കരുത്.

**പ്രേമത്തിൻെറ സ്ഥാനം:**—പ്രേമത്തെപ്പററി ഞാൻ ഏറെക്കുറെ പറഞ്ഞുവെങ്കിലും അതിൻെറ അത്ഥമെന്തെന്ന് ഇനിയും എനിയ്ക്ക് വ്യക്തമായിട്ടില്ല. എന്നാലും മനുഷ്യജീവിതത്തിൽ പ്രേമത്തിൻെറ ആവശ്യവും സ്ഥാനവും നിർദ്ദിഷ്ടമാണ്. ഭോഗത്തിൻെറയും ബ്രഹ്മചര്യത്തി

ൻെറയും തീക്ഷ്ണസ്വഭാവത്തെ മയപ്പെടുത്തുന്ന ഒന്നാണത്. ബ്രഹ്മചര്യമനുഷ്ഠിയ്ക്കുവാൻ സാധിയ്ക്കാത്ത യുവതീയുവാക്കന്മാർ 16 മതൽ 20 വയസ്സുവരെയുള്ള കാലത്ത് പ്രേമത്തിൻെറ കോമളാനുഭവങ്ങളെ ആസ്വദിച്ച് ജീവിയ്ക്കുന്നതിൽ തെററില്ല. ഇക്കാലത്താണ് പ്രേമത്തിന്നു് സ്ഥാനമുള്ളത്. വിവാഹത്തിനു ശേഷം പ്രേമത്തിന്ന് സ്ഥാനമില്ല. അതു് കുത്സിതമായിത്തീരുന്നു.

**പ്രേമിയ്ക്കുന്നത് നല്ലതോ ചീത്തയോ?:**—പ്രേമിയ്ക്കുന്നതു് നല്ലതോ ചീത്തയോ എന്ന ചോദ്യത്തിന്ന് ഞാൻ വ്യക്തമായി മറുപടിപറയും. സേവനമനോവൃത്തിയോടുകൂടി ആദ്ധ്യാത്മികജീവിതം നയിയ്ക്കുന്ന ഒരാളെ പ്രേമം അധഃപതിപ്പിക്കും. അതായത് തൻെറ ശക്തിയുടെ ഒരു ഭാഗം ആയാൾക്ക് കുടുംബത്തിനോ പത്നിക്കോ പ്രേമപാത്രത്തിന്നോ സമർപ്പിക്കേണ്ടിവരും. മൃഗീയജീവിതം നയിയ്ക്കുന്ന ഒരാൾക്ക് അതായതു് ആഹാരം, നിദ്ര, മൈഥുനം എന്നതിൽ കവിഞ്ഞു് ജീവിതത്തിന്നു് യാതൊരു ലക്ഷ്യവുമില്ലാത്ത ഒരാൾക്ക് പ്രേമംകൊണ്ടു് അഭിവൃദ്ധിപ്രാപിക്കാം

**ഉത്പാദനശക്തി:**—നിങ്ങൾക്ക് സ്ത്രീകളോട്ട് ആദ്ധ്യാത്മികബന്ധം സ്ഥാപിയ്ക്കുന്നതിൻെറ ആവശ്യമുണ്ടെന്ന് ഞാൻ കരുതുന്നില്ല സ്ത്രീകളുമായി സാമുദായികബന്ധം സ്ഥാപിക്കുന്നതാണു് ശ്രേഷ്ഠതരമായിട്ടുള്ളതു്. സ്ത്രീപുരുഷന്മാരെന്ന വ്യത്യാസം മനസ്സിൽ ഇല്ലാതാവുമ്പോൾ സ്ത്രീകളേയും നിങ്ങൾ സാധാരണ ജീവികളുടെ കൂട്ടത്തിൽ എണ്ണുവാൻ തുടങ്ങും. നിങ്ങൾക്കാവശ്യം ശാരീരികശ്രമമാണു്. നിങ്ങളുടെ ശക്തി മുഴുവൻ വ്യയംചെയ്യുന്ന തരത്തിലുള്ള

ശാരീരികശ്രമമാണ് ആവശ്യം. എല്ലീസ് സ്റ്റോക്ക്ഹാമിൻെറ പുസ്തകം എനിയ്ക്കു വളരെ പിടിച്ചു. വിഷയാസക്തിയെ അവർ ഉല്പാദനശക്തിയെന്നു പറഞ്ഞിരിയ്ക്കുന്നു. മററു പ്രാകൃതികമായ ആഗ്രഹങ്ങളോടൊപ്പം മനുഷ്യനിൽ വിഷയാസക്തി ജനിയ്ക്കുന്നുവെങ്കിൽ അതിൻെറ അർത്ഥം സൃഷ്ടിപരമായ ഒരു പ്രവൃത്തി ചെയ്യാനുള്ള ആഗ്രഹം ജനിയ്ക്കുന്നു എന്നതാകുന്നു. ഈ ആഗ്രഹമാണ് കാമവികാരമായി പരിണമിയ്ക്കുന്നത്. ഇത് വാസ്തവത്തിൽ സൃഷ്ടിപരമായ കാര്യങ്ങൾ ചെയ്യാനുള്ള ആഗ്രഹമാണ്. സുദൃഢമായ പ്രസ്തുത ഇച്ഛാശക്തിയെ അനവരതമായ പ്രയത്നംകൊണ്ടു് ഉപയോഗപ്രദമായ വിധത്തിൽ ശാരീരികവും ആദ്ധ്യാത്മികവുമായ ജീവിതമായി മാററാൻ കഴിയും.

ഈശ്വരേച്ഛയെ നിറവേററുന്നതിന്നും ഭൂമിയിൽ സ്വർഗ്ഗരാജ്യം സ്ഥാപിയ്ക്കുന്നതിന്നും സഹായകമായ ഒരു ശക്തിവിശേഷമാണത്. എന്നാൽ സന്താനോല്പാദനത്തിന്നു വേണ്ടി മഹത്തായ ഈ ശക്തിയെ നാം വ്യയംചെയ്യുന്നു. ബ്രഹ്മചര്യവും സേവാവ്രതിയും സ്വീകരിയ്ക്കുന്ന പക്ഷം പ്രസ്തുത ശക്തിവിശേഷം പരമമായ മംഗളകാരിയായിത്തീരുന്നു. അതിന്ന് വളരെ വിഷമമാണെങ്കിലും അസാദ്ധ്യമല്ല. വളരെ ആളുകളുടെ മാതൃക നമ്മുടെ കൺമുമ്പിലുണ്ടു്.

വികാരങ്ങളെ ജയിയ്ക്കുവാൻ സാധിച്ചാൽ വളരെ നന്നായി. അല്ലാത്തപ്പക്ഷം വിവാഹം ചെയ്യുക. അതു് നല്ലതല്ലെങ്കിലും ചീത്തയല്ല. പോൾ പറയുന്നതുപോലെ കാമാസക്തിക്ക് വശംവദരായി അങ്ങുമിങ്ങും തെണ്ടിനടക്കുന്നതാണ് ഏററവും ചീത്തയായിട്ടുള്ളത്.

സ്ത്രീകളുടെ സാന്നിദ്ധ്യം മംഗളമയവും കരുണവും കോമളവുമായ വികാരങ്ങളെ തട്ടിയുണർത്തുന്നതും ആണെന്നു് ഒരിക്കലും ധരിച്ചുപോകരുതു്. കാമുകത്വത്തിൽ നിന്നാണു് ഈ തെററിദ്ധാരണ ജന്മമെടുക്കുന്നതു്. പുരുഷന്മാരുടേതു പോലെതന്നെ സ്ത്രീകളുടെ സാന്നിദ്ധ്യവും ആനന്ദോല്ലാസക മാകുന്നു. എന്നാൽ സ്ത്രീകളുടെ സാന്നിദ്ധ്യത്തിന്നു് പ്രത്യേ കമായ ആനന്ദദായകത്വമൊന്നുമില്ല. അങ്ങിനെ നിങ്ങൾക്ക തോന്നുന്നുണ്ടെങ്കിൽ അതു് കാമാന്ധതയിൽ നിന്നു ണ്ടായ തെററിദ്ധാരണയാണെന്നറിയുക.

ദാരിദ്ര്യത്തെ വരിയ്ക്കുക:—വികാരങ്ങളോട് മല്ലിട്ട വാനുള്ള ഉപായമെന്തെന്നു് നിങ്ങൾ ചോദിയ്ക്കുന്നു. ദേഹാ ദ്ധ്വാനം, ഉപവാസം തുടങ്ങിയ സാധാരണമാർഗ്ഗങ്ങളേ ക്കാൾ കൂടുതൽ ശ്രേഷ്ഠവും ഫലപ്രദവുമായ മാർഗ്ഗം ദാരിദ്ര്യ ത്തെ സ്വീകരിക്കലാണു്. അതായതു് സ്വയം അകിഞ്ചന നായിത്തീരുക. തന്നിമിത്തം സ്ത്രീകൾ നിങ്ങളിൽ ആകൃഷ്ട രായിത്തീരുകയില്ല. എന്നാൽ ഏററവും നല്ല ഉപായം വികാരങ്ങളെ നിയന്ത്രിയ്ക്കുന്നതിന്നുള്ള മാനസികസംഘർഷം തന്നെയാണു്. ഈ സംഘർഷം താല്ക്കാലികമോ സ്ഥായിയ ല്ലാത്തതോ ആണെന്നു് ഒരിയ്ക്കലും കരുതരുതു്. എന്നാൽ ജീവിതത്തിലെ സ്ഥിരമായതും അപരിവർത്തനീയവുമായ അവസ്ഥാവിശേഷമാണെന്നു് കരുതണം.

സ്വേച്ഛാപൂർവ്വകമായ നപുംസകത്വം:—സ്കോപ്പ് ത്സി ജാതിക്കാരെപ്പററി നിങ്ങൾ എന്നോട് ചോദിയ്ക്കുന്നു. (റഷ്യൻകൃഷിക്കാരുടെ ഇടയിൽ ഒരു വർഗ്ഗക്കാർ ബ്രഹ്മച ര്യമനുഷ്ഠിക്കുന്നതിന്നുവേണ്ടി സ്വേച്ഛാപൂർവ്വം നപുംസക

ത്വത്തെ വരിയ്ക്കുന്നു. അതായത് ജനനേന്ദ്രിയത്തെ മുറിയ്ക്കുന്നു. പ്രസ്തുതവർഗ്ഗക്കാർക്ക് സ്ക്കോപ്പ്ത്സി വർഗ്ഗക്കാർ എന്നു പേർ) അതു ചിത്തയാണെന്നു ചിലർ പറയുന്നുണ്ടു്. മാത്യുവിൻെറ പ്രവചനങ്ങളുടെ 19-ാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ള ആശയങ്ങളെ ശരിയായി ഗ്രഹിച്ച് അതിലെ 12-ാമത്തെ പദ്യത്തിൽ കൊടുത്ത പ്രമാണമനുസരിച്ചാണോ അവർ തങ്ങളുടെയും മററുള്ളവരുടേയും ജനനേന്ദ്രിയങ്ങളെ ഖണ്ഡിയ്ക്കുവാൻ തുനിയുന്നത്? എൻെറ അഭിപ്രായം അവർ അങ്ങിനെ ചെയ്യുന്നതിൽ തെററില്ലെന്നാണ്. ഉപകം പലവിധമാണ്. ആരേയും കുററം പറയുവാൻ നമുക്ക് അധികാരമില്ല സ്ക്കോപ്പ്ത്സി വർഗ്ഗക്കാർ അദ്ധ്വാനശീലരും നീതിനിഷ്ഠരുമായ ഒരു വർഗ്ഗമാണെന്നാണ് ഞാൻ മനസ്സിലാക്കിയതു്. എന്നാൽ ജനനേന്ദ്രിയം മുറിക്കുന്നതു് പ്രവചനത്തെ ആസ്പദമാക്കീട്ടാണെങ്കിൽ അത് ശരിയല്ല. പ്രവചനത്തെ അവർ തെററിവ്യാഖ്യാനിച്ചിരിക്കുന്നു. അങ്ങിനെ തങ്ങളുടെയും മററുള്ളവരുടേയും ജനനേന്ദ്രിയങ്ങൾ മുറിക്കുന്ന അവർ യഥാർത്ഥ ക്രൈസ്തവന്മാരല്ലാതായിത്തീരുന്നു. ബ്രഹ്മചര്യത്തിൻെറ മാഹാത്മ്യത്തെപ്പററിയേശു പറഞ്ഞിട്ടുണ്ടു്. എന്നാൽ മററു സൽഗുണങ്ങളെപ്പോലെ സ്വതന്ത്രമായ ഇച്ഛാശക്തികൊണ്ടുണ്ടാകുന്ന ബ്രഹ്മചര്യമായിരിയ്ക്കണം അത്. പാപാചരണത്തിൻെറ സംഭാവ്യതയെ അകററിക്കൊണ്ടു് അനുഷ്ഠിക്കുന്ന ബ്രഹ്മചര്യത്തിനു് മഹത്വമില്ല. അധികം ഭക്ഷണം കഴിക്കുന്ന ഒരാൾ ഭക്ഷണത്തിനുള്ള ആർത്തി ഇല്ലാതാക്കുവാൻ വേണ്ടി മന്ദാഗ്നി വളർത്തുന്ന മരുന്നു കഴിയ്ക്കുന്നതുപോലെയാണിത്. യുദ്ധം

ചെയ്യാതിരിയ്ക്കുവാൻ കൈകൂട്ടികെട്ടുകയും ശകാരിയ്ക്കാതിരിയ്ക്കുവാൻ നാവ് മുറിച്ചുകളയുകയും ചെയ്യുന്നതുപോലെയാണിത്. ഈശ്വരസൃഷ്ടിയിൽ കൃത്രിമത്വമുണ്ടാക്കുന്നത് ശരിയല്ല. ഈശ്വരൻ വികാരം നിറഞ്ഞ ശരീരത്തിലാണു് ആത്മാവിനെ പ്രതിഷ്ഠിച്ചിട്ടുള്ളതു്. ശാരീരികമായ വികാരങ്ങളെ നിയന്ത്രിക്കുവാൻ കഴിയുന്നതിന്നുവേണ്ടിയാണു് ഇങ്ങിനെ ചെയ്തത്. ജീവിതത്തിന്റെ ഉദ്ദേശവും അതാണ്. ഈശ്വരസൃഷ്ടിയെ അവഹേളിക്കുവാൻവേണ്ടി അംഗഭംഗമുണ്ടാക്കുന്നതിനല്ല ഈശ്വരൻ നമുക്കു് സർവ്വ അവയവങ്ങളും തന്നിട്ടുള്ളതു്.

നിങ്ങൾക്ക് പ്രാപിയ്ക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത പൂർണ്ണത അടുത്ത തലമുറയ്ക്കെങ്കിലും പ്രാപിയ്ക്കുവാൻ സാധിയ്ക്കട്ടെ എന്നതുകൊണ്ടായിരിയ്ക്കണം സ്ത്രീപുരുഷന്മാർ തമ്മിൽ ആകർഷണമുണ്ടാകുന്നത്. ഈശ്വരസൃഷ്ടിയുടെ വൈചിത്ര്യത്തെ എത്ര വാഴ്ത്തിയാലും മതിവരികയില്ല. പൂർണ്ണനായിത്തീരുവാനാണ് മനുഷ്യനെ സൃഷ്ടിച്ചത്. 'സ്വർഗ്ഗീയ പിതാവിനെപ്പോലെ പൂർണ്ണനായി ഭവിയ്ക്കുക' എന്നാണ് മഹദ്വചനം. പൂർണ്ണതയുടെ ഒരു ചിഹ്നമാണ് ബ്രഹ്മചര്യാനുഷ്ഠാനം. മനസാ വാചാ കർമ്മണാ വിഷയവാസനയിൽനിന്നു് മോചനം നേടലാണ് യഥാർത്ഥബ്രഹ്മചര്യം. മനുഷ്യൻ പൂർണ്ണനായി ഭവിയ്ക്കുകയും ബ്രഹ്മചര്യമനുഷ്ഠിയ്ക്കുകയുംചെയ്താൽ മനുഷ്യസമുദായത്തിന്റെ ജീവിതോദ്ദേശം സഫലമായി. വീണ്ടും ഭൂമിയിൽവന്നു ജനിയ്ക്കുന്നതിന്റെ ആവശ്യമുണ്ടാവുകയില്ല. വിവാഹം ചെയ്യാത്ത ദേവതുല്യരായിത്തീരും മനുഷ്യരെല്ലാം. എന്നാൽ ഇന്നു് മനുഷ്യ

ന്നു് പൂർണ്ണനായിത്തീരുവാൻ കഴിഞ്ഞിട്ടില്ല. അതിനാൽ അവൻ പുതിയ തലമുറക്കാരെ സൃഷ്ടിയ്ക്കുന്നു. പുതിയ തലമുറയാകട്ടെ ഈശ്വരാജ്ഞയെ പാലിച്ചുകൊണ്ടു് ജീവിതം കഴിയ്ക്കുകയും ചെയ്യുന്നു. അങ്ങിനെ മനുഷ്യസമുദായം പൂർണ്ണത്വത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരിയ്ക്കുകയാകുന്നു. എന്നാൽ സ്ക്കോപ്പ്ത്സി ജാതിക്കാരുടെ മാതൃക സ്വീകരിയ്ക്കുന്നപക്ഷം പൂർണ്ണത്വം സിദ്ധിയ്ക്കുകയോ ഈശ്വരേച്ഛ നിറവേറുകയോ ചെയ്യാതെ മനുഷ്യസമുദായം എന്നെന്നേയ്ക്കുമായി നശിച്ചുപോകാനിടയുണ്ടു്.

ഞാൻ സ്ക്കോപത്സിക്കാരുടെ മാർഗ്ഗത്തിൽ കാണുന്ന ഒന്നാമത്തെ ദോഷമിതാണ്. രണ്ടാമതായി പരിശുദ്ധമായ ശിക്ഷണമാണ് ബൈബിളിൽനിന്നു് കിട്ടുന്നത്. എന്റെ മാർഗ്ഗം എളുപ്പവും കഷ്ടരഹിതവുമാണെന്നു് യേശു പറഞ്ഞിട്ടുണ്ടു്. ഹിംസയെ അതിൽ നിഷേധിച്ചിട്ടുണ്ടു്. അതിനാൽ മററുള്ളവരെ ദുഃഖിപ്പിയ്ക്കുന്നതും കഷ്ടപ്പെടുത്തുന്നതും പാപകരമാണെന്നു പറയേണ്ടതില്ലല്ലോ. തന്നത്താൻ അംഗഭംഗമുണ്ടാക്കുന്നതും വേദനിപ്പിയ്ക്കുന്നതും ക്രൈസ്തവസിദ്ധാന്തത്തിന്നെതിരുമാണ്.

മൂന്നാമതായി സ്ക്കോപത്സിവർഗ്ഗക്കാർ മേത്യുവിന്റെ പ്രവചനങ്ങളുടെ 19-ാം അദ്ധ്യായത്തിലെ 12-ാമത്തെ പദ്യത്തിന്റെ അർത്ഥം തെററിദ്ധരിച്ചിരിക്കുന്നു. വിവാഹത്തെപ്പററിയാണ് ആ അദ്ധ്യായത്തിൽ പറയുന്നത്. യേശു വിവാഹത്തെ നിഷേധിച്ചിട്ടില്ല. വിവാഹമോചനത്തേയും ബഹുഭാര്യാത്വത്തേയുമാണ് നിഷേധിച്ചിട്ടുള്ളത്. വിവാഹിതദശയിലും ഏററവുമധികം സംയമനം പാലിയ്ക്കു

വാൻ ക്രിസ്തു ഉപദേശിച്ചിട്ടുണ്ടു്. ഏകപത്നീവ്രതമനുഷ്ഠിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടു്. ഏകപത്നീവ്രതത്തെ പാലിച്ചു് സംയമിതമായ ജീവിതം നയിയ്ക്കുന്നത് കഠിനതരമാണെന്നു് സ്ത്രീകൾ അദ്ദേഹത്തോടു് പറഞ്ഞപ്പോൾ ക്രിസ്തു ഇങ്ങിനെ മറുപടി പറഞ്ഞു—'ജന്മനാ നപുംസകത്വം സിദ്ധിച്ചവരും മനുഷ്യനാൽ നപുംസകമാക്കപ്പെട്ടവരും ബ്രഹ്മചര്യം അനുഷ്ഠിയ്ക്കുന്നതുപോലെ സവ്വർക്കും സാധിയ്ക്കുകയില്ലെങ്കിലും സ്വർഗ്ഗരാജ്യം കിട്ടുവാൻവേണ്ടി ആഗ്രഹിയ്ക്കുന്ന ചില ആളുകൾ നപുംസകത്വത്തെ സ്വയം വരിച്ചിട്ടുണ്ടു്, അതായത് ആത്മബലാകൊണ്ടു് അവർ കാമവികാരത്തെ ദമനംചെയ്തിട്ടുണ്ടു്. അവരെ അനുകരിക്കുകയാണു് വേണ്ടതു്. ഇവിടെ സ്വർഗ്ഗരാജ്യം കിട്ടുവാൻ നപുംസലിംഗത്തെ സ്വയം വരിച്ചിട്ടുണ്ടെന്നു പറയുന്നതു് ശരീരത്തെ ആത്മാവു് ജയിയ്ക്കുന്നതിനെപ്പററിയാകുന്നു. അംഗഭംഗമുണ്ടാക്കണമെന്നല്ല ഇതിൻെറ അത്ഥം. എന്തെന്നാൽ 'മനുഷ്യനിമ്മിതമായ നപുംസകത്വമെന്നു് പറയുന്നതു് അംഗഭംഗമുണ്ടാക്കുന്നതിനെപ്പററിയാണെന്നു് സ്പഷ്ടമാണല്ലൊ. നപുംസകത്വത്തെ സ്വയം വരിക്കുക എന്നതിൻെറ അത്ഥം ശരീരത്തെ ആത്മബലംകൊണ്ടു് വിജയിയ്ക്കുകയാണെന്നു് സ്പഷ്ടമാക്കീട്ടുമുണ്ടു്.

12-ാമത്തെ പദ്യത്തിന്നു് ഞാൻ കല്പിയ്ക്കുന്ന അത്ഥം മേൽപ്പറഞ്ഞതാകുന്നു. ഈ ആശയം നിങ്ങൾക്കു രുചിച്ചിട്ടില്ലെങ്കിൽ മൂലത്തിലെ ആശയത്തെ സ്വീകരിക്കുന്നതാണ് ഉത്തമപക്ഷം. ഏതായാലും ബലപ്രയോഗംകൊണ്ടോ സ്വന്തം ഇഷ്ടമനുസരിച്ചോ അംഗഭംഗമുണ്ടാക്കുന്നത് ക്രിസ്തുമതത്തിന്നു് തീരെ വിരുദ്ധമാകുന്നു.

**ഭയങ്കരപാതകം:**—വിവാഹിതരായ സ്ത്രീപുരുഷന്മാർ വിഷയഭോഗം ചെയ്യുന്നത് അനീതിപരമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഇതിനെപ്പററി വിശദമായി എഴുതുന്നതിനുമുമ്പ് പ്രസ്തുതവിഷയത്തെക്കുറിച്ച് സൂക്ഷ്മമായ അദ്ധ്യയനം നടത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്തെന്നാൽ വിഷയാസക്തിയെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി മാത്രം സ്വന്തം ഭാര്യയുമായി സംഭോഗത്തിലേപ്പെടുന്നത് പാപമാണെന്നു ഞാൻ കരുതുന്നു. എൻെറ അഭിപ്രായത്തിൽ വിഷയാസക്തിയിൽനിന്ന് രക്ഷപ്പെടുവാൻവേണ്ടി ജനനേന്ദ്രിയത്തെ മുറിച്ചുകളയുന്നതുപോലെ പാപമായ ഒന്നാണ് വിഷയസുഖമനുഭവിയ്ക്കുന്നതും. പ്രലോഭനങ്ങൾക്ക് വശംവദരായി കൂടുതൽ ഭക്ഷണം കഴിയ്ക്കുന്നതും പട്ടിണികിടന്ന് മരിയ്ക്കുന്നതും വിഷപാനം ചെയ്യുന്നതുംപോലെ ഇതും പാപമാകുന്നു. മനുഷ്യസമുദായസേവനത്തിന്നുവേണ്ടി ശരീരത്തെ നിലനിത്തുവാൻ പര്യാപ്തമായ ഭക്ഷണം കഴിയ്ക്കുന്നത് ധമ്മസമ്മതമായിട്ടുള്ളതുപോലെ വശ്ശരക്ഷക്കു വേണ്ടിയുള്ള വിഷയഭോഗവും ധമ്മസമ്മതമാകുന്നു.

സ്വേച്ഛാപൂർവ്വം നപുംസകത്വത്തെ വരണംചെയ്യുന്നവർ, ആദ്ധ്യാത്മികപ്രേമമില്ലാതെ കേവലം ശാരീരികമായ സുഖത്തിന്നുവേണ്ടി വിഷയസുഖത്തിലേർപ്പെടുന്നത് അനീതിപരവും വ്യഭിചാരവുമാണെന്ന് പറയുന്നു. ആദ്ധ്യാത്മികപ്രേമമുണ്ടായാൽ സന്താനോല്പാദനത്തിന്നുവേണ്ടിപ്പോലും വിഷയസുഖം അനുഭവിക്കുന്നത് പാപമാണെന്ന് അവർ പറയുന്നത് ശരിയല്ല. അത് പാപമല്ല. ഈശ്വരേച്ഛയെ നിവ്വഹിയ്ക്കലാകുന്നു.

ജനനേന്ദ്രിയം മുറിയ്ക്കുന്നത് എന്റെ അഭിപ്രായത്തിൽ തെററാകുന്നു. ഒരു മനുഷ്യൻ അനീതിപരമായ ജീവിതം നയിയ്ക്കുന്നുണ്ടെന്നു കരുതുക. അന്നംകൊണ്ടു് മദ്യമുണ്ടാക്കിക്കുടിച്ചു് അയാഠം മത്തുപിടിച്ചു് ജീവിയ്ക്കുന്നു. അതു് ചീത്തയാണെന്നും പാപമാണെന്നും ആയാഠംക്കു തോന്നുവാൻ തുടങ്ങുന്നു. അങ്ങിനെ അന്നത്തെ മനുഷ്യർക്കും മൃഗങ്ങഠംക്കും ഉപയോഗപ്രദമാക്കിത്തീക്കുന്നതിന്നു പകരം ആയാഠം മുഴവൻ ധാന്യത്തെയും ചുട്ടുചാമ്പലാക്കുകയാണു് പ്രസ്തുതദോഷത്തിൽനിന്നു് രക്ഷപ്പെടുവാനുള്ള മാൎഗ്ഗമെന്നു് ചിന്തിയ്ക്കുകയാണെങ്കിൽ അതിൽപ്പരം ഭോഷത്വം മറെറന്തുള്ളു? ധാന്യംനിറച്ച പത്തായത്തിന്നു് ആ മനുഷ്യൻ തീവെയ്ക്കുന്നു. എന്നാൽ അതുകൊണ്ടു് ആയാളുടെ ദുസ്സ്വഭാവത്തിന്നു് മാററമുണ്ടാകുന്നില്ല. അതു് ആദ്യത്തെപ്പോലെത്തന്നെയിരിയ്ക്കുന്നു. ആയാളുടെ അടുത്തു താമസിയ്ക്കുന്നാആഠം ആദ്യത്തെപ്പോലെ അന്നംകൊണ്ടു് മദ്യമുണ്ടാക്കി കുടിയ്ക്കുന്നു. എന്നാൽ മേൽപ്പറഞ്ഞ മനുഷ്യനാകട്ടെ മുഴവൻ ധാന്യത്തെയും തീവെച്ചു നശിപ്പിച്ചതുകൊണ്ടു് തന്റെ കുടുംബത്തിന്നു് ഭക്ഷണംകൊടുപ്പാൻ സാധിക്കാതെ കഷ്ടപ്പെടുന്നു.

ചെറുകുട്ടികളെ ഈശ്വരൻ വാഴ്ത്തിസ്തുതിക്കുന്നതു് ഒന്നും കാണാതെയല്ല. സ്വൎഗ്ഗരാജ്യം അവൎക്കുള്ളതാണെന്നും ബുദ്ധിമാന്മാൎക്കുകൂടി അജ്ഞാതമായ സംഗതികഠം അവൎക്കറിയുമെന്നും പറയുന്നതു് വെറുതെയല്ല. ഇതിന്റെ വാസ്തവികതത്വത്തെപ്പററി നമുക്കറിയുവാൻ വിഷമമില്ല. കുട്ടികളില്ലെങ്കിൽപിന്നെ ഈ ലോകത്തിൽ എന്തു സുഖമാ

ണുണ്ടായിരിയ്ക്കുക! നമ്മുടെ ആശാകേന്ദ്രമാണവർ. നാം പാപാചരണത്തിൽപ്പെട്ടു് അധഃപതിച്ചിട്ടുണ്ടെങ്കിലും നമ്മുടെ കുടുംബത്തിൽ ധാരാളം ശുദ്ധാത്മാക്കൾ ജനിയ്ക്കുന്നുണ്ടു്. ജീവിതം മുഴുവൻ അവർ പരിശുദ്ധതയിൽ കഴിയുകയും ചെയ്യുന്നു. അഴുക്കുള്ള നദീജലം വളരെക്കാലം കെട്ടിനില്ക്കുകയില്ല. നിർമ്മലമായ പുതുവെള്ളം വരുമ്പോൾ അഴുക്കുകളെല്ലാം കഴുകപ്പെടുന്നു. അങ്ങിനെ നദീജലം നിർമ്മലമായിത്തീരുമെന്ന ആശ നമ്മിലുണ്ടാവുകയും ചെയ്യുന്നു.

എന്നാൽ പ്രശ്നം കുറെ വലുതാണു്. ഇതിനെപ്പററി മനനം ചെയ്യുന്നതു് എനിയ്ക്കു വളരെ രസാവഹമായി ത്തോന്നുന്നു. ശരീരസുഖത്തിന്നു് വിഷയസുഖമനുഭവിയ്ക്കലും വിഷയസുഖത്തിൽനിന്നു് രക്ഷപ്പെടുവാൻ ലിംഗത്തെ മുറിച്ചുകളയലും ഒരുപോലെ പാപകരമാണെന്നു ഞാൻ കരുതുന്നു. എന്നാൽ ലിംഗത്തെ മുറിയ്ക്കുന്നതാണു് ഭയങ്കരമായ പാതകം. വിഷയസുഖങ്ങൾക്കു് അടിമപ്പെടുന്നതു് അഭിമാനകരമല്ല; ലജ്ജാകരമാകുന്നു. എന്നാൽ ജനനേന്ദ്രിയം മുറിക്കുന്നവർക്കു് തങ്ങളുടെ പ്രവൃത്തി ഒട്ടുംതന്നെ ലജ്ജാകരമായി തോന്നുന്നില്ല. പ്രലോഭങ്ങളിൽനിന്നു് രക്ഷപ്പെടുവാനും കാമവികാരത്തെ ദമനം ചെയ്യുവാനും വേണ്ടി അവർ ഈശ്വരീയനിയമത്തെ ലംഘിച്ചുവെന്ന അഹംഭാവമാണു് അവർക്കുള്ളതു്. യഥാർത്ഥത്തിൽ വേണ്ടതു് ഹൃദയത്തിലെ വികാരങ്ങളെ ദൂരീകരിയ്ക്കുകയാണു്. ജനനേന്ദ്രിയത്തെ മുറിയ്ക്കുന്നതുകൊണ്ടു് വികാരങ്ങൾ ഒതുങ്ങുകയില്ല. അപ്പോൾ ശരീരത്തെത്തന്നെ നശിപ്പിക്കേണ്ടിവരും. മനുഷ്യർ ഈ വലയിൽ കുടുങ്ങുന്നതെന്തുകൊണ്ടാണു്? ഹൃദയത്തിൽനിന്നു്

കാമവികാരത്തെ ദൂരീകരിയ്ക്കുവാൻ വളരെ വിഷമമായതു കൊണ്ടുതന്നെ. വികാരങ്ങളെ ഇല്ലായ്മ ചെയ്യലായിരിയ്ക്കണം മനുഷ്യന്റെ ലക്ഷ്യം. സ്വാത്ഥചിന്ത വെടിഞ്ഞു് മനസാ വാചാ കമ്മണാ ഈശ്വരാപ്പണമായി ജീവിയ്ക്കുകയും വേണം. ഇതു് ദീഘമേറിയ ഒരു മാഗ്ഗമായതുകൊണ്ടു് ജീവിതത്തിലെ മഹാപാപങ്ങളിൽനിന്നു രക്ഷപ്പെടുവാൻ വേണ്ടി മനുഷ്യൻ എളുപ്പവും ഹ്രസ്വവുമായ മാഗ്ഗത്തെ സ്വീകരിയ്ക്കുന്നു. എന്നാൽ അത്തരം എളുപ്പമാഗ്ഗങ്ങൾ ഈപ്സിത ലക്ഷ്യത്തിലേയ്ക്കു് നമ്മെ നയിയ്ക്കുന്നില്ല. കുഴപ്പത്തിന്റെ ചതുപ്പുനിലത്തിൽ കുടുക്കുന്നു.

**വംശരക്ഷയ്ക്കുവേണ്ടിയുള്ള വിവാഹം:**—വംശരക്ഷയ്ക്കുവേണ്ടി വിവാഹം ചെയ്യുന്നതു് നല്ലതും ആവശ്യവുമാണു്. എന്നാൽ ഈ ലക്ഷ്യത്തെ മുൻനിത്തി വിവാഹം ചെയ്യുന്നവർ തങ്ങളുടെ സന്താനങ്ങളെ അന്യക്ക് ഒരു ഭാരമാക്കാതെ യഥാത്ഥമനുഷ്യരാക്കിത്തീക്കണം. അതിന്നു് സ്വന്തം അദ്ധ്വാനഫലത്തെ അനുഭവിച്ചു് ജീവിയ്ക്കുന്നതിന്നുള്ള ശിക്ഷണം നൽകണം.

മനുഷ്യരുടെ ഇടയിൽ ഒരു ധാരണയുണ്ടു്, വിവാഹം ചെയ്യുന്നത് ധാരാളം സമ്പത്തു് ഉണ്ടായതിന്നുശേഷമേ പാടുള്ളുവെന്നു്. എന്നാൽ ഇതിന്നു് നേരെ വിപരീതമായ നിലപാടാണ് അംഗീകരിയ്ക്കേണ്ടത്. സമ്പത്തില്ലെങ്കിലും നിത്യവൃത്തി സ്വന്തം അദ്ധ്വാനംകൊണ്ടു് കഴിച്ചുകൂട്ടുകയും സന്താനങ്ങളെ നോക്കി രക്ഷിയ്ക്കുന്നതിന്നുള്ള കഴിവ് സമ്പാദിയ്ക്കുകയും ചെയ്യുന്നവരാണ് വിവാഹിതരായിത്തീരേണ്ടത്. അങ്ങിനത്തെ രക്ഷിതാക്കന്മാക്ക്മാത്രമെ തങ്ങ

ളുടെ സന്താനങ്ങളെ ശരിയായി സംരക്ഷിയ്ക്കുവാൻ സാധിയ്ക്കുകയുള്ളൂ.

**വിഷയാസക്തി ഐശ്വരനിയമങ്ങളുടെ പൂരകമാണ്:—**വിഷയാസക്തിക്ക് ഈശ്വരീയനിയമങ്ങളെ സ്വയം പൂർത്തിയാക്കുവാൻ സാധിയ്ക്കുന്നില്ലെങ്കിൽ മനുഷ്യവംശത്തെക്കൊണ്ട് അതു അവയെ പൂരിപ്പിയ്ക്കുന്നു. ഓരോ മനുഷ്യൻെറയും ജീവിതത്തിൽ ഈ യാഥാർത്ഥ്യം അനുഭവപ്പെടുന്നുണ്ട്. ഈശ്വരീയനിയമങ്ങളെ പൂർത്തിയാക്കുവാൻ വേണ്ടി വെമ്പുന്ന മനുഷ്യൻ വിഷയവാസനയിൽനിന്ന് അകന്നകന്നു വരികയാണ്. എന്നാൽ വിഷയലോലുപത്വം അധികരിച്ചാൽ ഈശ്വരനിയമങ്ങളെ പാലിയ്ക്കുവാൻ സാധിയ്ക്കുന്നതുമല്ല.

ഒരു മഹത്തായ കർത്തവ്യത്തെ ചെയ്തുതീർക്കുന്നതിനുള്ള മാർഗ്ഗമായതുകൊണ്ടാണ് വിഷയസുഖം നമുക്ക് എത്രയും ആകർഷകമായി തോന്നുന്നത്. അത് കർത്തവ്യത്തിൻെറ കനത്ത ചുമട് മനുഷ്യൻെറ തലയിൽനിന്ന് ഇറക്കിവെപ്പിയ്ക്കുകയും അടുത്ത തലമുറയുടെ തലയിൽ കയററി വെയ്ക്കുകയും ചെയ്യുന്നു. ഞാനല്ലെങ്കിൽ എൻെറ സന്തതികളെങ്കിലും സ്വർഗ്ഗരാജ്യത്തെ പ്രാപിയ്ക്കുമെന്ന പ്രത്യാശകൊണ്ടാണ് സ്ത്രീകൾ തങ്ങളുടെ കുട്ടികളിൽ ഇത്രയധികം തന്മയരായിരിയ്ക്കുന്നതു്.

**ബ്രഹ്മചര്യാനുഷ്ഠാനത്തിന്നു് പ്രഥമസ്ഥാനം:—** ഒരജ്ഞാതസുഹൃത്ത് ബ്രഹ്മചര്യത്തിന്നെതിരായി കുറെയധികം യുക്തിവാദങ്ങൾ കൊണ്ടുവരികയുണ്ടായി. ബ്രഹ്മച

ര്യാനുഷ്ഠാനംകൊണ്ട് മനുഷ്യവംശം മുടിഞ്ഞുപോകുമെന്ന് അദ്ദേഹം സമർത്ഥിയ്ക്കുന്നു. ഇതിന്ന് ഞാൻ ഇപ്രകാരം മറുപടി നൽകി:—

"ലോകം ഒരു കാലത്ത് അവസാനിയ്ക്കുമെന്ന് പാതിരികൾ പറയുന്നു. ഭൂമിയും അതിലുള്ള സർവ്വജീവരാശികളും നശിച്ചുപോകുമെന്ന് ആധുനികശാസ്ത്രവും സിദ്ധാന്തിയ്ക്കുന്നു. പിന്നെ നീതിപൂർണ്ണവും സദാചാരപരവുമായ ഒരു ജീവിതക്രമത്തെ അംഗീകരിയ്ക്കുന്നതുകൊണ്ട് ലോകാവസാനത്തെപ്പററി മനുഷ്യൻ വൃഥാ ഭയപ്പെടുന്നതെന്തിന്ന്? ഒരു പക്ഷേ രണ്ടും ഒന്നായി സംഭവിയ്ക്കുമായിരിക്കാം. ഒരു ലേഖനത്തിൽ ഇതു സംബന്ധിച്ച് ഇങ്ങിനെ എഴുതിയിരിയ്ക്കുന്നു. 'ബ്രഹ്മചര്യം പാലിച്ച മനുഷ്യന് അത്തരം ഒരു ദുർമ്മരണത്തിൽനിന്ന് എന്തുകൊണ്ട് രക്ഷപ്പെട്ടുകൂടാ?' ഇത് വാസ്തവമല്ലേ?

ഹെർഷെലിൻെറ ഒരു കണക്ക് വളരെ രസാവഹമായിരിയ്ക്കുന്നു. സൃഷ്ടിയുടെ ആരംഭം അതായത് ആദാംഹൌവ്വായുടെ കാലം തൊട്ട് ഏഴായിരത്തിൽപരം സംവത്സരങ്ങൾ കഴിഞ്ഞുവെന്നാണ് കണക്കാക്കപ്പെട്ടിരിയ്ക്കുന്നത്. ഈ കാലത്തിന്നിടയിൽ മനുഷ്യരുടെ സംഖ്യ ഈ ലോകത്തിൽ എത്രയോ അധികം ഇരട്ടിച്ചുകൊണ്ടിരിയ്ക്കുന്നു. ഇന്ന് ലോകത്തിലുള്ള മനുഷ്യരെയെല്ലാം ഒരാളുടെ തലയിൽ മറെറാരാളെ എന്ന വണ്ണം കയററി നിർത്തുകയാണെങ്കിൽ സൂര്യമണ്ഡലം തൊട്ടിട്ട് പിന്നെയും അതിൻെറ ഇരുപത്തേഴിരട്ടി ഉയരമുണ്ടാവുമെന്ന് പറയുന്നു. ഇതിൽനിന്ന് എന്താണ് തീരുമാനിക്കേണ്ടത്? രണ്ടു് പോംവഴികൾ

മാത്രമേയുള്ളു. ഒന്നുകിൽ പ്ലേഗ് തുടങ്ങിയ ഭയങ്കരരോഗങ്ങൾകൊണ്ടോ യുദ്ധം കാരണമായോ കുറേപേർ നശിയ്ക്കണം. അല്ലാത്തപക്ഷം ബ്രഹ്മചര്യമനുഷ്ഠിക്കണം. എന്നാൽ വർദ്ധിച്ചുവരുന്ന ജനസംഖ്യയെ തടുക്കുവാൻ ബ്രഹ്മചര്യാനുഷ്ഠാനംതന്നെയാണ് അത്യന്താപേക്ഷിതമായിട്ടുള്ളത്.

യുദ്ധങ്ങളുടെയും മഹാമാരികളുടെയും കണക്കുകളെ ബ്രഹ്മചര്യാനുഷ്ഠാനത്തിൻെറ കണക്കുകളുമായി താരതമ്യപ്പെടുത്തിനോക്കുന്നത് വളരെ രസാവഹമായിരിയ്ക്കും. ഇവ രണ്ടും അന്യോന്യമുള്ള കുറവുകളെ നികത്തുന്നു. യുദ്ധവും മഹാമാരിയും കുറയുമ്പോൾ ബ്രഹ്മചര്യാനുഷ്ഠാനം ലോകത്തിൽ കൂടുതലായി കാണാം. രണ്ടിൻെറയും തട്ടുകൾ തുല്യമായിട്ടാണ് തൂങ്ങുന്നത്. മനുഷ്യസംഖ്യ കുറയുന്നതിൻെറ കണക്ക് ആലോചിയ്ക്കുന്നതുതന്നെ അപവിത്രമായിത്തോന്നുന്നു. ഏററവും നല്ല മാർഗ്ഗം ശ്രേഷ്ഠമായ പ്രേമമാണ്. എന്നാൽ ആ പ്രേമമുള്ളേടത്ത് പവിത്രതയും ഉണ്ടായിക്കൊള്ളും. ഒരു ഭാഗത്ത് ജനസംഖ്യയെ വർദ്ധിപ്പിയ്ക്കുന്നതിലും മറുഭാഗത്ത് കുറയ്ക്കുന്നതിലും വ്യഗ്രനായ ഒരാളെപ്പററി ഒന്ന് ചിന്തിച്ചുനോക്കുക. രണ്ടു കാര്യങ്ങളും ഒരേസമയത്തു് സാധിയ്ക്കുക എന്നത് ഹാസ്യാസ്പദമായി തോന്നുന്നില്ലേ? ഒരാളെ കൊല്ലുകയും പകരം ഒരാളെ സൃഷ്ടിയ്ക്കുകയും ചെയ്യുന്നതുകൊണ്ടു് മാത്രമെ അത് സംഭവ്യമാവുകയുള്ളു.

പരമപിതാവിനെപ്പോലെ പൂർണ്ണനായിത്തീരുക എന്ന വചനം തക്കസംഗതമായിട്ടുണ്ടു്. ഈ പൂർണ്ണത ഒന്നാമതായി ബ്രഹ്മചര്യംകൊണ്ടും പിന്നീട് പ്രേമംകൊണ്ടും

മാത്രം ലഭിയ്ക്കുന്നതാണ്. ഇതിൽനിന്ന് ബ്രഹ്മചര്യാനുഷ്ഠാനത്തിന്ന് പ്രഥമസ്ഥാനവും വംശരക്ഷയ്ക്ക് ദ്വിതീയസ്ഥാനവുമാണെന്ന് സിദ്ധമാകുന്നു.

**മനുഷ്യൻെറ നിയമങ്ങൾ:**—"വിഷയാനുഭവം ഒരു പരിശുദ്ധകൃത്യമാണ്. അതുകൊണ്ടാണ് വംശരക്ഷ സാധിയ്ക്കുന്നതു്. ജീവിതസംഘർഷനിയമങ്ങൾക്ക് അടിമപ്പെടുന്നതുപോലെ സന്താനോല്പാദനനിയമങ്ങൾക്കും വിധേയനായിട്ടാണ് മനുഷ്യൻ ജീവിയ്ക്കുന്നത്. ഈ കാര്യത്തിൽ മൃഗവും മനുഷ്യനും തമ്മിൽ വ്യത്യാസമില്ല." ഇപ്രകാരമാണ് ഒരു സ്നേഹിതൻ എഴുതിയിരിയ്ക്കുന്നതു്. എന്നാൽ മനുഷ്യൻ മനുഷ്യനാണെന്നു ഓർക്കണം. ജീവിതസംഘർഷത്തെ ജയിയ്ക്കുവാൻ അവൻ ഒരു നിയമമുണ്ടാക്കീട്ടുണ്ടു്-പ്രേമം. സന്താനോല്പാദനത്തിന്ന് വിപരീതമായി നിർമ്മിച്ചിട്ടുള്ള നിയമമാണ് ബ്രഹ്മചര്യം.

**വിവാഹമോചനമോ?:**—'മാതാപിതാക്കളേയും ഭാര്യാപുത്രന്മാരേയും ഉപേക്ഷിച്ച് എന്നെ പിൻതുടരുക' എന്ന ബൈബിളിലെ വാക്യത്തിന്ന് സങ്കുചിതമായ ഒരു വ്യാഖ്യാനമാണ് നമ്മൾ നൽകിയിരിയ്ക്കുന്നത്. ഇതിൻെറ ശരിയായ അർത്ഥമെന്തെന്ന് വളരെ കുറച്ചുപേർ മാത്രമേ ചിന്തിയ്ക്കുന്നുള്ളൂ. കുടുംബജീവിതവും ധാർമ്മികകർത്തവ്യങ്ങളും തമ്മിൽ പൊരുത്തപ്പെടാതെ വരുമ്പോൾ അവയെ എങ്ങിനെ കൂട്ടിയിണക്കിക്കൊണ്ടുപോകണമെന്ന് ആലോചിച്ച് ഒരു മാർഗ്ഗം കണ്ടുപിടിക്കേണ്ടതു് വ്യക്തികളുടെ ചുമതലയാണെന്നാണ് ഞാൻ കരുതുന്നതു്. പുറമേയുള്ള നിയമങ്ങൾക്കൊന്നും അതിനെ പൂരിപ്പിയ്ക്കുവാൻ സാദ്ധ്യമല്ല.

എന്നാൽ ആദശ്ം എന്നും അതംഗുരമായിരിയ്ക്കും. 'ഭാര്യ യെ ഉപേക്ഷിച്ച് എന്നെ പിൻതുടരുക' എന്ന് ക്രിസ്തു പറഞ്ഞിട്ടുണ്ടെങ്കിൽ അത് ആദശ്മാണെന്നറിയണം. ഈ ആദശ്ത്തെ മനുഷ്യന്ന് എത്രത്തോളം പ്രായോഗികമാക്കു വാൻ സാധിയ്ക്കുമെന്ന് ആക്ഷംതന്നെ അറിഞ്ഞുകൂടാ. 'ഭാര്യയെ ഉപേക്ഷിക്കുക' എന്നതിൻെറ അത്ഥമെന്തെന്ന് നിങ്ങഠം ചോദിയ്ക്കുമായിരിയ്ക്കാം. വിവാഹമോചനത്തെ യാണോ അത് ധ്വനിപ്പിയ്ക്കുന്നതു്? അതോ ഭാര്യയുടെ ഒന്നിച്ച് ശയിയ്ക്കുന്നതിനെയും അവഠംക്ക് ഗഭോല്പാദന മുണ്ടാക്കുന്നതിനേയും വെടിയുന്നതിനാണോ?

'ഉപേക്ഷിക്കുക' എന്നതിൻെറ അത്ഥം തീച്ചയായും സംഭോഗകാര്യങ്ങളിൽ ഏപ്പെടരുതെന്നാണ്. മററുസ്ത്രീ കളെപ്പോലെ ഭാര്യയേയും സഹോദരിയായി കരുതണം. ഇതാണ് ആദശ്ം. സ്ത്രീക്കു ക്ഷോഭമോ അസഹിഷ്ണുതയോ ഈൎഷ്യയോ ഉണ്ടാകുവാൻ ഇട്വരുത്താതെ ഇതു സാധി യ്ക്കുകയും വേണം. വളരെ പ്രയാസമേറിയ ഒരു കൃത്യമാ ണിതു്. ബ്രഹ്മചര്യാനുഷ്ഠാനം ചെയ്യുവാൻ ആഗ്രഹിയ്ക്കു ന്ന വിവാഹിതരായ പുരുഷന്മാർക്ക് തങ്ങഠംതന്നേ ഉണ്ടാ ക്കായിട്ടുള്ള വ്രണത്തെ ഉണക്കുന്നതിന്നായി നല്ലപോലെ പാടുപെടേണ്ടിവരും. എന്നാലും വിവാഹിതർ പാപഭാര ത്തെ വദ്ധിപ്പിയ്ക്കാതിരിയ്ക്കുവാൻ തങ്ങളുടെ മുഴുവൻ ശക്തി യും ഉപയോഗിച്ച് ബ്രഹ്മചര്യമനുഷ്ഠിക്കേണമെന്നാണ് എനിയ്ക്കു പറയുവാനുള്ളത്. അതിപ്രധാനമായ ഒരു കാര്യ മാണിതു്. അതിന്നുവേണ്ട ശിക്ഷണവും നിദ്ദേശങ്ങളും ഓരോ വിവാഹിതനും ലഭിച്ചിരിയ്ക്കണം. ബ്രഹ്മചര്യത്തി

ൻെറ മാഹാത്മ്യമെന്തെന്നറിയുമ്പോഠം വിവാഹങ്ങളുടെ എണ്ണം കുറഞ്ഞുവരും.

**വിവാഹേച്ഛുക്കളായ സ്ത്രീപുരുഷന്മാരോട്:—** വിഷയസുഖപ്രാപ്തിക്കാണ് നിങ്ങഠം വിവാഹം ചെയ്യുന്നതെങ്കിൽ സംയമിതമായ ജീവിതം നയിയ്ക്കുവാൻ സാധിയ്ക്കുകയില്ല. ജീവിതത്തിൻെറ ഏററവും മഹത്തായ ലക്ഷ്യമായി വിവാഹത്തെ കരുതുന്നത് തെററാണ്. ഗഹനമായി ചിന്തിച്ചാൽ ഈ വസ്തുത ബോദ്ധ്യപ്പെടും. വിവാഹബദ്ധനാവുകയാണോ ജീവിതത്തിൻെറ അന്തിമലക്ഷ്യം? വിവാഹം ചെയ്തു. അതിനുശേഷം? വിവാഹത്തിന്നു മുമ്പ് ജീവിതത്തിന്നു യാതൊരു ലക്ഷ്യവും നിശ്ചയിക്കാത്തവർക്ക് അതിനുശേഷം ലക്ഷ്യം നിശ്ചയിയ്ക്കുക സാദ്ധ്യമല്ല. വിവാഹത്തിന്നു മുമ്പ് സ്ത്രീപുരുഷന്മാരുടെ മനോഭാവങ്ങഠക്ക് വ്യത്യാസമുണ്ടെങ്കിൽ അതിന്നുശേഷം അവർക്ക് ഒരിയ്ക്കലും യോജിയ്ക്കുക സാദ്ധ്യമല്ല. രണ്ടുപേരുടേയും ജീവിതത്തെപ്പററിയുള്ള മനോഭാവം ഒന്നാണെങ്കിൽ സുഖപ്രദമായ ജീവിതമായിരിയ്ക്കും അവരുടേത്. ഒരേ മാർഗ്ഗത്തിൽക്കൂടി സഞ്ചരിയ്ക്കുന്ന രണ്ടു വ്യക്തികഠം പരസ്പരം ഒന്നിച്ചുചേർന്ന് മുന്നോട്ടുപോകും. അവക്ക് സഹകരണമനോഭാവവുമുണ്ടായിരിയ്ക്കും. എന്നാൽ പരസ്പരാകർഷണംകൊണ്ടു് അവർ ഒന്നിച്ചു ചേരുകയും മുന്നോട്ടുപോകുക എന്ന കൃത്യത്തെ വിസ്മരിയ്ക്കുകയും ചെയ്യുകയാണെങ്കിൽ അതു് രണ്ടുപേക്കും ദോഷമേ ചെയ്യൂ. അതിനാൽ ചിലർ ആവലാതിപ്പെടുന്നു, ജീവിതം ദുഃഖഭൂയിഷ്ഠമാണെന്ന്. ചിലർ പറയുന്നു ലോകം ക്രീഡാക്ഷേത്രമാണെന്നു്. എന്നാൽ രണ്ടുപേരുടേയും അഭിപ്രായങ്ങഠം തെററാണ്.

സേവനത്തിന്നുള്ള രംഗമാണ് ജീവിതം. വളരെ കഷ്ടപ്പാടുകൾ മനുഷ്യന്നു് അതിന്നുവേണ്ടി സഹിക്കേണ്ടി വരുമെങ്കിലും മിക്കപ്പോഴും സന്തുഷ്ടിയും അവന്ന് അനുഭവപ്പെടുന്നതാണ്. ജീവിതത്തെ സേവനത്തിന്നുവേണ്ടി അപ്പണം ചെയ്യുമ്പോൾ മാത്രമേ യഥാത്ഥസുഖം ലഭിയ്ക്കുകയുള്ളൂ. വ്യക്തിപരമായ സുഖങ്ങൾക്കുപരിയായി ജീവിതത്തിന്ന് ഒരു നിശ്ചിതമായ ലക്ഷ്യം നിർദ്ദേശിക്കുന്നു. എന്നാൽ വിവാഹംചെയ്യുന്ന മിക്കമനുഷ്യരും ഈ വസ്തുതയെ വിസ്മരിക്കുന്നു. വൈവാഹികജീവിതസുഖത്തേയും സന്താനസുഖത്തേയുംപററി സ്വപ്നം കാണുന്ന അവർ ജീവിതം അതുതന്നെയാണെന്നു് തെററിദ്ധരിയ്ക്കുന്നു.

ജീവിതലക്ഷ്യമെന്തെന്ന് നിശ്ചയിക്കാതെതന്നേ മാതാപിതാക്കൾ സന്താനോല്പാദനം നടത്തുകയാണെങ്കിൽ അതിൻെറ അത്ഥം ഭാവിജീവിതപ്രശ്നങ്ങളെ അവർ അഭിമുഖീകരിയ്ക്കുവാൻ തെയ്യാറില്ലെന്നും നിരുദ്ദേശപരമായ ജീവിതമാണ് അവർ നയിയ്ക്കുവാൻ ആഗ്രഹിയ്ക്കുന്നതെന്നുമാണ്. അതിൻെറ അനന്തരഫലങ്ങൾ അവർക്ക് അനുഭവിയ്ക്കേണ്ടിവരികയും ചെയ്യും. ഒരു കാലത്ത് അവർക്ക് തങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകേണ്ടിവരും. സ്വന്തം മാർഗ്ഗമെന്തെന്നറിയാത്ത അവക്ക് കുട്ടികൾക്ക് മാർഗ്ഗനിർദ്ദേശം ചെയ്വാൻ സാധിയ്ക്കുന്നതെങ്ങിനെ? ഇത്തരം സന്ദർഭങ്ങളിലാണ് മിക്ക മാതാപിതാക്കളും മാനുഷികഗുണങ്ങളും തജ്ജന്യമായ സൌഖ്യവും എന്തെന്നറിയാതെ വിഷമിയ്ക്കുന്നത്. അവർ സന്താനോല്പാദനം നടത്തുന്ന യന്ത്രങ്ങൾ മാത്രമായിത്തീരുന്നു.

അതിനാൽ വിവാഹേച്ഛുക്കളായ സർവ്വസ്ത്രീപുരുഷന്മാരോടും എനിയ്ക്കു പറയുവാനുള്ളത്, ജീവിതം നിങ്ങൾക്ക് എത്രതന്നെ ആനന്ദസമ്പൂർണ്ണമായി തോന്നുന്നുണ്ടെങ്കിലും ആദ്യംതന്നെ ജീവിതത്തിന്ന് വ്യക്തമായ ഒരു ലക്ഷ്യം നിർദ്ദേശിയ്ക്കുകയും അതിനെ ദൃഢീകരിയ്ക്കുകയും ചെയ്യണമെന്നാണ്. ഇതിന് ജീവിതത്തിലെ ഭൂത-വർത്തമാനകാലങ്ങളെ നല്ലപോലെ പരിശോധിയ്ക്കണം. നിങ്ങളുടെ ജീവിതത്തിൽ മഹത്വപൂർണ്ണമായതെന്തെന്നും വ്യർത്ഥമായി തോന്നുന്നതെന്തെന്നും ശാശ്വതസത്യമായി നിങ്ങൾ കരുതുന്നതെന്തെന്നും ഏതു് സിദ്ധാന്തത്തിന്മേലാണ് ജീവിതത്തെ നിങ്ങൾ നിലനിർത്തുവാൻ ആഗ്രഹിയ്ക്കുന്നതെന്നും മററുമുള്ള പ്രശ്നങ്ങൾക്ക് മറുപടി കണ്ടുപിടിക്കേണ്ടിവരും. ഇവയെപ്പററി ചിന്തിച്ച് ഉറപ്പിച്ചാൽമാത്രം പോരാ, അവയെ ആധാരമാക്കി ജീവിയ്ക്കുകയുംകൂടി വേണം. അനുഷ്ഠിക്കുവാൻ കഴിയാത്ത ഒരു കാര്യത്തിൽ മനുഷ്യന്നു് വിശ്വാസമുണ്ടോ ഇല്ലയോ എന്നു് അറിയുക വിഷമമാകുന്നു. നിങ്ങളുടെ ജീവിതാദർശങ്ങൾ എന്തെന്നു് എനിയ്ക്കറിയാം. എന്നാൽ അവയെ അനുഷ്ഠിയ്ക്കുവാൻ തുടങ്ങുക. മനുഷ്യരെ സ്നേഹിയ്ക്കുകയും അങ്ങിനെ അവരുടെ സ്നേഹപാത്രങ്ങളായിത്തീരുകയും ചെയ്യണമെന്ന ആദർശത്തെ പ്രായോഗികമാക്കുവാൻ മൂന്നു് നിർദ്ദേശങ്ങളാണ് എൻെറ മുന്നിലുള്ളതു്. അവയെ നിങ്ങൾക്കും വേണമെങ്കിൽ സ്വീകരിയ്ക്കാം.

എല്ലാവരേയും സ്നേഹിയ്ക്കുന്നതിന്നും അവരുടെ സ്നേഹപാത്രമായിത്തീരുന്നതിന്നും ഒന്നാമതായി ചെയ്യേണ്ടതു് മററുള്ളവരിൽനിന്നു് കാര്യമായി യാതൊന്നും പ്രതീക്ഷി

ക്കാതിരിയ്ക്കുകയാണ്, അങ്ങിനെ പ്രതീക്ഷിയ്ക്കുന്ന പക്ഷം നിങ്ങൾക്ക് വളരെ നിരാശപ്പെടേണ്ടിവരും. അവരെ നിങ്ങൾക്ക് വേണ്ടതുപോലെ സ്നേഹിക്കുവാൻ സാദ്ധ്യമാവുകയില്ല മാത്രമല്ല അവരെ നിങ്ങൾ പ്രലോഭിപ്പിയ്ക്കുവാൻ തുടങ്ങുകയുംചെയ്യും. അങ്ങിനെ നിങ്ങൾക്ക് വളരെയധികം പുരോഗമിയ്ക്കാം.

രണ്ടാമതായി സ്നേഹപ്രകടനം വാക്കുകൊണ്ടല്ല നടത്തേണ്ടത്. പ്രവൃത്തികൊണ്ടാണ്. ഇതിന്ന് നിങ്ങൾ സേവനമനോഭാവമുള്ളവരായിത്തീരണം. മൂന്നാമതായി, നിഷ്കപടമായും വിനയത്തോടും പെരുമാറുകയാണെങ്കിൽ സർവ്വരേയും സ്നേഹിയ്ക്കുവാനും അവരുടെ സ്നേഹപാത്രമായിത്തീരുവാനും സാധിയ്ക്കും. ഇഷ്ടമില്ലാത്ത ആളുകളോടും വസ്തുക്കളോടും വിദ്വേഷം പാടില്ല. ആരേയും വേദനിപ്പിയ്ക്കാത്ത തരത്തിൽ പെരുമാറണം. ഇതു സാദ്ധ്യമല്ലെങ്കിൽ നിങ്ങൾ നിമിത്തം ആർക്കും അപമാനമുണ്ടാകാതിരുന്നാൽ മതി. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളെ സദാ അനുഷ്ഠിയ്ക്കുന്നതിന്ന് പ്രയത്നിയ്ക്കണം. എന്നാൽ നിങ്ങൾക്ക് സൌഖ്യം ലഭിയ്ക്കും. ദിനംപ്രതി താൻ എത്രത്തോളം അഭിവൃദ്ധിപ്പെട്ടുവരുന്നുണ്ടെന്ന് അറിയുന്നത് വളരെ രസകരമാണ്. അങ്ങിനെ ജനങ്ങൾ നിങ്ങളെ സ്നേഹിയ്ക്കുവാൻ തുടങ്ങുകയും ചെയ്യും.

അതിനാൽ സ്ത്രീപുരുഷന്മാരോട് എനിയ്ക്ക് പറയുവാനുള്ളതു് ഒന്നാമതായി നിങ്ങൾ സ്വന്തം ജീവിതത്തെക്കുറിച്ച് മനനം ചെയ്യണമെന്നാണ്. ഇതിൽ നിന്നാണ് നിങ്ങൾ ഒരേമാർഗ്ഗത്തിൽക്കൂടി പോകേണ്ടവരോ അല്ലാത്ത

വരോ എന്നു് തീച്ചപ്പെടുക. നിങ്ങളുടെ പ്രേമം യഥാൎത്ഥമാണെങ്കിൽ ഭാവിജീവിതത്തെ രൂപപ്പെടുത്തുന്നതിന്നുള്ള ഒരുക്കങ്ങൾ ചെയ്യണം ജീവിതോദ്ദേശം വിവാഹത്തിൽ നിന്നു ലഭിയ്ക്കുന്ന ഭംഗുരമായ സുഖമല്ലെന്നും നിൎമ്മലമായ പ്രേമഭാവനയോടുകൂടി ലോകസേവനം അനുഷ്ഠിക്കുകയാണെന്നും മനസ്സിലാക്കണം. ഭാൎയ്യാഭൎത്താക്കന്മാർ മഹത്തായ ഈ ഉദ്ദേശത്തിന്നു് പരസ്പരസഹകരണം നൽകണം.

'രണ്ടററങ്ങളും കൂട്ടിമുട്ടുന്നു' എന്ന ഒരു ചൊല്ലുണ്ടു്. ശാരീരികസുഖത്തിന്നുവേണ്ടി വിവാഹം ചെയ്യുന്നവരുടെ ജീവിതമാണു് ഏററവുമധികം സ്വാൎത്ഥപൂൎണ്ണവും അവാഞ്ഛനീയവുമായിട്ടുള്ളതു്. ഈശ്വരസേവനം നടത്തുന്നതിന്നും ലോകത്തിൽ സത്യത്തിൻേറയും പ്രേമത്തിൻേറയും പരിശുദ്ധസന്ദേശം പരത്തുന്നതിന്നും വേണ്ടി വിവാഹം ചെയ്യുന്നവരുടെ ജീവിതം അഭികാമ്യവും അഭിലഷണീയവുമാകുന്നു. യുവാക്കളെ! തെററു പ്രവൎത്തിയ്ക്കാതെ വിവേകത്തോടെ ജീവിയ്ക്കുക! പുറമെനിന്നു നോക്കുമ്പോൾ മാൎഗ്ഗങ്ങൾ രണ്ടും ഒന്നാണെന്നുതോന്നും. എന്നാൽ യഥാൎത്ഥത്തിൽ വ്യത്യസ്തങ്ങളാണു്. അതിനാൽ ശ്രേഷ്ഠമായ മാൎഗ്ഗത്തെത്തന്നെ സ്വീകരിയ്ക്കണം. ആ മാൎഗ്ഗത്തിൽക്കൂടി ദൃഢചിത്തതയോടുകൂടി മുന്നോട്ടു പോകണം. ലേശമെങ്ങാനും ദൌർബ്ബല്യം കാണിച്ചാൽ നമ്മുടെ സൎവ്വനേട്ടങ്ങളും വൃഥാവിലായിത്തീരും.

**വിവാഹം ചെയ്യുന്നതു് നല്ലപോലെ ആലോചിച്ചിട്ടുവേണം:**—സദാചാരപൂൎണ്ണമായ ജീവിതം നയിയ്ക്കുവാനാഗ്രഹിയ്ക്കുന്ന മദ്ധ്യവയസ്കരായ സ്ത്രീപുരുഷന്മാർ

വിവാഹം ചെയ്യേണ്ടതാകുന്നു. പ്രേമത്തിൻെറ ലഹരികൊണ്ടു് സർവ്വസ്വവും അവർ മറന്നുപോകരുത്. വിവാഹം ചെയ്യുന്നതു് നല്ലപോലെ ആലോചിച്ചിട്ടുവേണം. കാമസന്തൃപ്തിയ്ക്കുവേണ്ടിയായിരിയ്ക്കരുത് വിവാഹം ചെയ്യുന്നത്. തങ്ങൾ വിവാഹം കഴിയ്ക്കുവാൻ ആഗ്രഹിയ്ക്കുന്ന സ്ത്രീയോ പുരുഷനോ മനുഷ്യോചിതമായ ജീവിതം നയിയ്ക്കുന്നതിൽ എത്രത്തോളം സഹായകമാകുമോ വിഘ്നമാകുമോ എന്നെല്ലാം നോക്കണം ജീവിതനിർവ്വഹണം സാധിയ്ക്കുന്നതെങ്ങിനെ എന്നതിനെപ്പററിയായിരിയ്ക്കരുത് ചിന്ത. ഉദരപൂരണം ഒരു പ്രശ്നമല്ല.

**ആവശ്യമുള്ളപ്പോൾ വിവാഹം ചെയ്യുക:—** വിവാഹം ചെയ്യുന്നതിന്നുമുമ്പ് അവഗാഢമായി ചിന്തിക്കണം. നിഷ്ഠയോടുകൂടി ജീവിയ്ക്കുന്ന ഒരു മനുഷ്യന്നു് ഒരു സ്ത്രീയുമായി ബന്ധം സ്ഥാപിയ്ക്കുന്നതും വിവാഹബന്ധത്തിൽ ഏർപ്പെടുന്നതും അതിപ്രധാനമായ ഒരു പ്രശ്നമാകുന്നു. അതിനാൽ പരിണാമങ്ങളെപ്പററി വീണ്ടുവിചാരം ചെയ്യുന്നതു് ഒഴിച്ചുകൂടാത്തതാണ്. ആവശ്യമെന്നു് തോന്നുന്നപക്ഷം മാത്രമേ വിവാഹം ചെയ്യുകൂടൂ.

**മരണത്തെപ്പോലെ വിവാഹവും പ്രധാനമാണ്:—** ജീവിതത്തിലെ പ്രധാനസംഭവങ്ങളിൽ ഒന്നാമത്തേതു് മരണമാണ്. രണ്ടാംസ്ഥാനം വിവാഹത്തിന്നാണ് നൽകിയിരിയ്ക്കുന്നത്. പ്രാപ്തകാലത്തുള്ള മരണം എത്ര നല്ലതാണോ അത്രതന്നെ നല്ലതാണ് പ്രാപ്തകാലത്തുള്ള വിവാഹവും. അകാലമൃത്യുവും അകാലവിവാഹവും ഒരു

പോലെ ഫിത്തയാകുന്നു. ആവശ്യം വരുമ്പോൾ വിവാഹം ചെയ്യുന്നത് ഒരിയ്ക്കലും ഫിത്തയല്ല.

വിവാഹബന്ധത്തിൽനിന്നു് വിട്ടുനില്ക്കുവാനുള്ള സർവ്വ സാദ്ധ്യതകളും ഉണ്ടായിട്ടുകൂടി വിവാഹം ചെയ്യുന്നവർ കാൽ ഇടറാതെ നിലത്തു് വീണുകിടക്കുന്നവരെപ്പോലെയാണ്. വീഴുകയാണെങ്കിൽ അത് പൊറുക്കാം. എന്നാൽ കല്ലിച്ചുകൂട്ടി വീഴുന്നതെന്തിന്നു്?

**ജടിലമായ പ്രശ്നം:**—പുറമെനിന്നു കാണുന്നതുപോലെ അത്ര എളുപ്പമായ ഒരു പ്രശ്നമല്ല വിവാഹമെന്നതു്. പ്രേമത്തിൽ കുടുങ്ങുക എന്നാൽ പഥഭ്രഷ്ടമായിത്തീരുക എന്നത്ഥമാണ്. എന്നാൽ സിദ്ധാന്തപരമായ കാര്യങ്ങളെപ്പററിമാത്രം പറയുക എന്നത് അതിലും ഫിത്തയാകുന്നു. തനിയ്ക്കു് ലഭിയ്ക്കുന്ന പെൺകുട്ടിയെ കല്യാണം കഴിയ്ക്കണമെന്നും തൻെറ ഇഷ്ടമനുസരിച്ച് ഒരു പെൺകുട്ടിയെ തിരഞ്ഞെടുക്കരുതെന്നും പറയാറുണ്ട്. ഇതിൻെറ അത്ഥം മനുഷ്യൻ തൻെറ ഇഷ്ടത്തെ മാററിവെച്ച് മററുള്ളവരുടെ ആഗ്രഹത്തിന്നു് വഴങ്ങണമെന്നാണ്. ജടിലവും പാപപങ്കിലവുമായ പരിതസ്ഥിതിയിൽ നാം അവിവേകമായി യാതൊന്നും പ്രവത്തിച്ചുകൂടാ. പ്രസ്തുത പരിതസ്ഥിതിയെ തരണ ചെയ്യുവാൻവേണ്ടി നാം പരിശ്രമിക്കാതിരിയ്ക്കുകയും കത്തവ്യവിമുഖരായിത്തീരുകയും ചെയ്കയാണെങ്കിൽ അതിൻെറ താല്പര്യം മററുള്ളവരെ കഷ്ടപ്പെടുത്തുവാൻ ശ്രമിയ്ക്കുന്നു എന്നതാണ്. എന്നാൽ സങ്കല്പലോകത്തിൽമാത്രം വിഹരിയ്ക്കുന്ന മനുഷ്യൻ കുഴപ്പത്തിൽ ചെന്നുചാടുന്നു. അപ്രകാരംതന്നെ ആദം പ്രസംഗി

യ്യുന്നവർ അതിലും വലിയ കുഴപ്പത്തിൽ ചെന്നുചാടുന്നു. ജീവിതത്തിന്റെ ലക്ഷ്യമായി നാം വിവാഹത്തെ സ്വീകരിയ്ക്കരുത്. എന്നാൽ സത്യത്തിന്റെ മാർഗ്ഗത്തിൽക്കൂടി മുന്നോട്ടുപോകുക എന്നതായിരിയ്ക്കണം നമ്മുടെ ലക്ഷ്യം. പ്രസ്തുത മാർഗ്ഗത്തിൽക്കൂടി സഞ്ചരിയ്ക്കുന്നവർക്ക് വിവാഹം ഒരു പ്രശ്നമേ ആയിരിയ്ക്കുന്നതല്ല. അവർ തെററുചെയ്യുകയാകട്ടെ പാപപങ്കിലമായ ജീവിതം നയിയ്ക്കുകയാകട്ടെ ചെയ്യുന്നതല്ല.

**മഹത്തായ ഉദ്ദേശമൊന്നുമില്ലെങ്കിൽ:**—വിവാഹത്തെസംബന്ധിച്ച് പരമ്പരയായിട്ടുള്ള ഒരു ധാരണയുണ്ട്. 'സമ്പത്തില്ലാത്തവർ വിവാഹം ചെയ്യുകയാണെങ്കിൽ കുട്ടികൾ വർദ്ധിയ്ക്കുന്തോറും ദാരിദ്ര്യം കൂടുതലാവുകയും ഒന്നു രണ്ടു കൊല്ലത്തിന്നുള്ളിൽ ദമ്പതികൾക്ക് ജീവിതം മടുക്കുവാൻ തുടങ്ങുകയും ചെയ്യും. പത്തുകൊല്ലത്തിന്നുള്ളിൽ ഭാര്യാഭർത്താക്കന്മാർ തമ്മിൽ ഭയങ്കരമായ കലഹമുണ്ടായി ജീവിതം നരകപ്രായമായിത്തീരും'. വിവാഹിതരാവുന്നവർക്ക് പ്രത്യേകലക്ഷ്യമില്ലെങ്കിൽ മേൽപ്പറഞ്ഞ വിശ്വാസം വാസ്തവമായി പരിണമിയ്ക്കുമെന്നതു് തീർച്ചയാണ്. എന്നാൽ വിവാഹത്തിന്റെ പിന്നിൽ മഹത്തായ വല്ല ഉദ്ദേശവുമുണ്ടെങ്കിലാകട്ടെ പ്രസ്തുത വിശ്വാസം തെററാണെന്നു് തെളിയുന്നതുമാണ്. ജീവിതത്തിന്നു് യാതൊരു ലക്ഷ്യവും ഇല്ലെങ്കിൽ വിവാഹജീവിതം ദുഃഖപൂർണ്ണമായി പരിണമിയ്ക്കുന്നു.

**ഹൃദയപരിശോധന ചെയ്യുക:**—നിങ്ങൾ രണ്ടുപേരും രണ്ടുതരം ബന്ധനങ്ങളിൽ അകപ്പെട്ടിരിയ്ക്കുന്നു.

സ്വന്തം സമാനമായ വിശ്വാസങ്ങളുടെ ബന്ധനമാണ് ഒന്ന്. മറേറതു് പ്രേമത്തിൻെറ ബന്ധനവും. എൻെറ അഭിപ്രായത്തിൽ ഇവയിൽ ഒരു ബന്ധനം മാത്രം മതി. യഥാൎത്ഥ ബന്ധനം നിൎമ്മലപ്രേമത്തിൻെറതായിരിയ്ക്കണം. നിൎമ്മല പ്രേമത്തിൽനിന്നു് വിഷയവാസനകൂടി ഉൽഭൂതമാവുകയാണെങ്കിൽ അതു് ഒരു തെററല്ല. പ്രേമബന്ധം കൂടുതൽ ദൃഢമായിത്തീരും. എന്നാൽ ലൈംഗികപ്രേമം മാത്രമാണെങ്കിൽ അതു് അഭിലഷണീയമല്ല. എന്നാലും അതിനെ അത്രമാത്രം മോശമാണെന്നു പറഞ്ഞുകൂടാ. വളരെ ശ്രമിയ്ക്കുന്നപക്ഷം ജീവിതശകടത്തെ അതിൻെറ മാൎഗ്ഗത്തിൽ കൂടി തെളിച്ചുകൊണ്ടുപോകാം. എന്നാൽ പ്രേമം നിൎമ്മലവും ഐന്ദ്രികവുമല്ലെങ്കിൽ, കേവലം പുറംപൂച്ചു് മാത്രമാണെങ്കിൽ സ്ഥിതിവളരെ വഷളായിത്തീരും. അതിനാൽ മനുഷ്യൻ അവൻെറ ഹൃദയത്തെ നല്ലപോലെ പരിശോധിച്ചു് അതിൽ കുടികൊള്ളുന്നതു് ഏതുതരം ഭാവനയാണെന്നറിയണം.

**നോവലുകളുടെ തുടക്കവും അവസാനവും:—** മിക്കനോവലുകളും അവസാനിയ്ക്കുന്നതു് നായികാനായകന്മാരുടെ വിവാഹത്തിലാണു്. എന്നാൽ വാസ്തവത്തിൽ വേണ്ടതു് തുടക്കം വിവാഹത്തിൽനിന്നും അവസാനം ബ്രഹ്മചര്യത്തിലുമായിരിയ്ക്കണം. മനുഷ്യജീവിതത്തിൻെറ വൎണ്ണന ആരംഭിച്ചു് വിവാഹത്തിൽ കൊണ്ടുപോയി അവസാനിപ്പിയ്ക്കുന്നതു് ഒരു യാത്രയെപ്പററി വിവരണം ആരംഭിയ്ക്കുകയും എന്നാൽ യാത്രക്കാരൻ കള്ളന്മാരുടെ കയ്യിൽ അകപ്പെട്ട സന്ദൎഭത്തിൽവെച്ചു് പെട്ടെന്നു് അവസാനിപ്പിയ്ക്കുകയും ചെയ്യുന്നതുപോലെയാകുന്നു.

ബൈബിളിൽ വിവാഹത്തെപ്പററി യാതൊന്നും പറഞ്ഞിട്ടില്ല. ദുരാചാരത്തേയും ആഡംബരത്തേയും അതിൽ നിന്ദിച്ചിട്ടുണ്ട്. വിവാഹമോചനത്തെ നിരോധിച്ചിട്ടുണ്ട് വിവാഹനിയമങ്ങളെപ്പററി അതിൽ യാതൊന്നും പറഞ്ഞിട്ടില്ല. പാതിരിമാർ മാത്രമേ ഉണ്ടെന്നു പറയുന്നുള്ളൂ.

**വിവാഹം പാപമാണോ?**—എൻെറ അഭിപ്രായത്തിൽ വിവാഹവിധി അക്രൈസ്തവമാണെന്നാണ്. ക്രിസ്തുദേവൻ ഒരിയ്ക്കലും വിവാഹം ചെയ്തിട്ടില്ല. അദ്ദേഹത്തിൻെറ ശിഷ്യന്മാരും വിവാഹിതരായിരുന്നില്ല. വിവാഹിതരോട് അദ്ദേഹം പറഞ്ഞിട്ടുള്ളത് വിവാഹമോചനം ചെയ്യരുതെന്നാണ്. മൂസ അതിനിപ്രകാരമാണ് അനുമതി നൽകീട്ട്. ള്ളത്:—'കഴിയുന്നേടത്തോളം വിവാഹം ചെയ്യാതിരിയ്ക്കുക.' വിവാഹിതരോടും അവിവാഹിതരോടും അദ്ദേഹം സ്ത്രീകളെ ഭോഗോപകരണമായി കരുതുന്നത് പാപമാണെന്നു ഉപദേശിച്ചിട്ടുണ്ട്. ഇതു് സ്ത്രീകൾക്കും ബാധകമാണെന്ന് പറയേണ്ടതില്ലല്ലോ.

പ്രസ്തുത പ്രവചനങ്ങളെ അടിസ്ഥാനമാക്കിനോക്കുന്ന പക്ഷം നമ്മൾ താഴെപറയുന്ന തീരുമാനത്തിൽ എത്തിച്ചേരുന്നു:—

'സാധാരണ ജനങ്ങൾ കരുതുന്നതുപോലെ ഓരോ സ്ത്രീയ്ക്കും പുരുഷനും വിവാഹം അത്യന്താപേക്ഷിതമാണെന്ന് ധരിയ്ക്കുന്നതു് തെററാണ്. നേരെമറിച്ച് സ്ത്രീപുരുഷന്മാർ പരിശുദ്ധിയോടുകൂടി ജീവിക്കുന്നതാണ് ഉത്തമമാമെന്ന് കരുതണം. അപ്രകാരം അവരുടെ മുഴുവൻ കഴിവുകളും ഈശപ

രസേവനത്തിന്നു വേണ്ടി അപ്പിയ്ക്കുന്നതിന്ന് യാതൊരു തടസ്ഥവുമുണ്ടാകുന്നില്ല.

സ്ത്രീപുരുഷന്മാർ തമ്മിലുള്ള ശാരീരികബന്ധം ഒരു തെററല്ല. വിവാഹത്തിന്നുശേഷം അത് ശരിയായിത്തീരും. എന്നാൽ പരസ്ത്രീയുമായോ അന്യപുരുഷനുമായോ ബന്ധമുണ്ടാവുകയാണെങ്കിൽ ദമ്പതികൾ പ്രായശ്ചിത്തമായി തങ്ങളുടെ കത്തവ്യപാലനംചെയ്ത് ജീവിയ്ക്കണം. ഇന്നു കരുതുന്നതുപോലെ വിവാഹത്തെ വിഷയസുഖത്തിന്നുള്ള ഒരുപകരണമായി വിചാരിയ്ക്കരുത്. അത് ഒരു പാപകമ്മമാണെന്ന് കരുതണം. അതിൽനിന്ന് മോചനം ലഭിയ്ക്കുവാൻ പ്രയത്നിയ്ക്കുകയും വേണം. ഈ പാപത്തിൽനിന്ന് വിമുക്തിനേടുവാനുള്ള വഴി ഭാര്യാഭത്താക്കന്മാർ വികാരരഹിതരായി ജീവിയ്ക്കുകയാണ്. അവർ ഭാര്യാഭത്തൃബന്ധത്തെ ഉപേക്ഷിച്ച് സഹോദരബന്ധത്തിൽ വത്തിയ്ക്കുവാൻ കഴിയുന്നതും ശ്രമിക്കേണ്ടതാണ്. രണ്ടാമതായി അവർ തങ്ങളുടെ സന്താനങ്ങളെ വേണ്ടപോലെ നോക്കി വളത്തണം.

മേൽപ്പറഞ്ഞ ചിന്താഗതിയും ഇന്നു സമുദായത്തിൽ വിവാഹത്തെ സംബന്ധിച്ച് പ്രചലിതമായ ധാരണയും തമ്മിൽ വളരെ അന്തരമുണ്ട്. വിവാഹകമ്മം സമുദായത്തിൽ സവ്വസാധാരണമായി നടന്നുകൊണ്ടിരിയ്ക്കുമെങ്കിലും. അതിൻെറ ഉദ്ദേശമൊന്ന് ആകപ്പാടെ മാറുന്നപക്ഷം വലിയ പരിവത്തനമുണ്ടാകും. അപ്പോൾ വിവാഹമെന്നത് വിഷയസുഖപ്രാപ്തിയ്ക്കുള്ള ഉപകരണമായിരിയ്ക്കുകയില്ല; പ്രത്യുത ഒരു പാപമായി എണ്ണപ്പെടും. ക്രൈസ്തവസിദ്ധാ

ന്തങ്ങളെ അനുവത്തിച്ച ജീവിയ്ക്കുന്ന ഒരാൾ അത്യന്താപേക്ഷിതമായിത്തീരുമ്പോൾ മാത്രമേ വിവാഹം ചെയ്യുകയുള്ളൂ. വിവാഹത്തിന്നുശേഷം വിഷയസുഖങ്ങളിൽ ഏർപ്പെട്ടാതെ ആയാൾ വികാരങ്ങളെ ദമനംചെയ്യുവാൻ പരിശ്രമിയ്ക്കും. മാതാപിതാക്കൾ അവരുടെ കുട്ടികളുടെ ആദ്ധ്യാത്മികമായ ഉയൎച്ച്യയെ മാത്രമേ കണക്കാക്കുകയുള്ളൂ. വിവാഹം ആവശ്യമാണെന്നു് കരുതുകയില്ല. അതായതു് അവരെ അധഃപതിപ്പിയ്ക്കുവാൻവേണ്ടി യാതൊന്നും ചെയ്യുന്നതല്ല. എന്നാൽ വിവാഹംചെയ്യാതെ പരിശുദ്ധജീവിതം നയിയ്ക്കുവാൻ അവർക്കു് സാദ്ധ്യമല്ലെന്നു് കാണുമ്പോൾമാത്രമേ അവരെ വിവാഹബന്ധത്തിൽ പെടുത്തുകയുള്ളൂ. വിവാഹിതരായ സ്ത്രീപുരുഷന്മാർ വളരെ സന്താനങ്ങളെ ഉൽപ്പാദിപ്പിയ്ക്കുവാൻ ആഗ്രഹിയ്ക്കുകയില്ല. കുറച്ചുമാത്രം കുട്ടികളെക്കൊണ്ടു് അവർ സംതൃപ്തരാവുകയും അങ്ങിനെ പരിശുദ്ധജീവിതം നയിയ്ക്കുകയും ചെയ്യുന്നതാണു്. അവർ തങ്ങളുടെ മുഴുവൻ കഴിവുകളും സ്വന്തംകുട്ടികളുടേയും അന്യരുടെ കുട്ടികളുടേയും നന്മയ്ക്കുവേണ്ടി വിനിയോഗിയ്ക്കുകയും അങ്ങിനെ അവരെ ഭാവിയിലേയ്ക്കുള്ള ഈശ്വരസേവകന്മാരായി സൃഷ്ടിച്ചുവിടുകയും ചെയ്യുന്നു.

ജീവിയ്ക്കുന്നതിന്നുവേണ്ടി ഭക്ഷിയ്ക്കുന്നവരും ഭക്ഷിയ്ക്കുവാൻവേണ്ടി ജീവിയ്ക്കുന്നവരും തമ്മിലുള്ള വ്യത്യാസംപോലെയാണ് മേൽപ്പറഞ്ഞവർ തമ്മിലുള്ള വ്യത്യാസവും. ആദ്യത്തെവർ ആവശ്യമുള്ള ഭക്ഷണം കഴിയ്ക്കുന്നു. ഭക്ഷണം പാകം ചെയ്യുന്നതിന്നും അതു് കഴിയ്ക്കുന്നതിന്നും ഏറ്റവും ചുരുങ്ങിയ സമയം മതി അവർക്കു്. എന്നാൽ

രണ്ടാമത്തെ കൂട്ടർ നാനാവിധത്തിലുള്ള വിഭവങ്ങൾ തെയ്യാറാക്കുകയും തന്റെ വിശപ്പ് വർദ്ധിപ്പിച്ച് വയർ വല്ലാതെ നിറയ്ക്കുകയും ചെയ്യുന്നതിന്ന് മുഴുവൻ സമയവും ചിലവാക്കുന്നു. റോമിൽ ഒരു വർഗ്ഗക്കാർ ഉണ്ടായിരുന്നുവത്രെ, ഭക്ഷണാനന്തരം അവർ ഛർദ്ദിയ്ക്കുവാൻ മരുന്നു കഴിയ്ക്കുന്നു. കൂടുതൽ ഭക്ഷിയ്ക്കുവാനാണ് ഇങ്ങിനെ ചെയ്യുന്നതു്. ഇവരെപ്പോലെയാണ് മേൽപ്പറഞ്ഞവർ.

**ക്രിസ്തുമതത്തിൽ വിവാഹമില്ല:**—ക്രിസ്തുമതത്തിൽ വിവാഹമില്ല. സമ്പത്ത് കൂട്ടിവെയ്ക്കുന്നതിന്നും സ്ഥാനമില്ല. എന്നാൽ ബാഹ്യാചരണങ്ങൾക്കനുസരിച്ചു നോക്കുമ്പോൾ ഇവ രണ്ടും നിഷിദ്ധമല്ല സമ്പത്തിനെപ്പററി ഒരു ക്രൈസ്തവൻ ഇപ്രകാരം വിശ്വസിയ്ക്കുന്നു: 'എന്റെ കോട്ട് ഞാൻ എന്റെയാണെന്ന് കരുതുന്നുണ്ടെങ്കിലും ആരെങ്കിലും അത് ആവശ്യപ്പെടുകയാണെങ്കിൽ ഉടൻതന്നെ അത് ആയാൾക്ക് കൊടുക്കണം.' വിവാഹത്തെപ്പററി ആയാളുടെ അഭിപ്രായമിതാണ്. 'വിവാഹബന്ധനം അഭേദ്യമാകുന്നു. വിവാഹത്തിനുശേഷം പത്നിയൊന്നിച്ച് രണ്ട് കാര്യങ്ങളാണ് നിർവ്വഹിയ്ക്കുവാനുള്ളത്. ഒന്നാമതായി കുട്ടികളെ സുശിക്ഷിതരും സുസംസ്കൃതരുമാക്കിത്തീർക്കുകയാണ്. രണ്ടാമതായി കഴിയുന്നേടത്തോളം, വികാരങ്ങളെ ദമനംചെയ്ത് ശാരീരികമായ ബന്ധത്തിന്ന് പകരം ആദ്ധ്യാത്മികബന്ധത്തിൽ ഏർപ്പെടുകയാണ്. വിഷയാനുഭവം പാപമാണെന്നും അധഃപതനമാണെന്നും ഒരു സ്ത്രീയുമായി ചെയ്ത പാപാചരണം മറെറാരു സ്ത്രീയെ വിവാഹം ചെയ്തതുകൊണ്ട് തീരുകയില്ലെന്നും എന്നാൽ ആദ്യത്തെ സ്ത്രീയുമായി അതേ

ദ്ദ്യമായ. വിവാഹബന്ധം സ്ഥാപിയ്ക്കുന്നതുകൊണ്ടു മാത്രമേ തീരുകയുള്ളുവെന്നും അങ്ങിനെ മാത്രമേ മനുഷ്യവംശത്തിൽ സംയമനശീലം വളൎന്നുവരികയുള്ളുവെന്നും നാം മനസ്സിലാക്കേണ്ടിയിരിയ്ക്കുന്നു.

**പ്രേമവും വിവാഹവും:**—വിവാഹിതരുടെ ആചാരങ്ങളെപ്പററി നിൎദ്ദേശിയ്ക്കുന്നുണ്ടെങ്കിലും ഞാൻ പ്രസ്തുത നിൎദ്ദേശങ്ങളെ അനുവൎത്തിയ്ക്കുന്നുണ്ടെന്നു് അതിന്നൎത്ഥമില്ല. എന്നാൽ അനുഭവത്തിൽനിന്നു് എനിയ്ക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്, ഏതു് പ്രകാരത്തിലുള്ള ജീവിതമാണ് നയിക്കേണ്ടതെന്നു്. ഇതുവരേയുണ്ടായിരുന്ന എന്റെ ജീവിതക്രമങ്ങൾ മാററിത്തീൎക്കണമെന്നു് ഞാൻ കരുതുകയും ചെയ്യുന്നു.

ഞാൻ പറഞ്ഞതു് മുഴുവൻ യഥാൎത്ഥമാണ്. അതിൽ യാതൊരു ഭേദഗതിയും വരുത്തുവാൻ തെയ്യാറില്ല. മാത്രമല്ല അതിനെ ആവൎത്തിച്ചുറപ്പിയ്ക്കുക മാത്രമെ ചെയ്യുന്നുള്ളു. പ്രസ്തുത സംഗതികളെ കുറേക്കൂടി വ്യക്തമായി ധരിക്കേണ്ടതുണ്ടു്. എന്തെന്നാൽ ക്രിസ്തു നിൎദ്ദേശിച്ച മാൎഗ്ഗത്തിൽ നിന്നു് തീരെ വിഭിന്നമായ ഒരു ജീവിതക്രമമാണ് നമ്മുടേതു്. സത്യാവസ്ഥ എന്താണെന്നു് പറയുമ്പോൾ നമ്മൾ ഞെട്ടിപ്പോകുന്നു. സ്വന്തം അനുഭവങ്ങളിൽനിന്നാണ് ഞാനിതു പറയുന്നതു്. ധനികനായ ഒരു വണിക്കു് സ്വന്തം കുടുംബത്തിന്നു് പണം ശേഖരിച്ചുവെയ്ക്കുന്നതു് പാപമാണെന്നു് കേൾക്കുമ്പോൾ അമ്പരക്കുന്നതുപോലെയാണ് ഇതുകേൾക്കുന്ന നമ്മളും ഞെട്ടുന്നതു്. ഇതു സംബന്ധിച്ചു് എന്റെ അഭിപ്രായങ്ങളെ ഞാൻ വ്യക്തമാക്കാം.

അവിവാഹിതരായ സ്ത്രീപുരുഷന്മാരിൽ പ്രേമസങ്കല്പം ശക്തിപ്പെടുമ്പോഴാണ് വിവാഹമുണ്ടാകുന്നത്. വിവാഹത്തിന്നുശേഷം കുട്ടികളുണ്ടാകുന്നു. സ്ത്രീ ഗർഭം ധരിയ്ക്കുകയും കാമവികാരം മന്ദീഭവിയ്ക്കുകയും ചെയ്യുന്നു. ഗർഭകാലത്ത് മൃഗങ്ങൾ സംഭോഗം ചെയ്യുന്നില്ല അപ്രകാരംതന്നെ മനുഷ്യനും സംഭോഗത്തെ വർജ്ജിയ്ക്കുകയാണെങ്കിൽ വളരെ നന്ന്. കാമവികാരം മന്ദീഭവിയ്ക്കുമ്പോൾ വാത്സല്യഭാവമുണ്ടാകുന്നു. കുട്ടി മുലകുടിച്ചുകൊണ്ടിരിയ്ക്കുന്ന കാലംവരെ ഈ വികാരം നിലകൊള്ളുന്നു. കുട്ടിയുടെ മുലകുടി മാറിയാൽ വീണ്ടും കാമവികാരം ഉൽപ്പന്നമാകുന്നു. മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യാസമാണിത്.

ഇതാണ് പ്രകൃതിനിയമം. ഇങ്ങിനെത്തന്നെയാണ് വേണ്ടതും ഇതിന്നു കാരണമുണ്ട്. ഒന്നാമത് സ്ത്രീ ഗർഭവതിയാകുമ്പോൾ സംഭോഗംചെയ്യുന്നത് ചീത്തയാണ്. വെറും കാമവികാരംകൊണ്ട് അങ്ങിനെ ചെയ്യുന്നതു് പ്രകൃതിവിരുദ്ധവും ലജ്ജാകരവുമാണെന്ന് നാം മനസ്സിലാക്കണം. ഗർഭാവസ്ഥയിൽ ഭാര്യയെ പ്രാപിയ്ക്കുന്ന പുരുഷൻ മൃഗത്തേക്കാൾ അധഃപതിച്ചവനാകുന്നു. എന്തെന്നാൽ അവൻ സാധാരണ പ്രകൃതിനിയമങ്ങളെപ്പോലും ലംഘിയ്ക്കുന്നു. രണ്ടാമതായി വിഷയാനുഭവംകൊണ്ടു് മനുഷ്യന്റെ ശക്തി ക്ഷയിയ്ക്കുന്നു. ഏററവുമധികം ക്ഷയിയ്ക്കുന്നതു് അവന്റെ ആദ്ധ്യാത്മികശക്തിയാണ്. വിഷയാനുഭവങ്ങളെ അനുകൂലിക്കുന്നവർ പറയും, ജീവിതത്തെ ക്രമീകരിക്കുന്നത് നല്ലതാണെന്ന്. എന്നാൽ മനുഷ്യൻ സാധാരണ പ്രാകൃതിക നിയമങ്ങളെപ്പോലും ലംഘിയ്ക്കുകയാണെങ്കിൽ ജീവിതത്തെ

എങ്ങിനെ ക്രമീകരിയ്ക്കുവാൻ കഴിയും? ജീവിതത്തിലെ സംയമനശീലംകൊണ്ട് പുരുഷന്നു് ശാരീരികവും മാനസികവുമായ ക്ഷതി സംഭവിയ്ക്കുമത്രെ! എന്നാൽ ഗർഭവതിയായ ഒരു സ്ത്രീക്കു് അസംയമിതമായ ജീവിതം വളരെ ദോഷങ്ങൾ ചെയ്യുമെന്നു് നമ്മൾ വിസ്മരിയ്ക്കരുതു്.

സ്ത്രീകൾ പിന്നണിയിൽ നില്ക്കുന്നതും അവരിൽ പിറുപിറുക്കുന്ന സ്വഭാവമുണ്ടാകുന്നതും ഇത്തരം പ്രവൃത്തികൾകൊണ്ടാണെന്നു് ഞാൻ വിശ്വസിയ്ക്കുന്നു. സ്ത്രീകളെ പുരുഷന്മാൎക്ക് തുല്യരാക്കുന്നതിന്നും യഥാൎത്ഥ ഈശ്വരസേവികകളാക്കിത്തീൎക്കുന്നതിന്നും പ്രസ്തുത അനാചാരത്തിൽനിന്നു് അവരെ മോചിപ്പിച്ചേതീരൂ. വിദൂരമായ ഒരു ആദൎശമാണിതു്. എങ്കിലും മഹത്തായതാണ്. മനുഷ്യൻ ഇതിന്നുവേണ്ടി ശ്രമിക്കാത്തതെന്തുകൊണ്ടാണു്?

വിവാഹത്തെ സംബന്ധിച്ച എന്റെ സങ്കല്പചിത്രം താഴെ പറയുംപ്രകാരമാകുന്നു:—യുവതീയുവാക്കന്മാർ തമ്മിൽ പ്രേമബന്ധത്തിൽ ഏൎപ്പെടുകയും അവൎക്ക് വിട്ടുജീവിയ്ക്കുവാൻ കഴിവില്ലെങ്കിൽ വിവാഹം ചെയ്യുകയും വേണം. ഗൎഭോല്പാദനം സംഭവിച്ചാൽ സംഭോഗത്തിൽനിന്നു് വിരമിച്ച് ജീവിയ്ക്കണം. ഈ ദശയിൽ പരസ്പരം ആകൎഷിക്കത്തക്ക പ്രവൃത്തികൾ രണ്ടുപേരും ചെയ്യരുതു്. സഹോദരബന്ധത്തിൽ വൎത്തിയ്ക്കുകയാണു് വേണ്ടതു്. ഇന്നു് കാമലോലുപനായ ഭൎത്താവു് തന്റെ ദുസ്സ്വഭാവങ്ങളെ ഭാൎയ്യയിലും കുത്തിവെയ്ക്കുന്നു. അവളേയും വിഷയാസക്തയാക്കിത്തീൎക്കുന്നു. തൽഫലമായി ഭാൎയ്യക്കു് ഒരേസമയത്തുതന്നെ വിഷയാസക്തയും മാതാവും രോഗിയും ദുസ്സ്വഭാവിയുമായി

ത്തീരേണ്ടിവരുന്നു. ഭർത്താവ് പ്രേമിക എന്ന നിലയ്ക്കാണ്, ഭാര്യയെ സ്നേഹിയ്ക്കുന്നതു്. മാതാവെന്നനിലയ്ക്ക് അവളെ ബഹിഷ്കരിയ്ക്കുന്നു. രോഗിയും സ്വഭാവദുഷ്യമുള്ളവളുമെന്നനിലയ്ക്കു് അവളെ വെറുക്കുകയും ചെയ്യുന്നു. എന്നാൽ അവളെ രോഗിയും ദുസ്സ്വഭാവയുമാക്കിത്തീർത്തതു് ആയാളം തന്നേയാണ്. അധികം കുടുംബങ്ങളിലും കാണുന്ന ഒരു ദയനീയ സ്ഥിതിയാണിതു്. അതിനാലാണു് ഭാര്യാഭർത്താക്കന്മാർ സഹോദരബന്ധത്തിൽ വർത്തിക്കണമെന്നു് ഞാൻ പറയുന്നതു്. ഭാര്യ കുട്ടികളെ വളർത്തുകയും അവക്കു വേണ്ട നൈതികശിക്ഷണം നൽകുകയും ചെയ്യുന്നു. കുട്ടി വലുതായി മുലകുടി മാററിയാൽ വീണ്ടും ഭാര്യാഭർത്താക്കന്മാർ സംയോജിയ്ക്കുകയും അവരുടെ ജീവിതം ശാന്തമായിത്തീരുകയും ചെയ്യുന്നു.

പ്രേമത്തിൻെറ ആവേഗം എഞ്ചിനിലുള്ള നീരാവിപോലെയാണ്. അങ്ങ് ഒതുക്കിനിർത്തപ്പെടുന്നു. നീരാവി കൂടുതൽ നിറയുമ്പോറം സ്വാഭാവികമായി എഞ്ചിൻെറ സേഫ്ടിവാറംവ് തുറക്കപ്പെടുകയും നീരാവിയ്ക്കു പുറത്തു പോകാനുള്ള വഴിയുണ്ടാക്കികൊടുക്കുകയും ചെയ്യുന്നു. അല്ലാത്തപക്ഷം പ്രസ്തുതനീരാവി എഞ്ചിനെപ്പോലും തകർത്തുകളയും. അപ്രകാരംതന്നെ പ്രേമാവേശം ശക്തിമത്തായിത്തീരുമ്പോറം അതിന്നു് ബഹിർഗ്ഗമിയ്ക്കുവാനുള്ള മാർഗ്ഗം മനുഷ്യൻ ഉണ്ടാക്കികൊടുക്കണം. അല്ലാത്തപക്ഷം അതിനെ നിയന്ത്രിച്ചുനിർത്തണം. നീരാവി കണക്കിലേറെ നിറയുമ്പോറം മാത്രമേ എഞ്ചിനുൻെറ വാറംവ് തുറക്കുന്നുള്ളു. അതുവരേ അതു് ഒതുക്കി നിർത്തപ്പെടുന്നു. അപ്രകാരംതന്നെ

പ്രേമത്തിൻെറ വാൾവും ഒരു പരിധിവരെ അടഞ്ഞിരിയ്ക്ക ണം. 'നിയന്ത്രിയ്ക്കുവാൻ സാധിയ്ക്കുന്നവർ നിയന്ത്രിയ്ക്കട്ടെ.' എന്ന ബൈബിൾ വാക്യത്തിൻെറ ആശയം ഇതാണെന്നു ഞാൻ കരുതുന്നു. അതായത് ഓരോ മനുഷ്യനും അവിവാ ഹിതനായി ജീവിയ്ക്കുവാൻ പരിശ്രമിക്കണം. എന്നാൽ വിവാഹത്തിന്നുശേഷം ഭാര്യയോട്ട് സഹോദരബന്ധത്തിൽ വർത്തിയ്ക്കുകയും വേണം. നീരാവി കണക്കിലേറെ നിറയു മ്പോൾ വാൾവ് സ്വയം തുറന്നുകൊള്ളും. എന്നാൽ നാം ചെന്നു് തുറക്കരുതെന്നുമാത്രം. വിഷയാനുഭവത്തെ ആനന്ദ പ്രദമായി കരുതുന്നമനുഷ്യൻ ചെയ്യുന്നത് മേൽപ്പറഞ്ഞ രീതിയിലാണു്. എന്നാൽ പ്രേമത്തിൻെറ ആഃവഗം ശക്തിമത്തായിത്തീരുമ്പോൾ അതിന്നു് ബഹിർഗ്ഗമിയ്ക്കുന്ന തിന്നുള്ള മാർഗ്ഗംനൽകുന്നതു് ക്ഷമ്യമാകുന്നു എന്നാൽ തൻെറ ആവേഗത്തെ തടുക്കാൻ തനിയ്ക്കു് സാധിയ്ക്കുകയി ല്ലെന്നു് മനുഷ്യന്നു് എങ്ങിനെയാണു് അനുഭവപ്പെടുന്നതു്? ഇത്തരം വളരെ പ്രശ്നങ്ങളുണ്ടു്. ഇതിന്നു് സമാധാനം കണ്ടു പിടിയ്ക്കുവാൻ വ്യക്തിതന്നെത്താൻ പരിശ്രമിക്കണം. മററു ള്ളവരെ ആശ്രയിക്കരുതു്. ഒരു പരിധിവരെ മാത്രമേ നമു ക്കു് അന്യനെ അവലംബിച്ചിരിയ്ക്കുവാൻ സാധിക്കൂ. വൃദ്ധ നായ ഒരാൾ വേശ്യകളെ പ്രാപിയ്ക്കുയാണെങ്കിൽ ലോകം ആയാളെ വെറുക്കുന്നു. എന്നാൽ ഒരു ചെറുപ്പക്കാരൻ അങ്ങിനെ ചെയ്യുന്നത് സമുദായത്തിൻെറ കണ്ണിൽ അത്ര വലിയ തെററല്ല. ഒരു വൃദ്ധൻ തൻെറ ഭാര്യയുമായി കാമ ചേഷ്ടകൾ നടത്തുന്നതു് വെറുക്കപ്പെടുന്നു. എന്നാൽ ഒരു യുവാവ് വേശ്യയുമായി അത്തരം ചേഷ്ടകൾ നടത്തുകയാ

ണെങ്കിൽ അതിന്നു വലിയകുററം കാണുന്നില്ല. തന്റെ ഭാര്യയുമായി കാമചേഷ്ട നടത്തുന്ന ഒരു യുവാവിനെ സമുദായം അത്രയും നിന്ദിയ്ക്കുന്നില്ല. മാത്രമല്ല പ്രശംസിയ്ക്കുന്നു. മററുള്ളവരുടെ മാനദണ്ഡമാണിത്. നാമെല്ലാവരും ഈ അഭിപ്രായത്തെ സ്വീകരിയ്ക്കുകയും ചെയ്യുന്നു. പ്രത്യേകമായി നിർദ്ദോഷികളായ കുട്ടികളുടേയും യുവാക്കളുടേയും കാര്യത്തിൽ. എന്നാൽ സ്വന്തം അളവുകോൽ വ്യത്യസ്തമാണു്. ഉത്തേജകമായ പരിതസ്ഥിതിയുടെ പ്രേരണയാൽ ഓരോ യുവാവിന്റെയും യുവതിയുടേയും അന്തരാത്മാവിന്റെ ആഹ്വാനം അമർത്തപ്പെടുന്നുവെങ്കിലും പരിശുദ്ധി എന്നതു ആമൂല്യമായ ഒരു സമ്പത്താണെന്ന് അവർക്കു് അനുഭവപ്പെടുന്നുണ്ടായിരിയ്ക്കണം. പ്രസ്തുതസമ്പത്തിനെ രക്ഷിയ്ക്കണമെന്നും അതിന്റെ അഭാവം അവരിൽ ദുഃഖവും അസംതൃപ്തിയും വളർത്തുമെന്നും ഏതെങ്കിലും സന്ദർഭത്തിൽ അവക്കു് ബോദ്ധ്യപ്പെട്ടിട്ടുണ്ടായിരിയ്ക്കണം. പാപകർമ്മം ചെയ്യുന്നതിന്നു് മുമ്പും പിമ്പും അതു് ചീത്തയാണെന്നു് അന്തരാത്മാവു് പറയാതിരിയ്ക്കുകയില്ല.

എഞ്ചിന്റെ സേഫ്ടിവാൾവ് തുറന്നു് നീരാവിയെ പുറത്തുവിടുന്നതുപോലെ വിഷയാനുഭവം ഉത്തമമായ ഒരു വസ്തുവാണെന്നു് ലോകം വിശ്വസിയ്ക്കുന്നു. എന്നാൽ സത്യത്തിന്റെ മാർഗ്ഗത്തിൽക്കൂടി ജീവിതയാത്രയെ സഞ്ചാലനം ചെയ്യുകയും ഈശ്വരാർപ്പണമായി ജീവിയ്ക്കുകയും ചെയ്യുന്നതാണ് ശ്രേഷ്ഠതരമായതെന്നു് ഐശ്വരജീവിതത്തിന്റെ അനശ്വരനിയമങ്ങൾ സിദ്ധാന്തിയ്ക്കുന്നു. അതായതു് മനുഷ്യൻ തന്റെ സഹയാത്രികരായ സർവ്വമനുഷ്യരേയും

സ്നേഹിയ്ക്കുകയും തന്റെ ബന്ധുക്കൾക്കും ധമ്മദാരങ്ങൾക്കും സ്നേഹത്തെ കാഴ്ചവെയ്ക്കുകയും സത്യമാഗ്ഗത്തെ അനുവത്തിയ്ക്കുന്നതിന്നു് അങ്ങിനെ അവരെ സഹായിയ്ക്കുകയും വിഷയാസക്തിയിൽ തന്റെ ആത്മീയശക്തിയെ ഹോമിക്കാതിരിയ്ക്കുകയും ചെയ്യേണ്ടതാണു്. മറെറാരു ഭാഷയിൽ പറയുകയാണെങ്കിൽ ബാഷ്പശക്തിയെ സദുപയോഗം ചെയ്യുകയും നിയന്ത്രിച്ചുനിത്തുകയും ചെയ്യേണ്ടതാകുന്നു.

ഇതുകൊണ്ടു് മനുഷ്യസമുദായം നശിയ്ക്കുമോ? എന്നാൽ ഒരു കാര്യം തീച്ചയാണ്. സേഫ്ടിവാൾവിന്റെ ആവശ്യം എന്നും നിലകൊള്ളും. അങ്ങിനെ മനുഷ്യൻ വിഷയസുഖത്തിൽനിന്നു് എത്രതന്നെ ഒഴിഞ്ഞുനില്ക്കുവാൻ പരിശ്രമിച്ചാലും സന്താനോല്പാദനം സംഭവിയ്ക്കുമെന്നതു് തീച്ചയാണ്. രണ്ടാമതായി നമുക്കു് കളവു പറയുന്നതിന്റെ ആവശ്യമെന്തുണ്ടു്? വിഷയസുഖത്തെ ഉചിതമായിക്കരുതുമ്പോൾ പിന്നെ നാം എന്തിന്നു് വംശരക്ഷയെപ്പററി വേവലാതിപ്പെടണം? നമുക്കു് സ്വന്തം സുഖത്തെപ്പററിയുള്ള ചിന്തയാണു് അധികവും ഈ വസ്തുത നമുക്കു് വ്യക്തമായി പറയാമല്ലോ. മനുഷ്യവംശം മുടിഞ്ഞുപോവുകയോ ജന്തുലോകം നശിച്ചുപോവുകയോ ചെയ്യുന്നതല്ല. പ്രളയത്തിന്നു മുമ്പുണ്ടായിരുന്ന ജീവജാലങ്ങൾ നശിച്ചുപോകുമെങ്കിൽ മാത്രമേ മനുഷ്യവംശവും നശിയ്ക്കുകയുള്ളു. എന്നാൽ അങ്ങിനെ നശിയ്ക്കുകയാണെങ്കിൽ നശിയ്ക്കട്ടെ. രണ്ടു കാലിന്മേൽ നടക്കുന്ന ഈ മൃഗങ്ങൾ നശിച്ചുപോകയാണെങ്കിൽ എനിയ്ക്കു് യാതൊരു ഖേദവുമില്ല. ലോകത്തിൽ യഥാത്ഥജീവിതവും യഥാത്ഥ

പ്രേമവും നിലകൊള്ളണം. അതാണ് എൻെറ ആവശ്യം വിഷയാനുഭവത്തെ ഉപേക്ഷിയ്ക്കുന്നതുകൊണ്ട് മനുഷ്യവംശം നശിയ്ക്കുകയാണെങ്കിൽതന്നെ ലോകത്തിൽനിന്ന് യഥാൎത്ഥപ്രേമം ഒരിയ്ക്കലും നശിയ്ക്കുന്നതല്ല വൎദ്ധിയ്ക്കുകയേ ചെയ്യുകയുള്ളൂ. യഥാൎത്ഥപ്രേമാസ്വാദനംചെയ്യുന്നവൎക്ക് മനുഷ്യജാതിയുടെ നാശത്തെപ്പററി അത്ര വളരെ ചിന്തയൊന്നും ഉണ്ടാവുകയില്ല.

മനുഷ്യൻെറ സൎവ്വതോമുഖമായ അഭിവൃദ്ധിയെ തടസ്ഥപ്പെടുത്തുവാൻ വേണ്ടി മാത്രമാണ് വിഷയവാസന സംജാതമായിട്ടുള്ളത്. ഇത്രയും പറഞ്ഞതിൽനിന്ന് എൻെറ ആശയങ്ങളുടെ ഒരു സാമാന്യരൂപം നിങ്ങൾക്കറിയുവാൻ സാധിച്ചിട്ടുണ്ടായിരിയ്ക്കുമെന്നാണ് ഞാൻ കരുതുന്നത്. ആകസ്മികമായി വന്നിട്ടുള്ള ഒരു ചിന്താപ്രവാഹമല്ല ഇത്. എൻെറ അന്തരാത്മാവിൻെറ ആഹ്വാനവും നിത്യാനുഭവങ്ങളുടെ മൂശയിൽ വാൎത്തെടുത്തതുമാകുന്നു. ഈശ്വരാനുഗ്രഹമുണ്ടെങ്കിൽ അടുത്ത ഒരവസരത്തിൽ ഞാനിതു് കൂടുതൽ വ്യക്തമായി പ്രതിപാദിക്കാം.

**മൃഗത്തേക്കാൾ അധഃപതിച്ചവർ:—** സന്താനോല്പാദനത്തിന്നുള്ള സംഭാവ്യതയുള്ളപ്പോൾ മാത്രമേ മൃഗങ്ങൾ മൈഥുനം ചെയ്യുകയുള്ളൂ. മൂഢനായ മനുഷ്യൻ മൈഥുനം അത്യന്താപേക്ഷിതമാണെന്ന് വിശ്വസിയ്ക്കുകയും അതിൽ മുഴുകിയിരിയ്ക്കുകയും ചെയ്യുന്നു. അങ്ങിനെ അവൻ ഗൎഭവതിയും മുലകുടിക്കുന്ന കുട്ടിയുള്ളവളുമായ സ്ത്രീയൊന്നിച്ച് രമിയ്ക്കുന്നു. മാതൃത്വത്തിൻെറയും പത്നീത്വത്തിൻെറയും ഭാരം കൊണ്ട് സ്ത്രീ ഞെരുങ്ങുന്നു. ഇങ്ങിനെയാണ് നാം സ്ത്രീക

ളുടെ ചിന്താശക്തിയെ നഷ്ടപ്പെടുത്തുന്നതു്. എന്നിട്ട് അവർ ബുദ്ധിഹീനരെന്നു് നാം ആവലാതിപ്പെടുകയും ചെയ്യുന്നു. പുസ്തകങ്ങളുടേയും കോളേജുകളുടേയും സഹായത്താൽ അവരുടെ മാനസിക വികാസത്തിന്നുവേണ്ടി പ്രയത്നിയ്ക്കുന്നു. വാസ്തവം പറയുന്നപക്ഷം ഈ കാര്യത്തിൽ മനുഷ്യർ മൃഗത്തേക്കാൾ അധഃപതിച്ചവരാണ്. അതിനാൽ മൃഗീയജീവിതത്തിൽനിന്നു് മനുഷ്യന്നു് വളരെയധികം പഠിയ്ക്കുവാനുണ്ടു്. സാംസ്കാരികമായ ഒരു ജീവിതക്രമം മനുഷ്യൻ അംഗീകരിയ്ക്കാത്തപക്ഷം അവൻെറ ബുദ്ധി പൈശാചികജീവിതത്തെ കുറേക്കൂടി വികൃതമാക്കുന്നതിന്നു മാത്രമേ സഹായകമാവുകയുള്ളൂ.

**ബൈബിൾ മറുപടിനൽകുന്നു:**—സ്ത്രീപുരുഷബന്ധം എത്രമാത്രം ഉചിതമായിട്ടുള്ളതാണെന്നു് ക്രിസ്തുമതത്തിലെ ഒരു പ്രധാന പ്രശ്നമായിത്തീർന്നിട്ടുണ്ടു്. അപ്രകാരം തന്നെയാണ് സാമ്പത്തികപ്രശ്നവും. ഞാൻ ഇതിനെപ്പററി എല്ലായ്പോഴും ചിന്തിയ്ക്കാറുണ്ടു്. ബൈബിളിൽ മററു പ്രശ്നങ്ങൾക്കെന്നപോലെ ഇതിന്നും മറുപടിനൽകീട്ടുണ്ടു്. എന്നാൽ യേശുവിൻെറ സിദ്ധാന്തങ്ങളിൽനിന്നു് വളരെ അകന്നാണു് നാം ജീവിയ്ക്കുന്നതു്. തന്നിമിത്തം അതെന്തെന്നു് മനസ്സിലാക്കാൻപോലും നമുക്ക് വിഷമമാകുന്നു. മാത്യുവിൻെറ പ്രവചനങ്ങളുടെ പത്തൊമ്പതാം അദ്ധ്യായത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു—'എല്ലാവർക്കും ഈ ഉപദേശത്തെ അനുവർത്തിയ്ക്കുക സാദ്ധ്യമല്ല. എന്നാൽ ഇതു് ആർക്കുവേണ്ടി നൽകപ്പെട്ടുവോ അവർതന്നെ അനുവർത്തിക്കേണ്ടതാകുന്നു. ലോകത്തിൽ ചിലർ ജന്മനാ നപുംസകങ്ങളാണ്.

ചിലർ സ്വർഗ്ഗപ്രാപ്തിയ്ക്കുവേണ്ടി തങ്ങളെ നപുംസകമാക്കിത്തീർത്തിട്ടുണ്ട്. ഇതിനെ അനുവർത്തിയ്ക്കുവാൻ കഴിയുന്നവർ അങ്ങിനെ ചെയ്യട്ടെ' (11 ഉം 12 ഉം പദ്യങ്ങൾ)

ഈ പദ്യങ്ങൾക്ക് വളരെ തെററായ വ്യാഖ്യാനങ്ങൾ നൽകപ്പെട്ടിരിയ്ക്കുന്നു. വിഷയവാസനയെ സംബന്ധിച്ച് മനുഷ്യൻ എന്തു ചെയ്യണമെന്ന് ഇതിൽ വളരെ വ്യക്തമാക്കീട്ടുണ്ട്. എങ്ങിനെയാണ് മനുഷ്യൻ മുന്നോട്ടു പോകേണ്ടതെന്നും ഇതിൽ നിർദ്ദേശിയ്ക്കുന്നു. അതായത് മനുഷ്യൻെറ ആദർശമെന്തായിരിയ്ക്കണം എന്ന് വ്യക്തമാക്കുന്നുണ്ട്. ക്രിസ്തുവിൻെറ മറുപടി ഇപ്രകാരമാകുന്നു— 'സ്വർഗ്ഗത്തെ പ്രാപിയ്ക്കുവാൻ നപുംസകമായിത്തീരുക. ഈ സ്ഥിതിവിശേഷത്തെ പ്രാപിച്ചവർക്ക് ഏററവും ശ്രേഷ്ഠമായ ഒരു വസ്തുവാണ് ലഭിച്ചിട്ടുള്ളതു്. ഇതു പ്രാപിയ്ക്കാത്തവർ അതിനുവേണ്ടി ശ്രമിയ്ക്കണം. നിയന്ത്രിയ്ക്കുവാൻ സാധിയ്ക്കുന്നവർ നിയന്ത്രിയ്ക്കുകതന്നെ വേണം'

സ്വന്തം ഗുണത്തിനുവേണ്ടി മനുഷ്യൻ ബ്രഹ്മചര്യമനുഷ്ഠിയ്ക്കണമെന്നാണ് എൻെറ അഭിപ്രായം. ശ്രദ്ധാപൂർവ്വം ബ്രഹ്മചര്യത്തിൻെറ മാർഗ്ഗത്തിൽക്കൂടി മുന്നോട്ടു പോകുന്നവനു മാത്രമേ അഭീഷ്ടലക്ഷ്യത്തിലെത്തിച്ചേരുവാൻ കഴിയുകയുള്ളു. എന്നാൽ മാർഗ്ഗത്തിൽനിന്ന് വ്യതിചലിയ്ക്കരുത്. വിവാഹിതജീവിതത്തിൽപോലും മനുഷ്യൻ വിഷയസുഖത്തെ മാത്രം ലക്ഷ്യമാക്കി മുന്നോട്ടു പോകുകയാണെങ്കിൽ അവന്നു് അധഃപതനം സംഭവിയ്ക്കും. ദുരാചാരത്തിൻെറ ഗർത്തത്തിൽ പതിയ്ക്കും. രുചിയ്ക്കു വേണ്ടിയല്ലാതെ ജീവരക്ഷാർത്ഥം ഭക്ഷണം കഴിയ്ക്കുന്ന ഒരാൾ മാത്രമേ ഭക്ഷ

ണത്തിന്റെ സദുപയോഗം ചെയ്യുന്നുള്ളു. എന്നാൽ ആദ്യം തന്നേ വിഭവങ്ങൾ ഒരുക്കുന്നതിൽ തല്പരത കാണിയ്ക്കുന്ന മനുഷ്യൻ രസനാസുഖത്തേയാണ് കൂടുതൽ അഭിലഷണീയമായി കരുതുന്നതെന്നു് വ്യക്തമാകുന്നുണ്ടല്ലോ.

**ഹൃദയമഥനം:**—വിവാഹജീവിതത്തേ സംബന്ധിച്ച് ഞാൻ വളരെയധികം ചിന്തിച്ചിട്ടുണ്ടു് ചിന്തിയ്ക്കുന്നുമുണ്ടു്. ഞാൻ വളരെ ഗഹനമായി ചിന്തിയ്ക്കുന്ന ഒരു വിഷയമാണിത്. എനിയ്ക്കു് പുറത്തുനിന്നും ഇതിനുവേണ്ട പ്രേരണ ലഭിയ്ക്കുന്നുണ്ടു്.

അമേരിക്കയിലെ ഒരു പ്രസിദ്ധഡാക്ടരായ ശ്രീമതി എലിയസ് സ്റ്റോക്ക്ഹമ്മിന്റെ പുസ്തകം എനിക്ക് ലഭിയ്ക്കുകയുണ്ടായി. ഇതു് ആരോഗ്യനിയമങ്ങളെപ്പററി പ്രതിപാദിയ്ക്കുന്ന ഒന്നാന്തരം പുസ്തകമാകുന്നു ഇത്രകാലം ഞങ്ങൾതമ്മിൽ കത്തിടവാടുകൾ നടത്തിയിരുന്ന വിഷയത്തെപ്പററിയും ഇതിൽ ഒരദ്ധ്യായം ചേർത്തിട്ടുണ്ടു്. ഞാൻ എത്തിച്ചേർന്ന അതേ നിഗമനത്തിൽതന്നേ അവരും എത്തിയിരിയ്ക്കുന്നു. അന്ധകാരത്തിൽപെട്ടു് ഉഴലുന്ന മനുഷ്യന്നു് പെട്ടെന്നു് പ്രകാശം കാണുമ്പോൾ അത്യധികം ആഹ്ലാദമുണ്ടാകും. ഭൂതകാലത്തെ മൃഗീയജീവിതത്തിൽ അത്യന്തം കുണ്ഠിതപ്പെടുകയും നിരാശപ്പെടുകയും ചെയ്യും. ആപന്നമരണനായ ഒരു വ്യക്തി സദാചാരത്തെപ്പററി പ്രസംഗിയ്ക്കുമ്പോൾ ആയാളുടെ ഭൂതജീവിതമെന്തെന്നു് അറിയുവാൻ ജനങ്ങൾക്ക് ഉൽക്കണ്ഠയുണ്ടാകുന്നതു് സ്വാഭാവികമാണു്. വൃദ്ധന്മാരായാൽ ഞങ്ങളും ഇങ്ങിനെയൊക്കെ പറയുമെന്നു്

അവർ പറയും. പാപകർമ്മത്തിൻെറ ഫലമാണിത്. ഞാൻ അധഃപതിച്ചവനാണെന്നും പരമാത്മാവിൻെറ സന്ദേശത്തെ പ്രചരിപ്പിയ്ക്കുന്നതിന്ന് സർവ്വഥാ അയോഗ്യനാണെന്നും നിരാശപ്പെടുന്ന ഒരു വ്യക്തിയ്ക്ക് ഒരു സമാധാനം മാത്രമേ ലഭിയ്ക്കുകയുള്ളു. അതായത് തൻെറ ജീവിതത്തിൽ നിന്ന് ഒരു പാഠം മററുള്ളവക്ക് പഠിയ്ക്കുവാൻ സാധിയ്ക്കുമെന്നും അങ്ങിനെ അവർ പാപകർമ്മങ്ങളിൽ വൈമുഖ്യം പ്രദർശിപ്പിയ്ക്കുമെന്നുമാണ് അത്. ഈശ്വരൻ സർവ്വരുടെയും ഗുണകാംക്ഷിയാകുന്നു.

**അധികാരം സ്ത്രീയ്ക്കാണ്:**—ക്രൂസർ സൊണാററായുടെ പരിശിഷ്ടവുമായി ബന്ധപ്പെട്ട വിഷയങ്ങളെപ്പററി ചിന്തിയ്ക്കുമ്പോൾ ആദ്യകാലത്ത് സമ്പത്ത് ആർജ്ജിയ്ക്കുന്നതുപോലെ സ്ത്രീയേ ലഭിയ്ക്കുവാൻ വേണ്ടിയുള്ള ഒരു ഏർപ്പാടാണ് വിവാഹമെന്ന് എനിയ്ക്ക് തോന്നി. യുദ്ധത്തിൽ തടവുകാരായി പിടിയ്ക്കുന്ന സ്ത്രീകളെ വേശ്യകളെപ്പോലെ പുരുഷന്മാരുടെ വിഷയസുഖത്തിന്നുവേണ്ടി ഉപയോഗിച്ചിരുന്നു. വിവാഹസമ്പ്രദായം ആവിർഭവിച്ചതോടുകൂടി സ്ത്രീകളുടെ എണ്ണം കുറയുവാൻ തുടങ്ങിയെങ്കിലും പുരുഷന്മാരുടെ സ്ത്രീകളോടുള്ള മനോഭാവത്തിന്ന് മാററം വരികയുണ്ടായില്ല. യഥാർത്ഥബന്ധം ഇതിന്നു നേരെ വിപരീതമായിട്ടാണ് വേണ്ടിയിരുന്നത്. പുരുഷന്നു എല്ലായ്പോഴും വിഷയസുഖങ്ങൾ അനുഭവിയ്ക്കാം. സംയമത്തോടുകൂടി ജീവിയ്ക്കുകയും ചെയ്യാം. സ്ത്രീയാകട്ടെ യൗവ്വനാവസ്ഥയെ പ്രാപിച്ചാൽ പ്രാകൃതികമായ ആനുകൂല്യങ്ങൾ ഉണ്ടെങ്കിൽകൂടി വളരെ വിഷമിച്ചാണ് ആത്മനിയന്ത്രണം

ചെയ്തുവരുന്നത്. മിക്കവാറും രണ്ടുകൊല്ലം കൂടുമ്പോൾ ഒരിയ്ക്കൽ അവളിൽ ഉൽക്കടമായ വികാരപാരവശ്യം ഉണ്ടാകുന്നു. അതിനാൽ വിഷയാസക്തിയെ തൃപ്തിപ്പെടുത്താനുള്ള അവകാശം പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്കാണ് അധികമുള്ളത്. സ്ത്രീക്ക് വിഷയാസക്തിയെ തൃപ്തിപ്പെടുത്തുക എന്നത് പുരുഷന്മാരെപ്പോലെ ആനന്ദദായകമല്ല. അവൾക്ക് അത് ദുഃഖത്തിൻെറയും കഷ്ടപ്പാടുകളുടെയും ആരംഭമാകുന്നു. എൻെറ അഭിപ്രായത്തിൽ വിവാഹം ഈ സമ്പ്രദായത്തിലാണ് നടത്തേണ്ടത്. ദമ്പതികൾ അന്യോന്യം ആദ്ധ്യാത്മികപ്രേമബദ്ധരായി കഴിച്ചുകൂടണം. സന്താനങ്ങൾ ആവശ്യമുള്ളപക്ഷം മാത്രമേ അവർ സംഭോഗം ചെയ്കയുള്ളുവെന്ന് അവർ പ്രതിജ്ഞ ചെയ്യണം. ബാക്കിയുള്ള സമയം മുഴുവൻ ബ്രഹ്മചര്യമനുഷ്ഠിക്കണം. സ്ത്രീയുടെ ആവശ്യപ്രകാരം മാത്രമേ സംഭോഗം ചെയ്യുവാൻ പാടുള്ളൂ.

**സ്ത്രീയുടെ കർത്തവ്യം:**—കുട്ടികളുടെ അച്ഛനോട് നിങ്ങൾ അപേക്ഷിയ്ക്കുന്നതിനോട് ഞാൻ യോജിയ്ക്കുന്നില്ല. ഞാൻ ഇഷ്ടപ്പെടുന്നില്ലെന്നും എനിക്ക് സാധിയ്ക്കുകയില്ലെന്നും നിങ്ങൾ എഴുതി. എന്നാൽ കുട്ടികളുണ്ടായാൽ സ്ത്രീപുരുഷബന്ധം അഭേദ്യമായിത്തീരുന്നു. പാതിരികൾ ചെയ്യിപ്പിച്ച വിവാഹമായാലും വേണ്ടില്ല, അല്ലാത്തതായാലും വേണ്ടില്ല. അതിനാൽ കുട്ടികളുടെ അച്ഛൻെറ സമീപത്തേയ്ക്ക് നിങ്ങൾ പോകണം. ആയാൾ വിവാഹിതനോ അവിവാഹിതനോ നല്ലവനോ ചീത്തയോ എന്നൊന്നും നോക്കേണ്ടതില്ല. ആയാൾ കർത്തവ്യത്തിൽ നിന്ന് മുഖം തിരിയ്ക്കുകയാണെങ്കിൽ ഭാര്യാമക്കളെ സംര

ക്ഷിയ്ക്കുന്നതാണ് ആയാളുടെ കത്തവ്യമെന്ന് നിങ്ങൾ പറയണം. ആയാൾ നിങ്ങളുടെ അപേക്ഷയെ തിരസ്കരിയ്ക്കുകയും നിങ്ങളെ അപമാനിച്ച് പുറത്താക്കുകയും ചെയ്യുകയാണെങ്കിൽകൂടി ഈശ്വരനേയും അവനവനേയും കുട്ടികളെയും ആയാളേയും വിചാരിച്ച് നിങ്ങൾ ആയാളെ വീണ്ടും സമാധാനിപ്പിയ്ക്കണം. വിനയത്തോടും സ്നേഹത്തോടും ആഗ്രഹത്തോടുംകൂടി കത്തവ്യമെന്തെന്ന് നിങ്ങൾ ആയാൾക്കു മനസ്സിലാക്കിക്കൊടുക്കണം. ബൈബിളിൻെറ വിധി സ്വീകരിയ്ക്കണം. ഇതാണ് എൻെറ വളരെകാലത്തെ ആലോചനയുടെ ഫലമായിട്ടുണ്ടായ ദൃഢമായ അഭിപ്രായം. നിങ്ങൾ ഇതിനെ സ്വീകരിച്ചാലും ശരി, തള്ളിക്കളഞ്ഞാലും ശരി, എൻെറ അഭിപ്രായം അറിയിയ്ക്കുക എന്നത് ഞാൻ എൻെറ കത്തവ്യമായി കരുതുന്നു.

**സത്യം വെളിപ്പെടുത്തുന്നു:**—ആദ്ധ്യാത്മികചിന്തയിൽ താല്പര്യമില്ലാത്ത സ്ത്രീപുരുഷന്മാരുടെ സമ്മേളനം ഈശ്വരീയസത്യത്തെ വെളിപ്പെടുത്തുന്നു. ബലവാന്മാർ ബ്രഹ്മചര്യത്തിൻെറ മാർഗ്ഗത്തിലേയ്ക്കു ചരിയ്ക്കുന്നു. ദുർബ്ബലന്മാർ സത്യത്തിൻെറ കിരണങ്ങളെ ദശിയ്ക്കുന്നു.

**സംശയനിവാരണം:**—നിങ്ങളുടെ കത്തു കിട്ടി. ഇത്തരം സംശയങ്ങൾ പലപ്പോഴും നമ്മുടെ ഹൃദയത്തിൽ ഉണ്ടാവുമെങ്കിലും അവയ്ക്കു തൃപ്തികരമായ ഒരു സമാധാനം ലഭിയ്ക്കാറില്ല. ഞാൻ അവയ്ക്കു സമാധാനം പറയുവാൻ ശ്രമിയ്ക്കാം.

ഭാര്യാഭത്താക്കന്മാർ രണ്ടല്ലെന്നും ഒരേ ജീവനാണെന്നും ബൈബിളിൽ എഴുതിയിരിയ്ക്കുന്നു. ഈശ്വരവാണി

യായതുകൊണ്ടല്ല ഇതു സത്യമാണെന്നു് ഞാൻ പറയുന്നത്. അനുഭവസിദ്ധമായതുകൊണ്ടാണു്. സ്ത്രീപുരുഷന്മാർ സംയോഗത്തിൽ ഏപ്പെടുകയും അങ്ങിനെ അവക്ക് സന്താനങ്ങൾ ഉണ്ടാവുകയും ചെയ്യുന്നപക്ഷം രഹസ്യപൂർണ്ണമായ രീതിയിൽ അവർ രണ്ടുപേരും ഏകശരീരികളായിത്തീരുന്നു. രണ്ടു വ്യത്യസ്തവ്യക്തികൾ നിലനില്ക്കുന്നതേയില്ല. അതിനാൽ ഈ സംയുക്തജീവികൾ സംയമനത്തെ പാലിയ്ക്കുകയും വിഷയസുഖത്തെ വർജ്ജിയ്ക്കുകയും ചെയ്യേണ്ടതാണു്. അവരിൽ കൂടുതൽ ശ്രേഷ്ഠതയുള്ളവർ ഉപദേശങ്ങൾകൊണ്ടും മാതൃകാപരമായ ജീവിതംകൊണ്ടും മറേറയാളെ തൻെറ മാർഗ്ഗത്തിലേയ്ക്കു് നയിയ്ക്കണം. എന്നാൽ രണ്ടുപേക്കും സമാനമായ മനഃസ്ഥിതി എത്തിയിട്ടില്ലെങ്കിൽ സംയുക്തമായ നിലയിൽ പാപഭാരത്തെ ഭേസിക്കൊണ്ടു് മുന്നോട്ടു പോകുകതന്നെ വേണം.

വികാരത്തിൻെറ തീച്ചൂളയിൽനിന്നു് വെറുക്കപ്പെട്ടുന്ന പല കമ്മങ്ങളും നമ്മൾ ചെയ്യാറുണ്ടു്. അപ്രകാരം തന്നെ സമാധാനപരമായ ഒരു ദാമ്പത്യജീവിതം നയിയ്ക്കുവാൻ രണ്ടുപേക്കും മനസ്സിന്നിണങ്ങാത്ത പല സംഗതികളും സഹിക്കേണ്ടിവരും. എന്നാൽ പ്രലോഭനങ്ങൾക്കു് വശംവദരാകാതിരിപ്പാൻ ശ്രദ്ധിയ്ക്കുകയും അവയോടു് മല്ലിട്ടുകൊണ്ടിരിയ്ക്കുകയും വേണം.

മനുഷ്യൻ ഈശ്വരൻെറ പ്രതിരൂപമാണെന്നും പാപാചരണംകൊണ്ടു് ശരീരമാകുന്ന ദേവാലയത്തെ മലിനപ്പെടുത്തരുതെന്നും നിങ്ങൾ പറയുന്നത് ശരിയാണു്. എന്നാൽ സന്താനങ്ങളുള്ള ഗൃഹസ്ഥന്മാക്കു് മേല്പറഞ്ഞത്

ബാധകമല്ല. സന്താനോല്പാദനംകൊണ്ടും അവരെ നോക്കി രക്ഷിയ്ക്കുന്നതുകൊണ്ടും പാപത്തിന്റെ ഭാരം ലഘുവായി ത്തീരുന്നു. അതിന്നും പുറമേ ഗർഭാവസ്ഥയിലും സന്താന പരിപാലനത്തിലും ഏർപ്പെട്ടുന്നവർക്ക് ദീർഘകാലത്തേക്ക് പാപത്തിൽനിന്ന് മോചനം ലഭിയ്ക്കുന്നു. സന്താനോല്പാദനം നല്ലതോ ചീത്തയോ എന്ന് ഇവിടെ ഒരു ചർച്ച ചെയ്തതുകൊണ്ട് കാര്യമില്ല. പരിശുദ്ധിയെ ഉല്ലംഘിയ്ക്കുന്ന പാപത്തെ കഴുകിക്കളയുവാൻവേണ്ടിയാണ് ഈശ്വരൻ പ്രസ്തുത ഉപായത്തെ ആവിഷ്കരിച്ചിട്ടുള്ളത്. നല്ലതും ചീത്തയും അദ്ദേഹത്തിന്നറിയാം.

ഞാൻ പറയുന്നത് അപ്രിയമായി തോന്നുന്നുണ്ടെങ്കിൽ ക്ഷമിയ്ക്കണം. സന്താനോല്പാദനംകൊണ്ട് മനുഷ്യൻ കൂടുതൽ പരിഭ്രാന്തനായിത്തീരുകയാണ് ചെയ്യുന്നതെന്ന് നിങ്ങൾ എഴുതിയിരിയ്ക്കുന്നു. ഇതിൽനിന്ന് നിങ്ങളുടെ നിഷ്ഠുരമായ അഹങ്കാരമാണ് പ്രകടിതമാകുന്നത്. ലോകത്തിൽ സുഖലോലുപതാം നിറഞ്ഞ ജീവിതം നയിയ്ക്കുവാനല്ല പ്രത്യുത, കർത്തവ്യപരിപാലനം ചെയ്യുവാനാണ് നിങ്ങൾ വന്നിട്ടുള്ളത്. സ്വന്തം ഉദ്ധാരണത്തിന്നു വേണ്ടി നിങ്ങൾ പ്രവർത്തിയ്ക്കണം. എന്നാൽ പരിശുദ്ധിയിൽ നിങ്ങൾ ഭർത്താവിനേക്കാൾ മീതെയാണെങ്കിൽ ആയാളേയും ഉദ്ധരിയ്ക്കുന്നത് നിങ്ങളുടെ കടമയാണ്. മാത്രമല്ല, നിങ്ങൾ തുടങ്ങിവെച്ച പ്രവൃത്തി മുഴമിപ്പിയ്ക്കുവാൻ യോഗ്യരായ സന്താനങ്ങളെ ഉൽപ്പാദിപ്പിക്കേണ്ടതും നിങ്ങളുടെ ചുമതലയാണ്.

രണ്ടാമതായി ദാമ്പത്യബന്ധം രണ്ടുപേരുടെയും സഹകരണംകൊണ്ടു് നിലനില്ക്കുന്ന ഒന്നാണ്. ഒരാൾക്ക് മററയാളെ അപേക്ഷിച്ച് കൂടുതൽ വിഷയാസക്തിയുണ്ടെങ്കിൽ അതിന്നു് അടിമപ്പെടുകയല്ലാതെ നിവ്വാഹമില്ല.

നിങ്ങളെ സംബന്ധിച്ചും ഈ സംഗതി ബാധകമാണെന്നു് ഞാൻ കരുതുന്നു. മററുള്ളവരുടെ പാപങ്ങളെ കാണുന്ന നിങ്ങൾക്ക് സ്വന്തം പാപങ്ങളെ അറിയുവാൻ കഴിയുന്നില്ല. നിങ്ങൾ പൂണ്ണമായും പരിശുദ്ധയായിത്തീന്നിട്ടുണ്ടെങ്കിൽ നിങ്ങളുടെ ഭത്താവ് എങ്ങിനെയാണ് വിഷയസുഖമനുഭവിയ്ക്കുക? ഇതു സംബന്ധിച്ചു് നിങ്ങൾ യാതൊന്നും പറയുന്നില്ല. നിങ്ങൾക്കയാളോട്ട് ഈർഷ്യയില്ല. ആയാളുടെ അധഃപതനത്തിൽ ദയ തോന്നുകമാത്രം ചെയ്യുന്നു. എന്നാൽ ഇതുകൊണ്ടു് മാത്രമായില്ല

നിങ്ങൾ എന്തുചെയ്യണമെന്നതിനെപ്പററി എൻെറ പ്രായോഗികമായ അഭിപ്രായം അറിയുവാൻ നിങ്ങൾ ആഗ്രഹിയ്ക്കുന്നുണ്ടെങ്കിൽ ഞാൻ പറയും, നിങ്ങളുടെ ഭത്താവിൻെറ സ്നേഹത്തെ പരിശുദ്ധമാക്കിത്തീക്കുവാൻ വേണ്ടി പ്രയത്നിയ്ക്കണമെന്നു്. വിഷയവാസനയിൽനിന്നും തജ്ജന്യമായ അധഃപതനത്തിൽനിന്നും കഠിനമായ യാതനകളിൽനിന്നും മോചനം പ്രാപിയ്ക്കുവാൻ വേണ്ടി നിങ്ങൾ വെമ്പുകയാണെന്നു് ആയാളെ മനസ്സിലാക്കണം. ഇതിന്നു ആയാൾ അനുവദിയ്ക്കാത്തപക്ഷം നിങ്ങൾ ആയാളുടെ ആഗ്രഹത്തിന്നു് വഴങ്ങണം. ഗർഭാവസ്ഥയിൽ തന്നെ പ്രാപിയ്ക്കാതിരിക്കുവാൻ ആയാളോട്ട് നിങ്ങൾ അപേക്ഷിയ്ക്കണം.

പിന്നീട്ടും ആവശ്യമുള്ളപക്ഷം ആയാളുടെ ആഗ്രഹങ്ങ ൾക്ക് നിങ്ങൾ അനുവദിയ്ക്കണം. അതിൻെറ ഫലമെന്താവുമെന്നതിനെപ്പററി ചിന്തിയ്ക്കുകയേ വേണ്ട.

ഇങ്ങിനെ ചെയ്യുന്നതുകൊണ്ട് നിങ്ങൾക്കും ഭത്താവിന്നും കുട്ടികൾക്കും ഗുണമേ ലഭിയ്ക്കുകയുള്ളൂ. എന്തെന്നാൽ അങ്ങിനെ ചെയ്യുന്ന നിങ്ങൾ സ്വന്തം ഗുണത്തിന്നും ശാന്തിയ്ക്കുംവേണ്ടി പ്രവത്തിയ്ക്കാതെ ഈശ്വരകല്പനയെ അനുസരിയ്ക്കുകയാണ് ചെയ്യുന്നത്. ഞാൻ പറയുന്നതു തെററാണെന്നു് തോന്നുന്നുണ്ടെങ്കിൽ ക്ഷമിയ്ക്കണം. ഈ വിഷയത്തെപ്പററി ഞാൻ അവഗാഢമായി ചിന്തിച്ചിട്ടുണ്ടു്. സ്വന്തം അനുഭവങ്ങളിൽനിന്നും ചിന്തനങ്ങളിൽനിന്നും ഉടലെടുത്ത ഈ അഭിപ്രായത്തെ ഈശ്വരൻ സാക്ഷിയായി ഞാൻ നിങ്ങളുടെ മുമ്പിൽ സമർപ്പിച്ചുകൊള്ളട്ടെ

**പ്രശ്നപരിഹാരം:**—ഭാര്യാഭത്താക്കന്മാർ തമ്മിൽ വല്ല അസുഖവും നേരിട്ടിട്ടുണ്ടെങ്കിൽ വിനയശീലം കൊണ്ടുമാത്രമേ അതിനെ ദൂരീകരിയ്ക്കുവാൻ സാധിയ്ക്കുകയുള്ളൂ. ത്ുന്ദരമ്പോൾ ന്തൽ കെട്ടുപിണയുകയാണെന്നിരിയ്ക്കട്ടെ എത്ര ക്ഷമയോടുകൂടിയായിരിയ്ക്കണം ഇഴകൾ വേർപെടുത്തുന്നത്! അപ്രകാരംതന്നെയാണ് ഇതും.

എല്ലാവക്കും ഒരുപോലെ ദുഃഖമുണ്ടു്:—ആയാൾ തൻെറ വിവാഹജീവിതത്തിൽ വളരെ അസന്തുഷ്ടനായി കാണപ്പെടുന്നു. വിവാഹം ചെയ്തതിൽ ആയാൾക്ക് നന്നപശ്ചാത്താപമുണ്ടു്. താൻ വിവാഹിതനായിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നു എന്നാണ് ആയാൾ കരുതുന്നത്. സുഖം ബാഹ്യപരിതസ്ഥിതിയെ ആശ്രയിച്ചിട്ടല്ല ഇരിക്ക

ന്നതെന്നു വിശ്വസിയ്ക്കുക. ഒരു രാക്ഷസൻ ഒരു ദേവിയെ വിവാഹം ചെയ്യുന്നു. ദിവ്യനായ ഒരു മനുഷ്യൻ ഒരു രാക്ഷസിയെയാണ് പരിണയിയ്ക്കുന്നത്. അങ്ങിനെ അവരുടെ വിവാഹബന്ധം തീരെ അസന്തുഷ്ടമായിത്തീരുന്നു. മിക്ക ആളുകളും തങ്ങളുടെ വിവാഹബന്ധത്തിൽ അസന്തുഷ്ടരാണ്. തങ്ങളെക്കാൾ ദുഃഖിതരായി ആരുമില്ലെന്ന് എല്ലാവരും വിചാരിയ്ക്കുന്നു. എല്ലാവക്കും ഒരുപോലെ ദുഃഖമുണ്ട്.

**സ്ത്രീയെ ഭോഗവസ്തുവായി കരുതരുത്:**—സ്ത്രീയെ ഭോഗവസ്തുവായി കരുതുന്ന നിങ്ങൾ ചെയ്യുന്നതു് വാസ്തവത്തിൽ വ്യഭിചാരമാണ്. ജീവിതനിർവ്വഹണത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്നവർ വിവാഹം ചെയ്യുന്നത് സുഖഭോഗത്തിന്നല്ല; ജീവിതത്തിൽ ഒരു കൂട്ടുകാരനേയും ഉത്തമാധികാരിയേയും സമ്പാദിയ്ക്കുവാനാണ് അവരുടെ വിവാഹോദ്ദേശം. എന്നാൽ പണത്തിൻെറയും പ്രതാപത്തിൻെറയും മടിയിൽ തല ചായ്ച്ചുകൊണ്ടു് ജീവിയ്ക്കുന്നവക്കാകട്ടെ വിവാഹം ദുരാചാരമാകുന്നു.

**അനാഥക്കുട്ടികൾ:**—തോട്ടക്കാരൻെറ ഭാര്യയ്ക്കു് ഒരു കുട്ടി ജനിച്ചു. മുത്തശ്ശിയായ ആയ വന്ന് ആ കുട്ടിയെ കൊണ്ടുപോകയുംചെയ്തു. എഃങ്ങോട്ടാണെന്ന് ആക്കും അറിഞ്ഞുകൂടാ. എല്ലാവക്കും ഭയങ്കരമായ ദേഷ്യമുണ്ടായി. സന്താനനിയന്ത്രണത്തെ അവലംബിച്ചിരുന്നുവെങ്കിൽ ദുഃഖിക്കേണ്ടിയിരുന്നില്ല. എന്നാൽ ഈ അന്യായത്തെ എത്ര ശപിച്ചാലും മതിയാവുകയില്ല.

എന്നാൽ വൃദ്ധ കുട്ടിയെ തിരിച്ചുകൊണ്ടുവന്നു. വഴിയിൽവെച്ച് ഇങ്ങിനെ കുട്ടികളേയുംകൊണ്ടു പോകുന്ന വളരെ ആയമാരെ അവർ കണ്ടു. ഒരു കുട്ടിയുടെ വായിൽ മുല തള്ളിക്കയററിയിരിയ്ക്കുന്നു. മുല തൊണ്ടയിൽ കുത്തി ആ കുട്ടി പ്രാണൻ വെടിഞ്ഞു. മോസ്കോവിലെ അനാഥലയത്തിൽ ഒരു ദിവസം അങ്ങിനെ വളരെ കുട്ടികളെ കൊണ്ടുവരികയുണ്ടായി. അവരിൽ 9 കുട്ടികളെ മടക്കി അയച്ചു. രോഗമാണെന്നും അധികാരസ്ഥന്മാരില്ലെന്നും പറഞ്ഞിട്ടാണ് അങ്ങിനെ ചെയ്തതു്. തോട്ടക്കാരൻെറ ഭാര്യയെ ഒരു ഗുണകാംക്ഷി ശകാരിച്ചു. അവൾ ഭത്താവിൻെറ വക്കാലത്തു പിടിച്ചുകൊണ്ടു് തങ്ങളുടെ പ്രസ്തുത ദയനീയസ്ഥിതിയിൽ കുട്ടികളെ വളത്തുവാൻ സാദ്ധ്യമല്ലെന്നറിയിച്ചു. അതിനും പുറമേ അവൾക്കു് മുലപ്പാലില്ല. ചുരുക്കത്തിൽ കുട്ടി അവൾക്കു് അസൌകര്യമാണു്.

ഇതിന്നു മുമ്പ് മൂന്നു് അനാഥകുട്ടികളെ തൊട്ടിലിൽ ആട്ടിയിട്ടുണ്ടു്. കുട്ടികളുടെ ജനനം കണക്കിലേറെ വദ്ധിയ്ക്കുന്നു. അവർ വളന്നാൽ മദ്യപന്മാരോ സിഫ്‌ലിസ് പിടിപെട്ടവരോ കാടന്മാരോ ആയിത്തീരുകയും ചെയ്യും. ജനങ്ങൾ ഒരു വശത്തു് ശിശുസംരക്ഷണത്തിനുവേണ്ടി പരിശ്രമിയ്ക്കുന്നു. മറുഭാഗത്തു് അവരെ നശിപ്പിയ്ക്കുവാനുള്ള ഉപായങ്ങൾ ചിന്തിയ്ക്കുന്നു. എന്നാൽ കാട്ടുമൃഗങ്ങളെ എന്തിന്നു വളത്തുന്നു? അതുകൊണ്ടെന്തു പ്രയോജനം?

അവരെ ഹനിയ്ക്കുന്നതുകൊണ്ടോ സംരക്ഷിയ്ക്കാതിരിയ്ക്കുന്നതുകൊണ്ടോ യാതൊരു നേട്ടവുമുണ്ടാവില്ല. മൃഗീയമാ

വസ്ഥയിൽനിന്നു മനുഷ്യത്വത്തിലേയ്ക്കു ഉയർത്തിക്കൊണ്ടു വരികയാണു് വേണ്ടതു്. ഇതിന്നു സർവ്വ കഴിവുകളും ഉപയോഗിയ്ക്കണം. അതു മാത്രമാണു് മംഗളകരമായിട്ടുള്ളതു്. എന്നാൽ വാക്കുകൾകൊണ്ടല്ല പ്രവൃത്തികൊണ്ടാണു് അങ്ങിനെ ചെയ്യേണ്ടതു്.

**പാപമോചനമാർഗ്ഗം:**—അധഃപതനം സംഭവിച്ചെന്നു് ബോധമുള്ളവർ പാപമോചനത്തിന്നുള്ള മാർഗ്ഗത്തെ ആരായണം. അവ ഇതാകുന്നു. (1) വിഷയവാസനയിൽനിന്നു് തന്നെത്താൻ മുക്തിനേടുക. (2) കുട്ടികൾക്കു് വിദ്യാഭ്യാസം നൽകി അവരെ യഥാർത്ഥഈശ്വരസേവകരാക്കിത്തീർക്കുക.

**നവദമ്പതിമാരോടു്:**-പ്രിയപ്പെട്ട നവദമ്പതികളെ! നിങ്ങളുടെ വിവാഹം നടന്നതിൽ എനിയ്ക്കു സീമാതീതമായ സന്തോഷമുണ്ടു്. ഈശ്വരൻ നിങ്ങൾക്കു് സൌഖ്യവും സമാധാനവും നൽകട്ടെ. ഇതിലും അധികമായി നിങ്ങൾക്കെന്തുതന്നെ വേണം! എന്നാൽ നിങ്ങൾ കുറെ സൂക്ഷിച്ചിരിയ്ക്കണം. ഞാൻ ഇങ്ങിനെ പറയുന്നതിന്നു് നിങ്ങൾ മാപ്പുതരണം. പരിപാവനമായ നിങ്ങളുടെ ബന്ധം കലഹംകൊണ്ടും ദുർവ്വിചാരങ്ങൾകൊണ്ടും കലുഷിതമാവാതിരിയ്ക്കട്ടെ. ഒരേ ശരീരവും ഒരേ പ്രാണനുമായി കഴിയുക അത്ര എളുപ്പമല്ല. വളരെ ബുദ്ധിമുട്ടുകൾ സഹിയ്ക്കണം അതിന്നു്. എന്നാൽ തക്കതായ പ്രതിഫലവും ലഭിയ്ക്കും അതിന്നുള്ള ഉപായമെന്തെന്നു് ചോദിയ്ക്കുകയാണെങ്കിൽ ഞാൻ പറ

ന്നുതരാം. വിഷയാസക്തിയിൽ മുഴകി പരസ്പരബഹുമാനത്തെയും സ്നേഹത്തേയും കളഞ്ഞുകുളിയ്ക്കുന്നതിന്നുള്ള സന്ദർഭം നിങ്ങൾ ഒരിയ്ക്കലും സൃഷ്ടിച്ചുപോകരുതു്. നിങ്ങൾ ഭാര്യാഭർത്താക്കന്മാരെപ്പോലെ ജീവിയ്ക്കുവിൻ. എന്നാൽ ഒരു അപരിചിതനോടോ അയൽവക്കക്കാരനോടോ പെരുമാറുന്നതുപോലെത്തന്നേ തങ്ങളുടെ പെരുമാററത്തിലും ഗൌരവം നിലനിൎത്തുക. ഏററവും മുഖ്യമായ ഒരു ബന്ധമാണ് അത്.

**കലഹത്തിൻെറ ഹേതു:**—അന്യോന്യം ആസക്തി വൎദ്ധിപ്പിയ്ക്കരുതു്. എന്നാൽ പെരുമാററത്തിൽ ഒരിയ്ക്കലും ശുഷ്കതയുണ്ടാവാതിരിയ്ക്കാൻ പ്രത്യേകം ശ്രദ്ധിയ്ക്കുകയും വേണം. സഹാനുഭൂതിയെന്ന മഹത്തായ ഗുണത്തെ ഹൃദയത്തിൽ വളൎത്തിക്കൊണ്ടുവരിക. കലഹശീലം വളരെ ചീത്തയാണ്. ഭാൎയ്യാഭൎത്താക്കന്മാർ തമ്മിൽ വളരെ അടുക്കുന്നതിന്നുള്ള പല സന്ദർഭങ്ങളുണ്ടു്. ഓരോ അടിവെപ്പിലും ശ്രദ്ധാപൂൎവ്വം പ്രവൎത്തിയ്ക്കുകയാണെങ്കിൽ നിങ്ങൾക്കു് ഒരിയ്ക്കലും ദുഃഖിക്കേണ്ടിവരികയില്ല. വിഷയസുഖത്തിൽ മതിമറന്ന് ശരീരത്തേയും മനസ്സിനേയും അഗണ്യമാക്കി തള്ളരുത്. അങ്ങിനെ ജീവിച്ചാൽ നിങ്ങൾക്കു് സൎവ്വ അഭ്യുദയങ്ങളുമുണ്ടാകും.

**ദമ്പതികൾ യോജിച്ചു കഴിയുന്നതെങ്ങിനെ?:**—നോവലുകളിൽ ദാമ്പത്യസുഖത്തെ അങ്ങേഅററത്തോളം വാഴ്ത്തിയിരിയ്ക്കുന്നതു കാണാം. മനുഷ്യൻ ആഗ്രഹിയ്ക്കുന്നതും അതുതന്നെയാണ്. എന്നാൽ ആ സുഖം ലഭിയ്ക്കുന്ന

മെങ്കിൽ ഭാര്യയും ഭർത്താവും തമ്മിൽ ശാരീരികവും മാനസികവുമായ യോജിപ്പുണ്ടായിരിയ്ക്കണം. ലോകജീവിതത്തേയും ശിശുസംരക്ഷണത്തേയുംപററി ഭാര്യാഭർത്താക്കന്മാർക്ക് ഒരേ അഭിപ്രായമുണ്ടായാൽ മാത്രമേ ഈ യോജിപ്പ് സാദ്ധ്യമാവൂ. എന്നാൽ ഭാര്യാഭർത്താക്കന്മാർക്ക് വിഭിന്ന രുചിഭേദങ്ങളും സംസ്കാരങ്ങളുമായിരിക്കും ഉണ്ടാവുക. ഒരേ മരത്തിന്റെ രണ്ടിലകൾ വ്യത്യസ്തങ്ങളായിരിയ്ക്കുന്നതു കാണാം. അതുകൊണ്ട് ഒരാൾ മറേറയാളുടെ ചിന്താഗതിയ്ക്ക് കീഴടങ്ങുന്നതുകൊണ്ടുമാത്രമേ സുഖവും സമാധാനവും ലഭിയ്ക്കുകയുള്ളൂ. ശരിയായ യോജിപ്പുണ്ടാകുന്നതും അതുകൊണ്ടുതന്നെയാണ്.

ഏററവും വിഷമംപിടിച്ച പ്രശ്നമാണിത്. രണ്ടുപേരിലും ഏററവും അധികം അറിവുള്ള ആൾക്ക് എത്ര പരിശ്രമിച്ചാലും മറെറ ആൾക്ക് കീഴടങ്ങുക സാദ്ധ്യമല്ല. യോജിപ്പു നിലനിൎത്തുന്നതിന്നു ഭക്ഷണത്തേയും നിദ്രയേയും ഉപേക്ഷിയ്ക്കുവാൻ ആ യാൾ തെയ്യാറുണ്ടായിരിക്കും. കഠിനാദ്ധ്വാനം ചെയ്യാൻ ആയാൾ ഒരുക്കമായിരിയ്ക്കും. പക്ഷേ താൻ തെററാണെന്നു കരുതുന്ന ഒരു കാര്യം ചെയ്യാൻ ആയാൾക്കു സാദ്ധ്യമല്ല. യോജിപ്പിലാണ് തങ്ങളുടെ ജീവിതസുഖം നിക്ഷിപ്തമായിരിയ്ക്കുന്നതെന്നും ശിശുസംരക്ഷണം ചെയ്യാൻ ആ യോജിപ്പ് അത്യന്താപേക്ഷിതമാണെന്നും ഭാര്യാഭർത്താക്കന്മാർ മനസ്സിലാക്കുന്നുവെങ്കിലും തന്റെ ഭർത്താവിനെ മദ്യപാനിയും ചൂതുകളിക്കാരനുമായി വിടുവാൻ ഭാര്യയും, തന്റെ ഭാര്യയെ നൃത്തഗീതങ്ങളിൽ ഏൎപ്പെട്ടു

വാനും കുട്ടികളെ ഹിതകാര്യങ്ങൾ പഠിപ്പിയ്ക്കുവാനും ഭ ത്താവും അനുവദിച്ചുകൂടാത്തതാകുന്നു.

യോജിപ്പിന്നും സൌഖ്യത്തിന്നും സമാധാനത്തിന്നും ഒരേ മാർഗ്ഗമേയുള്ളു. ബുദ്ധികുറഞ്ഞവർ ബുദ്ധികൂടിയവരെ അനുസരിയ്ക്കുക. വീട്ടുകാര്യങ്ങളിലും ഭക്ഷണവിഷയത്തിലും ഉടുപ്പിലും നടപ്പിലും ജീവിതോദ്ദേശത്തെ സംബന്ധിച്ച അ ഭിപ്രായത്തിലും എങ്ങിനെയാണ് ജീവിയ്ക്കേണ്ടതെന്ന പ്രശ്ന ത്തിലും അങ്ങിനെ സർവ്വകാര്യങ്ങളിലും ബുദ്ധിയില്ലാത്ത വർ അനുസരിയ്ക്കണം; എന്നാൽ ശരിയായ പ്രേമം നില നില്ക്കും.

കുട്ടികളുടേയും ഒന്നിച്ചു ജീവിയ്ക്കുന്നവരുടേയും സൌ ഖ്യത്തിന്നും സമാധാനത്തിന്നും ഭാര്യാഭർത്താക്കന്മാർ തമ്മി ലുള്ള യോജിപ്പ് അത്യന്താപേക്ഷിതമാകുന്നു. അവരുടെ ഇടയലുകളും കലഹങ്ങളും ബഹളങ്ങളും അവരെ മാത്രമല്ല കുട്ടികളേക്കൂടി ബാധിയ്ക്കുന്നുണ്ടെന്ന് മനസ്സിലാക്കണം തന്നിമിത്തം ജീവിതം നരകപ്രായമായിത്തീരും. ഇതിൽനി. ന്ന് രക്ഷപ്പെടുന്നതിന്നുള്ള ഒരേയൊരുമാർഗ്ഗം ഒരാൾ മറെറ ആൾക്ക് കീഴടങ്ങുകയാണ്. എൻെറ അഭിപ്രായം ഭാര്യാ ഭർത്താക്കന്മാരിൽ ഒരാൾ ഉയന്ന ചിന്താഗതിയും നിഷ്കപട മനസ്ഥിതിയുമുള്ള വ്യക്തിയാണെങ്കിൽ ആയാളുടെ നേതൃ ത്വം മറേറയാൾ വളരെ സന്തോഷത്തോടെ സ്വീകരിയ്ക്ക ണമെന്നാണ്. അങ്ങിനെ ചെയ്യുന്നതിൽ യാതൊരു പ്രകാ രത്തിലും ദുഃഖിക്കേണ്ട സന്ദർഭമുണ്ടാകുന്നതല്ലെന്ന് ഞാൻ ദൃഢമായി വിശ്വസിയ്ക്കുന്നു.

**സമുദായസേവനവും കുടുംബസംരക്ഷണവും:—** ജീവിതത്തേയും ലോകത്തേയും സംബന്ധിച്ച് ഭാര്യാഭർത്താക്കന്മാക്ക് വ്യത്യസ്തവീക്ഷണകോണുകളാണെങ്കിൽ ബുദ്ധികുറഞ്ഞവർ ബുദ്ധികൂടുതൽ ഉള്ളവക്ക് കീഴടങ്ങുന്നതുകൊണ്ട് യോജിപ്പ് നിലനിത്തുവാൻ കഴിയും. സമുദായത്തേയും കുടുംബത്തേയും സേവിയ്ക്കുന്നതിൽ വ്യത്യസ്തമനോഭാവം ഉണ്ടായിക്കൂടാ. കുടുംബസംരക്ഷണവും കുടുംബത്തിലെ ആളുകളുടെ വിദ്യാഭ്യാസവും കുട്ടികളുടെ വിദ്യാഭ്യാസവും എല്ലാംതന്നെ മുഴുവൻ മനുഷ്യസമുദായത്തിൻെറയും അഭിവൃദ്ധിയെ ഉദ്ദേശിച്ചായിരിയ്ക്കണം നടത്തപ്പെടുന്നതു്. സന്താനോല്പാദനത്തിൻെറ രൂപത്തിൽ ഫലീഭൂതമാകുന്ന ധാമ്മികവിവാഹം പരോക്ഷരൂപത്തിൽ ഈശ്വരസേവനമാകുന്നു. അതായത് തങ്ങളുടെ സന്താനങ്ങൾക്കവേണ്ടി മാതാപിതാക്കൾ ഈശ്വരസേവനമനുഷ്ഠിയ്ക്കുന്നു. തന്നിമിത്തമാണ് വിവാഹംകൊണ്ടു് നമുക്ക് സുഖവും സമാധാനവും ലഭിയ്ക്കുന്നത്. അതിന്നുവേണ്ടി നാം സ്വന്തം കാര്യങ്ങളെ അന്യക്ക് ഏല്പിയ്ക്കുന്നു. എൻെറ കത്തവ്യങ്ങളെ മുഴുവൻ എനിയ്ക്ക് നിറവേററുവാൻ സാധിയ്ക്കുകയില്ലെങ്കിൽ എൻെറ സന്താനങ്ങളെങ്കിലും അതു നിറവേററുമെന്ന ഒരു സമാധാനത്തിന്ന മാർഗ്ഗമുണ്ടല്ലോ.

എന്നാൽ പ്രസ്തുത കാര്യത്തെ നിർവ്വഹിയ്ക്കുവാൻ കാര്യശേഷിയുള്ളവരായിരിയ്ക്കണം കുട്ടികൾ. ഈശ്വരകാര്യങ്ങൾക്ക് അവർ ഒരു തടസ്ഥമാകരുത്. അവർ യഥാത്ഥസാധകന്മാരായിത്തീരണം. അതിനുപററിയ വിദ്യാ

ഭ്യാസമാണ് നൽകേണ്ടത്. എൻെറ ആദൎശങ്ങളെ എൻെറ കുട്ടികളെങ്കിലും നടപ്പിൽ വരുത്തുമെന്ന സമാധാനം അപ്പോൾ മാത്രമേ ഉണ്ടാവുകയുള്ളു അങ്ങിനെ മുഴുവൻ വിദ്യാഭ്യാസക്രമവും രൂപപ്പെടുക്കണം. അപ്പോൾ മാത്രമെ അതു് ധൎമ്മസംഗതമായിത്തീരുകയുള്ളു. അങ്ങിനെ കുടുംബസേവനവും മനുഷ്യസമുദായസേവനവും തമ്മിൽ പൊരുത്തക്കേടില്ലാതെ കൊണ്ടുനടത്തുവാൻ നമുക്ക് സാധിയ്ക്കും.

**കുട്ടിയുടെ ജനനരഹസ്യം:—** നിങ്ങൾക്ക് ഒരു കുട്ടി ജനിച്ചതിൽ എനിക്ക് അതീവ സന്തോഷമുണ്ടു്. അവൻ എവിടെനിന്നാണ് വന്നത്? എന്തിനാണ് വന്നത്? എവിടെയ്ക്കാണ് വന്നത്? അവൻ ആരാണു്? സയൻസ് ഇതിനെല്ലാം ഉത്തരം പറയുന്നുണ്ടു്. അതുകേട്ട് പലരും തൃപ്തിപ്പെടുന്നുമുണ്ടു്. എന്നാൽ സയൻസിൻെറ ഉത്തരം കൊണ്ടു് തൃപ്തിപ്പെടാത്തവർ നവജാതശിശുവിൻെറ ജനനം വളരെ സാരവത്തായ ഒരു കാര്യമാണെന്നു് കരുതുന്നു. കുട്ടിയോടു് നാം എത്രത്തോളം നമ്മുടെ മുഴുവൻ കൎത്തവ്യങ്ങളും നിൎവ്വഹിയ്ക്കുന്നുവോ അത്രകണ്ടു് മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്കുള്ള ഉത്തരങ്ങൾ നമുക്ക മനസ്സിലായിത്തുടങ്ങുകയും ചെയ്യും!

**ഭാര്യയെ ഉപേക്ഷിയ്ക്കുന്നത് പാപമാണു്:—** വിവാഹിതരായ സ്ത്രീപുരുഷന്മാർ ഒന്നിച്ചു ജീവിയ്ക്കണം. ഭാര്യയേയും കുട്ടികളേയും ഉപേക്ഷിയ്ക്കുന്നതിന്നു തുനിയരുതു്. അലഞ്ഞുതിരിയുന്നത് സ്ത്രീകൾക്ക സങ്കടകരമാകുന്നു; പ്രത്യേകിച്ച് ഭൎത്തൃപ്രേമത്താൽ പരിശുദ്ധജീവിതം നയിയ്ക്കുന്ന സ്ത്രീകൾക്ക്. അതിനാൽ അവരുടെ പേരിൽ

ദയവുണ്ടായിരിയ്ക്കണം. ഒരു സ്ഥലത്തു ജീവിയ്ക്കുന്ന ഭാര്യാ ഭർത്താക്കന്മാർക്ക് സ്ഥലമാററം ചെയ്യേണ്ടിവരികയാണെങ്കിൽ വളരെ വിഷമമായിരിയ്ക്കും. വളരെ വിഷമിച്ച് തെയ്യാർ ചെയ്തിട്ടുള്ള ഗൃഹസ്ഥജീവിതസൌധം ഇടിഞ്ഞുവീഴുന്നു. കുടുംബമൊന്നിച്ച് ജീവിയ്ക്കുവാൻ എനിക്ക് വിധിയില്ല എന്നും മററും നിങ്ങൾ പറയുമായിരിയ്ക്കാം. എന്നാൽ അങ്ങിനെ വിട്ടു താമസിയ്ക്കുന്നത് അന്യോന്യമുള്ള സമ്മതത്തോടുകൂടിയായിരിയ്ക്കണം. ക്രിസ്തുവിൻെറ മഹത്തായ ഉപദേശമിതാണ്—'ഭാര്യാഭർത്താക്കന്മാർ രണ്ടല്ല, ഏക ശരീരികളാണു്. ദൈവം ഒന്നാക്കീട്ടുള്ള അവരെ മനുഷ്യന്നു് ഒരിയ്ക്കലും രണ്ടാക്കുക സാദ്ധ്യമല്ല.' ആരോഗ്യവാനും നിശ്ചിന്തനുമായ ഒരു വ്യക്തി വിവാഹബന്ധത്തിൽ ഏർപ്പെടരുത്. എന്നാൽ വിവാഹം ചെയ്കയും സന്താനങ്ങൾ ഉണ്ടാവുകയും ചെയ്താൽ പിന്നെ അവനവൻ ചെയ്ത പാപത്തിൻെറ ഫലം അനുഭവിയ്ക്കുകതന്നെ വേണം. എൻെറ അഭിപ്രായത്തിൽ ഭർത്താക്കന്മാരോട് ഭാര്യമാരെ ഉപേക്ഷിയ്ക്കുവാൻ പറയുന്നതു് മഹാപാപമാകുന്നു. ഭാര്യാമക്കളെ വിട്ടുനിന്നാൽ കൂടുതൽ ഈശ്വരസേവനം ചെയ്യാൻ സാധിയ്ക്കുമെന്നു് ആരംഭത്തിൽ തോന്നിയേക്കാം. എന്നാൽ അതു് തെററിദ്ധാരണയാണ്. പരിശുദ്ധനും പാപരഹിതനുമായ ഒരാൾക്കുമാത്രമേ അതു് സാദ്ധ്യമാവൂ. അന്യരോടു് അവരുടെ ഭാര്യാമക്കളെ ഉപേക്ഷിയ്ക്കണമെന്നു് ഒരിക്കലും ഉപദേശിച്ചുകൂടാ. എന്തെന്നാൽ വിവാഹിതക്ക് അതു ഭയങ്കരമായ നിരാശയുണ്ടാക്കും അതു ഒരിയ്ക്കലും അഭിലഷണിയുമല്ല. എൻെറ അഭിപ്രാ

യത്തിൽ പാപിയ്ക്കും ദുർബ്ബലനും ഈശ്വരസേവനമനുഷ്ഠിക്കുവാൻ സാധിയ്ക്കുമെന്നാണ്.

ഒരിക്കൽ വിവാഹമാകുന്ന പാപകർമ്മം ചെയ്തതിന്നുശേഷം മനുഷ്യൻ ക്രൈസ്തവസമ്പ്രദായത്തിൽ ജീവിയ്ക്കുകയും താൻ ചെയ്ത പാപത്തിൻെറ ഫലം അനുഭവിയ്ക്കുകയും ചെയ്യേണ്ടതാകുന്നു. ആദ്യം ചെയ്ത പാപത്തിയ്യനിന്ന് സ്വയം രക്ഷപ്പെടുവാൻ ആയാൾ ഒരിക്കലും മററൊരു പാപം ചെയ്യരുത്. എന്നാൽ അവനവൻെറ സ്ഥിതിയിൽ സംതൃപ്തിയോടെ ജീവിയ്ക്കുകയും ഈശ്വരസേവനത്തിന്നുവേണ്ടി മുഴുവൻ സമയത്തേയും വിനിയോഗിയ്ക്കുകയു വേണം.

**വംശരക്ഷയെപ്പററിയുള്ള ചിന്ത വെടിയുക:—** ഈശ്വരസേവനത്തിന്നുവേണ്ടിയുള്ള യേശുവിൻെറ നിർദ്ദേശങ്ങളിൽ ജീവിതത്തെയും വംശരക്ഷയേയും പററിയുള്ള ചിന്ത വെടിയുവാൻ ആദേശം നൽകിയിരിയ്ക്കുന്നു. ഇതുവരെ പ്രസ്തുത ചിന്തയിൽനിന്ന് മോചനം പ്രാപിയ്ക്കാനുള്ള ശ്രമത്തിൽ മനുഷ്യസമുദായം നശിച്ചിട്ടില്ല. ഭാവിയിൽ എന്തു സംഭവിയ്ക്കുമെന്ന് എനിയ്ക്കറിഞ്ഞുകൂടാ.

**സ്ത്രീപുരുഷന്മാരെപ്പററി:—** എൻെറ കാലത്തെ വൈചിത്ര്യങ്ങളെ സംബന്ധിച്ച് ചിലതു പറയുവാൻ എനിക്കാഗ്രഹമുണ്ട്. എന്നാൽ എല്ലാ ക്രൈസ്തവദേശങ്ങളിലും ദരിദ്രരും ധനികരുമായ സ്ത്രീപുരുഷന്മാരും ഭാര്യാഭർത്താക്കന്മാരും തമ്മിലുള്ള ബന്ധത്തിന്ന് വളരെ വൈചിത്ര്യം കാണുന്നുണ്ട്. സ്ത്രീകൾ കാരണമായിട്ടാണ് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള വിയോജിപ്പ് ഉണ്ടാകുന്നതെന്ന് ഞാൻ ക

രുത്തുന്നു. അവർ ഭർത്താക്കന്മാരോട് ഔദ്ധത്യത്തോടും വെറുപ്പോടുംകൂടി പെരുമാറുന്നു. മാത്രമല്ല പുരുഷന്മാരേക്കാൾ തങ്ങൾ ഒട്ടുംതന്നെ താണവരല്ലെന്നു കാണിയ്ക്കുവാൻ അവർ ആഗ്രഹിയ്ക്കുകയും ചെയ്യുന്നു. അവരിൽ നൈതികഭാവത്തിൻെറ അഭാവമുണ്ട്. അതുണ്ടെങ്കിൽത്തന്നെ മാതൃത്വം അതിനെ ദമനംചെയ്യുന്നു.

എൻെറ അഭിപ്രായം സ്ത്രീപുരുഷന്മാർ സമന്മാരാണെന്നാണ്. എന്നാൽ വിവാഹത്തിന്നും സന്താനോല്പാദനം സാധിച്ചതിന്നും ശേഷം സ്ത്രീകളുടെ കാര്യക്ഷേത്രം പുരുഷന്മാരിൽനിന്ന് വ്യത്യസ്തമായിത്തീരുന്നു. മാതൃത്വത്തിൻെറ ഭാരംകൊണ്ട് സ്ത്രീകളുടെ അധികം ശക്തിയും വ്യയംചെയ്യപ്പെടുന്നു. അങ്ങിനെ നൈതികമായ പഥപ്രദർശനം ചെയ്യുന്നതിന്നുള്ള ശക്തി ഇല്ലാതായിത്തീരുകയും ചെയ്യുന്നു. ഭർത്താവാണ് അത് നിർവ്വഹിക്കേണ്ടത്. സൃഷ്ടിയുടെ ആരംഭംതൊട്ട് ഈ ക്രമമാണ് നടന്നുവരുന്നത്.

എന്നാൽ ഇക്കാലത്ത് സ്വാഭാവികമായ ഈ ക്രമത്തിന്നു ഒരിളക്കം തട്ടീട്ടുണ്ട്. ഒരു കാരണം പുരുഷന്മാർ അവരുടെ അധികാരത്തെ ദുരുപയോഗം ചെയ്തതാണ്. അവർ നിർബ്ബന്ധിച്ച് സ്ത്രീകളെ തങ്ങളുടെ മാർഗ്ഗത്തിലേയ്ക്കു കൊണ്ടുവന്നു. മറെറാരു കാരണം സ്ത്രീകൾക്കു മതത്തിൽ വിശ്വാസം കുറഞ്ഞതാണ്. അവർ പുരുഷന്മാരുടെ കല്പനകളെ അനുസരിക്കാതായി. പുരുഷന്മാരുടെ മാർഗ്ഗദർശനം നിസ്സാരമായി കരുതി സ്വന്തം ഇഷ്ടപ്രകാരം നടക്കുവാൻ തുടങ്ങി. അങ്ങിനെ സമുദായത്തിലെ നാനാരംഗങ്ങളിലും കുഴപ്പം ആരംഭിച്ചു.

**അന്യോന്യം മനസ്സിലാക്കുന്നില്ല:**—സ്ത്രീപുരുഷന്മാർ ദുഃഖിതരായിരിയ്ക്കുന്നതിന്നുള്ള പ്രധാനകാരണം അന്യോന്യം മനസ്സിലാക്കാത്തതുകൊണ്ടാണ്. സ്ത്രീകൾക്ക് കുട്ടികൾ എത്രമാത്രം പ്രിയകരമാണെന്ന വസ്തുത പുരുഷൻ മനസ്സിലാക്കുന്നില്ല. പുരുഷന്റെ സാമുദായികവും ധാർമ്മികവുമായ കാര്യങ്ങൾ എത്രമാത്രം പ്രിയപ്പെട്ടതാണെന്ന് സ്ത്രീയും മനസ്സിലാക്കുന്നില്ല.

**സ്ത്രീബുദ്ധി:**—പുരുഷന്മാർ പ്രസവിയ്ക്കുന്നില്ലെങ്കിലും ഗർഭധാരണവും പ്രസവവും വളരെ കഷ്ടകരവും ദുഃഖദായകവുമാണെന്ന് അവർക്കറിയാം. എന്നാൽ ഒരു നവീനമായ ആദ്ധ്യാത്മികജീവിതത്തെ കെട്ടിപ്പടുക്കുന്നത് എത്രമാത്രം ഗുരുതരവും കഷ്ടകരവുമാണെന്ന വസ്തുത അറിയുന്ന സ്ത്രീകൾ ഉണ്ടോ എന്നു സംശയമാണ്. അവർ നിമിഷനേരത്തേയ്ക്കു മാത്രം ഇതിനെപ്പററി ചിന്തിയ്ക്കുകയും പിന്നീട് മറക്കുകയും ചെയ്യുന്നു. സ്വന്തം കാര്യങ്ങളോ വീട്ടുകാര്യങ്ങളോ ഉണ്ടാകുമ്പോൾ അവർ പുരുഷന്മാരുടെ ദൃഢമായ ജീവിതസിദ്ധാന്തങ്ങളെ മറക്കുകയും തങ്ങളുടെ കാര്യമായ പണത്തിൻെറയും വസ്ത്രങ്ങളുടെയും മുമ്പിൽ പ്രസ്തുതസിദ്ധാന്തങ്ങൾ നിരർത്ഥകവും അപ്രായോഗികവുമായി കരുതുകയും ചെയ്യുന്നു.

**കുടുംബവും ഭാര്യയും:**—കുടുംബജീവിതത്തെപ്പററിയുള്ള ഭിന്നാഭിപ്രായങ്ങൾകൊണ്ടാണ് ഭാര്യാഭർത്താക്കന്മാർ തമ്മിൽ കലഹമുണ്ടാവുന്നതെന്ന് ഞാൻ കരുതുന്നു. തൻെറ ഭർത്താവു് സമർത്ഥനും പ്രായോഗികമതിയുമാണെന്ന് ഒരു സ്ത്രീയും വകവെച്ചു കൊടുക്കാറില്ല. കാരണം ഇതു സമ്മതിയ്ക്കുന്നപക്ഷം അവൾക്ക് ഭർത്താവ് പറയുന്നത്

മുഴവൻ കേൾക്കേണ്ടിവരുമല്ലോ ക്രൂസർ സൊണാട്ടയെ പ്പററി ഞാൻ വീണ്ടും എഴുതുന്നാപക്ഷം ഈ കാര്യം കൂടുതൽ വ്യക്തമാകുന്നതാണു്.

**ഭരണാധികാരം സ്ത്രീകളുടെ കയ്യിൽ:**—നിർബ്ബന്ധത്തിന്നും മർദ്ദനത്തിന്നും വിധേയരായവർ കാലക്രമത്തിൽ ഭരണം നടത്തുന്നു. അതായതു് സഹനശക്തി അത്യധികമുള്ളവർ ഇന്നു് സ്ത്രീകൾ അവകാശത്തിനുവേണ്ടി സമരം ചെയ്യുന്നു. എന്നാൽ യഥാർത്ഥത്തിൽ ഭരണാധികാരം അവരുടെ കയ്യിലാണു്. അവരെ മർദ്ദിയ്ക്കുകയും നിർബ്ബന്ധിയ്ക്കുകയും ചെയ്യുന്നുണ്ടു്. സ്ഥാപനങ്ങൾ നടത്തുന്നതു് പുരുഷന്മാരാണെങ്കിലും പൊതുജനാഭിപ്രായം രൂപവൽക്കരിയ്ക്കുന്നതു് സ്ത്രീകളാണു്. പൊതുജനാഭിപ്രായമെന്നതു് നിയമം, പട്ടാളം എന്നിവയേക്കാൾ അസംഖ്യം ഇരട്ടി ശക്തിമത്തായതാണു്. ഇതിന്റെ തെളിവു്, ഗൃഹഭരണം, ഭക്ഷണവ്യവസ്ഥ തുടങ്ങിയതു മാത്രമല്ല ധനവ്യയവും മനുഷ്യപ്രയത്നത്തിന്റെ നിയന്ത്രണവും സഞ്ചാലനം ചെയ്യുന്നതു് സ്ത്രീകളാണു്. കലയുടേയും സാഹിത്യത്തിന്റേയും വിജയവും ഭരണാധിപന്മാരുടെ നിയമനവും പൊതുജനാഭിപ്രായത്തെ ആസ്പദിച്ചിരിയ്ക്കുന്നു. ആ പൊതുജനാഭിപ്രായത്തെ നിയന്ത്രിയ്ക്കുന്നതു് സ്ത്രീയാണു്. സ്ത്രീകളല്ല, പുരുഷന്മാരാണു് സ്വാതന്ത്ര്യരായിത്തീരുവാൻ പ്രയത്നിയ്ക്കേണ്ടതെന്നു് ആരോ പറഞ്ഞതു് വളരെ ശരിയാണു്.

**ഭർത്താവു് ഭാര്യയുടെ ദൃഷ്ടിയിൽ:**— ഒരു സുന്ദരിയായ സ്ത്രീ ഇങ്ങനെ കരുതുന്നു—'എന്റെ ഭർത്താവു് സമർത്ഥനും വിദ്വാനും യശസ്വിയും ധനവാനും മഹാനും നീതി

ജ്ഞനും പരിശുദ്ധനുമാണ്. എന്നാൽ ആയാൾ എൻെറ മുമ്പിൽ വിഡ്ഢിയും അജ്ഞാനിയും ദരിദ്രനും നിസ്സാരനും നെറികെട്ടവനുമാണ്. എൻെറ പ്രലോഭനങ്ങൾക്ക് ആയാൾ വശംവദനായിത്തീരുന്നു. അതിനാൽ ആയാളുടെ ബുദ്ധിയും വിദ്യയും സർവ്വസ്വവും വ്യത്ഥമാണ്.' ഇത്തരം അനിയന്ത്രിതസ്വഭാവം ഭാര്യയെ അധഃപതിപ്പിയ്ക്കുകയും നശിപ്പിയ്ക്കുകയും ചെയ്യുന്നു.

**നിരുദ്ദേശപരമായ ജീവിതം:**—നമ്മുടെ ജീവിതം വ്യത്ഥമായിത്തീരുന്നതിന്നുള്ള കാരണം സ്ത്രീകൾക്ക് നമ്മുടെ മേലുള്ള ആസക്തികൊണ്ടാണ്. അനിയന്ത്രിതസ്വഭാവംകൊണ്ടാണ് സ്ത്രീകൾ നമ്മുടെ മേൽ ആസക്തരായിത്തീരുന്നത്. പ്രസ്തുത അനിയന്ത്രിതസ്വഭാവമാണ് ജീവിതത്തെ നിരുദ്ദേശപരമാക്കിത്തീക്കുന്നതു്.

**ക്രൂസർസൊണാട്ടാ:**—പ്രസ്തുത കഥ എഴുതിയപ്പോൾ താഴെ പറയുന്ന വസ്തുതകളുടെ നാടകീയമായ ഒരു ചിത്രം കൊടുക്കുവാൻ ഞാൻ പ്രയത്നിച്ചു:—ഭർത്താവ് ഭാര്യയുടെ വിഷയാസക്തിയെ വൎദ്ധിപ്പിയ്ക്കുന്നു, ഡോക്ടർ സന്താനനിയന്ത്രണത്തിന്നുവേണ്ട ഉപദേശം നൽകുന്നു, ഭാര്യയിൽ വിഷയാസക്തി കൂടുതലാവുന്നു. കലയും സാഹിത്യവും അതിന്നു് പ്രോത്സാഹനം നൽകുന്നു. പിന്നെ അവൾ തന്നെത്താൻ നിയന്ത്രിയ്ക്കുന്നതെങ്ങിനേയാണ്? അവളെ ഇത്രയും അധഃപതിപ്പിച്ചതു് ഭർത്താവുതന്നേയാണെന്നു് ആയാൾ അറിയണം. അവളെ, ആയാൾ വെറുക്കുവാൻ തുടങ്ങി, അവളിനെ നശിപ്പിച്ചു പിന്നീട് തൻെറ

പ്രവൃത്തികളെ യുക്തിവാദംകൊണ്ട് സമത്ഥിയ്ക്കുവാൻ തുടങ്ങി.

ഗൃഹജോലികഠം:—ഭത്താവ് തൻെറ കുട്ടികളെ വളത്തുകയും അവരെ വിദ്യാഭ്യാസം ചെയ്യിയ്ക്കുകയും ചെയ്യുന്ന ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുനില്ക്കാൻ ആഗ്രഹിയ്ക്കുന്നുണ്ടെങ്കിൽ, കുട്ടികളെ ഉറക്കുക, കുളിപ്പിയ്ക്കുക, വസ്ത്രം ധരിപ്പിയ്ക്കുക അവർക്കും മററുള്ളവർക്കും ഭക്ഷണമുണ്ടാക്കുക, ഉടുപ്പുകഠം തൈയ്ക്കുക മുതലായ കാര്യങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുവാൻ ആഗ്രഹിയ്ക്കുന്നുണ്ടെങ്കിൽ അത് അത്യന്തം അനുചിതവും നിർദ്ദയതാപൂണ്ണവും അന്യായവുമാണെന്ന് പറയാതിരിയ്ക്കാൻ നിവൃത്തിയില്ല.

സന്താനോല്പാദനത്തിൻെറയും ശിശുസംരക്ഷണത്തിൻെറയും അധികം അധികം ഉത്തരവാദിത്തവും ഇന്നു നിക്ഷിപ്തമായിരിയ്ക്കുന്നത് സ്ത്രീകളിലാണ്. അതിനാൽ ഒഴിവുള്ളപ്പോഠം ഭത്താവ് ഭാര്യയെ സഹായിയ്ക്കുകയാണെങ്കിൽ അത് ഒട്ടുംതന്നെ അനുചിതമായിരിക്കുകയില്ല. സമുദായത്തിൽ ഉത്തരവാദിത്തം മുഴുവനും സ്ത്രീയുടെതലയിൽ വെച്ചുകെട്ടുന്ന അപരിഷ്കൃതസമ്പ്രദായം ഉണ്ടായിരുന്നില്ലെങ്കിൽ മേൽപ്പറഞ്ഞതുപോലെ സംഭവിക്കുമായിരുന്നു. പ്രസ്തുതസമ്പ്രദായം സമുദായത്തിൽ രൂഢമൂലമായിട്ടുണ്ട്. പുരുഷന്മാരേപ്പോലെ നാം സ്ത്രീകളെയും കരുതുന്നു. ഉദാരമതികളും സംസ്കാരസമ്പന്നരുമായ ആളുകഠം സ്ത്രീകഠം കോളേജുകളിൽ പ്രൊഫസർമാരാവണമെന്നു അഭിപ്രായപ്പെടുന്ന ഒരു മഹിളയുടെ കയ്യിൽനിന്ന് ടവ്വലോ മറേറാ നിലത്തുവീണാൽ ജീവൻകളഞ്ഞ് നാമത് അവഠംക്ക് എടുത്തുകൊടു

ക്കുന്നു. എന്നാൽ സ്വന്തം കുട്ടികൾ മലമൂത്രവിസർജ്ജനം ചെയ്തിട്ടുള്ള വസ്ത്രങ്ങൾ അലക്കുവാനോ ഭാര്യ സുഖക്കേടുപിടിച്ചു കിടക്കുമ്പോൾ കുട്ടികളെ കുളിപ്പിക്കുകയും അവരെ വേണ്ടവിധം ശുശ്രൂഷിക്കയും ചെയ്യുവാനോ നമ്മൾ തെയ്യാറാവുന്നില്ല. അത്തരം പ്രവൃത്തികൾ വളരെ താണതാണെന്നാണു് പരക്കെയുള്ള ധാരണ. എന്നാൽ മററുള്ളവർ ഹസിച്ചാലും അങ്ങിനെയുള്ള സേവനങ്ങൾ ചെയ്യുവാൻ നമുക്കു് ധൈര്യമുണ്ടാവണം.

**പെൺകുട്ടികളുടെ വിദ്യാഭ്യാസം:**—സ്ത്രീസ്വാതന്ത്ര്യമെന്നതിൻെറ യഥാർത്ഥതാല്പര്യമിതാണു:—ഒരു കാര്യവും സ്ത്രീകൾക്കു് പ്രത്യേകമായിട്ടുള്ളതാണെന്നു് കരുതരുതു്. നിങ്ങൾക്കു ഒരു പ്രവൃത്തിചെയ്യാനും മടിയുണ്ടായിരിയ്ക്കരുതു്. യഥാശക്തി സർവ്വപ്രവൃത്തികളിലും സ്ത്രീകളെ സഹായിക്കണം. അബലയായ അവളുടെ ഭാരത്തെ കഴിയുന്നതും കുറയ്ക്കണം. പെൺകുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ ചില സംഗതികൾ പ്രത്യേകം ശ്രദ്ധിക്കുവാനുണ്ടു്. ഭാവിയിൽ മാതാക്കളായിത്തീരേണ്ടവരാണു് അവർ. ഭാവിയിൽ പഠിയ്ക്കുന്നതിന്നു് അവക്കു് സമയം ലഭിയ്ക്കുകയില്ല. അതിനാൽ മാതൃത്വത്തിന്നുള്ള അറിവും ശക്തിയും പ്രദാനം ചെയ്യുന്നതായിരിയ്ക്കണം പെൺപള്ളിക്കൂടങ്ങൾ.

**ഭയങ്കരമായദോഷം:**—സ്ത്രീകളേയും അവരെ സംബന്ധിയ്ക്കുന്ന പ്രശ്നങ്ങളേയും പററി സമുദായത്തിൽ വളരെ അധികം ദോഷകരങ്ങളായ തെററിദ്ധാരണകൾ പ്രചലിതമായിത്തീൎന്നിട്ടുണ്ടെന്നുള്ളതു് ഒരു യാഥാർത്ഥ്യം മാത്രമാണു് അതിന്നെതിരായി സമരം ചെയ്യേണ്ടതു് നമ്മുടെ കർത്തവ്യ

മാണ്. എന്നാൽ സ്ത്രീകൾക്കവേണ്ടി ഗ്രന്ഥാലയങ്ങളും സമാജങ്ങളും സ്ഥാപിയ്ക്കുന്ന ഒരു സമുദായം ഒരിയ്ക്കലും പരിഷ്ക്കരണസംരംഭങ്ങൾക്ക് എതിരായിരിയ്ക്കുകയില്ലെന്നാണ് ഞാൻ കരുതുന്നത്.

സ്ത്രീകൾക്ക് കൂലികുറവും പുരുഷന്മാർക്ക് കൂടുതലുമാണ്. ഇതിന്നു് ഞാൻ വിരോധിയല്ല കൂലികൊടുക്കുന്നതു് പ്രവൎത്തിയ്ക്കനുസരിച്ചാണല്ലോ. എന്നാൽ സ്ത്രീ ഗൎഭധാരണം ചെയ്യുന്നു. മുലപ്പാൽ കൊടുത്തു് കുട്ടികളെ വളൎത്തുന്നു. പുറമേ ഭക്ഷണം പാകംചെയ്യുക എന്ന പ്രവൃത്തിയും അവൾ നിൎവ്വഹിക്കുന്നു. അവൾ തീയ്യിന്റെ ചൂടിൽ വെന്തുകൊള്ളട്ടെ; വീട്ട് അടിച്ചുവാരി വൃത്തിയാക്കികൊള്ളട്ടെ; എന്നാൽ പുരുഷൻ ഇതെല്ലാംകണ്ടു് അനങ്ങാതെയിരിയ്ക്കുകയാണു്. എന്തിനാണ് ഇത്രയധികം പ്രവൃത്തികൾ അവളെക്കൊണ്ടു് ചെയ്യിയ്ക്കുന്നത്? ഇതു കാണുമ്പോൾ എനിയ്ക്കു് വല്ലാത്ത കോപമുണ്ടാവുന്നുണ്ടു്. കൃഷകനും തൊഴിലാളിയും ഗവൎമ്മെണ്ടുദ്യോഗസ്ഥനും എല്ലാംതന്നെ പടിഞ്ഞിരുന്നു് രസമായി ധൂമപാനം ചെയ്യുന്നു. വീട്ടുജോലികളെല്ലാം ഭാൎയ്യയുടെ തലയിൽ നിക്ഷേപിയ്ക്കുന്നു. അവൾ ഗൎഭവതിയയാലും കൊള്ളാം രോഗിയായാലും കൊള്ളാം. ഭക്ഷണം പാകംചെയ്യലും വസ്ത്രമലക്കലും അവൾതന്നെ ചെയ്യണം. രാത്രിമുഴുവനും ഉറക്കമൊഴിച്ചു് കുട്ടികളെ നോക്കുകയും വേണം. സമുദായത്തിൽ നടപ്പുള്ള തെററിദ്ധാരണകളുടെ ഫലമാണ് മേൽപ്പറഞ്ഞതെല്ലാം സ്ത്രീകൾക്കു് സൎവ്വപ്രവൃത്തികളും ചെയ്യേണ്ടിവരുന്നു.

ഭയങ്കരമായ ഒരു ദോഷമാണിത്. നിസ്സഹായരായ സ്ത്രീജനങ്ങൾക്ക് തന്നിമിത്തം നിരവധി രോഗങ്ങൾ ഉണ്ടാവുന്നു. അവരുടേയും കുട്ടികളുടെയും ബുദ്ധി മന്ദീഭവിക്കുന്നു. അകാലവാർദ്ധക്യം അവരെ പിടികൂടുന്നു. രോഗത്തിൽ മൃതിയടയുകയും ചെയ്യുന്നു.

**ഒരു പോംവഴി മാത്രം:**—സ്ത്രീകൾ എല്ലായ്പോഴും പുരുഷന്മാരുടെ മേൽക്കോയ്മയെ വകവെച്ചുവന്നിട്ടുണ്ട്. അക്രൈസ്തവദേശങ്ങളിലെ സ്ഥിതിയും ഇതുതന്നെയാണ്. ശക്തിമാനായ പുരുഷൻ ഭരിക്കുന്നു. ലോകം മുഴുവനും ഇങ്ങിനെയാണ് നടക്കുന്നത്. ഇന്നും 99 ശതമാനം പുരുഷന്മാരും ചെയ്യുന്നതിതാണ്. ക്രിസ്തുമതത്തിന്റെ പ്രാദുർഭാവത്തോടുകൂടി മനുഷ്യന്റെ മഹത്വം മൃഗീയശക്തിയിലല്ല പ്രത്യുത, പ്രേമത്തിലാണ് സ്ഥിതിചെയ്യുന്നതെന്ന് അത് പ്രഖ്യാപിച്ചു അങ്ങിനെ മുഴുവൻ അടിമകളേയും സ്ത്രീകളേയും സ്വതന്ത്രമാക്കി. എന്നാൽ അടിമകളുടെയും സ്ത്രീകളുടെയും സ്വാതന്ത്ര്യം ആപൽക്കരമായിത്തീരാതിരിക്കുവാൻ അവർ ക്രിസ്തുമതം സ്വീകരിക്കണമെന്നും ഈശ്വരനേയും മനുഷ്യസമുദായത്തേയും സേവിക്കുവാൻ ജീവിതം അർപ്പിക്കേണമെന്നും നിർദ്ദേശിക്കപ്പെട്ടു. പക്ഷെ അവർ അങ്ങിനെ ചെയ്തില്ല. തന്നിമിത്തം അവർ ലോകത്തിന് ഒരു ഭീഷണിയായിത്തീർന്നു; എല്ലാ ആപത്തുകളുടെയും മൂലകാരണമായിത്തീർന്നു പിന്നീട് എന്തു ചെയ്യണമെന്ന ചിന്തയായി. വീണ്ടും അവരെ അടിമകളാക്കാമോ? അത് അസാദ്ധ്യവുമായിരുന്നു. ഒരു ക്രൈസ്തവൻ ആരെയും അടിമയാക്കുകയില്ല. അക്രൈസ്തവനാകട്ടെ അടിമത്വത്തിന്നതി

രായി പോരാടുകയും ചെയ്യും. യഥാർത്ഥത്തിൽ അവർ തമ്മിൽ ഒരു ഭയങ്കരയുദ്ധം നടന്നു. ക്രിസ്തുമതവിശ്വാസികളെ അടിമകളാക്കിത്തുടങ്ങി. അപ്പോൾ എന്തു ചെയ്യണമെന്ന ആലോചനയായി. ഒരേ ഒരു പോംവഴി മാത്രമേയുണ്ടായിരുന്നുള്ളു. ക്രിസ്തുമതത്തിലേയ്ക്ക് അവരെ ആകർഷിയ്ക്കുക എന്നതാണ് അത്. അങ്ങിനെ ക്രമേണ ക്രിസ്തുവിന്റെ മാർഗ്ഗത്തെ അവർക്കു മനസ്സിലാക്കി കൊടുക്കുക. ഇതിലും ഉത്തമമായ മററാരു മാർഗ്ഗം കണ്ടെത്തിയില്ല.

**അധഃപതനം:**—പുരുഷന്മാരെപ്പോലെ പ്രവൃത്തി എടുക്കുവാനും സ്വാതന്ത്ര്യത്തോടുകൂടി ജീവിയ്ക്കുവാനും അവകാശവാദം പുറപ്പെടുവിയ്ക്കുന്ന സ്ത്രീകൾ അജ്ഞാതമായ ഒരു മാർഗ്ഗത്തിലൂടെ സ്വേച്ഛാപ്രമത്തതയെയാണ് ആവശ്യപ്പെടുന്നത് എന്ന് അവർ മനസ്സിലാക്കുന്നില്ല. തൽഫലമായി അവർ കുടുംബജീവിതത്തിന്റെ ഭിത്തികളെ ഭേദിച്ചു് അധഃപതനത്തിലേയ്ക്കാണ് വഴുതി വീണുകൊണ്ടിരിയ്ക്കുന്നത്. എന്നാൽ ഉന്നതിയുടെ മാർഗ്ഗത്തിൽകൂടിയാണ് സഞ്ചരിയ്ക്കുന്നതെന്ന് അവർ അവകാശപ്പെടുകയും ചെയ്യുന്നു.

**തെററായ ബോധം:**—മററു പല കാര്യങ്ങളേയും പോലെത്തന്നെ ഞാൻ സ്ത്രീകളേയും വിവാഹത്തേയും സംബന്ധിച്ചും അവഗാഢമായി ചിന്തിച്ചിട്ടുണ്ടു്. എന്റെ നിഗമനങ്ങളെ ഞാൻ ഇവിടെ പ്രകടിപ്പിയ്ക്കുന്നു. മഹിളാവിദ്യാപീഠങ്ങളേപ്പോലുള്ള ചെറു സംഗതികളേപ്പററിയല്ല സ്ത്രീകളുടെ മഹത്തായ പല കാര്യങ്ങളേപ്പററിയും ഞാൻ ചിന്തിയ്ക്കാറുണ്ടു്. വിദ്യാസമ്പന്നരായ സ്ത്രീകളുടെ ഇടയിൽ

വളരെ തെററായ ധാരണകഠം കടന്നുക്രൂടീട്ടുണ്ടെന്നു് ഞാൻ മനസ്സിലാക്കുന്നു. സ്വന്തം കുട്ടികളെ മററു കുട്ടികളേക്കാഠം ക്രൂടുതലായി ഒരു സ്ത്രീ സ്നേഹിയ്ക്കരുതെന്നു് ചിലർ ഉപദേശിയ്ക്കുന്നത് കേഠംക്കുവാൻ ഇടവന്നു. സ്ത്രീകളുടെ അഭിവൃദ്ധിയേയും സ്ത്രീസ്വാതന്ത്ര്യത്തേയും പററിയുള്ള തെററിദ്ധാരണക്കിടം കൊടുക്കുന്ന പല പ്രചാരവേലകളും നടക്കുന്നുണ്ട്. എന്നാൽ സ്വന്തം കുട്ടികളെ മററു കുട്ടികളേക്കാഠം അധികം സ്നേഹിക്കരുതെന്ന ഉപദേശമാണു് സർവ്വത്ര കേഠംക്കുന്നത്. ഇത് തീരെ തെററായ ഒരു നിലപാടാണെന്നു് സഹോദരിമാർ മനസ്സിലാക്കണം.

**സ്ത്രീപുരുഷന്മാരുടെ ചുമതലകഠം:**—ഓരോ സ്ത്രീയുടെയും പുരുഷൻെറയും പ്രവൃത്തി മനുഷ്യസമുദായ സേവനമായിരിയ്ക്കണം. ഈ പ്രവൃത്തി സ്ത്രീയും പുരുഷനും രണ്ടുപ്രകാരത്തിലാണ് നിർവ്വഹിക്കേണ്ടത്. പുരുഷൻ ശാരീരികവും മാനസികവും നീതിയുക്തവുമായ മാർഗ്ഗത്തിലൂടെ സേവനമനുഷ്ഠിയ്ക്കുന്നു. വിവിധരൂപത്തിലാണ് അവൻ സേവനം ചെയ്യുന്നത്. സന്താനോല്പാദനവും ശിശുസംരക്ഷണവുമൊഴിച്ചുള്ള മറെറല്ലാ കാര്യങ്ങളും അവൻ തൻെറ സേവനരംഗത്തിൽ ഉഠംപ്പെടുത്തുന്നു. സ്ത്രീയ്ക്കും സർവ്വരംഗത്തിലും സേവനമനുഷ്ഠിക്കുവാൻ കഴിയും. എന്നാൽ അവളുടെ ശരീരഘടന ഒരു സേവനത്തെ പ്രത്യേകമായി അനുഷ്ഠിയ്ക്കുന്നതിന്നു് അവളെ ഒരുക്കിനിർത്തിയിരിയ്ക്കുന്നു. അത് പുരുഷന്മാർക്കു ചെയ്യുവാൻ സാധിയ്ക്കുന്നതല്ല. മനുഷ്യസമുദായത്തെ രണ്ടുതരത്തിൽ സേവിക്കാം. ഒന്നു് മനുഷ്യർക്ക് ഏററവുംക്രൂടുതൽ നന്മ ചെയ്യുൽ. മറേറത് മനുഷ്യസ

മുദായത്തെ നിലനിൎത്തൽ. ആദ്യത്തെ പ്രവൃത്തി മിക്ക വാറും പുരുഷന്മാരുടെതാണ്. കാരണം അവൎക്ക് മറേറ പ്രവൃത്തി നിൎവ്വഹിയ്ക്കുക സാദ്ധ്യമല്ല. രണ്ടാമത്തേത് സ്ത്രീ കൾക്കുള്ളതാണ്. എന്തെന്നാൽ അവൎക്കു മാത്രമേ അതു് നിൎവ്വഹിക്കാനാവൂ. ഈ വ്യത്യാസം ഒരിയ്ക്കലും വിസ്മരണീ യമല്ല. ഇതു് ഇല്ലാതാക്കുവാൻവേണ്ടി ശ്രമിയ്ക്കയുമരുത്. അങ്ങിനെ വല്ലവരും ചെയ്യുന്നുണ്ടെങ്കിൽ ഭയങ്കരമായ ഒരു പാതകമാണത്. ഈ വ്യത്യസ്തതയാണ് സ്ത്രീകൾക്കും പുരുഷന്മാൎക്കും വ്യത്യസ്തങ്ങളായ കൎത്തവ്യങ്ങളേ നിൎദ്ധാ രണം ചെയ്തിട്ടുള്ളത്. സ്വാഭാവികമായ ഒന്നാണിതു്. പുരു ഷന്മാരുടെ കൃത്രിമസൃഷ്ടിയല്ല, സ്ത്രീപുരുഷന്മാരുടെ ഗുണ ദോഷങ്ങളെ മാററുരച്ചുനോക്കുന്ന ഒരു ഉരകല്ലാണിത്. യുഗങ്ങളായി നടന്നുകൊണ്ടിരിയ്ക്കുന്ന ഒന്നാണ് ഈ വ്യവ സ്ഥ. ഇന്നു അതു് നിലനില്ക്കുന്നുണ്ടു്. മനുഷ്യൻ വിവേകം വെടിയാത്തേടത്തോളം കാലം ഇത് നിലനില്ക്കുകയും ചെയ്യും. ജീവിതം വിവിധങ്ങളായ പുരുഷോചിതവൃത്തികൾക്കു വേണ്ടി വ്യയംചെയ്യുന്ന ഒരു പുരുഷനും സന്താനോല്പാദ നവും ശിശുസംരക്ഷണവും ആദൎശപരമായി കൊണ്ടുനട ത്തുന്ന ഒരു സ്ത്രീയും പരിപാവനമായ കൎമ്മങ്ങൾക്കുവേണ്ടി യാണ് തങ്ങളുടെ ജീവിതം സമൎപ്പിച്ചിട്ടുള്ളതെന്നു് മനസ്സി ലാക്കാൻ തുടങ്ങും. സമുദായം അവരെ ബഹുമാനിയ്ക്കുകയും ചെയ്യും. അവർ കൎത്തവ്യനിൎവ്വഹണം ശരിയായി അനുഷ്ഠി ച്ചിട്ടുണ്ടെന്നുള്ളതാണ് അതിനുള്ള കാരണം. പുരുഷന്മാ രുടെ പ്രവൎത്തനങ്ങൾ വിസ്തൃതവും ബഹുമുഖവുമാണ്. സ്ത്രീക ളുടെതാകട്ടെ പരിമിതമാണെങ്കിലും ഗാംഭീൎയ്യമേറിയതാണ്.

തന്നിമിത്തം പുരുഷൻ ന്യൂനകണക്കിൽ തെററുകൾ ചെയ്താലും അതു് കണക്കാക്കപ്പെടുന്നില്ല. മററനേകം കാര്യങ്ങളെ ആയാൾ നിർവ്വഹിച്ചിട്ടുണ്ടു്. എന്നാൽ സ്ത്രീകളുടെ പരിമിതമായ പ്രവർത്തനരംഗത്തിൽ വീഴ്ചവരുന്നതു് അക്ഷന്തവ്യമായി കരുതപ്പെടുന്നു. പൊതുജനാഭിപ്രായം എന്നും ഇതുതന്നെയായിരുന്നു. ഭാവിയിലും അങ്ങിനെത്തന്നെയായിരിയ്ക്കും. ഏററവും താത്വികമായ ഒരു പ്രശ്നമാണിതു്. പുരുഷൻ ശരീരംകൊണ്ടും ബുദ്ധികൊണ്ടും ഈശ്വരസേവനം ചെയ്യണം. വിവിധരംഗങ്ങളിൽ പ്രവർത്തിയ്ക്കുന്ന അവന്റെ കർത്തവ്യനിർവ്വഹണം സാധിയ്ക്കുന്നതാണ്. എന്നാൽ സ്ത്രീകളുടെ ഈശ്വരസേവനം ഒന്നു മാത്രമാണ്. ശിശുസംരക്ഷണം മാത്രം. മററാർക്കും ഇതു ചെയ്വാൻ സാദ്ധ്യവുമല്ല.

ഈശ്വരനേയും മനുഷ്യസമുദായത്തേയും എങ്ങിനെയാണ് സേവിയ്ക്കേണ്ടതെന്നു് വിവിധകർത്തവ്യങ്ങളെ ചൂണ്ടിക്കാണിച്ചുകൊടുത്തു് പുരുഷന്നു് നിർദ്ദേശം നൽകീട്ടുണ്ടു്. എന്നാൽ ശിശുസംരക്ഷണമെന്ന ഒരേ ഒരു കർത്തവ്യാനുഷ്ഠാനത്തിലൂടെ ഈശ്വരനേയും മനുഷ്യരാശിയേയും സേവിയ്ക്കണം. അതിനാൽ സ്വന്തം കുട്ടികളെ സ്ത്രീകൾ കൂടുതൽ സ്നേഹിയ്ക്കുന്നതു് സ്വാഭാവികം മാത്രമാകുന്നു. ഇതിന്നു വിരുദ്ധമായി കൊണ്ടുവരുന്ന സർവ്വന്യായങ്ങളും തിരസ്കരിക്കപ്പെടേണ്ടവയാകുന്നു. അമ്മ എല്ലായ്പോഴും തന്റെ കുട്ടികളെ കൂടുതൽ സ്നേഹിയ്ക്കും. കുട്ടിക്കാലം തൊട്ടുതന്നെ സ്വന്തം കുട്ടികളെ സ്നേഹിയ്ക്കുന്ന അമ്മയുടെ മനോവൃത്തി സ്വാർത്ഥത്തേയല്ല ദ്യോതിപ്പിയ്ക്കുന്നതു്. അങ്ങിനെ വല്ലവരും പറയുന്നുണ്ടെങ്കിൽ അതു് തെററായ ഒരു ധാരണ

മാത്രമാണ്. ഒരു ശില്പി താൻനിർമ്മിച്ച ഒരു കലാവസ്തുവെ സ്നേഹിയ്ക്കുന്നതുപോലെയാണിതു്. ആ സ്നേഹമെടുത്തുകളഞ്ഞാൽ ആയാൾക്കു് പ്രവർത്തിയ്ക്കുവാനുള്ള ഉത്തേജനം ലഭിയ്ക്കുകയില്ല.

എൻെറ പ്രവൃത്തി ചെരുപ്പുണ്ടാക്കുകയാണെന്നു് വിചാരിയ്ക്കുക. ഞാൻ നിർമ്മിച്ച ചെരുപ്പുകളെ ഒരു അമ്മ കുട്ടിയെ സ്നേഹിയ്ക്കുന്നതുപോലെ ഞാൻ സ്നേഹിക്കും. ആ ചെരുപ്പിനെ ആരെങ്കിലും കേടുവരുത്തുന്നപക്ഷം എനിക്കു് അതിയായ ദുഃഖമുണ്ടാകും. പ്രസ്തുത പ്രവൃത്തി ചെയ്തുകൊണ്ടിരുന്ന കാലത്തോളം എൻെറ പ്രത്യേകമായ വാത്സല്യവും നിലനില്ക്കും. എൻെറ പ്രവൃത്തി മുഴമിപ്പിച്ചാലും നിർമ്മിതവസ്തുവോടു് ഒരു ആസക്തി എനിയ്ക്കുണ്ടാകും. ഇതേ മനോഭാവമാണ് ഒരു അമ്മയിൽ നാം കാണുന്നതു്.

മനുഷ്യസമുദായസേവനത്തിനുള്ള നാനാതുറകളും പുരുഷൻെറ മുമ്പിലുണ്ടു്. അവൻ തൻെറ പ്രവൃത്തിയെ സ്നേഹിയ്ക്കുന്നു. സ്ത്രീയ്ക്കു് ശിശുസംരക്ഷണത്തിൽക്കൂടി മാത്രമെ സമുദായസേവനം നിർവ്വഹിയ്ക്കാൻ സാധിയ്ക്കുകയുള്ളൂ. കുട്ടിയ്ക്കു് സുമാർ പതിനാറു പന്ത്രണ്ടോ വയസ്സാവുന്നതുവരെ അവനെ വളർത്തിക്കൊണ്ടു വരികയും സ്നേഹിയ്ക്കുകയും ചെയ്യുക എന്നതു് സ്വാഭാവികമാണ്.

അങ്ങിനെ സ്ത്രീപുരുഷന്മാർ തമ്മിലുള്ള സാദൃശ്യം ഞാൻ വ്യക്തമായി ദർശിയ്ക്കുന്നു. രണ്ടുപേരും യഥാക്രമം ഈശ്വരനേയും മനുഷ്യസമുദായത്തേയും സേവിയ്ക്കുന്നു. എന്നാൽ വ്യത്യസ്തരംഗങ്ങളിൽക്കൂടിയാണെന്നു മാത്രം. രണ്ടുപേരും തമ്മിലുള്ള മഹത്വപൂർണ്ണമായ സമ്മേളനവും

പ്രസ്തുത സാദൃശ്യത്തെ വ്യക്തമാക്കുന്നുണ്ട്. ഒരാംക്ക് മററെ ആൾ കൂടാതെ മുന്നോട്ടുപോകുക സാദ്ധ്യമല്ല. ഒരാളുടെ കുറവുകളെ മററെ ആൾ നികത്തുന്നു. രണ്ടുപേക്കും അവരവരുടെ കത്തവ്യാനുഷ്ഠാനങ്ങൾക്ക് സത്യദശനം അത്യന്താപേക്ഷിതമാകുന്നു. ഈ വസ്തുതകളെ അവഗണിച്ച് പ്രവത്തിയ്ക്കുന്നപക്ഷം അവരുടെ പ്രവൃത്തി സമുദായത്തിന്നു നന്മ ചെയ്യുന്നതിന്നു പകരം ഭയങ്കരമായ തിന്മയാണ് ചെയ്യുക.

വിവിധകത്തവ്യങ്ങൾ പുരുഷന്റെ മുന്നിലുണ്ട്. കൃഷി, കൈത്തൊഴിൽ തുടങ്ങിയ അവന്റെ ശാരീരികശ്രമവും സേവനം, വ്യവസായം തുടങ്ങിയ മാനസികപ്രവത്തനങ്ങളും മനുഷ്യരിൽ ആത്മീയഭാവന വളത്തൽ തുടങ്ങിയ ധാമ്മിക കൃത്യങ്ങളും അനശ്വരമായ സത്യത്തെ ആധാരമാക്കി ചെയ്യുമ്പോൾ മാത്രമേ അവ മനുഷ്യസമുദായത്തിന്ന് ഗുണപ്രദമായിത്തീരുകയുള്ളു.

ഇപ്രകാരംതന്നെയാണ് സ്ത്രീകളെ സംബന്ധിച്ചും പറയുവാനുള്ളത്. സ്വന്തം സുഖത്തിന്നുവേണ്ടിയല്ലാതെയും മനുഷ്യസമുദായത്തെ സേവിയ്ക്കുവാൻ യോഗ്യരായ ഭാവിസേവകന്മാരെ സൃഷ്ടിയ്ക്കുക എന്ന പരിശുദ്ധമനോഭാവത്തോടുകൂടിയും ശിശുസംരക്ഷണം ചെയ്യുകയാണെങ്കിൽ മാത്രമെ അത് സമുദായത്തിന്റെ നന്മയ്ക്കും ശ്രേയസ്സിന്നും ഉപയോഗപ്പെടുകയുള്ളു. മനുഷ്യരിൽനിന്ന് ഏററവും കുറഞ്ഞത് സ്വീകരിയ്ക്കുകയും ഏററവും കൂടുതൽ അവക്ക് നൽകുകയും ചെയ്യുക എന്ന സത്യദീക്ഷ അവൾ തന്റെ സന്താനങ്ങൾക്ക് നൽകണം. ജീവിതസിദ്ധാന്തങ്ങളെ നല്ല

പോലെ മനസ്സിലാക്കി കൂടുതൽ സന്താനങ്ങളെ ഉൽപ്പാദിപ്പിയ്ക്കുകയും വളൎത്തുകയുംചെയ്തു് അവരെ മനുഷ്യസമുദായസേവനത്തിന്നു് യോഗ്യന്മാരാക്കിത്തീൎക്കുന്നതിന്നു് ഉപയുക്തമായ ശിക്ഷണം നൽകുന്ന സ്ത്രീയെയാണു് ഞാൻ ഒരു ആദൎശവനിതയെന്നു് വിളിയ്ക്കുക. മഹിളാവിദ്യാപീഠങ്ങളിൽ പഠിയ്ക്കുന്നതുകൊണ്ടോ കണ്ണടച്ചിരുന്നു് പ്രാൎത്ഥിയ്ക്കുന്നതുകൊണ്ടോ യഥാൎത്ഥജീവിതസിദ്ധാന്തമെന്തെന്നു് അറിയുവാൻ സാധിയ്ക്കുകയില്ല. ഹൃദയകവാടം തുറന്നുവെയ്ക്കുവാൻ സാധിയ്ക്കുന്നവൎക്കുമാത്രമേ അതു് ലഭിയ്ക്കുകയുള്ളൂ.

വന്ധ്യകളും അവിവാഹിതരും വിധവകളും ചെയ്യേണ്ടതു് എന്തായിരിയ്ക്കുന്നമെന്നതാണു് മറെറാരു പ്രശ്നം. പുരുഷന്മാരുടെ വിവിധകാൎയ്യങ്ങളിലും അവർ സഹായം നൽകണം. ഓരോ സ്ത്രീയും സന്താനോല്പാദനകൎത്തവ്യം നിറവേററിക്കഴിഞ്ഞാൽ ശരീരശക്തിയുള്ളപക്ഷം ഭൎത്താവിൻെറ പ്രവൎത്തനങ്ങളെ സഹായിക്കേണ്ടതാണു്. വളരെ വിലപിടിച്ച ഒരു സഹായമായിരിയ്ക്കും അതു്.

**ദോഷകരമായ പരിഷ്കാരം:—** ചിലർ സ്ത്രീകളെ അത്യധികം പ്രശംസിക്കുന്നു. അവരുടെ ബുദ്ധിശക്തിയെപ്പററി അതിശയോക്തികൾ പലതും തട്ടിവിടുന്നു. ദോഷകരമായ ഒരു പരിഷ്കാരമാണിതു്. സ്ത്രീകളുടെ അവകാശങ്ങളെ ഒരിയ്ക്കലും കുറച്ചുകൂടാ. അവരെ ബഹുമാനിയ്ക്കുകയും സ്നേഹിയ്ക്കുകയും പുരുഷന്മാരോടു് സമന്മാരായി കരുതുകയും വേണം. എന്നാൽ സാധാരണ സ്ത്രീകളിലും പുരുഷന്മാരേപ്പോലെ ആദ്ധ്യാത്മികശക്തിയുണ്ടെന്നും പുരുഷന്മാരിൽനിന്നു് പ്രതീക്ഷിയ്ക്കാവുന്നതെല്ലാംതന്നെ സ്ത്രീകളിൽ

നിന്നും പ്രതീക്ഷിക്കാമെന്നും മററും കരുതുന്നത് ഭോഷത്വമാണ്. കല്പിച്ചുകൂട്ടി ആത്മവഞ്ചന ചെയ്യലാണിത്. ഈ പ്രശംസ സ്ത്രീകളെ അധഃപതിപ്പിക്കുന്നു. അസംഭവ്യമായ ഇത്തരം സംഗതികളുടെ വെളിച്ചത്തിൽ അവരിൽനിന്ന് നിങ്ങൾ പലതും പ്രതീക്ഷിയ്ക്കുകയും അത് ലഭിക്കാതിരുന്നാൽ അവരോട് ശുണ്ഠിയെടുക്കുകയും ചെയ്യും. അതിനാൽ ആദ്ധ്യാത്മികകാര്യത്തിൽ സ്ത്രീ പിന്നണിയിലാണ് നില്ക്കുന്നതെന്ന് വിശ്വസിക്കുന്നത് ഒരിക്കലും അവരോട് ചെയ്യുന്ന ഒരു അനീതിയായിരിയ്ക്കുകയില്ല. നേരെമറിച്ച് സമത്വം ആരോപിയ്ക്കുന്നതാണ് അന്യായമായിട്ടുള്ളത്.

ആദ്ധ്യാത്മികമായി സ്ത്രീകൾ ദുർബ്ബലകളെന്ന് ഞാൻ പറയുവാനുള്ള കാരണം ആത്മാവിൻെറ ആഹ്വാനത്തെ ശ്രവിച്ച് തൻെറ ശരീരത്തെ അവർക്ക് നിയന്ത്രിയ്ക്കുവാൻ കഴിയാത്തതുകൊണ്ടും ഏകാഗ്രത കിട്ടുവാൻ വളരെ വിഷമമുള്ളതുകൊണ്ടുമാണ്. സ്ത്രീസ്വഭാവം ഈ വസ്തുത വ്യക്തമാക്കുന്നുമുണ്ട്.

**കുടുംബജീവിതം:**—എല്ലായ്പ്പോഴും തൻെറ ഭർത്താവിനെ അനുകരിയ്ക്കണമെന്ന ആഗ്രഹം സ്ത്രീകളിൽ വളർത്തിയാൽ മാത്രമേ കുടുംബജീവിതം നന്നായിത്തീരുകയുള്ളു. സൃഷ്ടിയുടെ ആരംഭംതൊട്ട് ഈ ക്രമം നടന്നുവരുന്നുണ്ടെന്നു ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു. അതിനാൽ കുടുംബജീവിതമാകുന്ന ജീർണ്ണിച്ചതോണിയിലിരുന്ന് കുട്ടികളൊന്നിച്ച് സംസാരസാഗരം കടക്കണമെങ്കിൽ ചുക്കാൻ ഒരാളുടെ മാത്രം കയ്യിലായിരിയ്ക്കണമെന്നത് നിർബ്ബന്ധമാണ്. ആ വ്യക്തിപുരുഷനായിരിയ്ക്കുകയും വേണം. കാരണം സന്താ

നോല്പാദനം ശിശുസംരക്ഷണം തുടങ്ങിയ പ്രവൎത്തികളൊന്നും ആയാൾക്കില്ല. ആയാൾക്ക് ഭാൎയ്യയെക്കാൾ നന്നായി തുഴയുവാനും അറിയാം.

എന്നാൽ സ്ത്രീകൾ പുരുഷന്മാരെക്കാൾ താണവരാണോ? അല്ല. അവിവാഹിതദശയിൽ രണ്ടുകൂട്ടരും സമന്മാരാണ്. എന്നാൽ ഇന്നു് സ്ത്രീകൾ സമത്വത്തിന്നു മാത്രമല്ല ശ്രേഷ്ഠത്വത്തിന്നുകൂടി അവകാശപ്പെടുന്നുണ്ടല്ലോ? കാരണം കുടുംബജീവിതം പരിവൎത്തനവിധേയമായിക്കൊണ്ടിരിയ്ക്കുകയാണ്. പഴയ സമ്പ്രദായങ്ങൾ ഛിന്നഭിന്നമായിക്കൊണ്ടിരിയ്ക്കുന്നു. സ്ത്രീപുരുഷബന്ധത്തിന്നു ഒരു നവീനരൂപം നൽകേണ്ടതു് അത്യാവശ്യമായിരിയ്ക്കുന്നു. പഴയ രൂപം നശിച്ചുവരികയാണ്.

പുതിയ രൂപത്തെപ്പററി പലരും പലതും സങ്കല്പിയ്ക്കുന്നുണ്ടെങ്കിലും അതു് എങ്ങിനെയുള്ളതായിത്തീരുമെന്നു് പറയുക വിഷമമാണ്. ഭാവിയിൽ ജനങ്ങൾ കൂടുതൽ ബ്രഹ്മചൎയ്യമനുഷ്ഠിച്ചേക്കാം. താല്ക്കാലികവിവാഹങ്ങൾ വൎദ്ധിച്ചുവരാനും ഇടയുണ്ടു്. കുട്ടിയുണ്ടായാൽ പ്രസ്തുത വിവാഹബന്ധം വേർപെടുകയും ചെയ്യും. സ്ത്രീപുരുഷന്മാർ ബ്രഹ്മചൎയ്യമനുഷ്ഠിക്കുവാൻ വിട്ടു താമസിച്ചെന്നും വരാം. സമുദായം കുട്ടികളുടെ വിദ്യാഭ്യാസത്തിൻെറ ഉത്തരവാദിത്തമേറെറടുത്തെന്നു വരാം. പുതിയ രൂപമെന്തായിരിയ്ക്കുമെന്നു് ആൎക്കും പറയുക സാദ്ധ്യമല്ല. എന്നാൽ പുതിയ രൂപം വികാസം പ്രാപിച്ചുവരുന്നുണ്ടെന്നുള്ളതു് തീൎച്ചയാണ്. ഇതുവരെ സൎവ്വദിക്കിലും പ്രചലിതമായിരുന്ന വിധത്തിൽ സ്ത്രീകൾ പുരുഷന്മാരെ അനുകരിച്ചുകൊണ്ടിരിയ്ക്കുന്നേടത്തോളം കാലം പഴയരൂപം നിലകൊള്ളും.

**യഥാൎത്ഥ പ്രേമത്തെപ്പററിയുള്ള നോവൽ:—** ഇന്നലെ ഞാൻ സേയൻകോവിസ്സിൻെറ 'പരമ്പരാരഹിതമായ ചിന്തകൾ' എന്ന പുസ്തകം വായിയ്ക്കുകയായിരുന്നു. അതിൽ സ്ത്രീയുടെ പ്രേമത്തിൻെറ സൂക്ഷ്മമായ ചിത്രമുണ്ട്. ഫ്രഞ്ചുകാരുടെ വിഷയാസക്തവും ഇംഗ്ലീഷുകാരുടെ പുറംപൂച്ച് നിറഞ്ഞതും ജൎമ്മൻകാരുടെ അഹങ്കാരപൂൎണ്ണവുമായ ചിത്രത്തേക്കാൾ അത് സുന്ദരമായി തോന്നി. അതു വായിച്ചപ്പോൾ എനിയ്ക്കു തോന്നി—പരിശുദ്ധപ്രേമത്തേപ്പററി പ്രതിപാദിയ്ക്കുന്ന ഒരു നോവൽ എഴുതിയാൽ എത്ര നന്നായിരിയ്ക്കും? ആ പ്രേമം വിഷയാസക്തമായിരിയ്ക്കുകയില്ല. എന്നാൽ വിഷയാസക്തിക്കെതിരായി രക്ഷാകവചമെന്നോണം വൎത്തിയ്ക്കും. വിഷയാസക്തിയിൽനിന്നു രക്ഷപ്പെടുവാൻ ഇങ്ങിനെ ഒരുപായമേയുള്ളു? അതേ, ഒരേ ഒരുപായംമാത്രം. അതിന്നുവേണ്ടിയാണ് സ്ത്രീപുരുഷന്മാർ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. പുരുഷൻ സ്ത്രീസംഗത്താൽ തൻെറ ബ്രഹ്മചൎയ്യത്തെ നശിപ്പിയ്ക്കുന്നു. അവളൊന്നിച്ച് ജീവിച്ച് ബ്രഹ്മചൎയ്യത്തെ നിലനിൎത്തുകയും ചെയ്യുന്നു. തീൎച്ചയായും അങ്ങിനെ ഒരു നോവൽ എഴുതണം.

**മനുഷ്യനും മൃഗവും:—** മനുഷ്യൻ മൃഗമായിത്തീരുമ്പോൾ ജീവിതസംഘട്ടനത്തിൻെറ നിയമങ്ങളും വംശരക്ഷയുടെ ആവശ്യവും തീരെ വിസ്മരിച്ച് വിഷയസുഖത്തിന്നു വേണ്ടി മാത്രം ജീവിയ്ക്കുന്നു. എന്നാൽ വിവേകശീലനായ ഒരു വ്യക്തിയായിത്തീരുമ്പോൾ നിയമക്രമമനുസരിച്ച് ജീവിയ്ക്കുകയും ശത്രുവിനോട് വിദ്വേഷം കാണിയ്ക്കാതെ

വിനയത്തോടും സ്നേഹത്തോടും കൂടി പെരുമാറുകയും ചെയ്യുന്നു. ആയാൾ വിഷയാസക്തിയ്ക്കു് വശംവദനാകുന്നില്ല. സംയമിതജീവിതം നയിയ്ക്കുന്നു. മനുഷ്യന്റെ മറെറാരു പ്രധാന കർത്തവ്യം ബ്രഹ്മചാരിണികളായ സ്ത്രീകളെ ഉണ്ടാക്കിത്തീർക്കലാണു്.

**പിശാചിന്റെ പ്രതിനിധി:—**സ്ത്രീകൾ പിശാചിന്റെ പ്രതിനിധികളാണെന്നു് ചില കഥകളിൽ വർണ്ണിച്ചിട്ടുണ്ടു്. അവരിൽ ബുദ്ധിയില്ല. എന്നാൽ പിശാചിന്റെ അധീനത്തിലായിത്തീരുമ്പോൾ പിശാച് തന്റെ ബുദ്ധി നൽകുന്നു. അപ്പോൾ അവർ നീചപ്രവൃത്തികൾ ചെയ്യുന്നതിന്നു് അതിസമർത്ഥകളും ദൂരദർശികളും ഉറപ്പുള്ളവരുമായിത്തീരുന്നു. എന്നാൽ നീചകാര്യമൊന്നുംതന്നെ ചെയ്യുവാനില്ലെങ്കിലാകട്ടെ ഏററവും നിസ്സാരമായ സംഗതികൾപോലും അവർക്ക് മനസ്സിലാക്കുവാൻ കഴിയുന്നില്ല. അവർക്കു് ഒട്ടുംതന്നെ ദീർഘദർശിത്വമില്ല. സന്താനോല്പാദനത്തിന്നും ശിശുസംരക്ഷണത്തിന്നുമല്ലാതെ അവർക്കു് ധൈര്യമോ ദൃഢമനസ്കതയോ ഇല്ല.

എന്നാൽ ഇതെല്ലാം ധർമ്മനിഷ്ഠയില്ലാത്തവരും കുലടകളുമായ സ്ത്രീകളെപ്പററിയാണു് പറഞ്ഞിട്ടുള്ളതു്. ഓരോ സ്ത്രീയും സ്ത്രീധർമ്മമെന്തെന്നു് അറിഞ്ഞിരിയ്ക്കണം.

**ഓരോ പെൺകുട്ടിയോടും:—**സ്ത്രീധർമ്മമെന്നാൽ സർവ്വശ്രേഷ്ഠമായ മാനവധർമ്മമാണെന്നു് ഞാൻ പറഞ്ഞു കഴിഞ്ഞു. ഗാർഹസ്ഥ്യജീവിതത്തെ ബ്രഹ്മചര്യജീവിതത്തോടു് ഉപമിയ്ക്കുന്നതു് ഗ്രാമ്യജീവിതത്തെ നഗരജീവിത

ത്തോട്ട് ഉപമിയ്ക്കുന്നതിന്ന് തുല്യമാകുന്നു. വെറും ഗൃഹസ്ഥ ജീവിതംകൊണ്ടോ ബ്രഹ്മചര്യജീവിതംകൊണ്ടോ ഹൃദയത്തിന്ന് യാതൊരു പരിപക്വതയും സിദ്ധിയ്ക്കുന്നതല്ല. ബ്രഹ്മചര്യജീവിതം പവിത്രമാകാം. പാപപങ്കിലവുമാകാം. അപ്രകാരംതന്നെ ഗൃഹസ്ഥജീവിതവും പാപപങ്കിലവും പവിത്രവുമാകാം.

ആദ്ധ്യാത്മികജീവിതം നയിയ്ക്കുവാനിച്ഛിക്കുന്ന ഓരോ പെൺകുട്ടിയോടും എനിയ്ക്കു പറവാനുള്ളത് സമുദായത്തിൽ പ്രചലിതമായ വിവാഹബന്ധത്തിന്ന് പ്രോത്സാഹനം നൽകുന്ന സർവ്വവസ്തുക്കളേയും വെറുക്കണമെന്നാണ്. നോവലുകൾ, സംഗീതം, തമാശപറയൽ, നൃത്തം, വിനോദങ്ങൾ, ശീട്ടുകളി, പലപല്ലായമാനമായ ഉടുപ്പുകൾ എന്നിങ്ങിനെ പ്രലോഭനകാരികളായ സർവ്വ വസ്തുക്കളുമായും സമ്പർക്കം സ്ഥാപിച്ചുകൂടാത്തതാണ്. വൈകുന്നേരം വായാടികളായ ആളുകളൊന്നിച്ചിരുന്ന് ശീട്ടുകളിയ്ക്കുന്നതിനേക്കാൾ ആനന്ദപ്രദമായി തോന്നേണ്ടത് ഉടുപ്പുകൾ തുന്നുന്നതാണ്. അത് ആത്മശുദ്ധിയ്ക്ക് സഹായമാണ്. സമുദായത്തിൽ ഒരു ധാരണയുണ്ട്. പ്രായപൂർത്തി എത്തിയ ഒരു പെൺകുട്ടി അവിവാഹിതയായിരിയ്ക്കുന്നത് അപമാനകരമാണെന്നാണ് അത്. ഇതു വെറും ഒരു തെററിദ്ധാരണ മാത്രമാണ്. ബ്രഹ്മചാരിണിയായിരുന്ന് മനുഷ്യസമുദായത്തെ സേവിയ്ക്കുന്നതും ദീനന്മാരേയും ദുഃഖിതന്മാരേയും സഹായിയ്ക്കുന്നതും വിവാഹിതജീവിതത്തെ അപേക്ഷിച്ചു കൂടുതൽ ശ്രേയസ്കരമാണ്. മാത്യുവിൻെറ പ്രവചനങ്ങളുടെ 19-ാം അദ്ധ്യായത്തിൽ പറയുന്നു.

'എല്ലാവർക്കും ഈ ഉപദേശത്തെ അനുവർത്തിക്കുക സാദ്ധ്യമല്ല. ആർക്കുവേണ്ടി ഇതു് നൽകപ്പെട്ടുവോ അവർക്കു മാത്രമേ ഇതു് അനുവർത്തിയ്ക്കുവാൻ കഴിയൂ.' എല്ലാ യുഗങ്ങളിലുമുണ്ടായിട്ടുള്ള സർവ്വ സ്ത്രീപുരുഷന്മാരും ഈ പ്രശ്നത്തെ ഇതേ മനോഭാവത്തോടുകൂടിയാണു് നോക്കീട്ടുള്ളതു്. അവർ ഈശ്വരസേവനത്തിന്നുവേണ്ടി ബ്രഹ്മചര്യമനുഷ്ഠിച്ച സ്ത്രീപുരുഷന്മാരെ അത്യധികം ബഹുമാനിച്ചിട്ടുമുണ്ടു്. എന്നാൽ ഇന്നു് നമ്മുടെ സമുദായം അങ്ങിനെയുള്ള സ്ത്രീ-പുരുഷന്മാരേ ഹസിക്കുകയാണു് ചെയ്യുന്നതു്. മാത്രമല്ല ഈശ്വരസേവനത്തിന്നുവേണ്ടി ദാരിദ്ര്യത്തേ സ്വയം വരിച്ചവരേയും പണത്തിൻെറ പിന്നാലെ ഭ്രാന്തുപിടിച്ചു് ഓടാത്തവരേയും നമ്മുടെ സമുദായം നിന്ദിയ്ക്കുന്നു. ഓരോ പെൺകുട്ടിയോടും എനിയ്ക്കു പറയുവാനുള്ളതു് ഈശ്വരസേവനത്തേ ആദർശമായി സ്വീകരിയ്ക്കണമെന്നാണു്. അതായതു് ഹൃദയത്തിൽ ആദ്ധ്യാത്മികഭാവനയുടെ തീപ്പൊരികൾ പ്രോജ്ജ്വലിപ്പിക്കണമെന്നാണു്. വിവാഹം പ്രസ്തുത ഈശ്വരസേവനത്തിന്നു് വിഘാതമാണെന്നു് തോന്നുന്നപക്ഷം ബ്രഹ്മചാരിണിയായി ജീവിയ്ക്കുക. എന്നാൽ പുരുഷന്മാരുടെ പ്രേമപാശത്തിലകപ്പെട്ടു് നിങ്ങൾ വിവാഹം ചെയ്യുകയാണെങ്കിൽ ഭാര്യയും അമ്മയും ആയി ഇരിയ്ക്കുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടരുതു്; ഗർവ്വിഷ്ഠരാകരുതു്. ഈശ്വരസേവനമെന്ന മഹത്തായ ആ ലക്ഷ്യത്തെ മുൻനിർത്തി പ്രവർത്തിയ്ക്കുക. കുടുംബസ്നേഹവും ഈശ്വരപ്രേമവും തമ്മിൽ ഒരിയ്ക്കലും പൊരുത്തക്കേടു് വരാതെ സൂക്ഷിയ്ക്കുക.

**നവയുവാക്കളോട്:**—നിങ്ങളുടെ പ്രായത്തിലും പരിതസ്ഥിതിയിലുമുള്ള എല്ലായുവാക്കളും ആപൽസന്ധിയിലാണ് ജീവിയ്ക്കുന്നത്. സ്വഭാവരൂപവൽക്കരണം സിദ്ധിയ്ക്കുന്ന പ്രായമാണ് ഇപ്പോൾ നിങ്ങൾ തരണംചെയ്യുന്നത്. എന്നാൽ ധാൎമ്മികമായ യാതൊരു നിയന്ത്രണത്തിന്നും വിധേയമാവാതെയുള്ള ജീവിതമാണ് നിങ്ങൾക്ക് വിധിയ്ക്കപ്പെട്ടിട്ടുള്ളത്. സ്കൂളിൽ പാഠങ്ങൾ ഉരുവിടുക എന്ന വിരസമായ അദ്ധ്യയനസമ്പ്രദായത്തിൽനിന്ന് രക്ഷപ്പെടുവാൻവേണ്ടി നിങ്ങൾ സദാ പ്രയത്നിച്ചിരുന്നു. നിങ്ങളുടെ ചുററുപാടും പ്രലോഭനങ്ങളുടെ ഒരു വമ്പിച്ച കമ്പോളം തന്നെ ഉണ്ടായിരുന്നു. അതിൻെറ കവാടം സദാ നിങ്ങൾക്കവേണ്ടി തുറന്നുവെയ്ക്കുകയും ചെയ്തിരുന്നു. പ്രസ്തുത പരിതസ്ഥിതി നിങ്ങൾക്ക വളരെ സ്വാഭാവികമായി തോന്നീട്ടുണ്ടായിരിയ്ക്കണം. അതിൽ തെററില്ല അത് നിങ്ങളുടെ കുററവുമല്ല. നിങ്ങളും നിങ്ങളുടെ സ്നേഹിതന്മാരും വളൎന്നു വന്ന ചുററുപാടുകളാണവ. എന്നാൽ യഥാൎത്ഥത്തിൽ പ്രസ്തുതചുററുപാട് അത്യധികം ആപൽക്കരവും അസ്വാഭാവികവുമാണെന്ന് നിങ്ങൾ മനസ്സിലാക്കണം. നവയുവാക്കൾ തങ്ങളുടെ ജീവിതലക്ഷ്യമായി ആഗ്രഹനിവൃത്തിയെ തിരഞ്ഞെടുക്കുന്നപക്ഷം ഭാവിയിൽ അവൎക്ക് നിരവധികഷ്ടതകൾ അനുഭവിക്കേണ്ടിവരുമെന്നുള്ളതുകൊണ്ടാണ് അത് ആപൽക്കരമെന്ന് പറയുന്നത്. നല്ല ഭക്ഷണത്തിന്നും ആഡംബരപൂൎണ്ണമായ വസ്ത്രധാരണത്തിന്നുമുള്ള ആസക്തി പ്രതിദിനം വൎദ്ധിയ്ക്കുകയും അങ്ങിനെ നവംനവങ്ങളായ ആഗ്രഹങ്ങൾ ഉല്പന്നമാവുകയും അവയെ

തൃപ്തിപ്പെടുത്തുവാൻ നവംനവങ്ങളായ വസ്തുക്കളെ ശരണം പ്രാപിക്കേണ്ടിവരികയുംചെയ്യുന്നു. എന്നാൽ പഴയ ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തിയാൽമാത്രം പര്യാപ്തമായ സുഖംലഭിയ്ക്കുകയില്ല.

എല്ലാ ആഗ്രഹങ്ങളിലുംവെച്ച് ഏററവും ദുഃഖദായകമായ ആഗ്രഹമാണ് വിഷയാസക്തി. ഇത് പ്രണയചേഷ്ടകൾക്ക് ഇടംനൽകുന്നു. തടാര ഹസ്തപ്രയോഗവും സ്ത്രീസംഭോഗവും നടത്തുന്നു. സ്ത്രീസുഖത്തിൻെറ രസമറിഞ്ഞ മനുഷ്യൻ മദ്യപാനം, ധൂമപാനം, വികാരോത്തേജകമായ സംഗീതം മുതലായ കൃത്രിമോപായങ്ങൾകൊണ്ടു് ആനന്ദവൃദ്ധിയ്ക്കുവേണ്ടി പ്രയത്നിയ്ക്കുന്നു. ധനികരും ദരിദ്രരുമായ സർവ്വയുവാക്കളും ഇതേമാർഗ്ഗത്തിൽക്കൂടിയാണു് ചരിയ്ക്കുന്നതു്. വിവേകപൂർവ്വം ചിന്തിക്കാൻ അവക്ക് അവസരം ലഭിച്ചിരുന്നുവെങ്കിൽ നേർമാർഗ്ഗത്തെ അവലംബിയ്ക്കുമായിരുന്നു. എന്നാൽ അതില്ലാതെ അവർ അനുനിമിഷം നശിച്ചുകൊണ്ടിരിയ്ക്കുകയാണു്. ആയിരകണക്കിൽ യുവാക്കൾ അങ്ങിനെ നശിച്ചുപോകുന്നതു് ഞാൻ എൻെറ കണ്ണുകൊണ്ടു് കണ്ടിട്ടുണ്ടു്.

നിങ്ങൾക്ക് രക്ഷപ്പെടുവാൻ ഒരു വഴിയുണ്ടു്. കുറച്ചൊരു വിവേകത്തോടെ സ്വന്തം ജീവിതത്തെപ്പററി ഒന്നാലോചിച്ചുനോക്കുക. അധഃപതിച്ചജീവിതത്തിൽനിന്നു് മോചനം ലഭിയ്ക്കുന്നതെങ്ങിനെയെന്നു് അവ ഗാഢമായി ചിന്തിച്ചുനോക്കുക ജീവിതത്തിന്നു പരിപാവനമായ ഒരു ലക്ഷ്യം നിർണ്ണയിയ്ക്കുക. അതിന്നുവേണ്ടി പ്രയത്നിയ്ക്കുക.

**പ്രണയപിപാസയും വിവാഹവും:**—ഒരാൾ തന്റെ സ്വഭാവത്തിൽ ഗാംഭീര്യം പ്രദർശിപ്പിക്കുന്നതു് സംയമനജീവിതത്തിൽ ആയാൾക്കുള്ള ദൃഢതയയാണ് കാണിക്കുന്നത്. സത്യസന്ധതയും ശീലഗുണവുമുള്ളവർപോലും പ്രണയത്തിന്റെ വലയിൽ കുടുങ്ങിപ്പോകാറുണ്ടു്. അത് സ്വാഭാവികവുമാണ്. എന്നാൽ തന്റെ ദൌർബ്ബല്യങ്ങളെ മൂടിവെയ്ക്കുവാൻ ആയാൾ ആഗ്രഹിക്കാറില്ല തന്റെ നവീനബന്ധത്തിനു് ഒരു ആദ്ധ്യാത്മികരൂപം നൽകുവാൻ അയാൾ ഇച്ഛിയ്ക്കുന്നു.

ആയാളുടെ ചിന്താഗതിയെ എനിയ്ക്കു് വ്യക്തമായി മനസ്സിലാക്കുവാൻ സാധിയ്ക്കുന്നുണ്ടു്. പ്രേമബന്ധത്തിൽ അകപ്പെടുമ്പോഴുണ്ടാകുന്ന മാനസിക സംഘർഷത്തെ ഈശ്വരാർപ്പണമായി വിചാരിക്കണം. അത് സംഭവ്യവുമാണ്. പ്രസ്തുത ദശാസന്ധിയിൽ അകപ്പെടുന്നവർക്ക് തങ്ങളുടെ മുഴുവൻ ശക്തിയേയും ഈശ്വരസേവനത്തിനുവേണ്ടി അർപ്പണം ചെയ്തു് അതിനെ വർദ്ധിപ്പിയ്ക്കുവാൻ സാധിയ്ക്കും. തന്നിമിത്തം നിരവധി ഗുണങ്ങൾ ഉണ്ടാകുന്നു. അത്തരം വളരെ സംഭവങ്ങൾ എനിയ്ക്കു് നേരിട്ടറിയാം. എന്നാൽ ഇതിൽ ഒരു ദോഷം കാണുന്നുണ്ടു്. വ്യക്തിഗതമായ ആഗ്രഹങ്ങൾ സാധിച്ചുകഴിഞ്ഞാൽ മിക്കപ്പോഴും ഈശ്വരസേവനത്തിനുള്ള ആവേശം മന്ദീഭവിയ്ക്കുകയും തണുത്തുവരികയുംചെയ്യും. അത്തരം സംഭവങ്ങളും ഞാൻ കണ്ടിട്ടുണ്ടു്. ഇതിൽനിന്നു് ഒരു കാര്യം സ്പഷ്ടമാകുന്നു. ഈശ്വരസേവനമനോഭാവമെന്നത് ബാഹ്യാനുഭൂതികളിൽനിന്നു് ജന്മമെടുക്കുന്ന ഒന്നല്ല. അന്തഃപ്രേരണയിൽനിന്നു് ലഭിയ്ക്കുന്ന ഒന്നാ

ണനത്. ബാഹ്യാവരണം അതിന്നു് പാകമാവുകയില്ല. അതിൻെറ ആവശ്യം സ്വയം പ്രകടിതമാകണം. ബാഹ്യ പ്രേരണ കൂടാതെതന്നേ ആനന്ദോല്ലാദനയോഗ്യമായിരിക്കണം അത്.

ഇത്തരം വിഷയങ്ങളെപ്പററി ഞാൻ വളരെ ചിന്തിയ്ക്കുകയും എഴുതുകയും ചെയ്തിട്ടുണ്ടു്. കഴിഞ്ഞ കത്തിൽ പ്രസ്താവിച്ച വസ്തുതകളെ കൂടുതൽ വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സ്ത്രീപുരുഷന്മാർ ഈശ്വരസേവനത്തിന്നും സാമുദായികോദ്ധാരണത്തിന്നും വേണ്ടി വിവാഹബന്ധത്തിൽ ഏർപ്പെടുകയാണെങ്കിൽ അതു് നല്ലതാണെന്നു് ഞാൻ അതിൽ എഴുതീട്ടുണ്ടായിരുന്നുവല്ലോ. വൈവാഹികബന്ധം കൊണ്ടു് സേവനസന്നദ്ധത കൂടുതൽ വർദ്ധിയ്ക്കുമെന്നതു കൊണ്ടല്ല അത് നല്ലതെന്നു് പറയുന്നത്. ചിലർ പ്രണയ പിപാസുക്കളായി ജീവിയ്ക്കുന്നു. അത്തരം ആളുകളുടെ പിപാസ വിവാഹാനന്തരം ശമിയ്ക്കുമെന്നതുകൊണ്ടാണു് അത് നല്ലതെന്നു് ഞാൻ പറയുന്നത്. അങ്ങിനെ തങ്ങളുടെ മുഴുവൻ ശക്തിയേയും സേവനത്തിന്നുവേണ്ടി അവർക്ക് വിനിയോഗിയ്ക്കുവാൻ സാധിയ്ക്കും. ബ്രഹ്മചര്യം സേവന കാര്യങ്ങൾക്കു് വളരെയധികം സഹായകമാവുന്നുണ്ടു്. അ പ്രകാരംതന്നെ പ്രണയപിപാസുക്കളായവർക്ക് വിവാഹം അവരുടെ പിപാസയെ ശമിപ്പിയ്ക്കുന്നതിന്നും സേവനസന്നദ്ധതയേ വളർത്തുന്നതിന്നും സഹായകമായിത്തീരും ഇതു സംബന്ധിച്ചു് വളരെ മുഖ്യമായ ഒരു കാര്യംകൂടി ഞാൻ പറയുവാൻ ആഗ്രഹിയ്ക്കുന്നുണ്ടു്. വിവാഹത്തിന്നു മുമ്പോ പിമ്പോ ഉണ്ടാകുന്ന പ്രണയപിപാസയും വിഷയലോലുപ

തയും അതോടൊന്നിച്ചുണ്ടാകുന്ന മാനസികമായ ആഘാത പ്രത്യാഘാതങ്ങളും ആനന്ദോപഭോഗത്തിന്നോ കലാസൃഷ്ടിയ്ക്കോ ഈശ്വരസേവനത്തിന്നോ വേണ്ടി ഉപയോഗിക്കാതെ സന്താനോല്പാദനം നടത്തുകയും പിന്നീട് കാമവികാരത്തെ ദമനം ചെയ്യുകയും ചെയ്യുന്നതിന്നുവേണ്ടി ഉപയോഗപ്പെടുത്തേണ്ടതാണ്. പ്രസ്തുത ഭോഗലാലസയെ മറെറാരു ദശയിലേയ്ക്ക് തിരിച്ചുവിടുക എന്നത് അത്ര എളുപ്പമായ ഒരു കാര്യമല്ല. വളരെ വിഷമങ്ങളും ക്ലേശങ്ങളും നിറഞ്ഞ ഒരു പ്രവൃത്തിയാകുന്നു.

അതിനാൽ ആപൽക്കരമായ ഒരു വലയാണിതെന്ന് നിങ്ങൾ പറയുന്നുണ്ടെങ്കിൽ ഞാൻ അതിനോട് തികച്ചും യോജിയ്ക്കും. ചിലർ ചോദിയ്ക്കുന്നു:—'പുരുഷന്മാരോട് സ്നേഹബന്ധത്തിൽ വർത്തിയ്ക്കുന്നതുപോലെ സ്ത്രീകളോടും വർത്തിച്ചുകൂടെ?' തീർച്ചയായും ആവാം. അതു നല്ലതുമാണ്. എന്നാൽ സ്ത്രീകളോടുള്ള ഈ ബന്ധത്തിന്ന് ഒരു തരം വിചിത്രത അനുഭവപ്പെടുന്നുണ്ടെന്ന് അനുഭവ കുശലന്മാർ പറയുന്നു. പുരുഷന്മാരോടുള്ളതിനേക്കാൾ എളുപ്പമായി സ്ത്രീകളോട് ബന്ധം സ്ഥാപിയ്ക്കുവാൻ സാധിയ്ക്കുകയും അത് എളുപ്പത്തിൽ വളർത്തിക്കൊണ്ടു വരുവാൻ കഴിയുകയും ചെയ്യുമെന്നതിന്ന് രണ്ടുപക്ഷമില്ല. ഹൃദയം തുറന്നു പറയുന്ന ഏതൊരു വ്യക്തിയും ഇതു സമ്മതിയ്ക്കും. ഇതിന്നു കാരണമെന്തായിരിയ്ക്കണം? നീതികുശലനായ ഒരാൾ, പ്രസ്തുത ബന്ധം വർദ്ധിച്ച് വർദ്ധിച്ച് പ്രേമവും അതിനെത്തുടർന്ന് വിവാഹവും സംഭവിയ്ക്കുമെന്ന് അറിയുന്നു അധഃപതിയ്ക്കുവാൻ ആഗ്രഹിക്കാത്തവർ അതിൽനിന്ന് ഒഴിഞ്ഞു നില്ക്കുകയും ചെയ്യും.

**സന്താനനിയന്ത്രണം:—** സന്താനനിയന്ത്രണത്തെ സംബന്ധിച്ച ഒരു പുസ്തകം ഞാൻ വായിയ്ക്കുകയുണ്ടായി. ഇതിനെപ്പററി ഞാൻ എന്തുപറയട്ടെ? ഒരാൾ മൃതദേഹവുമായി സംഭോഗം ചെയ്യുന്നത് ആനന്ദപ്രദവും ദോഷപൂർണ്ണവുമാണെന്നു് പറയുകയാണെങ്കിൽ ആയാളോട് എന്തു മറുപടിയാണ് പറയേണ്ടത്? അങ്ങിനത്തെ ഒരാൾക്ക് കാര്യം മനസ്സിലാക്കികൊടുക്കുന്നതിന്നും തെററു ചൂണ്ടിക്കാണിച്ചു കൊടുക്കുന്നതിന്നും സാദ്ധ്യമല്ല വിഷയാനുഭവമെന്നത് സ്ത്രീക്കും പുരുഷനും ഒരുപോലെ ദോഷകരവും നിന്ദനീയവുമാണെന്നു് ആയാൾ മനസ്സിലാക്കുന്നില്ല. മൃഗങ്ങളിൽ ആനയെ നോക്കുക. അത് ചുരുക്കം സന്ദർഭങ്ങളിലെ മൈഥുനം ചെയ്യുന്നുള്ളൂ. നാട്ടാനകൾ തമ്മിൽ ഒരിക്കലും ഇണചേരുന്നതല്ല. അവർ മററുള്ളവരുടെ മുമ്പിൽവെച്ചു് മൈഥുനം ചെയ്യുവാൻ ഇഷ്ടപ്പെടുന്നില്ല. അപ്പോൾ ആനയുംകൂടി ഇതു മനസ്സിലാക്കുന്നു. സന്താനോല്പാദനത്തിന്നുവേണ്ടി മാത്രമെ മൈഥുനം ചെയ്യുകൂട്ടൂ നിന്ദനീയവും പാപകരവുമായ പ്രസ്തുത വൃത്തിയെ മനുഷ്യൻ വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്യണം.

മാൾത്തുസ് എന്ന പ്രസിദ്ധനായ ഇംഗ്ലീഷ് ധനശാസ്ത്രവിദഗ്ദ്ധൻ ഭക്ഷണത്തേയും വസ്ത്രത്തേയും ആസ്പദിച്ചാണ് ജനസംഖ്യയുടെ വർദ്ധനവ് ഉണ്ടാകുന്നതെന്നു് പറയുന്നു. ഈ ആനുകൂല്യങ്ങൾ പകർച്ചവ്യാധി, യുദ്ധം, പ്ലേഗ് തുടങ്ങിയ സംഹാരശക്തിയാൽ നഷ്ടപ്പെടുകയാണെങ്കിൽ ജനസംഖ്യ കുറയുകയും ചെയ്യുന്നു. ഈ സിദ്ധാന്തത്തെ ഞാൻ ശരിയാണെന്നു് കരുതുന്നില്ല. നൈതികമായ ഒരു

പ്രശ്നത്തോട് യാന്ത്രികമായ ഒരു സമീപനരീതിയാണ് അദ്ദേഹം കൈക്കൊണ്ടത്. അതും തെററായ ഒരു മാർഗ്ഗത്തിൽക്കൂടിയാണ്. കൃത്രിമസന്താനനിയന്ത്രണവും കൊലപാതകവും തമ്മിൽ വ്യത്യാസമുണ്ടെന്ന് ഞാൻ കരുതുന്നില്ല.

ഈ വിഷയത്തെ വിപുലമായിട്ടൊന്ന് അപഗ്രഥനം ചെയ്യുവാൻ എനിയ്ക്ക് ലജ്ജ തോന്നുന്നുണ്ട്. നിങ്ങൾ ക്ഷമിയ്ക്കണം. സമുദായം ചെയ്യുന്ന പാപകർമ്മങ്ങളെപ്പററി നിന്ദിച്ചതുകൊണ്ടുമാത്രം കാര്യമായില്ല. എന്നാൽ മനുഷ്യന്റെ നൈതികമായ അധഃപതനത്തെപ്പററി ആലോചിയ്ക്കുമ്പോഴാണ് വ്യസനം തോന്നുന്നത്. സന്താനനിയന്ത്രണത്തിന്നുവേണ്ടി വാദിയ്ക്കുന്ന ആധുനികപരിഷ്കൃത്താവ് നൈതികമായി എത്രമാത്രം അധഃപതിച്ചിരിയ്ക്കുന്നു! ഇതു സംബന്ധിച്ച് ഒരു വാദപ്രതിവാദം ചെയ്യുവാൻ ഞാൻ ആഗ്രഹിയ്ക്കുന്നില്ല. അജ്ഞനും മദ്യപനുമായ ഒരു കൃഷിക്കാരൻപോലും ഇത്തരം പരിഷ്കാരങ്ങളെ വെറുക്കും. അവൻ വിഷയസുഖത്തെ പാപമായി കരുതുന്നുണ്ട് വിഷയാസക്തിക്ക് പ്രോത്സാഹനം നൽകുന്ന ഇത്തരം കാടൻ സിദ്ധാന്തങ്ങളെ സമർത്ഥിയ്ക്കുന്ന സമുദായപരിഷ്കൃത്താവെന്നഭിമാനിയ്ക്കുന്ന മനുഷ്യനെക്കാൾ അജ്ഞനും അന്ധവിശ്വാസിയും മദ്യപനുമായ റഷ്യൻ കൃഷിക്കാരൻ നൂറിരട്ടി ശ്രേഷ്ഠനാണെന്നാണ് ഞാൻ പറയുക.

**ഭയങ്കരമായ പാതകം:**—മനുഷ്യൻ അവന്റെ തെററുകളെ മൂടിവെയ്ക്കാറുണ്ട്. എന്നാൽ വിഷയാസക്തി എന്ന ഭയങ്കരതെററിനെ മൂടിവെയ്ക്കുന്നതുപോലെ മറെറാന്നിനേയും ചെയ്യാറില്ല. ഇത്രയും ഭയങ്കരവും വ്യാപകവു

മായ ഒരു പാതകം വേറെയില്ല. എല്ലാമനുഷ്യരും ഈ പാപത്തിൻെറ പങ്കാളികളാണ്. ഇത്രയും അധികം പരസ്പരവിരുദ്ധമായ അഭിപ്രായഗതികൾ മറെറാരപരാധത്തെപ്പററിയും സമുദായത്തിൽ കാണുന്നില്ല. ചിലർ അത് നിന്ദനീയവും പാപവുമാണെന്ന് കരുതുന്നു. ചിലർ സുഖഭാഗമാണെന്നു കരുതുന്നു. ഇത്രയും അധികം പരിഹാസ്യത മറെറാരു പാപത്തിനും എല്ലേണ്ടിവന്നിട്ടില്ല. മനുഷ്യനിൽ എത്രമാത്രം നീതികുശലതയുണ്ടെന്ന് ഈ പാപവുമായി ബന്ധപ്പെട്ടാൽ മാത്രമേ അറിയുവാൻ കഴിയൂ. വ്യക്തിയുടേയും സമുദായത്തിൻെറയും പുരോഗതിയെ ഇത്രയധികം തടസ്ഥപ്പെടുത്തുന്ന മറെറാരു പാപവുമില്ല.

സത്യത്തിൻെറ മാർഗ്ഗത്തിൽക്കൂടി സഞ്ചരിയ്ക്കുന്നവർക്ക് മേൽപ്രസ്താവിച്ച ചിന്താഗതി ശരിയാണെന്നുതോന്നും. എന്നാൽ അസത്യമാർഗ്ഗാവലംബികളും പാപപങ്കിലവും അനീതിപൂർണ്ണവുമായ തങ്ങളുടെ ജീവിതത്തെ സാധൂകരിയ്ക്കുവാൻവേണ്ടി യുക്തിവാദം ചെയ്യുന്നവരും പ്രസ്തുതചിന്താഗതിയോട് ഒരിക്കലും യോജിയ്ക്കുകയില്ല. അവർക്കതു് വിചിത്രവും അത്ഭുതകരവും അനുചിതവുമായി തോന്നുന്നതിൽ ഒട്ടുംതന്നെ വിസ്മയിക്കാനില്ല.

**ഗഹനമായ വിഷയം:**—എൻെറ ചിന്താഗതി ഇവിടംകൊണ്ടവസാനിയ്ക്കുന്നതല്ല. വളരെ കാര്യങ്ങളെപ്പററി ഇനിയും അവധമായി ചിന്തിക്കേണ്ടതുണ്ട്. നിരവധി കാര്യങ്ങൾ പ്രകാശം തട്ടാതെ അന്ധകാരത്തിൽ മറഞ്ഞുകിടക്കുകയാണെന്ന് എനിയ്ക്കുതോന്നുന്നു. ശരിയായ വ്യാഖ്യാനങ്ങളും ആവശ്യമായി വന്നിട്ടുണ്ട്. എത്രയും

വിപുലവും ഗൌരവാനപിതവും മാഹാത്മ്യമേറിയതും ആയ ഒരു വിഷയമാണിത്. ഇതിനെപ്പററി ചിന്തിയ്ക്കുമ്പോൾ എൻെറ ചിന്താശക്തി മന്ദീഭവിയ്ക്കുകയും നിഷ്പ്രഭമായിത്തീരുകയുംചെയ്യുന്നു. അത് സ്വാഭാവികമാണുതാനും.

അതിനാൽ എൻെറ അഭിപ്രായങ്ങൾ ശരിയാണെന്ന് തോന്നീട്ടുള്ളവർ ഈ വിഷയത്തെപ്പററി കൂടുതൽ ചിന്തിയ്ക്കുകയും എഴുതുകയും വേണം. അവർ തങ്ങളുടെ കഴിവനുസരിച്ച് ഇതിനെ അപഗ്രഥനം ചെയ്തുനോക്കുകയും സ്പഷ്ടീകരിയ്ക്കുകയും ചെയ്യണം. ഓരോരുത്തരും അവരവരുടെ ഹൃദയാന്തർഭാഗത്തുള്ള ഭാവനകളേയും വികാരങ്ങളേയും സ്പഷ്ടമാക്കുകയാണെങ്കിൽ അവ്യക്തമായിക്കിടക്കുന്ന വളരെ കാര്യങ്ങൾ സ്പഷ്ടമായിത്തീരുന്നതാണ്. ഇരുട്ടിൽ മറഞ്ഞുകിടക്കുന്ന സംഗതികൾ പലതും വെളിച്ചത്ത് വരുന്നതാണ്. വിചിത്രമെന്നുതോന്നുന്ന പലതും സർവ്വസാധാരണങ്ങളായിത്തീരും. അന്യായമായി ജീവിയ്ക്കുമ്പോൾ ശരിയാണെന്ന് വിശ്വസിയ്ക്കുന്ന പലതും തെററാണെന്ന് തെളിയും. സമുദായത്തിൻെറ ശ്രദ്ധ ഈ വിഷയത്തിലേയ്ക്കു തിരിച്ചുവിടാൻ എനിയ്ക്കുനന്നേ പാടുപെടേണ്ടിവന്നിട്ടുണ്ടു. ഇനി മററുള്ളവർ ഈ വിഷയത്തെ വിവിധ ദൃഷ്ടികോണിൽക്കൂടിയും വ്യാഖ്യാനിയ്ക്കട്ടെ.

# 4. ചിന്താരത്നങ്ങൾ

1900ത്തിന്നും 1908ന്നും ഇടയിൽ എഴുതീട്ടുള്ള ഡയറികളിൽ നിന്നും കത്തുകളിൽനിന്നും എടുത്തത്.

**പ്രേമം:—**പ്രേമം രണ്ടുപ്രകാരത്തിലുണ്ട്. ശാരീരികപ്രേമവും ആദ്ധ്യാത്മികപ്രേമവും. ശാരീരികപ്രേമം സഹാനുഭൂതിയിൽ നിന്നും സാങ്കല്പികസുഖത്തിൽനിന്നും ജന്മമെടുക്കുന്നു. ഇതിന്ന് വിരുദ്ധമായി ആദ്ധ്യാത്മികപ്രേമം ഉണ്ടാകുന്നത് പാപകർമ്മങ്ങളോട് ഹൃദയാന്തർഭാഗത്തു നടക്കുന്ന സംഘർഷങ്ങളിൽനിന്നും, വിദ്വേഷം പാപമാണ് സ്നേഹമാണ് പവിത്രമായത് എന്നു തുടങ്ങിയ ആത്മബോധത്തിൽ നിന്നുമാണ്. ആദ്ധ്യാത്മികപ്രേമം എല്ലായ്പോഴും ശത്രുക്കളെ പിൻതുടരുന്നു. അധികം വിലപിടിച്ചതും സർവ്വശ്രേഷ്ഠവുമായ ഒരു മാനസികവൃത്തിയാണ് അത്.

**സ്വാഭാവികസ്ഥിതി:—**വളരെ ആളുകൾ പ്രത്യേകിച്ച് യുവജനങ്ങൾ, സമുന്നതമായ ആദ്ധ്യാത്മികരംഗത്തിൽനിന്ന് വഴുതി തുച്ഛമായ വിഷയസുഖമാകുന്ന ഗർത്തത്തിലെയ്ക്ക് ആപതിയ്ക്കാറുണ്ട്. ഇത് സ്വാഭാവികം മാത്രമാണെന്ന് നാമറിയണം. മനുഷ്യജീവിതത്തിലെ സ്വാഭാവികവും അസ്വാഭാവികവുമായ സ്ഥിതിഗതികളെ കണ്ടറിയുവാൻ നമുക്കു സാധിക്കണം.

**വിവാഹത്തിൻെറ നിബന്ധനകൾ:—**വംശരക്ഷയ്ക്ക് വിവാഹം ആവശ്യവും നല്ലതുമാണ്. എന്നാൽ സന്താനങ്ങൾക്ക് ഉചിതമായ വിദ്യാഭ്യാസം നൽകി അവരെ സ്വാശ്രയശീലരും മനുഷ്യസമുദായത്തിൻെറയും ഈ

ശപരന്റെയും സേവകരുമാക്കിത്തീക്കുന്നതിന്നുള്ള ക്ഷമത മാതാപിതാക്കളിൽ ഉണ്ടായാൽ മാത്രമേ വിവാഹം വിജയപ്രദമായിത്തീരുകയുള്ളൂ. ഇതിന്നു് അവർ ജീവിതത്തിൽ സ്വാശ്രയശീലത്തെ വളത്തികൊണ്ടുവരണം. സമുദായത്തിൽനിന്നു് സ്വീകരിയ്ക്കുന്നതിലധികം ദാനംചെയ്യാനുള്ള ക്ഷമത അവരിൽ ഉണ്ടായിരിക്കണം. പൌരാണികന്മാരുടെ അഭിപ്രായം സാമ്പത്തികഭദ്രത പ്രാപിച്ചവർ മാത്രമേ വിവാഹം ചെയ്യുകൂട്ടു എന്നാണ്. നാമും അതേ സിദ്ധാന്തത്തെയാണ് അനുവത്തിയ്ക്കുന്നതു്. എന്നാൽ ഇതിന്നു് വിപരീതമായിട്ടാണ് പ്രവത്തിക്കേണ്ടതു്. പണം കൂട്ടിവെയ്ക്കാത്തവരും അദ്ധ്വാനിച്ചു് ദിവസവൃത്തി കഴിയ്ക്കുന്നവരും മാത്രമേ വിവാഹബന്ധത്തിൽ ഏപ്പെട്ടുകൂട്ടു. അങ്ങിനെയുള്ള ദമ്പതികൾ മാത്രമേ ഉചിതമായ രീതിയിൽ ശിശുസംരക്ഷണം ചെയ്യുകയുള്ളൂ.

**ഏകപത്നീവ്രതം:**—ഒരു പുരുഷന്നു് ഒരു സ്ത്രീ, ഒരു സ്ത്രീക്കു് ഒരു പുരുഷൻ എന്ന നിയമം എന്തിനെ ആസ്പദിച്ചാണ് ഉണ്ടായിട്ടുള്ളതെന്നും അതിനെ ഉല്ലംഘിയ്ക്കുന്നതിൽ തെറ്റെന്താണെന്നും നിങ്ങൾ ചോദിയ്ക്കുന്നു.

എന്നാൽ ഏകപത്നീവ്രതവും ധാമ്മികവും അനുല്ലംഘനീയവുമായ ഒരു നിയമമാണെങ്കിൽ നിങ്ങളുടെ സംശയം ശരിയാണ്. ഇതു് ധാമ്മികനിയമമല്ല, പക്ഷെ അടിസ്ഥാനപരമായ ധാമ്മികനിയമങ്ങളിൽനിന്നു് ജന്മമെടുത്ത ഒരു നിയമമാണ്. 'നിങ്ങളുടെ അയൽവക്കക്കാരനെ സ്നേഹിയ്ക്കുക. അയാൾ നിങ്ങളോടു് ഏതുതരത്തിൽ പെരുമാറണമെന്നു് നിങ്ങൾ പ്രതീക്ഷിയ്ക്കുന്നുണ്ടോ അപ്രകാരം

ആയാലോട്ടം പെരുമാറുക.' 'പണിയെടുക്കാത്തവൎക്ക് ഭക്ഷ ണം ആവശ്യപ്പെട്ടവാൻ അധികാരമില്ല' എന്നിത്യാദി അടിസ്ഥാനപരമായ ധാൎമ്മികനിയമങ്ങളെ പുരാതനഋഷി പുംഗവന്മാർ ക്രമപ്പെടുത്തിവെച്ചിട്ടുണ്ട്. കളവുചെയ്യരുത്, അലസനായിരിക്കാതെ പണിയെടുക്കുക' തുടങ്ങിയ നിയമ ങ്ങൾ അത്തരം അടിസ്ഥാനപരമായ ധാൎമ്മികനിയമങ്ങ ളുടെ ഉപനിയമങ്ങളാണ്. ഇപ്രകാരം തന്നെയാണ് ഏക പത്നീവ്രതമെന്ന നിയമവും ആവിൎഭവിച്ചത്. ഭൌതിക ബന്ധങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് കളവുചെയ്യരു തെന്ന നിയമമുണ്ടായത്. അഹോവൃത്തി സമ്പാദിയ്ക്കുന്ന മാൎഗ്ഗത്തെ ആധാരമാക്കിയിട്ടാണ് പണിയെടുത്ത് ജീവി യ്ക്കുക എന്ന നിയമമുണ്ടാക്കീട്ടുള്ളത് മനുഷ്യർ തമ്മി ലുള്ള അന്യോന്യബന്ധത്തെ നിലനിൎത്തുവാൻ വേണ്ടി യാണ് പ്രതികാരം ചെയ്യരുത്, ശത്രുവിനെ ഉപദ്രവിയ്ക്ക രുത്, ശത്രുവിനെ മാപ്പുകൊടുക്കുക, മുതലായ നിയമങ്ങൾ ഉണ്ടാക്കീട്ടുള്ളത്. അപ്രകാരംതന്നെ സ്ത്രീപുരുഷബന്ധ ത്തെ നിലനിൎത്തുവാൻ വേണ്ടിയാണ് ഏകപത്നീവ്രതവും ഏകപതിവ്രതവും ആവശ്യമാണെന്നു് പറയുന്നതു്.

മനുഷ്യർ പ്രസ്തുത നിയമങ്ങൾ അനുസരിച്ച് ജീവി യ്ക്കുകയാണെങ്കിൽ അവൎക്ക് മംഗളം ഭവിയ്ക്കുമെന്ന് ഋഷി കൾ പറയുന്നു. ലോകരീതിയ്ക്കനുസരിച്ച് ജീവിയ്ക്കുന്നതി നേക്കാൾ കൂടുതൽ ശ്രേയസ്കരം മനുഷ്യന് ധാൎമ്മികനിയമ ങ്ങളെ അനുവൎത്തിയ്ക്കുന്നതിൽനിന്നാണു്. ഈ നിയമങ്ങളെ അനുവൎത്തിക്കാതെ ജീവിച്ച ഒന്നോ രണ്ടോ പേൎക്ക് ദോഷ മൊന്നും സംഭവിച്ചിട്ടുണ്ടായിരിയ്ക്കുകയില്ല എങ്കിലും നിയ

മാനസ്വതം ജീവിയ്ക്കുന്നതാണ് ഉത്തമമായിട്ടുള്ളത്. നിയമലംഘനം ചെയ്യുന്നവർക്ക് നിരവധി ആപത്തുകളെ അഭിമുഖീകരിയ്ക്കേണ്ടിവരും മാത്രമല്ല ഏകപത്നീവ്രതവും ഏകപതീവ്രതവും അനുഷ്ഠിച്ച് ജീവിയ്ക്കുന്നവർ ബ്രഹ്മചര്യമെന്ന ആദർശത്തിൻെറ വളരെ സമീപത്ത് എത്തിച്ചേരുന്നു. യുവാക്കൾ പ്രസ്തുത ആദർശത്തെ സമീപിയ്ക്കുവാൻ കൂടുതൽ പ്രയത്നിക്കണമെന്നാണ് ഞാൻ പറയുന്നത്. അങ്ങിനെ ഹൃദയശുദ്ധി ഉണ്ടായിത്തീരുകയും സേവനസന്നദ്ധത സംജാതമായിത്തീരുകയും ചെയ്യും.

**ഒരു സ്ത്രീയുമായി ബന്ധപ്പെട്ടാൽ:—**ഒരു സ്ത്രീയുമായി ബന്ധപ്പെടുകയും അവൾ ഗർഭം ധരിയ്ക്കുകയും ചെയ്കയാണെങ്കിൽ പുരുഷൻ അവളെ സ്വീകരിയ്ക്കുകയും ജീവിതം മുഴുവൻ ഉപേക്ഷിക്കാതിരിയ്ക്കുകയും ചെയ്യണമെന്നാണ് എൻെറ അഭിപ്രായം. 'ഭാര്യാഭർത്താക്കന്മാർ രണ്ടല്ല. ഒന്നാണ്.' ബൈബിളിലെ ഈ വാക്യം വളരെ പ്രാധാന്യമർഹിയ്ക്കുന്നു. ഈശ്വരസേവനത്തിനും ആത്മീയോദ്ധാരണത്തിനും വേണ്ടി നിങ്ങൾ വിവാഹബന്ധം വേർപെടുത്തുകയോ വെവ്വേറെ ജീവിയ്ക്കുകയോ കുടുംബത്തിൽ കുഴപ്പമുണ്ടാക്കുന്നോ വല്ല പ്രവൃത്തിയും ചെയ്യുകയോ ചെയ്യുന്നത് ഒട്ടുംതന്നെ അഭിലഷണീയമല്ലെന്ന് മനസ്സിലാക്കണം.

**വൈവാഹികജീവിതത്തിൻെറ ഉദ്ദേശം:—**കുട്ടികളുള്ള ഭാര്യയെ ഭർത്താവ് പരിത്യജിയ്ക്കുന്നത് വളരെ ചീത്തയാണെന്ന് ഞാൻ വിശ്വസിയ്ക്കുന്നു. ഇതിൻെറ പരിണതഫലം പരിത്യക്തയായ ഭാര്യയേക്കാൾ ഭയങ്കരമായി അനുഭവിയ്ക്കുന്നത് ഭർത്താവായിരിയ്ക്കും. വിവാഹത്തി

ൻെറ ഉദ്ദേശം സുഖഭോഗമാണെന്ന തെററിദ്ധാരണയിൽ നിങ്ങളും അകപ്പെട്ടിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. എന്നാൽ യാഥാർത്ഥ്യമതല്ലെന്നറിയണം. വിവാഹിതജീവിതത്തിൽ സുഖത്തിന്നു് ലോപം സംഭവിയ്ക്കുകയാണ് ചെയ്യുന്നത്. കാരണം കർത്തവ്യങ്ങളുടെ ഭാരം തലയിൽ വന്നു വീഴുന്നു. മനുഷ്യൻ അത്യധികം ആകൃഷ്ടനായിത്തീരുന്ന വിവാഹത്തിൻെറ ഉദ്ദേശം സുഖസംവർദ്ധനയല്ല, ഒരു പ്രമുഖകർത്തവ്യമായ വംശരക്ഷണമാണ്. വിവാഹം അഭിലഷണീയവും ഗൌരവാന്വിതവുമായിത്തീരുന്നത് ഭാര്യാഭർത്താക്കന്മാർ ആജീവനാന്തം പ്രേമത്തോടുകൂടി ജീവിയ്ക്കുവാൻ പ്രതിജ്ഞാബദ്ധരായിത്തീരുകയും കർത്തവ്യപഥത്തിലൂടെ മുന്നോട്ടു പോകുകയും ചെയ്യുമ്പോൾ മാത്രമാണ്.

**പ്രേമം ദോഷകരമായ ഒരു വസ്തു:**—പ്രേമബന്ധത്തിൽ ഏർപ്പെടുക എന്നതാണ് യഥാർത്ഥ പ്രേമത്തെ പ്രാപിയ്ക്കുന്നത് എന്ന തെററിദ്ധാരണ നിങ്ങൾക്കും പിടിപെട്ടിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്നാൽ വാസ്തവമതല്ല. പ്രേമം വളരെ ദോഷകരമായ ഒരു വസ്തുവാണ്. അതിൻെറ പരിണാമം ദുഃഖദായകമാണ്. ധർമ്മത്തേയും നീതിയേയും അറിയാത്ത മനുഷ്യൻ ഇത്തരം വിപത്തിൽ ചെന്നു ചാടുന്നു. എന്നാൽ യഥാർത്ഥ പ്രേമം ജീവിതധർമ്മമാണെന്ന് അറിയുന്നവർ ഒരിക്കലും വൈകാരികപ്രേമത്തിൽചെന്നു ചാടരുത്. നിസ്വാർത്ഥമായിരിയ്ക്കുന്നേടത്തോളം കാലം മാത്രമേ പ്രേമം യഥാർത്ഥമായിരിയ്ക്കുകയുള്ളു. അങ്ങിനത്തെ പ്രേമമാണ് ഭാര്യയിൽനിന്നു ലഭിയ്ക്കുന്നത് അത് ആനന്ദദായകവുമാണ്. എന്നാൽ നിങ്ങൾ മററാരുടെയെ

ങ്കിലും പ്രേമത്തിൽ കുടുങ്ങുകയാണെങ്കിൽ അത് നിങ്ങളെ അധഃപതിപ്പിയ്ക്കുകയും ദുഃഖിതരാക്കിത്തീക്കുകയുംചെയ്യും.

**ആത്മവഞ്ചന:**—നിങ്ങൾ പറയുന്നു അവളുടെ ഉദ്ധാരണമാണ് നിങ്ങളുടെ ജീവിതോദ്ദേശമെന്ന്. എന്നാൽ ആത്മവഞ്ചനയാണത്. അവളുടെ ഉദ്ധാരണമാണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ ഒരു മനുഷ്യജീവിയുടെ അഭിവൃദ്ധിയാണ് നിങ്ങളുടെ ജീവിതോദ്ദേശമെങ്കിൽ അത് ആദ്യം തന്നെ നിങ്ങൾക്ക് നിവ്വഹിക്കാമായിരുന്നു. അവളുടെ പേരിൽ നിങ്ങൾക്ക് കാമാസക്തിയാണുള്ളത്. അതിനാൽ എൻെറ അഭിപ്രായമാണ് നിങ്ങൾക്കാവശ്യമെങ്കിൽ നിങ്ങൾ അവളുമായുള്ള ബന്ധം ഉപേക്ഷിക്കണമെന്ന് ഞാൻ പറയും. തൻെറ സ്നേഹത്തെ ഒരു വ്യക്തിയിൽ അപ്പിക്കാതെ മനുഷ്യസമുദായത്തിന്നു മുഴുവനുമായി അപ്പണം ചെയ്യുക. ഇതാണ് ഓരോ മനുഷ്യൻെറയും കത്തവ്യം.

**വിവേകമുപേക്ഷിയ്ക്കരുത്:**—മനുഷ്യൻെറ സവ്വ ദുഃഖങ്ങൾക്കുമുള്ള കാരണം വിഷയാസക്തിയാണ്. ഇതിൽ നിന്ന് വളരെ തിന്മകൾ ഉത്ഭവിയ്ക്കുന്നു. തന്നിമിത്തം അനാദികാലം തൊട്ടുതന്നെ പ്രസ്തുതബന്ധം ദോഷകരമാണെന്ന് സ്ഥാപിയ്ക്കുവാൻ മനുഷ്യൻ പരിശ്രമിച്ചുവന്നിട്ടുണ്ട്. അവൻ ഇതിന്നുവേണ്ടി വളരെ നിയമങ്ങൾ നിമ്മിച്ചു. അവയെലംഘിയ്ക്കുമ്പോൾ അവന്ന് അത്യന്തം ക്ലേശങ്ങളും അനുഭവപ്പെട്ടിരുന്നു. ജടിലവും മഹത്വപൂണ്ണവും ക്ലേശകരവുമായ പ്രശ്നത്തിലേപ്പെട്ടുന്ന മനുഷ്യൻ വിവേകത്തെ കളഞ്ഞു കുളിയ്ക്കുകയും വികാരങ്ങളാൽ നിയന്ത്രിതനായി തനി മൃഗമായിത്തീരുകയും ചെയ്യുന്നു. പ്രേമം സമുന്നത

മായ ഒരു നൈതികഭാവനയാണെന്ന് ആളുകൾ പറയുന്നു. എന്നാൽ തങ്ങളുടെ ലൈംഗികതൃഷ്ണയെയാണ് ജനങ്ങൾ സമുന്നതമായ നൈതികഭാവനയായി കരുതുന്നതെന്നത് തുലോം ദൌർഭാഗ്യകരമായിരിയ്ക്കുന്നു. കാമതൃഷ്ണയേയും പ്രേമത്തേയും വേർതിരിയ്ക്കുവാൻ സാധിയ്ക്കുന്ന ഒരു ഉപാധിയുണ്ടെങ്കിൽ വികരത്താൽ പരിപാലിതനായി മുന്നോട്ടു പോകുന്നതിൽ തെററില്ല. എന്നാൽ അങ്ങിനെ ശരിയായ ഒരുപാധിയില്ലാത്ത സ്ഥിതിക്ക് വികാരങ്ങളെ വഴികാട്ടിയായി നിങ്ങൾ കരുതുന്നുണ്ടെങ്കിൽ മൃഗീയമായ വികാരങ്ങളെ സമുന്നതമായ നൈതിക ഭാവനയായി കരുതുകയും മൃഗീയജീവിതം നയിയ്ക്കുകയും സന്താനങ്ങളെ പാപഗർത്തത്തിൽ തള്ളിവീഴ്ത്തുകയും ചെയ്യും.

**നമ്മുടെ കലാകാരന്മാർ:**—മൈഥുനത്തേക്കാൾ അധികം വെറുക്കപ്പെടുന്ന മററന്താണുള്ളത്? ആരുടെയെങ്കിലും മനസ്സിൽ ഈ പ്രവൃത്തിയോട് ഒരു വെറുപ്പ് നിങ്ങൾക്കുണ്ടാക്കിത്തീർക്കണമെങ്കിൽ പ്രസ്തുത ദുഷ്കൃത്യത്തിൻെറ ഒരു നീണ്ട വിവരണം നൽകിയാൽ മതി. അതിനാൽ മൃഗീയജീവിതത്തിൽനിന്ന് സമുദ്ധരിക്കപ്പെട്ട് ആദ്ധ്യാത്മികജീവിതത്തിനുനേരെ പ്രയാണം ചെയ്യുന്ന മനുഷ്യവർഗ്ഗം മൈഥുനമെന്നോ രഹസ്യേന്ദ്രിയങ്ങളെന്നോ മററൊ ഉള്ള പേരുകൾ കേട്ടാൽപോലും ലജ്ജിതരായിത്തീരും. അതിനു കാരണമെന്തെന്ന് നിങ്ങൾ ചോദിയ്ക്കുകയാണെങ്കിൽ വ്യക്തമായ മറുപടി പറയുവാൻ കഴിയും. മനുഷ്യൻ വിവേകശീലനായതുകൊണ്ടാണ് ലജ്ജ തോന്നുന്നത്. വെറുക്കപ്പെട്ട പ്രസ്തുത പ്രവൃത്തിയിൽനിന്ന് രക്ഷപ്പെടുന്നതിന്ന്

മാനസികസംഘർഷം നടത്തുകയും തന്നത്താൻ നിയന്ത്രിയ്ക്കുകയും വേണം. ആവശ്യമായി വരുമ്പോൾമാത്രം മനുഷ്യവംശത്തെ നിലനിർത്തുവാൻവേണ്ടി എടുത്തുപയോഗിക്കാനായിട്ടാണ് മനുഷ്യനിൽ ഈ രാക്ഷസീയവികാരത്തെ സൃഷ്ടിച്ചിട്ടുള്ളത്. ഈ കാര്യംത്തെയും അതിൻെറ അംഗങ്ങളേയുംപററി വർണ്ണിയ്ക്കുക എന്നത് മനുഷ്യസമുദായത്തെ എത്രമാത്രം ബീഭത്സമായി ചിത്രീകരിയ്ക്കുന്നു! എന്നാൽ നമ്മുടെ കലാകാരന്മാർ അതാണ് ഇന്നു ചെയ്യുന്നതു്.

**വികാരോത്തേജകമായ സാധനങ്ങൾ:**—വീട്ടിലെ അലങ്കാരങ്ങൾ, ഒളിമിന്നുന്ന ഉടുപ്പുകൾ, സംഗിതം, സുഗന്ധദ്രവ്യങ്ങൾ, രുചികരമായ ഭക്ഷണം, മിനുസമുള്ള വസ്തുക്കൾ മുതലായവയെല്ലാംതന്നെ പഞ്ചേന്ദ്രിയങ്ങളെ പ്രലോഭിപ്പിയ്ക്കുന്നതും വികാരത്തെ വർദ്ധിപ്പിയ്ക്കുന്നതുമായ വസ്തുക്കളാണ്. എന്നാൽ വെളിച്ചം, സൂര്യപ്രകാശം, സസ്യലതാദികൾ, പച്ചപ്പുല്ലു്, ആകാശം, അലങ്കാരരഹിതമായ മനുഷ്യശരീരം, പക്ഷികളുടെ കളഗാനങ്ങൾ, പുഷ്പങ്ങളുടെ സൌരഭ്യം, ഫലങ്ങൾ എന്നിങ്ങിനെയുള്ള പ്രകൃതിജങ്ങളായ വസ്തുക്കൾ വികാരത്തെ ഒരിക്കലും ഉദ്ദീപിപ്പിയ്ക്കുകയില്ല. വൈദ്യുതപ്രകാശം, അലങ്കാരസാമഗ്രികൾ, സംഗീതം, സുഗന്ധദ്രവ്യം മുതലായവ വികാരോദ്ദീപനപരങ്ങളാകുന്നു.

**സരളവും സ്പഷ്ടവുമായ നിയമം:**—പൈശാചികവികാരങ്ങളെ ഉചിതമാണെന്നു സമർത്ഥിയ്ക്കുവാൻവേണ്ടിയല്ല മനുഷ്യന്നു് ബുദ്ധിയും ഭാഷയും പ്രദാനം ചെയ്തി

രിയ്ക്കുന്നതു്. വികാരങ്ങളോടു് മല്ലിടുവാനും വിവേകശീല ത്തെ വദ്ധിപ്പിയ്ക്കുവാനും അതിനനുസരിച്ച് ജീവിയ്ക്കുവാനും വേണ്ടിയാണ് നമുക്ക് ബുദ്ധിയും ഭാഷയും പ്രദാനം ചെയ്തി രിയ്ക്കുന്നത്. വിഷയാസക്തിയെ നിയന്ത്രണം ചെയ്യുന്ന കാര്യത്തിൽ ബുദ്ധി നമ്മെ സഹായിക്കണം. അല്ലാത്ത പക്ഷം വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവരും. ഇതി ന്ന് ഏററവും സരളവും സ്പഷ്ടവുമായ ഒരു നിയമമുണ്ടു്. സ്ത്രീപുരുഷന്മാർ തമ്മിൽ ഒരിക്കൽ ശാരീരികബന്ധം സ്ഥാപിതമായാൽ ആജീവനാന്തം അവർ ദാമ്പത്യബന്ധ ത്തിൽ വത്തിയ്ക്കുകയും മററാരുമായും ബന്ധം സ്ഥാപിക്കാ തിരിയ്ക്കുകയും ചെയ്യേണ്ടതാണ്. ഇതിനാണ് വിവാഹ മെന്ന് പറയുന്നത്. ഈ ബന്ധത്തിൽ വത്തിയ്ക്കുന്നവ രുടെ നന്മയ്ക്കും ശിശുസംരക്ഷയ്ക്കും മേൽപറഞ്ഞ നിയമ ത്തെ പാലിക്കേണ്ടത് അത്യന്താപേക്ഷിതമാകുന്നു.

**പ്രയത്നിച്ചുകൊണ്ടിരിയ്ക്കുക:—** മനുഷ്യജീവിത ത്തിൻെറ ഉദ്ദേശം വികാരങ്ങളിൽനിന്ന് മുക്തിനേടുവാൻ സന്തതം പ്രയത്നിച്ചുകൊണ്ടിരിയ്ക്കലാണ്. ഈ പ്രവൃത്തി എപ്പോഴും ചെയ്യാം. വിജയം പ്രാപിയ്ക്കുകയും ചെയ്യാം. ഈ സംഗതിയിൽ വിശ്വസിക്കാത്തവർക്ക് മാത്രമെ പരാ ജയം സംഭവിയ്ക്കുകയുള്ളൂ. വിശ്വാസമുണ്ടാവണമെങ്കിൽ പ്രയത്നിച്ചുകൊണ്ടിരിയ്ക്കുകയും വേണം.

**വിവേകശീലനായ മനുഷ്യൻെറ കത്തവ്യം:—** അധഃപതനം സംഭവിച്ചിട്ടില്ലാത്ത ഒരു മനുഷ്യൻ സദാ ത ൻെറ പരിശുദ്ധിയെ നിലനിത്തുന്നതിന്നായി മുഴുവൻ ശക്തി യും ഉപയോഗിച്ചുകൊണ്ടിരിയ്ക്കണം. ഒരിക്കൽ വീണുപോ

യാൽ പിന്നെ എഴുന്നേല്ക്കുക എന്നത് ക്ഷിപ്രസാദ്ധ്യമല്ല. വിവാഹിതരും അവിവാഹിതരുമായ എല്ലാവരും വികാരങ്ങളെ ദമനംചെയ്വാൻ പരിശ്രമിക്കണം. അതായത് സംയമനത്തെ പാലിയ്ക്കുവാൻ പ്രയത്നിയ്ക്കണം. ഈ സംഘഷം ആവശ്യമാണോ എന്ന് നിങ്ങൾ ചോദിച്ചേക്കാം. ഇതിന്നുള്ള കാരണം എനിയ്ക്കറിയാം. സംഘഷം അനാവശ്യവും പ്രകൃതിവിരുദ്ധവുമാണെന്ന് അഭിപ്രായപ്പെടുന്ന ആളുകളാണ് നിങ്ങളുടെ ചുററുപാടുമുള്ളത്. തന്നിമിത്തമാണ് പ്രസ്തുതശങ്ക നിങ്ങളുടെ മനസ്സിൽ കുടികൊള്ളുന്നതു്.

വിവേകശീലനായ മനുഷ്യൻ വികാരങ്ങളോട് മല്ലിടുന്നതു് പ്രകൃതിവിരുദ്ധമല്ലെന്ന ബോധം സ്ഥിരീകരിയ്ക്കുവാൻ മസ്തിഷ്കശക്തിയുടെ പ്രഭാവം ചെലുത്തേണ്ടിവരുന്നു. തന്നിമിത്തമാണ് മനുഷ്യൻ മനുഷ്യനായിത്തീന്നതു്. മൃഗങ്ങളേക്കാൾ സമുന്നതമായ ഒരു സ്ഥാനം അവന്നു് ലഭിച്ചതു്. ഈശ്വരൻ നമുക്ക് കാര്യകാര്യവിവേചനശക്തി നൽകീട്ടുണ്ടു്. മൃഗങ്ങളിലാണ് സന്താനവദ്ധനവ് ജാസ്തിയായി കാണുന്നത്. എന്നാൽ അവ പെരുകുന്നില്ല. തന്നിൽ എളിയത് തനിയ്ക്കിര എന്ന ചൊല്ലനുസരിച്ചു് അന്യോന്യം കലഹിച്ചും കൊലചെയ്തും വളരെ മൃഗങ്ങൾ നശിച്ചുപോകുന്നു. അതിന്നുപുറമെ മററുള്ളവരുടെ മേൽ അധികാരം സ്ഥാപിയ്ക്കുന്നതിന്നും മൃഗങ്ങൾക്ക് സാദ്ധ്യമല്ല വിവേകശീലനായ മനുഷ്യൻ കലഹമുണ്ടാകുന്നേടത്ത് സംയമനം പാലിയ്ക്കുന്നു. രണ്ടാമ

തായി ആദ്ധ്യാത്മികജീവിതത്തിന്നു് വിഘാതമായി നിൽക്കുന്ന തടസ്ഥങ്ങളെയെല്ലാം മനുഷ്യന്നു് തട്ടിനീക്കുവാൻ സാധിയ്ക്കും. എന്നാൽ ഇന്നു് മനുഷ്യൻ തന്റെ വിവേകത്തെ വേണ്ടപോലെ ഉപയോഗിയ്ക്കുന്നില്ലെന്നുള്ളത് വാസ്തവംതന്നെ. തന്നേപ്പോലെ മററുള്ള ജീവികളെ അവൻ ഹനിയ്ക്കുകയും ചെയ്യുന്നുണ്ടു്. ശൈത്യം, രോഗം, കഠിനാദ്ധ്വാനം എന്നിവകൊണ്ടു് എത്രയോപേർ മൃതിയടയുന്നു. എന്നാലും വിവേകശീലനായ മനുഷ്യൻ മററുള്ളവരെ നശിപ്പിയ്ക്കാതിരിയ്ക്കുന്ന ആ സുവർണ്ണകാലം സമാഗതമാവാതിരിക്കുകയില്ല. അങ്ങിനെ ഇന്നത്തെപ്പോലെ മനുഷ്യരുടെ സംഖ്യ കണക്കിലധികം വർദ്ധിക്കാതിരിപ്പാനുള്ള സമുചിതമായ വ്യവസ്ഥ അവൻ ചെയ്യും. അമ്പതുകൊല്ലം കഴിഞ്ഞാൽ ഇന്നത്തേതിലും ഇരട്ടി ജനങ്ങൾ ഭൂമുഖത്തു് ഉണ്ടാവുമെന്നു് കണക്കാക്കപ്പെട്ടിരിയ്ക്കുന്നു എന്നാൽ നൂറു കൊല്ലത്തിന്നുള്ളിൽ ഭൂമിയിൽ ഒതുക്കാൻ സാധിക്കാത്തത്ര മനുഷ്യർ പെരുകും. അവ്യവസ്ഥിതമായ ആസൂത്രണവ്യവസ്ഥകൊണ്ടാണ് ഇതെല്ലാം സംഭവിയ്ക്കുന്നത്. അപ്പോൾ ദരിദ്രന്മാരെയെല്ലാം കൊലപ്പെടുത്തുകയും അന്യോന്യം യുദ്ധംചെയ്തു മരിയ്ക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമായിരിയ്ക്കുമോ ലോകത്തിൽ വന്നുചേരുക? ഒരിക്കലും അല്ല. അസംഭവ്യവും അനാവശ്യവുമായ ഒരു ചിന്താഗതിയാണിത്. പൈശാചികമായ വിഷയവാസനയ്ക്കൊപ്പം തന്നെ ഈശ്വരൻ മനുഷ്യനിൽ പരിശുദ്ധിയും സംയമിതമായ ആദ്ധ്യാത്മികജീവിതവൃത്തിയും സൃഷ്ടിച്ചിട്ടുണ്ടു്. ഈ

മനോഭാവം നിർദ്ദോഷികളായ ഓരോ സ്ത്രീപുരുഷന്മാരിലും കാണുവാൻ കഴിയും. മംഗളകാരിയും നീതിയുക്തവുമായ ഒരു വാസനാസമ്പത്താണിത്. ഒരോ മനുഷ്യനും മഹത്തായ ഈ സമ്പത്തിനെ സംരക്ഷിക്കുകയും വർദ്ധിപ്പിയ്ക്കുകയും ചെയ്യേണ്ടതാണ്. നല്ലവനും ചീത്തവനുമെല്ലാം ഇതിനുവേണ്ടി പ്രയത്നിയ്ക്കണം. നീതികുശലനായഒരു മനുഷ്യന്ന് വിവാഹമെന്നതു് പതനമാണ്. ഏകപത്നീവ്രതത്തിന്റെ ബന്ധനത്തിൽ കുടുങ്ങുന്ന ആയാൾ വിവാഹാനന്തരവും ബ്രഹ്മചര്യമനുഷ്ഠിച്ചുകൊണ്ടേ ജീവിയ്ക്കൂ.

നിങ്ങളുടെ കത്തുവായിച്ചപ്പോൾ എനിയ്ക്കു തോന്നിയ അപ്രിയങ്ങളെ ഞാൻ എഴുതിവെച്ചിട്ടുണ്ടു്. സൽസ്വഭാവത്തോടും സത്യസന്ധതയോടുംകൂടി ജീവിയ്ക്കുന്ന നിങ്ങളെപ്പോലുള്ള ഒരു യുവാവിനോട്ട് വൃദ്ധനായ എനിയ്ക്കു പറയുവാനുള്ളത് മുഴുവൻ ശക്തിയും കേന്ദ്രീകരിച്ച് പരിശുദ്ധിയെ രക്ഷിയ്ക്കണമെന്നാണ്. പ്രലോഭനങ്ങളോട്ട് മല്ലിടുകയും ഒരിയ്ക്കലും നിരാശപ്പെടാതെ തന്റെ പ്രവൃത്തി തുടൻപോവുകയും ചെയ്യുക. സംഘർഷമെങ്ങിനെ നടത്താമെന്നു് നിങ്ങൾ ചോദിയ്ക്കുമായിരിയ്ക്കാം. താൻ എന്തു ചെയ്യരുതെന്നും എന്തു ചെയ്യണമെന്നും പ്രായോഗികബുദ്ധികൊണ്ടു് ആലോചിച്ച് തീരുമാനിയ്ക്കുക. അതിനു സാധിയ്ക്കാത്ത പക്ഷം നീതിവിഷയകമായ പുസ്തകങ്ങൾ വായിച്ചു മനസ്സിലാക്കുക. മദ്യപാനം ചെയ്യരുത്. മാംസം തിന്നരുത്. പുകവലി ഉപേക്ഷിയ്ക്കുക. സ്ത്രീകളുടെ സമീപത്തു് പോയി ഇരിയ്ക്കുന്നത് വളരെ സൂക്ഷിച്ചിട്ടുവേണം. ഇതെല്ലാം ഒരു

സാധാരണക്കാരനുകൂടി ഗ്രഹിയ്ക്കുവാൻ പ്രയാസമുണ്ടായിരിയ്ക്കുകയില്ല. എൻെറ അഭിപ്രായമാണിത്. വളരെ മഹത്തായ ഒരഭിപ്രായമാണിതെന്നു് ഞാൻ കരുതുകയുംചെയ്യുന്നു. ജീവിതോദ്ദേശം വിഷയാനുഭവമല്ല. ഈശ്വരസേവനമാണ്. ആഡംബരപൂൎണ്ണമായ ജീവിതത്തെ വെടിഞ്ഞു് ആദ്ധ്യാത്മികജീവിതത്തെ സ്വീകരിയ്ക്കുക.

KOTTAYAM PUBLIC LIBRARY
KOTTAYAM.
Cl. No. 391.494 Tol. S. Acc. No. 80974
This book should be returned on or before the date last stamped below.

13 FEB 1986
23 MAY 1986
18 DEC 1986
31 DEC 1990
1 FEB 1991
28 NOV 1992
31 DEC 1992
6 FEB 1993
24 MAR 1993
3 AUG 1993
29 JUL 1995

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

301.494 80974
TOL. S.
ടോൾസ്റ്റോയി.
സ്ത്രീ-പുരുഷബന്ധം.